Keraḷa-bhāṣā-vyākaraṇam

1877

Ci
XIV
279

N12<526909441 021 LS
ubTÜBINGEN
Wilh. Kapp
Buchbinderei & Papierh.
Tübingen Münzg. 3

വലിയകൊട്ടാരത്തിൽ

എഴുന്നള്ളത്തൊടുകൂടെ പാൎക്കുന്ന

വൈദ്യൻ

പാച്ചുമൂത്തത ഉണ്ടാക്കിയ

# കെരള ഭാഷാ
# വ്യാകരണം

തിരുവനന്തപുരത്തു

ഉ- പത്മനാഭമുതലിയാരുടെ

മുദ്രാവിലാസ അച്ചുക്കൂടത്തിൽ

അച്ചടിപ്പിക്കപ്പെട്ടത

൧൦൫൨

UNIV BIBL TÜBINGEN

Ci XIV 279

## പ്രയൊജനവിചാരം

മലയാളത്തിലെ വാക്കിന അച്ചണ്ഡാലം സാധാരണമായി നടപ്പുള്ളപ്പൊൾ ൟ വ്യാകരണംകൊണ്ട എന്തുപ്രയൊജനമുണ്ടാക മെന്നുള്ളശങ്കയിങ്കൽ അഭിപ്രായം പറയുന്നു- കന്ന്യാകുമാരി മുതൽ കണ്ണൂരവരെ മുമ്പയും ജനങ്ങൾ പൂൎവ്വമാൎഗ്ഗത്തിലൂടെ സഞ്ചരിച്ചിരിന്നു എങ്കിലും നാലുനാഴികക്കു നാന്തറപെരൊട ചൊദിച്ചു വളരെ തെററിയും അനാവശ്യമായി കെറിയിറങ്ങിയും കഷ്ടപ്പെട്ടു നടകൊണ്ടിയിരുന്നു അവഴികളിൽ തന്നെ നല്ലറൊട്ടുകളാക്കി നാഴികക്കല്ലും ചൂണ്ടിപലകയും ഉണ്ടാക്കി വച്ചപ്പൊൾ ആയ്യും കാവുനിലം പൂരമുതലായ വനാന്തരങ്ങളിൽ കൂടയും ആരൊടും ചൊദിക്കാതെ അന്ന്യദെശത്തുന്നു വന്നവൎക്കും യഥെഷ്ടം സഞ്ചരിക്കാൻ എടവന്നത എത്രസുഖകരമായൊ- അതിന്മണ്ണംമലയാളവാക്കിന വ്യാകരണനിയമമില്ലങ്കിൽ അക്ഷരവൃത്തിയുള്ള മലയാളിയൊട അപ്പഴപ്പൊൾ ചൊദിച്ചു അറിഞ്ഞാൽ ഇരുപതൊ ഇരുപത്തഞ്ചൊ സംവത്സരംകൊണ്ട ചിലൎക്ക ഭാഷാനൈപുണ്യം ഉണ്ടാകുന്നു ചിലൎക്കഷഷ്ടിപൂൎത്തി കഴിഞ്ഞിട്ടും പറഞ്ഞാലെകൊണ്ടെന്നും ഒരുത്തടത്തന്നും കാമ്പിക്കുന്നു എന്നും

തീയത്തിന്റെ എന്നും മൊൻ എന്നും കീഞ്ഞ എന്നും രാമൊൻ ശങ്കരൊൽ എന്നും പലവിധം സജ്ജനരീതിയിൽ നിന്ന തെറ്റിയും വ്യവസ്ഥ കൂടാതെ മാറി മാറിയും പറയുകയും അതിനാൽ പരിഹാസത്തിന്നും തന്നിമിത്തം ദുഃഖത്തിന്നും എടവരുന്ന ഠരം സ്ഥിതിക്ക ഒരു നിയമപുസ്തകം കിട്ടിയാൽ അല്പദിവസം കൊണ്ട പഠിച്ച അന്യദെശക്കാൎക്കും പരാപെക്ഷ കൂടാതെ സുഖമായി മലയാളം സംസാരിക്കുന്നതിന്ന എടവരുമെന്ന വിചാരിക്കുന്നു.

# കെരള ഭാഷാ

# വ്യാകരണം

ശിഷ്യാണാം ധിഷണാം വാണീംസം
യൊജ്യാൎത്ഥ ഗണൈൎഗ്ഗുണൈഃ ഗുണയന്തം
ഗണാന്നപാചാം പ്രണൗമിപ്രണമൻ ഗുരും

## പ്രസ്താവം

ലൊകത്തുങ്കൽ ഈശ്വരകല്പിതങ്ങളായിരിക്കുന്ന പദാൎത്ഥങ്ങൾ അസംഖ്യങ്ങളായി ഭവിക്കുന്നു- അതുകളെ എത്രമെൽ വിചാരിച്ചുഅറിയുന്നു- അത്രമെൽമനുഷ്യൎക്ക യൊഗ്യതാധിക്യം ഭവിക്കുന്നു- പദാൎത്ഥങ്ങളുടെ ഗുണദൊഷങ്ങൾ പദാൎത്ഥങ്ങളിലും വിവരജ്ഞാനം മനസ്സിലും ഇരിക്കുന്നതിനാൽ രണ്ടും ദൂരസ്ഥങ്ങൾഎങ്കിലും ക്രമമായിശബ്ദങ്ങളെ പ്രയൊഗിക്കുംപൊൾ അൎത്ഥങ്ങളിൽ ശ്രൊതാവിന്റെ മനസ്സുനന്നെ സംബന്ധിച്ചു തന്നെ കാണുന്നു- അതിനാൽ ഒരുത്തന്റെ മനസ്സിൽഉള്ളത പ്രയാസംകൂടാതെ ശബ്ദപ്രയൊഗം കൊണ്ടു അന്യന്റെമനസ്സിലാക്കുന്നു- ദൃഷ്ടാ

ന്നം- ഒരുത്തൻപറയുന്നു- ഞാൻ മലയിൽ ചെന്നപ്പൊൾ ഒരുപക്ഷിയെകണ്ടു- കാക്കയൊളം മുഴുപ്പുണ്ട- കൊക്ക, പ്ലാശിൻ പൂവിന്റെ ഭാഷയിൽചൊമന്നും- കഴുത്തിൽകറുത്തവരയും- വയറാത്തമഞ്ഞനിറവുംകാലിൽ വെള്ളയും- ശെഷം പച്ചനിറവുമാകുന്നു - എന്നുകെട്ടപ്പൊൾ അന്ന്യൻപറയുന്നു- അതഒരു പഞ്ചവൎണ്ണ കിളിയാകുന്നു- എന്റെവിട്ടിലുംഒന്നൊണ്ട എന്നുപറഞ്ഞു കാണിച്ചാൽ അതുതന്നെയെന്നു സമ്മതിക്കുന്നു- എഴുതി അയച്ചാലുംഇതിന്മണ്ണം യഥാൎത്ഥമായ അറിവുണ്ടാകുന്നു- ഇങ്ങനെ അപ്രത്യക്ഷകളായ വ്യക്തികളെ ശബ്ദംകൊണ്ടു അനുഭവപ്പെട്ടു പ്രത്യക്ഷികരിക്കുന്നതിന കാരണം- അതാതു അൎത്ഥങ്ങളെ സംബന്ധിച്ചിട്ടുള്ള ശബ്ദങ്ങളെ അന്വയക്രമെണ പ്രയൊഗിക്കുകയും ശബ്ദങ്ങളെ സ്മരിപ്പിക്കുന്ന ലിപികളെഎഴുതുകയും ആകുന്നു- ഇതിന്മണ്ണംവളരെ പുരാതനങ്ങളായ വൃത്താന്തങ്ങളും പുസ്തകങ്ങളെ വായിക്കുംപൊൾഅനുഭവ യൊഗ്യങ്ങളാകുന്നു- അതിനുമുഖ്യസാധനം വിവിധ ശബ്ദാൎത്ഥസംബന്ധജ്ഞാനവും പ്രയൊഗവിധിജ്ഞാനവു മാകുന്നു- ഇതുകളെ പ്രതിപാദിക്കുന്ന ശാസ്ത്രത്തിന്ന വ്യാകരണ മെന്നു പെരുപറയുന്നു- ഠംശബ്ദം- വി - ആ - കരണം- എന്നുഠംമൂന്നു അവയങ്ങൾക്കൂടിയതാകുന്നു- വി - എന്നഅവ്യയത്തിന്ന അവയവവിഭാഗ വിശിഷ്ടമെന്നൎത്ഥം - ആ - എന്നഅവ്യയത്തിന്ന പറിക്കുന്നവൎക്ക സ്പഷ്ടമായഅറിവു വരുന്നതുവ

രെഎന്നൎത്ഥം - കരണം. - എന്നുള്ളപദത്തിന്ന വിസ്തരിച്ചു- ചെയ്യുകഎന്നൎത്ഥം- അതിനാൽ വ്യാകരണശബ്ദത്തിന്ന പദാവയവ വിഭാഗ വിശിഷ്ടമായി ശിഷ്യൎക്കസ്പഷ്ടമായിബൊധം വരുന്നതിന്നമൎണ്ണം വിസ്തരിച്ചു ശബ്ദങ്ങളെ പറയുന്നശാസ്ത്രമെന്നതാല്പൎയ്യാൎത്ഥമാകുന്നു - വ്യാകരണം പഠിക്കുന്നവൎക്ക ബുദ്ധിക്കശബ്ദാനസാരെണ അനെകാൎത്ഥ സംബന്ധംകൊണ്ടു വിശെഷമായ അറിവിനാൽപരിഷ്കാരം ഹെതുവായി ദയാദാക്ഷിണ്യാദി ഗുണങ്ങളുംവാക്കിന്നമാധുൎയ്യ വ്യക്തതാദിഗുണങ്ങളും പ്രയൊഗത്തുംകൽ നിസ്സംശയവും എളുപ്പവും ഉൗഹംകൊണ്ടു പലവിധം പ്രയൊഗിക്കാനുള്ള ശക്തിമുതലായ ഗുണങ്ങളും ഹെതുവായിട്ടു വാക്കിന്ന സൎവ്വമനൊഹരമായ വിസ്താരവുംസംഭവിക്കുന്നു- സംസ്കൃതം- തമിഴ- മുതലായഭാഷകൾക്കവ്യാകരണം പ്രസിദ്ധമാകുന്നു- ചെറുതായ മലയാള ദെശത്തെ- ഭാഷയിൽ സംസ്കൃതത്തിലെയും തമിഴിലെയും വാക്കുകൾ - അധികവും- കന്നടം- തുളു-മുതലായതിലെ ചിലതപൂൎണ്ണങ്ങളായും ചിലതഭെദപ്പെട്ടും- കലൎന്നിരിക്കുന്നു- എങ്കിലും- പദവാക്യപ്രയൊഗങ്ങൾ സംസ്കൃതരീതിയിൽ ആകുന്നു- തമിഴ-വ്യാകരണത്തെ അനുസരിച്ചുള്ള ശബ്ദവിഭാഗങ്ങളും സംജ്ഞകളും ഏകദെശംശരിയായി കാണുന്നു- എങ്കിലുംസംസ്കൃത വ്യാകരണത്തെ അനുസരിച്ചഏററവും ശരിയായികാണുന്നു- അതിനാൽ മലയാളഭാഷയ്ക്കു സംസ്കൃതരീതിയെമുഖ്യമായി അനുസരിച്ചു വ്യാകരണംഎഴു

ത്തുന്നു- ഇതിൽ സ്പഷ്ടതയ്ക്കുവെണ്ടി ചിലത ചൊദ്യൊത്തരങ്ങളാകുന്നു-

ചൊദ്യം - സംസ്കൃത സംബന്ധി വാക്കുകളേതല്ലാം-

ഉത്തരം - ഈശ്വരൻ - മനുഷ്യൻ - പുരുഷൻ - സ്ത്രീ - പുത്രൻ - പുത്രി - സമുദ്രം - പൎവതം - ജനിക്കുന്നു - വൎദ്ധിക്കുന്നു - പഠിക്കുന്നു - സുഖിക്കുന്നു ഇത്യാദി -

ചൊദ്യം - തമിഴ സംബന്ധി വാക്കുകൾ ഏതല്ലാം -

ഉത്തരം - തല - കണ്ണു - മൂക്ക - കയ്യ - കാല - പിറക്കണം - ഇരിക്കണം - വരണം- കാണണം - ഇത്യാദി -

ചൊദ്യം - തുളുവാക്ക- എതെല്ലാം -

ഉത്തരം - ഇല്ലം - അരി - വിശ്ശത്തി - ഊൺ- ചൊമ- ഇത്യാദി-

ചൊദ്യം - കന്നടം - ഏതെല്ലാം -

ഉത്തരം - മന - എല - ഇത്ത്യാദി-

എന്നാൽ ഈ വാക്കുകൾ അതാതു ഭാഷയിലാകും പൊൽ ചില സ്വരങ്ങൾക്കും - ചില വ്യഞ്ജനങ്ങൾക്കും- അല്പഭെദം ഉണ്ട - ഓളം - താക്കൊൽ - തൊടം- താളി- ഒറങ്ങുന്നു - തല്ലുന്നു - കരയുന്നു - ഇങ്ങനെ ചിലത മലയാളത്തിൽ നൂതനങ്ങളായിട്ടും ഉണ്ട - ക്രമെണ പിന്നെ പിന്നെ - ഹിന്തുസ്താനി- ഇംക്ലീഷ - മുതലായ അന്ന്യഭാഷകളിൽ നിന്ന എടുത്തതായും ഉണ്ട-

അതിനാൽ പ്രസിദ്ധശബ്ദങ്ങളെ കുറിച്ചു ഈ പുസ്തകം പ്രവൃത്തിക്കുന്നു-

ഇതിലെക്രമം - ൧ാമത - അക്ഷരകാണ്ഡം- ൨ാമത - സന്ധികാണ്ഡം - ൩ാമത - പദകാണ്ഡം - ൪ാമത - സമാസകാണ്ഡം - ൫ - ധാതുകാണ്ഡം - ൬ - ക്രിയാകാണ്ഡം - ൭ - പ്രയൊഗകാണ്ഡം - ൮ - അലംകാരകാണ്ഡം - ഇങ്ങനെ - ൮ കാണ്ഡങ്ങളെകൊണ്ട ൟപുസ്തകം പരിപൂൎണ്ണമായിരിക്കുന്നു-

## (അക്ഷരകാണ്ഡം)

ചൊ - മലയാളവാക്കിന അക്ഷരങ്ങൾഎത്രവിധങ്ങളാകുന്നു-

ഉത്തരം -സ്വരങ്ങൾ എന്നും വ്യഞ്ജനങ്ങൾ എന്നും രണ്ടവിധങ്ങളാകുന്നു -

ചൊ - സ്വരങ്ങൾഏതെല്ലാം - (ഉ) അ - ആ - ഇ - ൟ - ഉ - ഊ - ഋ - ൠ - ഌ - ൡ - ഏ - ഐ - ഓ - ഔ - അം - അഃ - ഇങ്ങനെ ൧൬ - അക്ഷരാഭ്യാസത്തിംകൽ സംസ്കൃതവാക്കിന്നുകൂടി ഉപയൊഗമായി പഠിക്കുന്നു - മലയാളവാക്കിൽ - ൠ - ൡ - എന്നരണ്ട ദീൎഘങ്ങൾകുറവും - എ - ഒ - എന്നരണ്ട ഹ്രസ്വങ്ങൾ കൂട്ടുകയുംഉണ്ട - അതുകൊണ്ട - ൧൬ - സ്വരം - എന്നശരിതന്നെആകുന്നു - (ചൊ) അം - അഃ - എന്ന അകാരൊച്ചാരണഭെദമല്ലയൊ- (ഉ) അല്ല- മകാരാംശസദൃശമായിരിക്കുന്ന അനുസ്വാരവും-ഹകാരാംശസദൃശമായിരിക്കുന്നവിസൎഗ്ഗവും- വ്യഞ്ജനസദൃശങ്ങളായി വെറെരണ്ട സ്വരങ്ങൾതന്നെ - അതിനാൽഇതുരണ്ടുംസ്വരങ്ങളുടെഅന്തത്തും

കൾ പ്രയൊഗിക്കുന്നതാകകൊണ്ട സ്വരങ്ങ ളുടെക്കൂട്ടത്തിൽ ചെൎക്കുന്നതും അകാരൊപരി സ്വരൂപംകാണിക്കുന്നതും നടപ്പാകുന്നു- ഇം- ഇഃ - ഉം - ഉഃ - ഇത്യാദികളിലും വരുന്നതാ കുന്നു- ഇതുകളിൽ - അ - ഇ - എന്നതുടങ്ങി ഒരുമാത്രകൊണ്ട ഉച്ചരിക്കുന്നതിന്ന ഹ്രസ്വ മെന്നപെരാകുന്നു - ആ-ഠര-ഈ-ഇങ്ങനെരണ്ടു മാത്രകൊണ്ട - ഉച്ചരിക്കുന്നത ദിൎഘമാകുന്നു - ഋ-എന്നും വിസൎഗ്ഗവും സംസ്കൃതസംബന്ധി ശബ്ദങ്ങൾക്കെ പ്രയൊഗമൊള്ളു -

ഉദാഹരണം ക്ലിഷ്ടിചെയ്യാൽ ദുഃഖിക്കെ ണ്ടാ -

ചൊദ്യം - വ്യഞ്ജനങ്ങൾ ഏതെല്ലാം -
ഉ - താഴെകാണിക്കുന്നു-

| ഖരം | അതിഖരം | മൃദു | ഘോഷം | അനുനാസികം | | |
|---|---|---|---|---|---|---|
| ക | ഖ | ഗ | ഘ | ങ | കവൎഗ്ഗം | കണ്ഠ്യം |
| ച | ഛ | ജ | ഝ | ഞ | ചവൎഗ്ഗം | താലവ്യം |
| ട | ഠ | ഡ | ഢ | ണ | ടവൎഗ്ഗം | മൂൎദ്ധന്യം |
| ത | ഥ | ദ | ധ | ന | തവൎഗ്ഗം | ദന്ത്യം |
| പ | ഫ | ബ | ഭ | മ | പവൎഗ്ഗം | ഓഷ്ഠ്യം |

| | | | | |
|---|---|---|---|---|
| യ | ര | ല | വ | അന്തസ്ഥങ്ങൾ |
| ശ | ഷ | സ | ഹ | ഊഷ്മാക്കൾ |
| റ | ള | ഴ | | പ്രതിവൎണ്ണങ്ങൾ |

ഇങ്ങനെ സ്വരവ്യഞ്ജനങ്ങൾ കൂട്ടം
പൊൾ ൫൧

ഇതുകൾക്കു വൎണ്ണങ്ങൾ എന്നും അക്ഷരങ്ങൾഎന്നും പെരുണ്ടു - അക്ഷരപാഠത്തുംകൽ ഴ - റ - രണ്ടുംനീക്കി - ക്ഷ - ഇതുകൂടി - ൫൧ പഠിക്കുന്നു -

ചൊദ്യം - ഴ - റ - തള്ളുന്നതിന്നും - ക്ഷ - കൂട്ടുന്നതിന്നും ഹെതുഎന്ത് -

ഉത്തരം - പ്രത്യക്ഷരം എന്നുപറയുന്നത ഒന്നിൻെറപകരം ചിലെടത്തു പ്രയൊഗിക്കെണ്ടതാകുന്നു, സംസ്കൃതത്തിൽ - ല - എന്നതിന്ന പ്രത്യക്ഷരം - ള - എന്നും - തമിഴിനെഅനുസരിച്ച- ര- എന്നതിന്ന പ്രത്യക്ഷരം- റ-എന്നും - ള - എന്നതിന്ന - ഴ - എന്നും കൂടിമലയാളഭാഷയിൽ സ്വീകരിച്ചുമൂന്നിന്നും സ്ഥാനവും സംജ്ഞയുംഅതാത പ്രധാനാക്ഷരത്തിൻെറതന്നെയാകുന്നു - മലയാളത്തിൽ സംസ്കൃതത്തെ അനുസരിച്ചിട്ടുള്ള അക്ഷരപാഠമാകകൊണ്ടു ദ്രാവിഡകെരള പ്രത്യക്ഷരങ്ങളെ അക്ഷരപാഠത്തുംകൽ ചെൎക്കുന്നില്ലാ - ക്ഷ - എന്നുള്ളതു - ക - കാര - ഷ - കാരങ്ങളുടെകൂട്ടക്ഷരമാകുന്നു -

അതമംഗളകരമെന്ന ഒരുപ്രമാണത്തെഅനുസരിച്ച മംഗളാൎത്ഥമായി അക്ഷരാന്തത്തുംകൽപഠിച്ചുവരുന്നു-

ചൊദ്യം - കൂട്ടക്ഷരമെന്നാൽ എങ്ങനെ -

(൧) എടക്കു സ്വരങ്ങൾ കൂടാതെ - രണ്ടൊ അധികമൊ വ്യഞ്ജനങ്ങളുടെ കൂട്ടമാകുന്നു-

ഉദാഹരണം - വ്യക്തം - ൨ - ശാസ്ത്രം - ൩ - ശാസ്ത്ര്യക്തം - ൪ - മൂൎദ്ധ്ന്യ പാൎഷ്ണം- ൫ - ഇവിടെഭിന്നാക്ഷരങ്ങളുടെ കൂട്ടംപച്ച -

മാങ്ങ-ചക്ക-വിത്ത- ഇവിടെഅതാതഅക്ഷര
ങ്ങളെതന്നെ ദ്വിത്വമാക്കിക്കൂട്ടുന്നുഎന്നുഭെദം-

ചൊദ്യം - പ്രത്യക്ഷരങ്ങൾക്ക സ്ഥാനവും സംജ്ഞയും ഒന്നെങ്കിൽപ്രധാനാ ക്ഷരങ്ങളുടെ സ്ഥാനത്തഅതുകളെ ഇച്ഛപൊലെ പ്രയൊഗിക്കരുതയൊ-

ഉത്തരം - സംസ്കൃതത്തിൽ വിരൊധമില്ലാ

ഉദാഹരണം- മംഗളം - മംഗലം -നീളാ - നീലാ - ചെതൊനളംകാമയതെനളെങ്കാം- ചെതൊനലംകാമയ തെനലങ്കാം എന്ന നൈഷധം - ള - കാരപ്രാസത്തുംകൽ

ചലിതയാവിദധെ കളമെഖളാകളകളൊ ളുകളൊള ദൃശാന്ന്യയാഎന്നമാഘം -

മലയാളവാക്കിൽ അൎത്ഥഭെദത്തെ അനുസരിച്ച പ്രത്യക്ഷരങ്ങൾക്ക നിയമമുള്ളതിനാൽ നിയമത്തെ അനുസരിച്ചതന്നെ അതാത വാക്കുകളിൽ പ്രയൊഗിക്കണം -

ഉദാഹരണം -കലം - കളം - കലി - കളി- കഴി - കുളി - കുഴി - കര - കറ - കരി- കറി- എള്ള് - എല്ല് - ഇവകൾക്ക മാറിക്കൂടാ-

ചൊദ്യം - ഴ - എന്നള പ്രത്യക്ഷരമെന്ന എങ്ങനെഅറിയുന്നു-

ഷ - പ്രത്യക്ഷരമാകരുതയൊ -

| | | | | |
|---|---|---|---|---|
| ഉ | തമിഴ | വാള - | വാഴ - | എന്ന മലയാളത്തി |
| | | പളം - | പഴം - | ൽ പ്രയൊഗംകൊ |
| | | തൊവാള | തൊവാഴ | ണ്ടു സൂക്ഷ്മമാകുന്നു |

ചൊദ്യം - കൊവിൽ, ദെവൻ, അൽ, ഏ
റം അവന്റെ ഇങ്ങനെയുള്ള വാക്കുകൾക്ക

വെണ്ടി- ൽ, ൻ, ൾ, ററ, ൻറ, ഠരംവൎണ്ണങ്ങ ളെ കൂടി സ്വീകരിക്കെണ്ടയൊ -

ഉ - ആദിമൂന്നം ക്രമെണ ല ന ള വൎണ്ണ ങ്ങൾ അകാരം കൂടാതെ പ്രയൊഗിക്കപ്പെട്ട വയാകുന്നു -

നാലാമത - റ- രണ്ടകൂടിയതും ൫ാമത- ന്‌- റ്‌ - കൂട്ടിചെൎത്തതുമാകുന്നു.

ദൃഷ്ടാന്തം - കൊവിലകം ദെവനപ്പൊൾ ആളടുത്തു ഇത്യാദികളിൽമെൽഅകാരംചെരു മ്പൊൾസ്പഷ്ടമാകുന്നു- ശെഷംഎഴുത്തുകൊണ്ടു സ്പഷ്ടമാകുന്നു-സംസ്കൃതത്തിൽ- യൽ-തൽഇ ത്യാദികളിൽഅകാരം കൂടാത്തതകാരമാകുന്നു

ചൊ - വ്യഞ്ജനങ്ങളിൽ - ന - എന്നൊ ന്നപഠിക്കുന്നു നളനൊടുഎന്ന പദത്തിൽ ഒ ന്നാമത്തെതും മൂന്നാമത്തെതും അക്ഷരം ഭെദ പ്പെടുത്തി ഉച്ചരിക്കുന്നു - അതിനാൽ വെറെ തന്നയൊ -

ഉ - അല്ലാ- ഒന്നുതന്നെ അല്പംഭെദത്തൊ ടുകൂടി ഉച്ചരിക്കുന്നു- അതിൽആദ്യം ദന്താഗ്ര ത്തുങ്കലും പിന്നത്തെദന്തമൂലത്തുങ്കലും ജിഹ്വാ ഗ്രം തൊടിച്ചു ഉച്ചരിക്കുന്നത എന്ന മാത്രം ഭെദംരണ്ടും ദന്തസ്ഥാനഭവങ്ങൾ തന്നെആ കുന്നു- എന്നാൽ പ്രായെണ പദത്തിന്റെ ആദ്യത്തുങ്കലും ചില കൂട്ടക്ഷരങ്ങളിലും ദന്താ ഗ്ര സംബന്ധികളാക്കിയും ശെഷങ്ങളെദന്ത മൂല സംബന്ധികളാക്കിയും ഉച്ചരിക്കുന്നത മലയാളത്തിലെ നടപ്പാകുന്നു- ദന്തമൂല സം ബന്ധമായി തന്നെ എല്ലാം ഉച്ചരിച്ചാലുംവി രൊധമില്ലാ-

ഉദാഹരണം- നിനച്ചു- നാനാവിധം, ന്യൂനതാ, മാന്ന്യത്വം, വന്നുചെന്നു മന്നവൻ, കന്നങ്ങൾ, കനകം, മനസ്സിനെ ഇത്യാദി

ചൊ- വ്യഞ്ജനങ്ങൾക്കു മെൽ സ്വരംകൂടാതെ ഉച്ചാരണമുണ്ടൊ-

ഉ. പദാന്തത്തിങ്കൽ വളരെ പ്രയൊഗങ്ങളുണ്ട- ഉദാ- രാമൻ- അവൾ- കാല്- കാത്- ഏത്- എന്ത്- താണ്- താഴ്- ഇത്യാദി ഇതുകളിലെ അന്ത്യവ്യഞ്ജനങ്ങൾക്കു അർദ്ധമാത്രയാകുന്നു-

ചൊ- അക്ഷരങ്ങൾ ഏതല്ലാം സ്ഥാനത്തുന്ന പുറപ്പെടുന്നു-

ഉത്തരം- അ, ആ, ഹ, വിസർഗ്ഗം, ക, വർഗ്ഗം ഇതുകൾ കണ്ഠം എന്നതൊണ്ടയിൽ നിന്നുപുറപ്പെടുന്നു- അതുകൊണ്ട കണ്ഠ്യങ്ങൾ എന്നു പെരുവന്നു എന്നാൽ അന്ത്യസ്ഥാന സംബന്ധംകൊണ്ട സ്വരങ്ങളിൽ നിന്നു ഭെദപ്പെടുന്നു- ഇ, ഈ, യ, ശ, ച, വർഗ്ഗം ഇതുകൾ താലു എന്ന അണ്ണാക്കിൽ നിന്നു പൊറപ്പെടുന്നു- അതുകൊണ്ട താലവ്യങ്ങൾ എന്നുപെരുവന്നു ഋ, ൠ, ര, റ, ഷ, ട, വർഗ്ഗം, ഇതുകൾ മൂർദ്ധാവ എന്ന മെത്തൊണ്ണയിൽ നിന്നു പുറപ്പെടുന്നു- അതുകൊണ്ട മൂർദ്ധന്ന്യങ്ങൾ എന്നുപെരുപറയുന്നു- ഌ, ൡ, ല, ള, ഴ, സ, ത, വർഗ്ഗം, ഇതുകൾ ദന്തംഎന്നപല്ലിൽ നിന്നുപുറപ്പെടുന്നു അതുകൊണ്ട ദന്ത്യങ്ങൾ എന്നുപെരു പറയപ്പെടുന്നു- ഉ, ഊ, അനുസ്വാരം, പ വർഗ്ഗം, ഇതുകൾ ഓഷ്ഠം എന്ന ചുണ്ടിൽ നിന്നുപുറപ്പെടുന്നു- അതുകൊണ്ട ഓഷ്ഠ്യങ്ങൾ എന്നുപറയ

പ്പെടുന്നു- ഇതുകളിൽ വൎഗ്ഗാന്ത്യങ്ങൾക്കും അനുസ്വാരത്തിന്നും നാസികാസംബന്ധം കൂടി ഉള്ളതിനാൽ അതുകളെ അനുനാസികങ്ങൾ എന്നുംകൂടി പറയുന്നു- എ, ഏ, ഐ, ഒ, ഓ, ഔ, ഇതുകളെ സംസ്കൃതം അനുസരിച്ചു സന്ധിയിൽ പ്രധാനങ്ങളാകകൊണ്ടു സന്ധ്യക്ഷരങ്ങൾ എന്നുംപറയപ്പെടുന്നു- അക്ഷരങ്ങളെ വെറെ പറയെണ്ടുന്നത- അകാരം- കകാരം- ളകാരം- ഇങ്ങനെകാര പ്രത്യയം ചെൎത്തു പറയാം- ര- എന്നതിന്നുമാത്രം ഇഫ- പ്രത്യയം ചെൎത്തു രെഫമെന്നു പറയണമെന്നു സംസ്കൃതത്തെ അനുസരിച്ചു മലയാളവാക്കിലും വ്യവസ്ഥയുണ്ടു-

ചൊ- അകാരം- എത്രവിധമുണ്ടു-

ഉ- വിവൃതമെന്നും സംവൃതമെന്നും രണ്ടു വിധമുണ്ടു- അത്- എന്നെടത്തു- അകാരംവിവൃതമായും- ഗജംഎന്നെടത്തു- ഗകാരൊപരി- അകാരം സംവൃതമായും ഇരിക്കുന്നു- ഇങ്ങനെ ജനം- ദയാ- ഇത്യാദികളിൽ മുൻപിലത്തെ അകാരം സംവൃതമായും രണ്ടാമത്തെ വിവൃതമായും മലയാളവാക്കിൽ പ്രയൊഗിച്ചു വരുന്നത ഒരുനടപ്പെന്നു മാത്രമെ ഉള്ളു എല്ലാം വിവൃതമാക്കി പ്രയൊഗിച്ചാലും വിരൊധമില്ലാത്തതിനാൽ എഴുത്തിൽ ഭെദം സൂചിപ്പിക്കുന്നില്ലാ വിവൃതമെന്നു പറയുന്നത അകാരം തൊറന്നു ചൊല്ലുക- സംവൃതമെന്നു നന്നെ തുറക്കാതെ ഉച്ചരിക്ക എന്നുഭെദം- സംവൃതം പ്രായെണ പദത്തിന്റെ ആദ്യംവരുന്ന മൃദുക്കൾക്കും അന്തസ്ഥങ്ങൾക്കും മീതെവരുന്നു- ഗ

ജം- ജനം- ദന്തം- ബാലം- യന്തം- രക്ഷാ- ഇത്യാദി അല്ലാത്തെടത്ത വിവൃതമാകുന്നു- ചരട്- മലര്- അവള്- ദാന്തൻ- ബാലൻ- പരവശൻ- കലവറ- ഇത്യാദി-

ചൊ- ഉപരിസ്വരം കൂടാതെയും കൂടിയും ഉള്ള വ്യഞ്ജനങ്ങൾക്ക എഴുത്തിൽ ഭെദം കൂടാതെ കാണുന്നത എന്തുകൊണ്ട-

ഉ- അൎത്ഥവശാൽ അറിയാവുന്നതാക കൊണ്ട ഉപെക്ഷകൊണ്ട എഴുതുന്നില്ലാ ഇതിന്മണ്ണും- എ- ഒ- എന്നു ഏകമാത്രെക്കും ദ്വിമാത്രെക്കും- അൎത്ഥഭെദമുള്ളെടത്ത ഒരുപൊലെ എഴുതുന്നു-

ഉദാഹരണം

| ശബ്ദം | അൎത്ഥം |
|---|---|
| എട് | എടുത്താലും |
| ഏട് | താളിയോല |
| എട | മദ്ധ്യസ്ഥലം |
| തൊട് | തൊട്ടാലും |
| തൊട | വെള്ളം ഒലിക്കുന്ന വഴി |
| തൊട | കണ്ഠാഭരണം |

ഇവിടെ- എട്- ഏട് എട- തൊട്- തോട്- തോട- ഇങ്ങനെ രെഖാഭെദം സ്പഷ്ടമാക്കി എഴുതുന്നത യുക്തമാകുന്നു- ഇതിന്മണ്ണും ചില സ്വരങ്ങൾ അനുനാസികങ്ങളായിട്ടും ശുദ്ധങ്ങളായിട്ടും ഉണ്ട- അനുനാസികം അവ്യയ പ്രകരണത്തിൽ വിവരിച്ചു എഴുതും അതി

ന്റെ സൂചകരെഖ ഇല്ലാഞ്ഞാലും ഔചിത്യം കൊണ്ട സുബൊധമാകകൊണ്ട എഴുതാറില്ലാ- സ്വരം- ഇല്ലാത്ത വ്യഞ്ജനാക്ഷരത്തിന്ന ഉപരി അൎദ്ധചന്ദ്ര രെഖയും- അനുനാസികത്തിന്നമെൽ അനുസ്വാരരെഖക്കൂട്ടിയുംഎഴുതെണ്ടതാകുന്നു-

ചൊ- സന്ധി എന്താകുന്നു-

ഉ- പദങ്ങളിൽ വച്ചൊ പദാവയവങ്ങളായിരിക്കുന്ന- ധാതു- ആഗമം- പ്രത്യയംതുടങ്ങിയ അവയവങ്ങളിൽ വച്ചൊ രണ്ടുകൂട്ടിചെൎക്കുംപൊൾ പൂൎവാന്ത്യാക്ഷരങ്ങൾക്കും പരാദ്യക്ഷരങ്ങൾക്കും ഭെദപ്പെടുത്തുന്നതും അതിന്റെ വിധിയുംആകുന്നു- ഇവിടെ നിത്യവിധിക്ക വരുമെന്നും വരെണമെന്നും ഇച്ശപൊലെ വരുത്താമെന്നെടത്ത വരാമെന്നും വരുന്നുഎന്നുംഎഴുതും-

ചൊ- സന്ധി എത്രവിധം

ഉ- ലൊപസന്ധി എന്നും ആഗമസന്ധി എന്നും ആദെശസന്ധിയെന്നും മൂന്നവിധമാകുന്നു- സന്ധിയിൽ ലൊപം വരുന്നെടത്ത ലൊപസന്ധിയാകുന്നു- അകാരത്തിന്ന സ്വരം മെൽവരുമ്പൊൾ ലൊപംവരാം പ്രഥമൈക വചനത്തിൻമെൽ വരുമ്പൊൾ ലൊപംവെണം ഇതിനുമുന്നും പദാവയവങ്ങളിലെവിധിയെല്ലാം നിത്യംതന്നെആകുന്നു. അകാരലൊപത്തിന്നു-

ഉദാഹരണം- പല- എടത്തും- എന്നുകൂട്ടിചെൎക്കുംപൊൾ ലകാരത്തിന്റെ മെൽ ഉള്ള അകാരത്തിന്ന ലൊപംവന്ന പലെടത്തും എ

ന്നുവരുന്ന ശബ്ദത്തിന്നലൊപം എന്നാൽകെ ൾക്കാതെ ഭവിക്കുകയാകുന്നു- ഇതിന്നമ്പ്ന്റും അല്ല. എടൊ- അല്ലെടൊ- ഇല്ല- ഏതും- ഇല്ലേതും- ഇതുകളിൽ പക്ഷാന്തരത്തുങ്കൽ മെൽ പറയുന്ന ആഗമസന്ധിയും ആദെശ സന്ധിയും വരാം-

ഉദാഹരണം- പലയടം- പലേടം- അ ല്ല- യെടൊ- അല്ലെടൊ- ഇങ്ങനെ രണ്ടൊ അധികമൊ വിധം വരുന്നെടത്ത പക്ഷാന്ത ര വിധിയെന്നുപറയും- പ്രഥമൈകവചനത്തി ൽ- രാമ- അൻ- രാമൻ- എകാരലൊപത്തി ന്ന- ഉദ- വാ- എടാ- വാടാ- പൊഎടാ- പൊടാ ഇത്യാദി

ചൊ- ആഗമം എന്നാൽഎന്ത

ഉ- എടക്കുവന്നു ചെരുന്ന ശബ്ദാംഗമാ കുന്നു· അത നാമത്തിന്നും ധാതുവിന്നും അ ന്തങ്ങുങ്കലും പ്രത്യയങ്ങൾക്ക ആദിക്കുംചെരും അന്ത്യത്തെ അന്ത്യാഗമമെന്നും ആദിയെ ആ ദ്യാഗമമെന്നും പറയുന്നു· സന്ധിയിൽ അ ക്ഷരംവെറെ ആഗമിക്കുന്നെടത്ത ആഗമസ ന്ധിയാകുന്നു. പ്രായെണ- ഉ, യ, വ, ങ്ങൾ സ്വരസന്ധിയിൽ ആഗമങ്ങളാകുന്നു- ഉകാ രാഗമത്തിന്ന ഉദാഹരണം- പദാന്തവ്യഞ്ജ നങ്ങൾക്ക പദാദിവ്യഞ്ജനം പരമാകുമ്പൊൾ ഉകാരംവരാം വാക്ക, നന്ന, കൂട്ടുമ്പൊൾവാ ക്കുനന്ന എന്നാകുന്നു ഇതിന്നമ്പ്ന്റും പാട്ട്കെൾ ക്കണം പാട്ടുകെൾക്കണം എന്ന ഉകാരംകൂടി ഇടക്കുവരുന്നു- ഇതിന്നമ്പ്ന്റും പട്ടുകിട്ടി പാലു കുറുക്കി, തൈരുകലക്കി. ചൊറുവിളമ്പി- ഏ

ഴ്ലൊകം, വാളമിനുത്തു, പൊരുതുടങ്ങി, നാട്ടപിടിച്ചു, വീരന്മാരു സുഖിച്ചു, ഇത്യാദി-യകാ രാഗമത്തിന്നു.

ഉദാഹരണം- പദാന്തങ്ങളായി രിക്കുന്ന അ, ആ, ഇ, ൠ, ഇവകൾക്കും താലവ്യ സന്ധ്യക്ഷരങ്ങൾക്കും മെലെസ്വരം വരുന്നത കൂട്ടമ്പൊഴും ഓഷ്ഠ്യസന്ധ്യക്ഷരങ്ങൾക്ക മെൽ താലവ്യസ്വരങ്ങൾ വരുന്നത ചെൎക്കുമ്പൊഴും ഉപരിസ്വരത്തിന്റെ താഴെ ചെന്ന യ് എന്ന ആഗമം പരാംക്രമെണ ഉദാഹരിക്കുന്നു- മലഅടി- മലയടി- മലആളം- മലയാളം· വാഴഇല- വാഴയില- തറ- ൠംറൻ- തറയീറൻ- തലയുണങ്ങി- എണ്ണയൂറി- ഇത്യാദി- ഌ- ഞ - ആദ്യന്തങ്ങളായും- ഐ- ഔ- ആദ്യന്തങ്ങളായും മലയാള വാക്കുകൾക്ക പ്രസിദ്ധിയില്ലാ- സംസ്കൃതസംബന്ധത്താൽ ആദിയായിച്ചിലതുണ്ട പലഌണങ്ങൾ- പലയൂണങ്ങൾ നല്ലഐശ്വൎയ്യം- നല്ലയൈശ്വൎയ്യം വെല ഔദാസിന്ന്യത്തൊടെ വെല യൌദാസിന്ന്യത്തൊടെചെയ്യുന്നു ആകാരത്തിന്നു- ഉദാഹരണം വാടാ- ഇവിടെ- വാടായിവിടെ- നെടാഏത്തും- നെടായേത്തും- ഇകാരാന്തത്തിന്ന പൊളിഅല്ലാ- പൊളിയല്ലാ- അടിയൊളും- മുടിയുണ്ട- ൠംകാരാന്തത്തിന്ന- സ്ത്രീ ഇവൾ- സ്ത്രീയിവൾ സ്ത്രീയൊട- എകാരാന്തത്തിന്ന നെരെ എന്നൊട നെരെ യെന്നൊട ഓഷ്ഠ്യ സന്ധ്യക്ഷരം അന്തത്തിലുള്ള പദത്തിന്മെൽ താലവ്യസ്വരം വരുന്നടത്തു -ഉദാ- നെരെ ഇത- നെരൊയിത- മൊരൊയല

യൊ- ഓരൊരൊയെലം-ഇത്യാദിഓഷ്ഠ്യസ്വരങ്ങൾക്ക മെൽസ്വരം വരുമ്പൊഴും അകാരത്തിന്മെൽ ഓഷ്ഠ്യസ്വരം വരുന്നെടത്തും വകാരാഗമംവരാം- ഉദാ- ഗുരുഅരുളിച്ചെയ്യു ഗുരുവരുളിച്ചെയ്യു ബന്ധുവാണ- ശത്രുവില്ലാ- പശുവുണ്ടങ്ങി- പശുവെണ്ടങ്ങി വിന്ദുവൊളം- എപ്പൊഴൊവൊരിക്കൽ- ഇത്യാദി അകാരാന്തത്തിന്ന പൊടാവുണ്ടൊ വാടാവൂ ണ്ടാകഴിക്കാം ചെരാഒരിക്കലും- ചെരാവൊരിക്കലും- ഇത്യാദി

ഹ്രസ്വാന്ത പദങ്ങളിൽ നിന്നും പ്രതിവൎണ്ണാന്ത പദങ്ങളിൽനിന്നും പരങ്ങളായിരിക്കുന്ന ക- ച- ത- പ- ജ- ശ- ഇവകൾക്ക താഴെ ഇവകൾതന്നെ ആഗമമായി ചെരും.

ഉ- തല- കനം- എന്നെടത്ത ക കാരത്തിന്റെ താഴെ ഒരു കകാരം ചെൎന്ന തലക്കനം എന്നാകുന്നു- കരിക്കട്ട- ഉരുത്തരം- എലിച്ചെവി- മരപ്പാവ- കൊടക്കാല്- പതുച്ചെന- പുലിത്തൊല്- പടജ്ജനം- വെള്ളശ്ശീല- മെല്ലെപ്പൊയി- ഇത്യാദി- പ്രതി വൎണ്ണാന്തത്തിന്ന പൊരകളം- പൊക്കളം-തെത്തടം-പാൽക്കഞ്ഞി- ആൽക്കൂട്ടം- വാൾപ്പെട്ടി- തെർശ്ശീല- പൊലെ എന്ന- അവ്യയ വ കാരത്തിന്നദ്വിത്വമില്ലാ- തലപൊലെ- ചെനപൊലെ- വര പൊലെ- ഇത്യാദി -

ചൊ- ആദെശം എന്ത - ഉ - ഒന്നിന്റെ സ്ഥാനത്ത മറ്റൊന്ന വരുത്തുന്നതിന്ന ആദെശമെന്ന പെരാകുന്നു - സന്ധിയിൽ ആദെശം വരുന്നത ആദെശസന്ധി - അകാര

ലൊപം വരുത്തുന്ന എകാരത്തിന്ന ഏകാരാ ദെശം വരാം- ഉദാഹരണം - അല്ലഎടൊ - അല്ലേടൊ - വല്ല- എടം - വല്ലേടം - പദാന്തമായ - അനുസ്വാരത്തിന്ന ഏതുവൎഗ്ഗാക്ഷരംപരമാകുന്നുവൊ - ആവൎഗ്ഗത്തിന്റെ അനുനാസികാക്ഷരം ആദെശമാകും - വരും -കാലം - എന്നുള്ളടത്ത കവൎഗ്ഗത്തിന്റെ അനുനാസികമായ, ങ, കാരം, വന്നവരുങ്കാലം എന്നാകുന്നു - ഇവിടെകെട്ടിയെഴുതാത്തത എളുപ്പത്തിന്നുവെണ്ടിയാകുന്നു- പെരുഞ്ചെല - വൈകുന്നെരം ഏററന്തളന്റ - നാമ്പറഞ്ഞു- ഇത്യാദി- അനുസ്വാരത്തിന്നസ്വരംപരമാകും പൊൾമകാരാദെശം വരും

ഉദാഹരണം - വരം- ഇന്ന - വരമിന്നതരാം - എന്ന - തരാമെന്ന-വരുമിപ്പൊൾ- മലയാളവാക്കിൽ- അ- ആ- ഉ- ഒരം മൂന്നസ്വരങ്ങളുടെ അന്തത്തിംകൽ തന്നെഅനുസ്വാരം പ്രസിദ്ധം - സംസ്കൃതം കലൎന്നെടത്ത മററുസ്വരങ്ങൾക്ക മെലെയുംവരും- ഉദാഹരണം- കലിമിവൻ- ദെവീമാരാധിച്ചു പൊമെന്നുപറഞ്ഞു- ലകാരാന്തപദത്തിന്ന തകാരംപരമാകുംപൊൾ തകാരം ആദെശമാകും-മണല്'-തരി - മണത്തരി- കാൽതള- കാത്തള ലാംശമായ- ൽ- എന്നതിന്നുംവരും - മക്കൾതായം- മക്കത്തായം ഒരംപറഞ്ഞ സന്ധികൾ കൂടാതെയും പ്രയൊഗിക്കാം- വരംഇന്നുതരാം എന്നു ഇത്യാദി- സന്ധിക്കുവിശെഷ വിധിയില്ലാത്തെടത്തരണ്ടു പദംകൂട്ടിചെൎത്താൽ പൂൎവ്വവൎണ്ണങ്ങൾതന്നെ ചെൎന്നിരിക്കും-

ഉ - ന്വക്കം - എടുത്തു - ന്വക്കെടുത്തു - എഴു
ത്തഒപ്പിട്ടു - എഴുത്തൊപ്പിട്ടു - കടംവാങ്ങിച്ചു-
അഷ്ടികഴിച്ചു - സന്തൊഷിച്ചിരിക്കുന്നു- ഇ
ത്യാദിസംസ്കൃതത്തെ അനുസരിച്ചാൽ ഇതുകൂ
ടാതെപലഭെദം ഉണ്ട - ഉ - സമുദ്ര - അവ
ധിദീൎഘം - സമുദ്രാവധി - സമുദ്രാശ്രയം- ഗം
ഗാവധി- ഗംഗാശ്രയം ഇങ്ങനെഅകാരഭെ
ദസംബന്ധത്തിൽ ദീൎഘംതന്നെ- അവൎണ്ണത്തി
ന്ന ഇവൎണ്ണം മെൽ വരുമ്പൊൾ ഏകാരവും-
ഉവൎണ്ണംചെരുമ്പൊൾഓകാരവുംഏകാരംചെ
രുമ്പൊൾ ഐകാരവും- ഓകാരം ചെരു
മ്പൊൾഔകാരവും വരും-

ഉദാഹരണം - രാമ- ഇതി- രാമെതി-ഗം
ഗെതി- രാമ ഈശ്വരം-രാമെശ്വരൻ ഗംഗെ
ശ്വരൻ- ദെവ ഉത്സവം- ദെവൊത്സവം- മ
ഹൊത്സവം - ഊൎജ്ജിതം - ഗംഗൊൎജ്ജി
തം- കെവല - ഏകാരം- കെവലൈകാരം -
ധവള ഓദനം - ധവളൌദനം - ഇ - ഉ- വ
ൎണ്ണങ്ങൾക്കു അതമെൽച്ചെരുമ്പൊൾ അതി
ന്റെദീൎഘംവരുന്നു- വാരി- ഇതി- വാരീതി-
ദെവീതി- ദെവീരിതം- ഗുരുഉക്തി- ഗുരൂ
ക്തി- ഗുരൂൎജ്ജിതം ഇവൎണ്ണത്തിനു അന്യസ്വരം
മെൽവരുമ്പൊൾ യകാരവും ഉവൎണ്ണത്തിനു
വകാരവുംവരും അതിആശാ- അത്യാശാ-വാ
യു- ആധാരം വായ്വാധാരം ഇനിയുംപലഭെ
ദം സംസ്കൃതവ്യാകരണം കൊണ്ടഅറിയെണ്ട
താകുന്നു- പ്രയൊഗകാണ്ഡത്തിന ഉപയൊ
ഗമായി ചിലസംസ്കൃത വിധികളെയും ഈം

പുസ്തകത്തിൽ അതാതുഖണ്ഡത്തിൽ ഉദാഹ
-രിക്കുന്നു-

പദകാണ്ഡാരംഭഃ

ചൊ- പദംഎത്രവിധം- ഉ - നാമപദം-
അവ്യയപദം - സമാസപദം - ക്രിയാപദം-
ഇങ്ങനെ നാലുവിധമാകുന്നു-

ചൊ- നാമങ്ങൾ എത്രവിധം- ഉ - നാമം
പെരാകുന്നു- വസ്തുനാമം- ക്രിയാനാമംഎന്ന
രണ്ടുവിധം- ഇതുരണ്ടും ശബ്ദരൂപമായും അ
ൎത്ഥപരമായും രണ്ടുവിധം പ്രയൊഗിക്കാം-

ചൊ- ഭെദം- എങ്ങനെ- ഉ - വസ്തുക്കൾ
എന്ന ഓരൊരൊശബ്ദങ്ങളും പദാൎത്ഥങ്ങളും ആ
കുന്നു- ഉദാ - മല- സമുദ്രം- മണ്ണ് -വെള്ളം-
ആണ് - പെണ്ണ്- കല്ല്- കാല് -പൂവ്-കാ
യ്- ധനം- വസ്ത്രം- കഥ - മനസ്സ് - സ
ന്തൊഷം - ഇത്യാദി - ക്രിയകൾഎന്നാൽ
ഓരൊ വ്യാപാരങ്ങൾ ആകുന്നു- ഉദാ - ഊ
ണ്- ഉണ്ണുക- ഇരിപ്പ്- ഇരിക്കുക- ഇടുക്കുക
ഉരയ്ക്കുക- പറയുക - വിചാരിക്കുക - ഇത്യാദി
ക്രിയാനാമങ്ങളാകുന്നു -

നാമത്തിൽവിഭക്തിചെൎത്താൽപദമാകുന്നു,
രാമൻ-കൃഷ്ണൻ,ഇത്യാദി ശബ്ദം,എന്നൎത്ഥം- മ
നസ്സിൽവിചാരിച്ചു പ്രയൊഗിക്കുന്നത ശബ്ദ
നാമമാകുന്നു- മലയുടെമകാരം മലയന്ന ശ
ബ്ദത്തിന്റെ മകാരമെന്നൎത്ഥം- ശെഷംഅൎത്ഥ
ത്തിൽ സംബന്ധിപ്പിച്ചു പ്രയൊഗിക്കുന്ന
താകുന്നു- എന്നഭെദം- ഉദാ- രാമരാമ എന്ന

ജപിക്കണം- ഇവിടെ രാമ ശബ്ദൊച്ചാര ണം എന്നൎത്ഥമാകകൊണ്ട ശബ്ദപരനാമമാ കുന്നു- ജ്ഞാനത്തിന്നു പ്രഥമൈകവചനംഎ ന്നുള്ളടത്തജ്ഞാനശബ്ദത്തിന്നൎത്ഥം-ഉൗണി ന്നു- പ്രഥമൈകവചനം കെൾക്കയില്ലാ- ഉൗ ണ് എന്നക്രിയാ നാമത്തിന്ന പ്രഥമവിഭക്തി വെറെഇല്ലന്നൎത്ഥം- ഇങ്ങനെയുള്ള നാമാവ്യ യാദിശബ്ദങ്ങൾക്കാണ പ്രഥമാദിവിഭക്തിക ളും ഏകവചനാദികളും വിധിക്കുന്നത- വി ഭക്തികൊണ്ട പരിഷ്കൃതമായുള്ളശബ്ദത്തെ വാ ച്യാൎത്ഥത്തിൽ സംബന്ധംവിചാരിച്ച പ്ര യൊഗിക്കുംപൊൾ പദമെന്നുപറയുന്നു- അ തിന്നൎത്ഥത്തെസ്മരിപ്പിക്കാൻ ശക്തിയുണ്ട- രാ മൻ- ജ്ഞാനം- കഥ- എന്നുപറയുമ്പൊൾദശ രഥപുത്രൻ-അറിവു-വൃത്താന്തം-എന്നൎത്ഥത്തെ ഗ്രഹിക്കുന്നു- അതിനാൽ ശാസ്ത്രത്തിൽ ശബ്ദ പ്രകാരം വിചാരിക്കാനായി അവയവശബ്ദ ത്തെഉച്ചരിക്കുന്നത നാമമെന്നും അംഗമെന്നും പറയുന്നു - രാമൻ എന്നതിൽ- രാമ - എന്ന അംഗ മാകുന്നു. രാമനാമത്തിന്ന പ്രഥമചെ ൎത്തപ്പൊൾ രാമൻ എന്നു വന്നു എന്നും പറ യാം-

ചൊ - വസ്തുനാമം എത്രവിധം-

ഉ- സംകെത നാമം- സൎവനാമം- ഉദ്ദി ഷ്ടനാമം- സംഖ്യാനാമം- ഇങ്ങനെ നാലുവി ധമാകുന്നു -

ചൊ - ഇതുകളുടെ ഭെദംഎങ്ങിനെ-

ഉ..പെരായിട്ടുള്ളവ-സംകെതിനാമങ്ങൾ- ബ്രാഹ്മണൻ- ക്ഷത്രിയൻ- രാമൻ- കൃഷ്ണൻ-

ശംകരൻ- ചാത്തു- കൊന്തു- നെല്ല്- ഉരുളി-
ഇത്യാദി-ബ്രാഹ്മണാദിനാമം ജാതിയെയും-
വ്യക്തിയെയും- പറയുംഎംകിലും വ്യക്തികളി
ൽതന്നെ അധികമായിനിൽക്കും- ജാതിയെ
ന്നാൽകൂട്ടം- വ്യക്തിയെന്നാൽ- ഒററ- എന്ന
ഭെദം- സൎവ്വംഎന്നൎത്ഥമുള്ള നാമങ്ങളും- അ
ൎത്ഥാൽസൎവ്വത്തെയും പറയാവുന്നനാമങ്ങളും-
സൎവ്വനാമങ്ങൾ- സൎവ്വന്മാർ- എല്ലാവർ- ഒ
ട്ടൊഴിയാത്തവർ- ഒന്നൊഴിയാത്തവർ- പല
ർ- ഇവസൎവ്വനാമങ്ങൾ- യാതൊന്ന- ഏറി
യവർ- ഏവർ- ഇത്യാദിയും സൎവ്വത്തെയും പ
റയാവുന്നതാകുന്നു- മുൻപറഞ്ഞതിനെ ഉദ്ദെ
ശിച്ചൊ- ഒന്നിനെചൂണ്ടിയൊ പറവാനുള്ള
നാമങ്ങൾ ഉദ്ദിഷ്ടനാമങ്ങൾആകുന്നു- ഉദാ-
രാത്രിയിൽഇരുട്ടിനെ യാതൊന്നുകളയുന്നു-
അത ചന്ദ്രബിംബംഎന്നടത്ത അതഎന്നഉദി
ഷ്ടനാമം- മുൻപറഞ്ഞവസ്തുനെ ഉദ്ദെശിക്കു
ന്നു- അതഅശ്വതി നക്ഷത്രം- എന്നനക്ഷത്ര
ത്തെഉദ്ദെശിച്ച ചൂണ്ടികാണിക്കുന്നു- ഇതിന്മ
ണ്ണും- അവൻ- അവൾ- അവർ- അതുകൾഎ
ന്നും ആവാം- അതിന്മണ്ണും- ഇതന്നും ഉദ്ദിഷ്ട
നാമംതന്നെ-സംഖ്യയെപറയുന്നവ സംഖ്യാ
നാമങ്ങൾ - ൧ - ൨ - ൩ - ൪ - തുടങ്ങിഅ
നെകവിധംഉള്ളവ- ഇങ്ങനെനാമഭെദങ്ങൾ
ഭവിക്കുന്നു-

ചൊ- ക്രിയാനാമം എങ്ങനെ-

ഉ- ക്രിയകളെപറയുന്ന- ധാതുശബ്ദങ്ങൾ

ക്കവ്യാപാരം- കൎത്താ- കരണം- അധികരണ
മെന്ന അൎത്ഥമുള്ള നാമപ്രത്യയങ്ങൾ ചെൎത്തി
ട്ടുള്ളവ- ക്രിയാനാമങ്ങൾ- ആകുന്നു- ധാതു-
ഊണ്- നാമ പ്രത്യയംചെൎത്തക്രിയാനാമങ്ങ
ൾ ഊണ്- ഉണ്ണുക- ഇരിപ്പ്-ഇരിക്കുക- നട
പ്പ്-നടക്കുക- വിചാരം- വിചാരിക്കുക- പറ
യുക-ഇത്യാദിയുംസംസ്കൃതത്തെഅനുസരിച്ചു-
ഭക്ഷണം- ഗമനം- ശയനം- വചനം- ഗതി-
വെധം - ഇത്യാദിയും ഭാഷയിൽനടപ്പുണ്ട -
ആപ്രത്യയങ്ങളെ മെൽവിവരിക്കും-

ചൊ- അവ്യയം എന്നാൽ എന്ത -

ഉ - നാമങ്ങൾപൊലെപ്രഥമാദിവിഭക്തി
കളിലും ഏകവചനാദികളിലും ശബ്ദത്തിന്ന
വ്യയം എന്നവ്യത്യാസം ഇല്ലാത്തത അവ്യയം
ആകുന്നു-

അവ്യയങ്ങളെ അൎത്ഥത്തൊടുകൂടി താഴെ
എഴുതുന്നു- സ്വരത്തിന്റെ മെൽഅനുസ്വാ
രം അനുനാസികാ സൂചകമാകുന്നു-

| അവ്യയം | അൎത്ഥം |
|---|---|
| ആ് | എന്റെ അഭിപ്രായം നിങ്ങളെ ഗ്രഹിപ്പിക്കുന്നു എന്നതൊന്നിപ്പിക്കു ന്നു- |
| ഉദാ- ആ് | പൊട്ടെ- പൊകുന്നതിന്നു അഭി പ്രായമെന്നൎത്ഥം- |
| ആ് | വരട്ടെ- ഇവിടെ വരുന്നതിന്നു അഭിപ്രായ മെന്നൎത്ഥം- |
| ഉദാ- ആ് | ഇപ്പൊൾ മതിഇത്യാദി- |
| അതെ | സമ്മതിക്കുന്നു- |
| ഉദാ | ൟപുസ്തകം തന്നെയൊ അതെ |
| അല്ലാ | സമ്മതിക്കുന്നില്ലാ- |
| ഉദാ | ഇവനാണൊ അല്ലാ- |
| അരുത | നിഷെധിക്കുന്നു- |
| ഉദാ | പൊളി പറയരുത- |
| ആയി- ആയിട്ടു | ഉദ്ദെശിച്ചിട്ടെന്നൎത്ഥം- |
| ഉദാ | ബ്രാഹ്മണൎക്കായി ആയിട്ടു ദാ നം ചെയ്യണം- |
| അയ്യൊ | സങ്കടത്തെ സൂചിപ്പിക്കുന്നു- അ യ്യൊ വെദന അധികം- |
| ഉദാ | അയ്യൊ ബാല്യത്തിൽ അഭ്യസി ക്കാത്തത തെററി അയ്യൊ മറന്നു പൊയി- |

| അവ്യയം | അൎത്ഥം |
|---|---|
| അവൊ | അറിഞ്ഞുകൂടാ എന്നതൊന്നിക്കുന്നു- |
| ഉദാ | എവിടെ പൊയി അവൊ |
| ഉ | ഇത-തന്നെ-എന്നൎത്ഥത്തിങ്കലെ ഏ- പ്രത്യയാന്തത്തിന മെൽവരുന്നക്രിയക്ക ഭവിഷ്യത്തുങ്കൽ വരും- |
| ഉദാ | അങ്ങിനയെവരു- അതെകെൾക്കു- |
| ഛീ / ഏഃ | രണ്ടും വിരക്തിയെയും അറപ്പിനെയും സൂചിപ്പിക്കുന്നു |
| | ഛീ- അഭാസ വാക്കു കെൾക്കണ്ടാ- ഛീ ദുൎഗ്ഗന്ധം വരുന്നു |
| ഉദാ | ഏഃ പാപിയെ കാണണ്ടാ- ഏഃ കണ്ണു കഴകിവരട്ടെ.. |
| ഇതാ | പ്രത്യക്ഷമെന്നൎത്ഥം |
| ഉ | ഇതാകാണുന്നു- |
| ഇല്ലാ<br>ഉള്ള | സ്പഷ്ടം - ഛല എന്നും കവനത്തിൽവരും |
| ഉ | ഭവിക്കുന്നത- ഉള്ളവസ്തു |
| ഉണ്ട | സ്പഷ്ടം- ഇതആക് ധാതുവിൻ കീഴെയും ചെരും-ഉണ്ടാകുന്നു |
| ഏ് | തടുക്കുന്നുഎന്നു സൂചിപ്പിക്കുന്നു- |
| ഉ | ഏ് -പിന്നയാട്ടെ |
| ഏ് ഹെ് | സമ്മത മല്ലെന്നും സൂചിപ്പിക്കുന്നു- ഏ് ഹെ്- പൊകരുത |

| അവ്യയം | അൎത്ഥം |
|---|---|
| ഏ് | കൊട്ടത്തൊ |
| ഏ് ഹെ് | പൊയൊ |
| എന്ന് - | ഇത ശബ്ദത്തിന്റെയൊ അൎത്ഥത്തിന്റെയൊ പ്രകാരത്തെയും ദിവസത്തെക്കുറിച്ചു ചൊദ്യത്തെയും പറയുന്നു |
| ഉദാ | ശബ്ദപ്രകാരം- ശിവശിവ എന്നു ജപിച്ചു |
| | അൎത്ഥപ്രകാരം- കാശിക്കു പൊയെന്നകെട്ടു |
| | ദിവസത്തെക്കുറിച്ചും വരുന്നു |
| | ചൊദ്യം- എന്നുവരും- ഏതുദിവസം വരുമെന്നൎത്ഥം |
| ഉം | ക്രിയയൊടുചെൎക്കപ്പെടുന്ന കാരകങ്ങളെൊ- തൽസംബന്ധികളെൊ.. ഒന്നിൽ അധികമുള്ളതിനെ സൂചിപ്പിക്കുന്നു |
| ഉദാ | ജ്യെഷ്ഠനും അനുജനും വന്നു അമ്മയെയും അച്ശനെയും വന്ദിക്കട്ടെ- കുതിരയ്ക്കും കാളക്കും പുല്ലുകൊടുക്കട്ടെ- |
| അത്ര- ഇത്ര | വസ്തുപ്രമാണത്തെ പറയുന്നു |
| എത്ര | അത്രകൊടുക്കണ്ടാ ഇത്രമതി |
| ഉദാ | എത്രപണമുണ്ടു ഇവിടെ എന്നു |

| അവ്യയം | അൎത്ഥം |
| --- | --- |
| | ത്തിന്റെ സംഖ്യാപ്രമാണം ചൊദിക്കുന്നു |
| ഏ | തന്നെഎന്നൎത്ഥം - ഇത പദാന്തത്തുങ്കലെവരു |
| ഉദാ | അതെവരു, അങ്ങിനെയെ ഒള്ളു, വന്നെതരു |
| അന്ന് എന്ന് ഇന്ന് | ദിവസ കാലപ്രമാണത്തെ പറയുന്നു- എന്നുതരും-ഏതുദിവസം തരുമെന്നൎത്ഥം |
| ഉദാ | അന്നുതരാം ആകാലമൊ ദിവസമൊതരാമെന്നൎത്ഥം-ഇന്നുതരാം. |
| അവിടെ, ഇവിടെ, എവിടെ, | മൂന്നുംഉദ്ദിഷ്ട ദെശത്തെപറയുന്നു |
| ഉദാ | അവിടെപാൎക്കുന്നു ഇവിടെപാൎത്താലും എവിടെ പൊകുന്നു- |
| ആയാൽ / എങ്കിൽ | രണ്ടും പക്ഷാന്തരത്തെ സൂചിപ്പിക്കുന്നു |
| | നാളയായാൽ ഞാൻതന്നെ വരാം- മറ്റന്നാൾ ആയാൽ മകനെ അയക്കാം |
| ഉ | നാളെ എങ്കിൽ പലിശകൂടാതെ തരാം |

| അവ്യയം | അൎത്ഥം |
|---|---|
| | ഒരുമാസം കഴിഞ്ഞെങ്കിൽ പലിശക്കൂടിത്തരാം |
| ഏതാനും<br>ഉദാ<br>അപ്പൊൾ, ഇപ്പൊൾ, എപ്പൊൾ,<br>ഉദാ | കൊറെ എന്നൎത്ഥം<br>എതാനും നെല്ലുകിട്ടി<br>മൂന്നം ദിവസത്തിന്റെ അംശമായകാലത്തെ പറയുന്നത<br>അപ്പൊൾപറയും-ഇപ്പൊൾമനസ്സില്ലാ-എപ്പൊൾവരും |
| ഇനി<br>ഉദാ<br>അങ്ങിനെ<br>ഇങ്ങിനെ<br>എങ്ങിനെ<br>ഉദാ | മെൽഎന്നൎത്ഥം<br>ഇനിപറയാം<br>പ്രകാരത്തെയും മാൎഗ്ഗത്തെ ചൂണ്ടിട്ടുള്ളതിനെയും പറയുന്നു<br>പ്രകാരം-ഇങ്ങനെഎടുക്കണമെന്നുപറഞ്ഞു<br>അങ്ങിനെഎടുത്തില്ലാ- ഇനിഎങ്ങിനെ ചെയ്യാം<br>ചൂണ്ടി- പശുഅങ്ങിനെപൊയി |
| ഓ<br><br><br>ഉദാ | അനുവാദത്തെയും മറവിയെയും വിശെഷത്തെയും സംശയത്തെയും സൂചിപ്പിക്കുന്നു<br>അനുവാദം യാത്രപറയുമ്പൊൾ ഓ- നാളെവരണം-മറവി- ഓ മറന്നുപൊയി<br>ഓ- കുട്ടിക്കുമുലകൊടുത്തില്ല- വി |

| അവ്യയം | അൎത്ഥം |
| --- | --- |
| | ശെഷം, ഓ- ആനവരുന്നു- സംശയംജ്യെഷ്ഠനൊ-അനുജനൊ- നാളയൊ- മററന്നാളൊ |
| ഓഹൊ | പൂൎണ്ണസമ്മതമെന്നൎത്ഥം |
| ഉദാ | ഓഹൊ ആരയെങ്കിലും കാണിക്കാം |
| ഏ | ആയിട്ടന്നൎത്ഥം-ഇതപദത്തിന്റെയും ധാതുവിന്റെയും മെൽതന്നെ ചെൎക്കുന്നു |
| ഉദാ | പദൊപരി- നെര് ഏ- നെരെ വരുന്നു- ചൊകടെ ഏടുക്കുന്നു- വഴിയെവരുന്നു - ധാതുപരി- കൂടെവരുന്നു- താഴെകിടക്കുന്നു |
| പണ്ട | പഴെകാലത്ത് എന്നൎത്ഥം |
| ഉദാ | പണ്ട് ദശരഥൻ |
| പിന്നെ | ഉദ്ദെശിച്ചതിന്റെ പിൻകാലത്തിൽ എന്നൎത്ഥം |
| ഉദാ | ക്ഷണിച്ചതിൽ പിന്നെവന്നു- |
| എല്ലൊ | സൎവ്വസമ്മതത്തെസൂചിപ്പിക്കുന്നു |
| ഉദാ | രാമൻ ദശരഥ പുത്രനെല്ലൊ- രാജാവെല്ലൊ ജനങ്ങളെ രക്ഷിക്കുന്നു |
| എടാ | താണവനെ വിളിക്കുന്നു |
| എടി | താണവളെ വിളിക്കുന്നു |

| അവ്യയം | അൎത്ഥം |
|---|---|
| എടൊ<br>ഛീ, ഛെ<br>ഉദാ | സമനെ വിളിക്കുന്നു<br>ആക്ഷെപത്തെ സൂചിപ്പിക്കുന്നു<br>ഛീ ദൂരെപൊട്ടെ-ഛെ ഇനിക്കു വെണ്ട- ഛെ- അതവെണ്ട |
| തന്നെ<br><br>ഉദാ | നിശ്ചയത്തെയും അസഹായത്തെയും പറയുന്നു<br>നിശ്ചയം-അവൻതന്നെ വ്യാജം ചെയ്യുത്<br>അസഹായം- ഇരിട്ടത്ത് തന്നെ നടക്കരുത് - അസഹായത്തുങ്കൽ താനെ എന്നും പക്ഷാന്തരം- |
| ത്തുലൊം<br>തീരെ<br>ഉദാ | ഏററമെന്നൎത്ഥം ത്തുലൊംനന്ന്-<br>മുഴുവനും എന്നൎത്ഥം<br>കൃഷിതീരെപിഴച്ചു |
| തൊറും<br>ഉദാ | ഓരൊന്നായി എല്ലാം എന്നൎത്ഥം<br>ഗ്രഹംതൊറുംതെടി മാസംതൊറുംതൊഴുന്നു |
| പൊലെ<br>ഉദാ | സാദൃശ്യത്തെ പറയുന്നു<br>പിതാവിനെപൊലെ പുത്രൻതീ പൊലെചുടുന്നു |
| പതുക്കെ<br>ഉദാ | സാവധാനത്തിൽ എന്നൎത്ഥം<br>പതുക്കെനടക്കണം, ഇരുട്ടധികം ആകാൎയ്യംപതുക്കെ തിൎച്ചചെയ്യും |

| അവ്യയം | അൎത്ഥം |
|---|---|
| മറ്റു | അതുപൊലെ വെറെ ഒള്ളതെന്നൎത്ഥം |
| ഉദാ | അരിയുംമറ്റും വെണ്ടുന്ന ഭക്ഷണസാധനം |
| | ൟമരുന്ന ജ്വരത്തിന്നും മറ്റും പലതിന്നും നന്ന |
| മതി | വിരൊധിക്കുന്നു |
| ഉദാ | പറഞ്ഞത് മതീ |
| പൊട്ടുന്നനെ | വെഗത്തിൽ എന്നൎത്ഥം |
| ഉദാ | പൊട്ടുന്നനെപൊയി വരണം |
| മാത്രം | തന്നെഎന്നൎത്ഥം |
| ഉദാ | ഉപ്പുതിന്നുന്നവൻ മാത്രം വെള്ളം കുടിക്കും |
| മെല്ലെ | സാവധാനത്തിൽ എന്നൎത്ഥം മെല്ലെ നടക്കണം |
| വെണ്ടി | അവശ്യമായിട്ടെന്നൎത്ഥം ഇനിക്കവെണ്ടിപൊണം |
| വെണം | സ്പഷ്ടം |
| വെണ്ട | സ്പഷ്ടം |
| വെറെ | ഉദ്ദെശിച്ചതക്രൂടാതെ അന്ന്യംഎന്നൎത്ഥം |
| ഉദാ | അതവെറെ, അവനെവെറെഇരുത്തണം |

| അവ്യയം | അൎത്ഥം |
|---|---|
| ആകെ ഒക്കെ | അതിന്നശെഷ വെറെതന്നെ സകലംഎന്നൎത്ഥം |
| ഉദാ | ആകെനൊക്കി ഒക്കവെണം |
| ഒട്ടു | അല്പംഎന്നൎത്ഥം |
| ഉദാ | ഒട്ടുകൊള്ളാം ഒട്ടുംമനസ്സില്ലാ |
| കഷ്ടം | ദുഃഖത്തെ സൂചിപ്പിക്കുന്ന ഇത സംസ്കൃതം |
| അല്ലയൊ | സംബൊധന · |
| ഉദാ | അല്ലയൊബ്രാഹ്മണാഉപവസിക്കുന്നതകഷ്ടം |
| എയി | അത്ഭുതത്തെ സൂചിപ്പിക്കുന്ന |
| ഉദാ | എയിസായ്പ് യന്ത്രത്തിൽ ആകാശത്ത പൊകയൊ |
| വരെ, ഓളം. | അവധിയെ പറയുന്ന |
| ഉദാ | അതുവരെ സമുദ്രംവരെ അനുഷ്ഠിക്കണം |
| | ആനയൊളം വലുത- കടുകൊളം ചെറുതാക്കണം |

ഉപസൎഗ്ഗാവ്യയങ്ങൾ-പ്ര-പര-അപ-സം-അനു-അവ- നിര്- നിസ്- ദുര്- ദുസ്-വി-ആ-നി-അധി-അഭി-ഉപ-അപി-പ്രതി-സു-ഉൽ-പരി-അതി- (൨൨) ഇതുകൾ പദങ്ങളുടെ ആദിക്കതന്നെ ചെരുന്നു

ഉദാ- പ്രധാനം സംസ്കൃതം- ആരംഭം -പ്രതിക്രിയാ- സുഭഗൻ- ഉൽകൎഷം- പരിഭ്രമം- അതിമൊഹം- അത്യാഗ്രഹം- ഇത്യാദി- അഹൊ- അപി- അനന്തരം- അഥ- ഇഹ- ഇതി- ഇത്ഥം- ഉത- എവം- കശ്ചിൽ- കിഞ്ചി-കിമപി- കഥാ- കദാചിൽ- കുത്ര- ഹി-ച-സ്മ- ഹ- വൈ- ബത- ഹന്ത- ഇത്യാദിസംസ്കൃതാവ്യയങ്ങളും സംസ്കൃതം കലൎന്ന ഭാഷയിൽ ചെൎച്ചപൊലെ പ്രയൊഗിക്കാം

ഉദാഹരണം- അഹൊകൃഷ്ണൻ ഗൊവൎദ്ധനം കൊടയാക്കി- അനന്തരം- ഇന്ദ്രൻ- ആശ്രയിച്ചു- ഇതിപുരാണ വചനം- ഇത്യാദി- ഇനി നാമ പ്രത്യയങ്ങൾ പറയപ്പെടുന്നു-

പ്രത്യയാന്തനാമ സ്വരൂപങ്ങൾ എന്നൎത്ഥം

ചൊ- പ്രത്യയംഎന്ത

ഉ- നാമത്തിന്റെയൊ ധാതുവിന്റെയൊ മെൽ ഇരുന്ന അൎത്ഥഭെദത്തെ പറയുന്ന വൎണ്ണഭെദമാകുന്നു സ്വഭാവം എന്നുള്ള അൎത്ഥത്തെ പറയുന്നതിന്ന സംസ്കൃതത്തെ അനുസരിച്ചു ത്വം- ത- യ- എന്നമൂന്നവിധം പ്രത്യയംവരുന്നു-

ഉദാ- മൂഢത്വം- മൂഢത- മൌഢ്യം-സാധു ത്വം-സാധുത-ക്രൂരത്വം- ക്രൂരത-ക്രൌൎയ്യം- ധീ രത്വം-ധീരത-ധൈൎയ്യം-വിദഗ്ദ്ധത്വം- ദൊഷ ത-പ്രസിദ്ധാൎത്ഥങ്ങളും ഉള്ളവൻ എന്ന അ ൎത്ഥങ്ങളും കാരപ്രത്യയവും- യൻ പ്രത്യയ വും-അൻപ്രത്യയവും- ഇകൻപ്രത്യയവും വ രും-പാട്ടുകാരൻ- വെലക്കാരൻ-ഏഷണിക്കാ രൻ- യൻപ്രത്യയത്തിന്നു- മലയൻ- മടിയൻ ചതിയൻ- അൻപ്രത്യയത്തിന്ന ഗുണവാൻ- ബുദ്ധിമാൻ- ഇകൻപ്രത്യയത്തിന്ന- ധനിക ൻ- ഇവിടെ അകാരാന്തത്തിൽ അൻപ്രത്യയ ത്തിന്ന- വ- ആദ്യാഗമവും ഇകാരാന്തത്തിൽ പ്രത്യയത്തിന്ന മ- ആദ്യംഗമവും കൂട്ടണം-ഗു ണി- ധനി- ഇത്യാദി സംസ്കൃതശബ്ദംതന്നെ കാൽ അര- ഉരി- നാഴി- ഇടങ്ങഴി- ഇങ്ങ നെയുള്ള സംഖ്യാനാമങ്ങൾക്കവീതംഎന്നൎത്ഥ ങ്ങൾ ശെ എന്ന പ്രത്യയംവരും.

ഉദാ- കാൽശെ ദ്രുപാ കൊടുക്കണം കാ ക്കാൽശെ- അരക്കാൽശെ-മുക്കാൽശെ- നാഴി ശ്ശെ- മുന്നാഴിശ്ശെ- ഉരിശ്ശെ- ഇത്യാദി.

വൎണ്ണത്തെ പറയുംപൊൾ സംജ്ഞയായി കാരപ്രത്യയം വെണം-

ര എന്നതിന്നമാത്രം ഇഫപ്രത്യയമാണവെ ണ്ടത- അകാരം- ആകാരം- കകാരം- ഖകാരം യകാരം- രെഫം-ഇത്യാദി- സംസ്കൃതപ്രയൊ ഗത്തിൽ ദശരഥപുത്രൻ-ദാശരഥി- ഇന്ദ്രനെ സംബന്ധിച്ചത ഐന്ദ്രം ഇത്യാദി പലവി ധംവരും-

## ക്രിയാനാമ പ്രത്യയങ്ങൾ

ക്രിയയെ പറയുന്ന ധാതുക്കൾക്കു അൎത്ഥ പരിഷ്കാരത്തെ വരുത്തി നാമങ്ങളാക്കുന്ന പ്രത്യയങ്ങൾ എന്നൎത്ഥം.

ധാതു പ്രത്യയസംബന്ധം അറിവാൻ അവയവങ്ങളെ പറയുന്നു-

| ധാതു | പ്രത്യയം | അൎത്ഥം | ഉദാഹരണം | ഉദാഹരണാൎത്ഥം |
|---|---|---|---|---|
| നില് | അ, | ക്രിയാരൂപം | നില | നിൽക്കുക. |

നില്- എന്നലകാരാന്തമായ ധാതുവിന്നു അ- എന്ന പ്രത്യയം ചെൎത്തപ്പോൾ നില എന്ന അകാരാന്തമാവുന്നു അതിനു നിൽക്കുക എന്നക്രിയാൎത്ഥത്തെ പരിഷ്കരിച്ചു അപ്രത്യയാന്തമായ നാമമാക്കി എന്നതാല്പൎയ്യം.

ഇതിന്മണ്ണം താഴെ അന്ന്യപ്രത്യയ സംബന്ധരീതി ഊഹിക്കണം-

| ധാതു | പ്രത്യയം | അൎത്ഥം | ഉദാഹരണം | ഉദാഹരണാൎത്ഥം |
|---|---|---|---|---|
| ഏങ്ങ | അൽ | ക്രിയാരൂപം | ഏങ്ങല് | ശ്വാസം മുട്ടല് |
| മുട്ട | അൽ | ക്രിയാരൂപം | മുട്ടല് | തടവ് |
| ഉമ്മ | അൽ | ക്രിയാരൂപം | ഉമ്മല് | മൂക്കിൽനിന്നും വരുന്ന വായുവിന്റെശബ്ദം |
| കുളിർ | മ | ക്രിയാരൂപം | കുളിൎമ്മ | കുളിരുക, തണുപ്പ് |
| നെർ | മ | ക്രിയാരൂപം | നെൎമ്മ | കനക്കുറവ് |
| വെള | മ | ക്രിയാരൂപം | വെണ്മ | ധാവള്യം |

സംസ്കൃതം അനുസരിച്ചധൈൎയ്യം- ധാൎഷ്ട്യം പാടവം- മാൎദ്ദവം- ധവളിമാ- മൃദിമ- ഇത്യാദിയും പ്രയൊഗിക്കാം- ഇതിന്നു പ്രത്യയങ്ങൾ ഉത്തര ഭാഗത്തിൽ വിവരിക്കും-

പ്രഥമാന്താദി ഉപപദമുള്ള ധാതുവിന്നു പ്രത്യയം വരും·

ചൊ- ഉപപദം എന്നാൽ എന്ത്

ഉ- ധാതുക്കളുടെ ചൊകട്ടിൽ സമാസിച്ച ചെൎന്നിരിക്കുന്ന പദമാകുന്നു.

താൻമരം കല്ല് ഇത്യാദിഉപപദങ്ങൾ

| ധാതു | പ്രത്യയം | പ്രത്യയാൎത്ഥം | ഉദാഹരണം | പദാൎത്ഥം |
|---|---|---|---|---|
| തൊന്ന് | ഇ | ശീലമുള്ളവൻ | താന്തൊന്നി | താന്തന്നെ തൊന്നിയവണ്ണംകാട്ടി ശീലിക്കുന്നവൻ |
| കെറ | ഇ | ശീലമുള്ളവൻ | മരംകെറി | മരത്തിൽ കെറി ശീലമുള്ളവൻ |
| വെട്ട് | ഇ | ശീലം | കല്ലുവെട്ടി | സൂക്ഷ്മം |

പറഞ്ഞ എല്ലാനാമങ്ങൾക്കുംലിംഗവചന പ്രത്യയങ്ങൾ ചെൎത്ത പ്രയൊഗിക്കണം താന്തൊന്നിയെ താന്തൊന്നിക്ക ഇത്യാദി.

ചൊ- ലിംഗം എന്തിനെപറയുന്നു

ഉ- പുല്ലിംഗം പുരുഷനെ പറയുന്നു

സ്ത്രീലിംഗം സ്ത്രീയെപറയുന്നു ശെഷങ്ങളെ നപുംസകലിംഗംപറയുന്നത സംപ്രദായമാകുന്നു സംപ്രദായമെന്നാൽ പാരമ്പൎയ്യനടപ്പാകുന്നു നപുംസകം മൃഗാദികളിലും വസ്തു

കളിലും ചെക്കുന്നു ഇവിടെ നപുംസക ശബ്ദത്തിന്നു പുമാൻഎന്നും സ്ത്രീയെന്നും ഇച്ശിച്ചിട്ടില്ലാത്തതെന്നൎത്ഥം.

ചൊ- വചനം എങ്ങിനെ

ഉ- ഏകവചനമെന്നും ബഹുവചനമെന്നും രണ്ടുവിധം- ഒന്നിനെ പറയെണ്ടടത്ത ഏകവചനവും രണ്ടൊ അധികമൊ പറയെണ്ടടത്ത ബഹുവചനവും പ്രയൊഗിക്കണം സംസ്കൃതത്തിൽ ദ്വിവചനംക്കൂടിഉണ്ട

## ലിംഗവചനങ്ങൾക്കു ഉദാഹരണം

അകാരാന്ത നാമങ്ങൾക്കു പുല്ലിംഗത്തിൽ പ്രഥമൈക വചനം അൻ എന്ന പ്രത്യയമാകുന്നു കെഴവൻ- കൊച്ചൻ-

ദെവൻ- മനുഷ്യൻ- പുരുഷൻ- രാമൻ- കൃഷ്ണൻ- ശങ്കരൻ- ഇത്യാദി- പ്രഥമാബഹുവചനത്തുങ്കൽ മിക്കതും- അർ- കൾ- എന്നു രണ്ടുവിധം ഉദാ- ആദ്യം സാധാരണമായി പ്രയൊഗിക്കുന്നു അതിന്ന പലടത്തും മ- എന്ന പ്രത്യയാദ്യാഗമം വരും കിഴവന്മാർ- കൊച്ചന്മാർ- ദെവന്മാർ- ആഗമം ഇല്ലാതെ പ്രസിദ്ധജാതിയെ സംബന്ധിച്ചും പ്രയൊഗിക്കുന്നു- ബ്രാഹ്മണർ ശൂദ്രർ - പറയർ- പുലയർ- മൂന്നാമത്തെത പുല്ലിംഗത്തുങ്കൽ പക്ഷാന്തരത്തിൽ ദുല്ലഭമായിട്ടുണ്ട ദെവകൾ- ദെവന്മാർ- ചെക്കണ്ടവിവരം മെൽസ്പഷ്ടമാകും ഇകാരാന്തത്തിന്നും ഉകാരാന്തത്തിന്നും മൂന്നുലിംഗത്തിലും ഏകവചനത്തെ നാമം തന്നെ പറയുന്നു നംപൂരി- പട്ടെരി- പൊററി

തമ്പി- ഗുരു- ചാത്തു- കൊന്തു- പപ്പു- ശംകു ഒകാരാന്തത്തിന്ന- ൻ- എന്നപ്രത്യയം വരും

ഉദാ- ചെക്കൊൻ- മക്കൊൻ

ചൊ- സ്ത്രീയെ പറയുന്നപ്രത്യയങ്ങൾ ഏതെല്ലാം ഉ- അ- ഇ- ഉ- തി- ചി- അൾ-ഇങ്ങനെ ആറുവിധം സുതാ- പുത്രി- പൊന്നു- തീയത്തി- ചെട്ടിച്ചി- മകൾ- ചി എന്നതിന്നു പകരം ശി എന്നും- ദുല്ലഭമായി- വരുത്തുന്നു പെരശ്ശി- ചിററശ്ശി- സ്ത്രീലിംഗം പ്രഥമൈകവചനം ആകാരാന്തത്തിലും നാമംതന്നെ ഏകവചനത്തെ പറയും പ്രത്യയം കെൾക്കയില്ലുന്നൎത്ഥം അംബാ-ഭാൎയ്യാ-കന്യകാ- കൊതാ- ദെവി- സ്ത്രീ- ആട്ടി- ചക്കി- ചെകൊത്തി- കൊല്ലത്തി- പൊന്നു- പാറുനീലു- ഇത്യാദികളിൽ പ്രത്യയംസ്പഷ്ടം ശ്രീഎന്നതിന്നു ചി- എന്നും ആദെശംവരുത്തുന്നു

ഉദാ- അശ്ശ്രീഹ്രസ്വം അച്ചി-അംബാശ്രീ അമ്മച്ചി- തങ്കശ്രീ- തങ്കച്ചി- ബഹുമാനത്തുങ്കൽ- ആർ- ചെരും- നായകന- നൈആദെശം- നായകശ്രീ- നൈത്യാർ- ഇതിന്മണ്ണും ഊഹിക്കണം.

ചൊ- നപുംസകം എങ്ങിനെ- ഉ- പുന്നപുംസകമെന്നും സ്ത്രീനപുംസകമെന്നും നപുംസകലിംഗം രണ്ടവിധമാകുന്നു അതിന്ന കാരണം പറയുന്നു സംസ്കൃതത്തിൽ അൎത്ഥത്തെക്കുറിച്ചും ലിംഗവ്യവസ്ഥയുണ്ട അതിനാൽ ദെവൻ എന്നൎത്ഥത്തിൽ സ്ത്രീലിംഗം ദെവതാ എന്നശബ്ദവും ഭാൎയ്യഎന്നൎത്ഥത്തിൽ പുല്ലിംഗം ദാരശബ്ദവും തീരം എന്നൎത്ഥത്തിൽ -

തട ശബ്ദത്തിന്നമൂന്നലിംഗവുംവിധിയുണ്ട അ തശബ്ദത്തെക്കുറിച്ച വ്യവസ്ഥയാകുന്നു ഭാഷ യിൽ അൎത്ഥത്തെക്കുറിച്ച തന്നെ വ്യവസ്ഥയാ കുന്നു ഇവിടെ മൃഗാദികൾക്കും വസ്തുക്കൾക്കും സ്ത്രീപുരുഷവിവക്ഷ യില്ലാഴികകൊണ്ടും അ വക സംസ്കൃതശബ്ദ സംബന്ധികളായുള്ള പു ല്ലിംഗങ്ങളെയും നപുംസക ലിംഗങ്ങളെയും പുന്നപുംസകമെന്നും ശബ്ദസംബന്ധികളായു ള്ള സ്ത്രീലിംഗങ്ങളെസ്ത്രീന പുംസക മെന്നും നിയമിക്കുന്നു അതിനാൽ സിംഹം- ഗജം- ആന- അശ്വം- കുതിര- വൃക്ഷം- മരം- സമു ദ്രം- കടൽ- ജലം- വെള്ളം- ഇത്യാദി അകാ രാന്തങ്ങളും- കപി- പക്ഷി- അഗ്നി- അധി- ഇത്യാദി ഇകാരാന്തങ്ങളും ഹസ്തി- ശാഖി- ഇ ത്യാദി- നകാരാന്തങ്ങളും- വായു- സിന്ധു- സെതു- ഹെതു- ഇത്യാദി ഉകാരാന്തങ്ങളും പു ന്നപുംസകമാകുന്നു മാല- ധാര- തല- വാ ഴ- പാത്രാ- വായ്‌ാ- ഇത്യാദി ആകാരാന്ത ങ്ങളും ഭൂമി- നദി- തൊന്നി- വെള്ളി- രുശി- ഇത്യാദി ഇ കാരാന്തങ്ങളും കണ്ഡു- ധെനു- ഇത്യാദി ഉകാരാന്തങ്ങളും സ്ത്രീനപുംസകമെ ന്ന പറയപ്പെടണം പുന്നപുംസത്തിൽ അകാ രാന്തത്തിന്ന ഏകവചനം അം- പ്രത്യയമാ കുന്നു സിംഹം ഗജം ഇത്യാദി ംരംഭെദത്തെ സംബന്ധിച്ച മറ്റും ചിലവിഭക്തിക്ക ഭെദം വരുന്നത വിഭക്തി പ്രകരണത്തിൽ പറയും ബഹുവചനത്തിന്ന ങ്ങൾ- ആകുന്നു- സിംഹ ങ്ങൾ ഇത്യാദി സ്ത്രീനപുംസകത്തിൽ ഏകവ ചനത്തിന്ന നാമംതന്നെ മാല- രുചി- ധെ

ന- ബഹുവചനത്തിന്ന കൾ പ്രത്യയമാകു ന്നു മാലകൾ- പായകൾ- തൊണികൾ- ധെ നുകൾ- ഇത്യാദി-

ചൊ- വിഭക്തികൾ ഏതെല്ലാം-

ഉ- നാമങ്ങൾക്കു ക്രിയയൊടു സംബന്ധ ത്തുങ്കൽ കൎത്തൃകൎമ്മാദികാരക വിശെഷത്തെ പറയുന്ന പ്രഥമാദി സപ്തമ്യന്തം ഏഴു പ്രത്യ യങ്ങളുമാകുന്നു. പ്രഥമെക്കു സംബൊധന മെന്നു പ്രയൊഗ ഭെദവുമുണ്ടു സംബൊധന സഹിത പ്രഥമാദി സപ്ത വിഭക്തികളെ താ ഴെ എഴുതുന്നു.

| | പുല്ലിംഗം ഏക | പുല്ലിംഗം ബഹു | സ്ത്രീലിംഗം ഏക | സ്ത്രീലിംഗം ബഹു |
|---|---|---|---|---|
| പ്രഥമ | അൻ | അർ | അ ,, ഇ<br>ഉ ,, ൾ | അർ<br>കൾ |
| സംബൊധന | ലുപ്തം | അർ | ലുപ്തം<br>ഏ | ഏ |
| ദ്വിതീയാ രണ്ടുവിധം | എ<br>ഓട | എ<br>ഓട | ഏ<br>ഓട് | ഏ- ഒട്<br>ശെഷം<br>പുല്ലിംഗം<br>പൊലെ |
| തൃതീയാ നാലുവിധം | ആൽ<br>കൊണ്ടു<br>ഓട<br>ഊടെ | —<br>—<br>—<br>— | | നപുംസക<br>ലിംഗത്തിൽ |
| ചതുൎത്ഥി ൨-വിധം | ആയി<br>കൊണ്ടു<br>ഉ | ക്കു. | പ്രഥമൈ<br>കവചനം<br>അം | ബഹു<br>വചനങ്ങൾ<br>ശെഷം പുല്ലി<br>ഗം പൊലെ |
| പഞ്ചമീ ൩-വിധം | നിന്ന<br>കാൾ<br>ഹെതുവാ<br>യിട്ടു | | | |
| ഷഷ്ഠീ ൨-വിധം | ന്<br>റെറ | ക്ക്<br>ഉടെ | | |
| സപ്തമി ൨-വിധം | ഇൽ<br>കൽ | വച്ച | | |

പുല്ലിംഗത്തിൽ അകാരാന്ത നാമങ്ങൾക്കു സപ്തവിഭക്തി വചനം ചെൎക്കുന്ന പ്രകാരം താഴെപറയുന്ന ഇതുകളിൽപ്രഥമാമുഖ്യവിഭക്തിയാകകൊണ്ടു പ്രഥമാന്തത്തൊടുകൂടെ അന്യവിഭക്തി ചെൎക്കുന്നതുമുണ്ടു

| | ഏക | | | | ബഹു | |
|---|---|---|---|---|---|---|
| | നാമം | പ്രത്യയം | യൊജന | ഉദാഹരണം | പ്രത്യയം | ഉദാ |
| പ്രഥമ | രാമ | അൻ | സന്ധീയാൽ അകാര ലൊപം | രാമൻ | ൧. ആദ്യാഗമത്തൊടെ ആർ | രാമൻമാർ |
| സംബൊധന | ടി | അൻ | അല്പയൊ മുമ്പ ഹെ യന്നൊ ആവാം | രാമൻ രാമ | ടി | രാമന്മാർ |
| | | ലൊപവും | | ഹെരാമ | | |
| രണ്ടാമത്തിന്റെ വിധം | ടി പ്രഥമാന്ത സഹിതം | ഏ | ൦ | രാമനെ | ഏ ബഹുവചന പ്രഥമാ സഹിതം | രാമന്മാരെ |
| | | ഓട | ൦ | രാമനൊടു പറഞ്ഞു | | രാമന്മാരൊട |

| | ഏക | | | | ബഹു | |
|---|---|---|---|---|---|---|
| | നാമം | പ്രത്യയം | യോജനം | ഉദാ | പ്രത്യയം | ഉദാ |
| ൩ാമത തൃതീയ നാലുവിധം | ടി പ്രഥമാന്ത സഹിതം | ആൽ | | രാമനാൽ | ബഹുവചന സഹിതം | രാമന്മാരാൽ |
| | | കൊണ്ടു | | രാമനെകൊണ്ടു | | രാമന്മാരെകൊണ്ടു |
| | | ഒട | ഠ | രാമനൊട | | രാമന്മാരൊട |
| | | ഊടെ | ഇൽ അന്ത്യാമ സഹിതം | രാമനിലൂടെ | | രാമന്മാരിലൂടെ |
| ൪ാമത ചതുൎത്ഥി രണ്ടുവിധം | ടി പ്രഥമാന്ത സഹിതം | ആയികൊണ്ടു | | രാമനായി ക്കൊണ്ടു | ബഹു സഹിതം | രാമന്മാൎക്കായി ക്കൊണ്ടു |
| | | ഉ | പക്ഷെന ദ്വിത്വം | രാമനുകൊടുത്തു രാമനു | ക്ക് . സഹിതം | രാമന്മാൎക്കു കൊടുത്തു |

| | | ഏക | | | ബഹു | |
|---|---|---|---|---|---|---|
| | നാമം | പ്രത്യയം | യൊജനം | ഉദാ | പ്രത്യയം | ഉദാ |
| ൫ാമത-പഞ്ചമീ മൂന്നുവിധം | ടി പ്രഥമാന്തസഹിതം | നിന്ന | ഇലാഗമസഹിതം | രാമനിൽനിന്ന | | രാമന്മാരിൽ നിന്ന |
| | | കാൽ | ദ്വിതിയാസഹിതം | രാമനെക്കാൾ | | രാമന്മാരെക്കാൾ |
| | | ഹെതുവായിട്ട | | രാമൻ ഹെതുവായിട്ട | | രാമന്മാർ ഹെതുവായിട്ട |
| ൬ാമത ഷഷ്ഠി രണ്ടുവിധം | ടി പ്രഥമാന്തസഹിതം | ന് | പക്ഷെപ്രഥമാന്ത സഹിതം | രാമന്നു രാമന് | | രാമന്മാൎക്ക |
| | | റെറ | | രാമന്റെറ | ഉടെ | രാമന്മാരുടെ |
| ൭ാമത സപ്തമി രണ്ടുവിധം | ടി പ്രഥമാന്തസഹിതം | ഇൽ | | രാമനിൽ | ഇൽ | രാമന്മാരിൽ |
| | | കൽ | | രാമൻകൽ | ഇൽവച്ച | രാമന്മാരിൽ വച്ച |

ഏഴുവിധംവഭാഗംഹെതു വായിട്ടഏഴിനും വിഭക്തിയെന്നും പെരുണ്ട-പ്രഥമ വിഭക്തി-ദ്വിതീയവിഭക്തിഇത്യാദി

അകാരാന്തം സ്ത്രീലിംഗം ഢല്ലഭംതന്നെ സംസ്കൃത ദാര ശബ്ദത്തിന്ന ഭാഷയിൽ ദാരങ്ങൾ- ദാരങ്ങളെ ഇത്യാതി പുന്നപുംസകം പൊലെ-

## സ്ത്രീലിംഗം

### അകാരാന്തം ഇത, അകാരാന്തമാക്കി ചൊല്ലുന്നത സംപ്രദായം

| | നാമം | പ്രത്യയം | യൊജനം | ഉദാഹരണം | | ബഹുവചനം |
|---|---|---|---|---|---|---|
| പ്രഥമം | അംബാ | ലുപ്തം | ഹ്രസ്വം ആവാം | അംബാ അംബ | മ - ആഗമ സഹിതം ആർ | പുല്ലിംഗംപൊലെ അംബമാർ |
| സംബൊധന | ടി | ഏ | ആലൊപം | അല്ലയൊ അംബെ | | അംബമാരെ |

## അകാരാന്തം ഇത- അകാരാന്തമാക്കി ചൊല്ലുന്നത സംപ്രദായം

| | നാമം | പ്രത്യയം | യൊജനം | ഉദാഹരണം | | ബഹുവചനം |
|---|---|---|---|---|---|---|
| ദ്വിതീയാ. വിഭക്തി | ടി | ഏ | യാഗമം | അംബയെ | | അംബമാരെ |
| | | ഓട | | അബയൊട | | അംബമാരൊട |
| തൃതീയാ. വിഭക്തി | | ആൽ | യാഗമം | അംബയാൽ | | അംബമരാൽ ഇത്യാദി രാമശബ്ദത്തിന്ന പൊലെ |
| | | കൊണ്ട | | അംബയൊട | | |
| | | ഓട | ഛതിയാ സഹിതം | അംബയെകൊണ്ട | | |
| | | ഊടെ | യാഗമം ഇലാഗമം | അംബയിലൂടെ | | |
| ചതുൎത്ഥീ വിഭക്തി | | ക്ക് ഉ | ഹ്രസ്വം | അംബക്ക് | | |
| | | ആയി കൊണ്ട | ക്ക് സഹിതം | അംബക്കായി കൊണ്ട | | |

## സ്ത്രീലിംഗം

| | നാമം | പ്രത്യയം | യൊജന | ഉദാഹരണം |
|---|---|---|---|---|
| പഞ്ചമി ൫-വിധം | | ഇൽ നിന്ന | യംഗമ | അംബയിൽ നിന്ന |
| | | ക്കാൾ | സഹിതം | അംബയെക്കാൾ |
| | | ഹെതുവായിട്ട | ആ-ഹ്രസ്വം | അംബഹെതുവായിട്ട |
| ഷഷ്ഠി ൬-വിധം | | ക്ക | ഹ്രസ്വം | അംബക്ക |
| | | ഉടെ | യാഗമം | അംബയുടെ |
| സപ്തമി ൭-വിധം | | കൽ | ഇം ആഗമം | അംബയിൽ |
| | | | | അംബയിംകൽ |

ഇതിന്മണ്ണം-ഭാൎയ്യാ-ബാലാ- ഇത്യാദി-മാതാ-കൊതാ- ഇങ്ങനെസ്ത്രീകളെ പറയുന്നഭാഷാശബ്ദങ്ങൾക്ക ബഹുവചന പ്രത്യയത്തിംകൽ-കൾദഎന്നും വരുമെന്നമാത്രം ഭെദമുണ്ടഅതിനാൽമാതമാർ മാതകൾ- മാതമാരെ-മാതകളെ- മാതമാരിൽ- മാതകളിൻ- ഇങ്ങനെ അല്ലംഭെദംവരു-

## അകാരാന്തം- പുന്നപുംസകം

| | ഏക | | | | ബഹു | |
|---|---|---|---|---|---|---|
| | നാമം | പ്രത്യയം | യോജനം | ഉദാ | പ്രത്യയം | ഉദാ |
| പ്രഥമാ | ദൈ പ | അം | അ, ലൊപം | ദൈവം | ങ്ങൾ | ദൈവങ്ങൾ |
| സംബൊധന | ടി | ഏ | അനുസ്വാരസ്യ മാദെശഃ | അല്ലയൊ ദൈവമെ | ഏ ങ്ങൾ സഹിതം | ദൈവങ്ങളെ |
| ദ്വിതീയാ | ടി | ഏ ഗ ഓട | നാമത്തിന് ത്. എന്ന അന്ത്യാഗമം ഇന്, അന്ത്യാഗമം | ദൈവത്തെ ദൈവത്തിനെ / ദൈവത്തൊട | | ദൈവങ്ങളെ ദൈവങ്ങളൊട |

| | ഏക | | | | ബഹു | |
|---|---|---|---|---|---|---|
| | നാമം | പ്രത്യയം | യൊജനം | ഉദാ | പ്രത്യയം | ഉദാ |
| തൃതീയ ൨ - വിയം | ടി | ആൽ | ഇനാഗമ സഹിതം | ദൈവത്താൽ<br>ദൈവത്തിനാൽ | | ദൈവങ്ങളാൽ |
| | | കൊണ്ടു | | ദൈവത്തെക്കൊണ്ടു<br>ദൈവത്തിനെക്കൊണ്ടു | ഏ, ആഗമ സഹിതം | ദൈവങ്ങളെക്കൊണ്ടു |
| | | ഓട് | ഇൻആഗമ സഹിതം | ദൈവത്തൊടു<br>ദൈവത്തിനൊടു | | ദൈവങ്ങളൊടു |
| | | ഊടെ<br>ഇൽ സഹിതം | | ദൈവത്തിലൂടെ | ഇൽ, സഹിതം | ദൈവങ്ങളിലൂടെ |
| ചതുൎത്ഥി ൪ - വിയാം | ടി | ന്നു | ഇനാഗമ സഹിതം | ദൈവത്തിന്നു | ക്ക | ദൈവങ്ങൾക്ക |
| | | ആയി കൊണ്ടു | | ദൈവത്തിന്നായി ക്കൊണ്ടു | അതൊടുകൂടെ | ദൈവങ്ങൾക്കായി കൊണ്ടു |

| | ഏക | | | | ബഹു | |
|---|---|---|---|---|---|---|
| . | നാമം | പ്രത്യയം | യോജനം | ഉദാഹരണം | പ്രത്യയം | ഉദാഹരണം |
| പഞ്ചമി ൩ വിധം | ടി | ഇൽ നിന്ന | ത് ആഗമ സഹിതം | ദൈവത്തിൽനിന്ന | ഇൽ - സഹിതം | ദൈവങ്ങളിൽനിന്ന |
| | | ഏ. കാൾ | | ദൈവത്തെക്കാൾ | | ദൈവങ്ങളെക്കാൾ |
| | | ഹെതുവായിട്ട | അം സഹിതം | ദൈവം ഹെതുവായിട്ട | ഏ - സഹിതം | ദൈവങ്ങൾ ഹെതുവായിട്ട |
| ഷഷ്ഠി ൨ വിധം | ടി | ന്ന് | ഇൽ. സഹിതം | ദൈവത്തിന്ന് | ക്ക് | ദൈവങ്ങൾക്ക |
| | | റെറ | | ദൈവത്തിൻെറ | ഉടെ | ദൈവങ്ങളുടെ |
| സപ്തമി ൨ വിധം | ടി | ഇൻ | താഗമ സഹിതം | ദൈവത്തിൽ | | ദൈവങ്ങളിൽ |
| | | കൽ | | ദൈവത്തിംകൽ | | ദൈവങ്ങളിൽവച്ച |

ഇതിന്വണ്ണം, സിംഹം, ജലം, വചനം, മാനസ ഇത്യാദി

അകാരാന്തം സ്ത്രീനപുംസകം കൊണ്ടെന്നൊഴിച്ചുള്ള ദ്വിതിയാ ദ്യേകവചന വിഭക്തികൾക്കു - യ് - എന്ന അദ്യാഗമംവരും

| | ഏക | | | | ബഹു | |
|---|---|---|---|---|---|---|
| | നാമം | പ്രത്യയം | യോജനം | ഉദാഹരണം | പ്രത്യയം | ഉദാഹരണം |
| പ്രഥമ | മാല | ലുപ്തം | | മാല | കൾ | മാലകൾ |
| സംബോധന | ടി | ഏ | ഏ സഹിതം | ഹെ. മാലെ | കൾ സഹിതം | മാലകളെ |
| ദ്വിതീയ | ടി | ഏ | യാഗമ സഹിതം | മാലയെ | | മാലകളെ |

| | | ഏക | | | ബഹു | |
|---|---|---|---|---|---|---|
| | നാമം | പ്രത്യയം | യോജനം | ഉദാ | പ്രത്യയം | ഉദാ |
| തൃതീയ | ടി | ആൽ | യാഗമം | മാലയാൽ | കൾ | മാലകളാൽ |
| | | കൊണ്ടു | | മാലകൊണ്ടു | | മാലകളെകൊണ്ടു |
| | | ഓട് | യാഗമം | മാലയോട | | മാലകളോട് |
| | | ഊടെ | ഇൽ-ആദ്യാഗമംകൂടെ | മാലയിലൂടെ | ഇൽ. ആഗമസഹിതം | മാലകളിലൂടെ |
| ചതുൎത്ഥി | ടി | ക്ക് | | മാലക്ക് | സഹിതം | മാലകൾക്ക |
| | | ആയികൊണ്ടു | ക്കു. സഹിതം | മാലക്കാ കൊണ്ടു | | മാലകൾക്കായി കൊണ്ടു |
| പഞ്ചമി | ടി | ഇൽ. നിന്ന | യാഗമം | മാലയിൽനിന്നു | | മാലകളിൽനി |
| | | ഏ. കാൾ | | മാലയെക്കാൾ | | മാലക.ളെക്കാൾ |
| | | ഹേതുവായിട്ടു | | മാലഹേതുവായിട്ടു | | മാലകൾഹേതുവായിട്ടു |

| | | ഏക | | | ബഹു | |
|---|---|---|---|---|---|---|
| | നാമം | പ്രത്യയം | യൊജനം | ഉദാഹരണം | പ്രത്യയം | ഉദാഹരണം |
| ഷഷ്ഠി | ടി | ക്ക് | യാഗമം | മാലക്ക് | ബഹുസഹിതം | മാലകൾക്ക |
| | | ഉടെ | | മാലയുടെ | | മാലകളുടെ |
| സപ്തമി | ടി | ഇൽ | | മാലയിൽ | ബഹുസഹിതം | മാലകളിൽ |
| | | ഇംകൽ | | മാലയിംകൽ | | മാലകളിൽവച്ച |

ഇതിന്മണ്ണം- പുര, തല, എല, വാഴ, വാക, വാട, മെത്ത, ദയ, പായ, കിടക്ക, ഇത്യാദി നപുംസകത്തിൽ അകാരാന്തം, ഇകാരാന്തം, ഉകാരാന്തം, വ്യഞ്ജനാന്തം, ഇതുകൾക്ക, ദ്വിതീയ, പ്രഥമപൊലെ തന്നെ പ്രയൊഗിക്കയും ആവാം. അതുതന്നെ മുഖ്യമായി നടപ്പാകുന്നു. ഉദാ- മാല' വാങ്ങി, കിണ്ടി, എടുത്തു, ചക്കക്കുരുതിന്നു, പാലുകുടിച്ചു, മൊരുകൂട്ടി, വാക്ക്, കെട്ടു, ഇതിന്മണ്ണം, മാലകൾ, വാങ്ങി, ഇത്യാദി ബഹുവചനവും, ആവാം. മാലയെവാങ്ങി, മാലകളെവാങ്ങി, വാക്കിനെക്കെട്ടു, വാക്കുകളെക്കെട്ടു, ഇങ്ങനെയും പക്ഷാന്തരമായി വിരൊധമില്ലാ.

ഇകാരന്തത്തിന്ന പുല്ലിംഗത്തിലും സ്ത്രീലിംഗത്തിലും, നപുംസകലിംഗത്തിലും, പ്രത്യയങ്ങളും, യൊജനയും, സ്ത്രീനപുംസക, അകാരന്തത്തിലെപൊലെയാകുന്ന ഠരംകരാന്തം കാളീ, ഇത്യാദിയും സംസ്കൃതത്തിൽ, ന,കാരന്തമായ, കരീ, ഇത്യാദിയും ഭാഷയിൽ, ഈകാരന്തമാകുന്ന, ശ്രീ, സ്ത്രീ, ഇത രണ്ടും ഠരംകാരാന്തമായിതന്നെ ഉച്ചരിക്കപ്പെടുന്ന, വിഭക്തികൾ, ഠരംകാരാന്തത്തിന്നും ഇകാരാന്തത്തിന്നും സമംതന്നെ

## ഉദാഹരണം

| | | | | | |
|---|---|---|---|---|---|
| ഹരി | ഹരികൾ | ശ്രീ- സ്ത്രീ- ഇത്യാദിയ്ക്കു ഹ്രസ്വം ഇല്ലാ | | രാശി | രാശിയിൽ |
| ഹരിയെ | ഹരികളെ | ശ്രീ | ശ്രീകൾ | രാശിയാൽ | രാശികളാൽ |
| ഹരിയാൽ | ഹരികളാൽ | ശ്രീയെ | ശ്രീകളെ | രാശിയിൽ | രാശികളിൽ |
| ഹരിയ്ക്കായി കൊണ്ടു | ഹരികൾക്കായി കൊണ്ടു | ശ്രീയാൽ | ശ്രീകളാൽ | ഇപ്ര | കാരം |
| ഹരിയിൽ നിന്ന | ഹരികളിൽ നിന്ന | ശ്രീക്ക | ശ്രീകൾക്ക | കുട്ടി | തട്ടി |
| ഹരിക്ക | ഹരികൾക്ക | ശ്രീയിൽ | ശ്രീകളിൽ നിന്ന | വരി | വഴി |
| ഹരിയിൽ ഹരിയിംകൽ | ഹരികളിൽ വച്ച | ശ്രീയുടെ | ശ്രീകളുടെ | തവി | ചെവി |
| കപിവതിമുതലായതു ഇതിന്മണ്ണംതന്നെ | | ശ്രീയിൽ- ശ്രീകളിൽ- തുതീയാദി അധികം ഉള്ളതും ശരിതന്നെ | | അക്ഷി | പൃഷ്ഠി |

| | | | | | |
|---|---|---|---|---|---|
| സ്ത്രീലിംഗം പുല്ലിംഗംപൊലെ | | സ്ത്രീ- ഇതിന്മണ്ണം തന്നെ നപുംസകം | | താന്നി | തൊന്നി |
| കാളി | കാളികൾ | വാരി | വാരികൾ | ശാന്തി | മന്തി |
| കാളിയെ | കാളികളെ | വാരി | വാരികൾ ഇത്യാദി | പക്ഷി | കക്ഷി |
| കാളിയാൽ | കാളികളാൽ | | | ഇത്യാദി | |
| ഇത്യാദി ഇതിൽ ബഹുമാനത്തുംകൽ പുല്ലിംഗംപൊലെ | | | ബുദ്ധി | ബുദ്ധികൾ | |
| ബഹുമാനത്തിൽ മാർ എന്ന പ്രയൊഗിക്കണം നമ്പരിമാർ പൊററിമാർ പാതിരിമാർ | | | പെടി | പെടികൾ | |
| തൊഴികൾ മാന്നിനിമാർകൾ മാരെ | തൊഴിമാർ മാന്നിനിമാർ-മാരാൽ | | | | |
| മാർക്കായിക്കൊണ്ട ഇത്യാദി | | | | | |

ഉകാരാന്തം പല്ലിംഗം പ്രഥമൈകവചനം നാമംതന്നെസംസ്കൃതം
അനുസരിച്ചു സംബുദ്ധിയും നടപ്പുണ്ട

| | | | | ഏക | ബഹു | |
|---|---|---|---|---|---|---|
| | നാമം | പ്രത്യയം | യോജന | ഉദാ | ബഹു | ഉദാഹരണം |
| പ്രഥമ | ശംഭു | | | ശംഭു | ആർ- മാ- ആദ്യാഗമം | ശംഭുമാർ |
| സംബോധന | ടി | ഏ | വ- കാരാഗമം | ശംഭൊ ശംഭുവെ | പ്രഥമാന്ത സഹിതം | ശംഭുമാരെ |
| ദ്വിതീയാ | ടി | ഏ | വ് അന്ത്യാഗമം | ശംഭുവിനെ | പ്രഥമാന്ത സഹിതം | ശംഭുമാരെ |
| | | ഓട | ഇൻആദ്യാഗമം | ശംഭുവിനൊട | | |

| | നാമം | പ്രത്യയം | യോജന | ഉദാ (ഏക) | ബഹു | ഉദാഹരണം |
|---|---|---|---|---|---|---|
| തൃതീയ | ടി | ആൽ | ആഗമം രണ്ടും | ശംഭുവിനാൽ | പ്രഥമാന്ത സഹിതം | ശംഭുമാരാൽ |
| | | കൊണ്ടു | | ശംഭുവിനെക്കൊണ്ടു | | മാരെകൊണ്ടു |
| | | ഓട | | ശംഭുവിനൊടുകൂടെ | | മാരൊടു |
| ചതുർത്ഥി | | ആയി ക്കൊണ്ടു | ആഗമം രണ്ടും | ശംഭുവിനായി ക്കൊണ്ടു | തൽസഹിതം | ശംഭുമാക്കായി കൊണ്ടു |
| | | ഉ | | ശംഭുവിനു | | മാക്ക |
| പഞ്ചമി | | ഇങ്കൽനിന്ന | വാഗമം | ശംഭുവിംകൽനിന്ന | തൽസഹിതം | ശാഭുമാരിൽനിന്ന |
| | | ഇനെക്കാൾ | | ശംഭുവിനെകാൾ | | മാരെക്കാൾ |
| | | ഹെതു | ൦ | ശംഭുഹെതുവായി | | മാർ, ഹെതുവായിട്ടു |

| | നാമം | പ്രത്യയം | യോജന | ഏക ഉദാ | ബഹു | ഉദാഹരണം |
|---|---|---|---|---|---|---|
| ഷഷ്ഠി ൬ | | ഇന്ന | വാഗമം | ശംഭുവിന്ന് | ക്ക | ശംഭുക്കൾക്ക് |
| | | ഇൻെറ | | ശംഭുവിൻെറ | ഉടെ | മാതുടെ |
| സപ്തമി ൭ | | ഇൻകൽ | വാഗമം | ശംഭുവിങ്കൽ | ഇൽ | ശംഭുമാരിൽ |

ആദിത്യനെ പറയുന്ന ഭാനുശബ്ദം വിഷ്ണു-
ഇത്യാദിയും- കൊന്നു- ചാത്തു- പപ്പു- ഇത്യാ
ദി- ഭാഷാശബ്ദങ്ങളും ഇതിന്മണ്ണംതന്നെ ര
ശ്മിയെപറയുന്ന- ഭാനുശബ്ദംമുൻപറഞ്ഞപ്ര
കാരത്തിൽ നപുംസകലിംഗമാകുന്നു-

ഉകാരാന്തം സ്ത്രീലിംഗം

സുഭ്രുഇത്യാദി സംസ്കൃതത്തിൽ ഊകാരാന്ത
മായുള്ളത ഭാഷയിൽ ഉകാരാന്തമായിപറയും
അതിനാൽ- സുഭ്രു- സുതനു- വരൊരു- ഇത്യാ
ദിസംസ്കൃതഭെദങ്ങളും മാതു- പൊന്നു- ഇത്യാ
ദി ഭാഷകളും സ്ത്രീയെപറയുന്നതാകകൊണ്ട
സ്ത്രീലിംഗങ്ങളാകുന്നു ഇതുകൾക്കരണ്ടവിധം
ആവാം പ്രയൊഗരീതിമുമ്പിൽ പറഞ്ഞതി
നാൽ ഉദാഹരണം ചുരുക്കുന്നു-

ഉദാഹരണം

സുഭ്രു-സം- ഏ- വാഗമം- ഹെ- സുഭ്രുവെ-
ഇനാഗമസഹിതവും ആവാം സുഭ്രുവിൽ- സു
ഭ്രുവിങ്കൽ- ഇതിന്മണ്ണം എല്ലാ ഏകവചനവും
രണ്ടവിധംവരും സുഭ്രുകൾ- സുഭ്രുമാർ- പൊ
ന്നുകൾ- പൊന്നുമാരെ- സുഭ്രുക്കളെ- സുഭ്രു
മാരെ- ഇത്യാദി ബഹുവചനവുംരണ്ടവിധം

വായു, മെരു, ഹനു, ഇത്യാദി പുംനപുംസ
കങ്ങൾക്കും ധെനു- തനു- ചാറു- ചരു- കരു-
ഇത്യാദി സ്ത്രീനപുംസകങ്ങൾക്കും- സ്ത്രീലിംഗ
ത്തിൽപറഞ്ഞവണ്ണം ഏകവചനംരണ്ടവിധ
മാവാം- ബഹുവചനമെല്ലാം മുൻപറഞ്ഞ

പക്ഷംതന്നെ വായു- വായുക്കൾ- വായുവെ-
വായുവിനെ- വായുക്കളെ- വായുക്കളിൽനി
ന്ന- ഹനുക്കളിൽ ധെനുക്കൾക്കായി കൊണ്ട
പരുവെ- പരുവിനെ- പരുക്കളെ- പരുക്ക
ളിൽ- ഇത്യാദി നപുംസകത്തിൽ ദ്വിതീയപ്ര
ഥമപൊലെ എന്നമുൻപിൽ എഴുതിട്ടുണ്ട- ദ്ര
വായുനീക്കണം- കരുപൊട്ടിക്കണം- ഗുരുശ
ബ്ദത്തിനും സംസ്കൃതത്തിൽ- ഋകാരാന്തവുംഭാ
ഷയിൽഅകാരാന്തവും ആയ- പിതാ,മാതാ-
എന്നശബ്ദം രാജാശബ്ദം ഇങ്ങനെ ചിലതുക
ൾക്കും അല്പംഭെദമുള്ളത പറയുന്നു- ഗുരുശബ്ദ
ത്തിന്നഎകവചനം ശംഭുപൊലെതന്നെ പി
താ- ഇത്യാദിക്ക വ എന്നപ്രഥമൈക വച
നംവരും പിതാവ-മാതാവ-രാജാവ- തൽസ
ഹിതം- ഏ ഇത്യാദിസംബൊധനദ്വിതീയഇ
ത്യാദിഊഹിക്കണം അല്ലയൊ മാതാവെ -
രാജാവെ- ഇനാഗമസഹിതം,പിതാവിനെ-
രാജാവിനെ- തത്സഹിതം- മാതാവെ രാജാ
വെകണ്ടുഎന്നും ആവാം പിതാവിൽ- പിതാ
വിങ്കൽ- രാജാവിൽ- രാജാവിങ്കൽ ഇത്യാദി
ഊഹിക്കണം- ഇതിൽദ്വിതീയ- ൨ാം പക്ഷം
കവനങ്ങളിലെ അധികംനടപ്പൊള്ളു- ഇവ
കൾക്കബഹുവചനത്തുംകൽ- ദ്വിതംഅന്ത്യാ
ഗമമായിവരും ഗുരുക്കൾ- ഗുരുക്കന്മാർ-പിതാ
ക്കൾ- പിതാക്കന്മാർ- രാജാക്കൾ- രാജാക്ക
ന്മാർ- ഇത്യാദിആദ്യപക്ഷം കവിതയിൽ ത
ന്നെഅധികം- മാതൃ- പിതൃ- ശബ്ദങ്ങൾക്കമ
നുഷ്യരല്ലാത്ത അൎത്ഥത്തുംകൽ ബഹുവചനം
ഋകാരാന്തത്തിൽ തന്നെവരും ഏഴമാതൃക്കൾ

പിതൃക്കൾക്കു ശ്രാദ്ധം- ഇത്യാദിഭ്രാതാവ- ഇത്യാദിയും ഇപ്രകാരംതന്നെ

## ഇനി വ്യഞ്ജനാന്തങ്ങൾ · ഉദാഹരിക്കപ്പെടുന്നു

ഇതപ്രായെണ നപുംസകങ്ങൾആകുന്നു, വാക്ക് സന്ധിയിൽ പറഞ്ഞ- ഉ- ആഗമസഹിതം- കൾ- വാക്കുകൾ- ഇനാഗമസഹിതം വാക്കിനെ വാക്കുകളെ വാക്കിനാൽ വാക്കുകളാൽ ഇത്യാദി- മാപ്പിളമാർ മുതലായ ചിലർക്കൌതെപ്പ്- ഇത്താക്ക്- ചെലെസ്സ്- ഇത്യാദിയും ആ ഇ്- ഇത്യാദിചില നാമങ്ങളും പുരുഷന്മാരെ പറയുന്നതിനാൽ പുല്ലിംഗങ്ങളുള്ളതും ഒന്നുപൊലെതന്നെ- ഔതെപ്പിനെ ഔതെപ്പുകളെ ആളിനെ-ആളുകളെ- ആളിൽ- ആളുകളിൽ ഇത്യാദി- അച്ച് കളിൽ മഞ്ഞ്- മഞ്ഞുകളെ- മഞ്ഞുകളിൽ- കാട- കാടുകളെ- വീട്- വീട്ടിൽ- നാട്ടിൽ ഇത്യാദിക്കു- ഇകാരാദിപരമായാൽ ദ്വിത്വം- കൂടിവരും- കണ്ണ്- കണ്ണുകൾ- വിത്ത-വിത്തിനെ- വിത്തുകളെ- വിത്തിൽ- തെന്ന്- തെന്നുകൾ- തെന്നിൽ- തെന്നുകളിൽ- മിന്ന്-മിന്നുകളിൽ-ഏപ്പ് ഏപ്പുകളിൽ- കയ്യ്- കയ്യുകൾ- കാല്- കാലുകൾ- പാവ് - പാവുകൾ- കാശ്- കാശുകൾ- ലെസ്സ്-ലെസ്സുകൾ- വാള്- വാളുകൾ-താഴ്- താഴകൾ ഇത്യാദി സപ്തവിഭക്തികളിലും മുൻപറഞ്ഞക്രമംതന്നെ-

ആൽകൊണ്ട ഇത്യാദിഭെദങ്ങളിൽ ഒരുവി ധംതന്നെ ചിലരപറയുന്ന വ്യഞ്ജനാന്ത പ ല്ലിംഗവും അല്പഭെദംഉണ്ട അതുകൾ ബഹു ത്വത്തുങ്കൽ വ്യഞ്ജനാന്തത്തിൽ അൻ- എന്ന അന്ത്യാഗമം ചെൎത്ത മാഗമ സഹിത മായ അർ പ്രത്യയം വെണം-

നംപൂരിപ്പാട- നംപൂരിപ്പാടന്മാർ

സൎവനാമ ശബ്ദങ്ങൾക്ക ഭെദം

പല്ലിംഗം

| | |
|---|---|
| സൎവൻ | സൎവന്മാൻ |
| സൎവനെ | സൎവന്മാരെ |

സ്ത്രീ

| | |
|---|---|
| സൎവാ | സൎവയെ |
| സൎവകൾ | സൎവമാർ |
| സൎവകളെ | സൎവമാരെ |

നപുംസകം

| | |
|---|---|
| സൎവം | സൎവങ്ങൾ |
| സൎവത്തെ | സൎവങ്ങളെ |

ഇത്യാദി അകാരാന്തംപൊലെ തന്നെ അ വർ എന്നഅന്തത്തിൽ വരുന്നശബ്ദങ്ങൾക്ക പല്ലിംഗവും സ്ത്രീലിംഗവും ഒരുപൊലെ, ഒ ട്ടൊഴിയാതെയുള്ളവർ- ഒന്നൊഴിയാതെയുള്ള വർ ഇത്യാദി ബഹുവചനമെവരും

എന്ത- ഏത- എന്തിന്ന- എന്തിൽ- ഈ ശബ്ദം ബഹുവാൎത്ഥത്തിന്നും സംബന്ധിക്കും ഈ സാമാനങ്ങൾ എന്തെല്ലാം- ഏതെല്ലാം-കാൎയ്യങ്ങൾ എന്ത ഇവർ ഏത ഇത്യാദി

ഒന്നമുതൽ സംഖ്യകൾക്കും ഏകവചനംമാത്രംമതി- ഏക- ദ്വി- ബഹുവാൎത്ഥങ്ങളെ അതാതനാമം തന്നെപറയും ഒന്ന- ഒന്ന- ഒന്നിനെ- ഒന്നിനാൽ- ഒന്നിന- ഒന്നിൽനിന്ന- ഒന്നിന്റെ-ഒന്നിൽപാതി- ഒന്നമുതലായ സംഖ്യാശബ്ദങ്ങൾ സ്വഭാവെന നപുംസകങ്ങളാകുന്നു- സ്ത്രീ പുരുഷാദി വിശെഷ്യത്തെ അനുസരിച്ചാൽ അതിന്റെ ലിംഗമാവും എങ്കിലും ശബ്ദം സമംതന്നെ- നാലുപുരുഷന്മാർ- നാലുസ്ത്രീകൾ- നാലുവസ്തുക്കൾ-

രണ്ട- രണ്ടെ- രണ്ടുകൊണ്ട- രണ്ടിൽ- ഇത്യാദി

| | | |
|---|---|---|
| മൂന്ന്- | നാല് | നാലിൽ |
| പത്ത് | | പത്തിൽ |
| നൂറ ആളുകൾ | | നൂറിൽ |
| ആയിരം | | ആയിരത്തിൽ |
| ലക്ഷം | | ലക്ഷത്തിൽ |

എത്ര- അത്ര- ഇത്യാദികൾ- അളവ- തൂക്കം- മുതലായ- പരിമാണഭെദത്തെ ചൊദിക്കുന്ന ശബ്ദങ്ങളാകുന്നു- ഇതുകൾക്കും ഏകവചനം തന്നെ ആകുന്നു-

ഉദാഹരണം

എത്രപറ- എത്രതുലാം- എത്രമൊഴം- എത്ര കൊണ്ട- എത്ര തൈകയും- എത്രയിൽ പാതി- അത്രകൊടുക്കണം ഇത്യാദി-

ഉദ്ദിഷ്ട നാമങ്ങൾക്കു ഭെദം

ബഹുവചനം പുല്ലിംഗത്തിന്നും സ്ത്രീലിംഗത്തിന്നും ഒരുപൊലെ-

ഉദാഹരണം

| | |
|---|---|
| അവൻ | അവർ |
| അവൾ | അവർ |
| അവനെ | അവരെ |
| അവളെ | അവരെ |
| അവനിൽ | അവരിൽ |
| അവളിൽ | അവരിൽ |

ഇത്യാദി

ഇതിന്നുമണ്ണും

| | |
|---|---|
| ഇവൻ | ഇവർ |
| ഇവൾ | ഇവർ |
| ഏവൻ | ഏവർ |
| ഏവൾ | ഏവർ |
| ഏവനെ | ഏവരെ |
| ഏവളെ | ഏവരെ |
| എവൻ | എവർ |

## നപുംസകം

| | |
|---|---|
| അത | അതുകൾ |
| ഇത | ഇതുകൾ |
| ഏത | ഏതുകൾ |
| ഏതിൽ | ഏതുകളിൽ |

പക്ഷാന്തരത്തിൽ ബഹുവചനം ഏകവചനം പൊലെയും ആവാം-

ഉദാ- പൂക്കൾകൊണ്ടു വരണം അതിൽകരട അരുത ഇത്യാദി

സംസ്കൃതത്തിലുള്ള യുഷ്മ ശ്ശബ്ദത്തിന്റെ അൎത്ഥമായ നീ-എന്നും അസ്മ- ശ്ശബ്ദത്തിന്റെ അൎത്ഥമായ ഞാൻ- എന്നും ഉള്ളതിന്റെ വിഭക്തികളെ ചൊല്ലുന്നു- ഇതിനും ഉദ്ദിഷ്ടനാമങ്ങൾക്കും സംബൊധനമില്ലാ-

| നാമം | പ്രത്യയം | യൊജനാ | ഉദാ | ബഹു | ഉദാ |
|---|---|---|---|---|---|
| നീ | (ംരം) (ംരംയ) | കൂട്ടിയ ദീൎഘം | (നി) (നീയ്) | ങ്ങൾ | നിങ്ങൾ |
| ടി | എ | ന്-അന്ത്യാഗമം | നിന്നെ | ടി | നിങ്ങളെ |
| ടി | ആൽ | ന്-ആഗമം | നിന്നാൽ | ടി | നിങ്ങളാൽ |

നിന്നെക്കൊണ്ടു- നിങ്ങളെക്കൊണ്ടു- നിന്നിൽ- നിങ്ങളിൽ- ഇങ്ങനെ പൂൎവ്വക്രമംതന്നെ

(ഞാൻ)

നാമം- ഞ- എന്നാകുന്നു- ഇതിന്നു പ്രഥമ ഒഴിച്ചുള്ള ഏകവചനത്തിൽ എൻ- എന്നാദെശംവരും

| നാമം | ഏക | യൊജനാ | ഉദാ | ബഹു | ഉദാ |
|---|---|---|---|---|---|
| ഞ | ആൻ | ദീൎഘം | ഞാൻ | ങ്ങൾ | ഞങ്ങൾ |
| ഞ | എ | എൻആദെശം | എന്നെ | ങ്ങൾ | ഞങ്ങളെ |

ദ്വിതം

എന്നാൽ-എന്നെക്കൊണ്ട-ഞങ്ങളാൽ- ഞങ്ങളെക്കൊണ്ട- എന്നിൽ- ഞങ്ങളിൽ ഇത്യാദി പൂർവ്വക്രമം തന്നെ

വലിയവരുൽ പറയുമ്പൊൾ അസ്മദൎത്ഥശബ്ദത്തിന്ന ബഹുത്വത്തിംകലെപൊലെയുംഅതിന്ന ഏകവചന പ്രത്യയാന്തമായിട്ട താഴെ ഉദാഹരിക്കുന്ന- സൎവ്വാദെശങ്ങളും പ്രത്യെകം വരും

ഉദാ- നാം- നമ്മെ- നമ്മൊട- നമ്മാൽ- നമ്മെക്കൊണ്ട- നമ്മൊടുകൂടെ- നമുക്ക - നമുക്കായികൊണ്ട- നമ്മിൽനിന്ന- നമ്മെക്കാൾ- നാംഹെതുവായിട്ട-നമുക്ക- നമ്മുടെ- നമ്മിൽ എന്നഭെദം പ്രത്യയത്തൊടുകൂടി സൎവ്വാദെശത്തുങ്കൽഅവയവ വിചാരംവെണ്ടാ-

നീയും- ഞാനും- എന്നൊ- നിങ്ങളും- ഞങ്ങളും- എന്നൊ. നീയും-ഞങ്ങളുമെന്നൊ നിങ്ങളും- ഞാനുമെന്നൊ- അൎത്ഥംവിചാരിച്ചാൽ- ഞ- എന്നതിന്ന ബഹുവചനം പ്രത്യയങ്ങളിൽ- നമ്മ- എന്ന ആദെശംവരും- അർ ബഹുവചന പ്രത്യയവും വരും ഇതിന്നഏകവചനം അസംഭവമാകുന്നു- ശെഷം പൂൎവ്വവൽത്തകുന്നു-

ഉദാ- നമ്മൾ- നമ്മളെ- നമ്മളാൽ- നമ്മളെക്കൊണ്ട- നമ്മളിൽ- നിന്ന- നമ്മുടെ നമ്മളിൽവച്ച- ഇപ്രകാരം- ഭാഷയിൽ പ്രഥമാദിവിഭക്ത്യന്തങ്ങൾഉദാഹരിക്കപ്പെട്ട-

കപനങ്ങളിൽ സംസ്കൃതവിഭക്തി കളെയും ചെൎത്തപൊലെ പ്രയൊഗിക്കാം ചിത്തെവ

സിക്കുന്ന മാധവൻസവ്ദാ- മാൎഗ്ഗേണചെ
ന്നാൽ പിഴക്കയില്ലെത്തുമെ- അംബരാദാഗ
ത്യ- നാരദമാമുനി- ഇത്യാദി ഇതുകളിൽ-
ങി- ടാ- ങസി- ഇപ്രത്യയങ്ങളും തദാദെശ
ങ്ങളും സംസ്കൃതവ്യാകരണം കൊണ്ടറിയണം

ചൊ- പറഞ്ഞവിഭക്തികൾ- ഏതെല്ലാം അ
ൎത്ഥങ്ങളിൽ സംബന്ധിപ്പിച്ചിട്ട നാമങ്ങളി
ൽചെൎക്കുന്നു- അതിന്നുക്രമം എങ്ങനെ

ഉ- കൎത്താവിലും കൎമ്മത്തിലും രണ്ടുവിധം
ക്രിയ ഉള്ളതിൽ കൎത്താവിൽ ക്രിയക്ക കൎത്താ
വിന്നും- കൎമ്മത്തിൽക്രിയക്ക- കൎമ്മത്തിന്നും പ്ര
ഥമാചെൎക്കുന്നു-

ഉദാ- ഗുരുവന്നു- ഗുരു വന്ദിക്കപ്പെട്ടു- ക
ൎത്താവന്നാൽ ക്രിയയെസാധിപ്പാനായിക്കൊ
ണ്ട പ്രധാനമാക്കികല്പിക്കപ്പെട്ട ശബ്ദാൎത്ഥമാ
കുന്നു-

ചൊ- കൎത്തൃകൎമ്മാദികളെ ചെൎക്കുന്നവാക്യ
ങ്ങളും അതുകളുടെ അൎത്ഥങ്ങളും സംബന്ധ
ങ്ങളും എങ്ങനെ-

ഉദാ-ബുദ്ധിമാനായിരിക്കുന്ന ബാലൻഅം
ബയെവന്ദിച്ച അഛനൊടുപറഞ്ഞ വിദ്യയി
ൽ ആശയൊടുകൂടെ ഗ്രഹത്തുംകൽനിന്ന പ
റപ്പെട്ടറൊട്ടിലൂടെ ഗുരുവിന്റെ സമിപത്തും
കൽചെന്ന ഗുണത്തിന്നവെണ്ടി ഗുരുവിനായി
ക്കൊണ്ട ദക്ഷിണകൊടുത്ത സമന്മാരെക്കാൾ
താഴ്ചയിൽ ഇരുന്നിട്ട സന്തൊഷം ഹെതുവാ
യിട്ടുഗുരുവിനാൽ ഉപദെശിക്കപ്പെട്ട ശാസ്ത്രം
ബുദ്ധിവിശെഷം കൊണ്ട സഹപാഠികളിൽ
വച്ചു മുഖ്യനായിപഠിക്കുന്നു- ഈ വാക്യത്തിൽ

വിഭക്തികളും കാരകങ്ങളും ചെൎത്തിട്ടുള്ളതാ ഴെപറയുന്നു- ബാലൻഎന്ന- പഠിക്കുന്നു. എ ന്നക്രിയയുടെകൎത്താവിനും ശാസ്ത്രാൎത്ഥംഎന്ന ഉപദെശക്കപ്പെട്ട എന്നകൎമ്മത്തിൽ ക്രിയയു ടെകൎമ്മത്തിന്നും പ്രഥമവന്നു- കൎത്താവിൽക്രി യയിംകൽ- കൎമ്മത്തിൽ അംബയെഅഛനൊ ടഎന്നരണ്ടവിധം ദ്വിതീയവന്നു-

ചൊ- കൎമ്മം-എത- ഉ- ക്രിയയെന്നപറയു ന്നതകൎത്താവിന്റെ വ്യാപാരംആകുന്നു- അ തഏതിനൊട ചെൎക്കണമെന്ന ഇഛിക്കുന്നു അതകൎമ്മമാകുന്നു വന്ദനം അംബയിൽ ചെ രാൻഇഛിച്ചു, വാക്ക- അഛനൊട ചെരാൻ ഇഛിച്ചു- അതിനാൽരണ്ടും കൎമ്മമായി- ഇതി ന്മണ്ണം ബാലനെ ശിക്ഷിച്ചുഎന്നടത്ത ശി ക്ഷ-ബാലനൊട ചെരുന്നു- അന്നത്തെഭക്ഷി ച്ചുചെരുക-എന്നുള്ളത ഇങ്ങൊട്ടവന്നു ചെരു ന്നതിനും അങ്ങൊട്ടുപൊയി ചെരുന്നതിന്നും പറയാം ഇവിടെഅന്നംവന്നു ചെരുന്നു-എം കിലും ഭക്ഷണക്രിയ അന്നത്തിൽ ചെന്നു തന്നെ ആകുന്നു ഇതിന്മണ്ണം വാള എടുത്തുപ ണംവാങ്ങി ഇത്യാദി-

ചൊ- എല്ലാകൎത്താവിനും പ്രഥമതന്നെ യൊ-

ഉ- കൎമ്മത്തിൽ ക്രിയയുടെകൎത്താവിന അ ൽ എന്ന തൃതീയവെണം ഗുരുവിനാൽ എന്ന ടത്തു ഗുരുപഠിപ്പിക്കുന്നതിന്നു പ്രധാനിയാ യിവന്നതകൊണ്ട കൎത്താവായി-

ചൊ- കരണം- ഏത-

ഉ- ക്രിയസാധിപ്പാൻ ഏതിനെപ്രധാന

സാധനമാക്കി കല്പിക്കുന്നു അതിന്നുകാരണം എന്നുപെരുവരും കരണത്തിൽകൊണ്ട എന്ന തൃതീയവരും അതിനാൽ ബുദ്ധികൊണ്ട എന്ന തൃതീയവന്നു- ഇതിന്മണ്ണം വടികൊണ്ടടിച്ചു- മരംകൊണ്ടുപണിതു- ചെന്നുഎന്നത്ഥം സം ബന്ധിക്കുന്നടത്ത ഓടഎന്നതൃതീയവരുംഇച്ഛ യൊടുക്കൂടെ- ഇതിന്മണ്ണം വിദ്യയൊടുചെന്ന ബന്ധുക്കളൊടൊരുമിച്ച എന്നുംവരാം സ ഞ്ചാരങ്ങൾകൽ മാൎഗ്ഗമായി ഏതുകല്പിക്കപ്പെടു ന്നു- അതിന്നുഊടെ എന്നതൃതീയവരും റൊട്ടി ലൂടെഇതിന്മണ്ണം നയത്തിലൂടെ കെറി ഇത്യാ ദിയുംവരാം-

ചൊ- സംപ്രദാനം- ഏത-

ഉത്തരം- ദാനക്രിയയുടെകൎമ്മം ആൎക്കധീ നമായിഇച്ശിക്കുന്നു അതിന്ന സംപ്രദാനമെ ന്നപെരുവരും അതിനാൽ സംപ്രദാനത്തിൽ ഉ എന്നും ആയികൊണ്ടെന്നും ചതുൎത്ഥിവരും ഗുരുവിനായികൊണ്ട എന്നുവന്നു- ഏതിനെ ഫലമാക്കികല്പിക്കുന്നു അതിലും ചതുൎത്ഥിവരും ഗുണത്തിന്നു എന്നഗുണഫലമാകുന്നു ഗുരുവി നായികൊണ്ട- നടത്ത ദക്ഷിണദ്രവ്യം ഗുരു വിന്ന അധീനമാക്കി ചെയ്യുന്നു- ഗുരുവിന്നുദെ ക്ഷിണഎന്നുംപറയാം-

ചൊ- അപാദാനം- ഏത-

ഉ- ഏതിംകൽ നിന്നുവെപ്പാടൊആധിക്ക്യ മൊ- ന്യൂനതയൊപറയുന്നു അതിന്നഅപാദാ നമെന്നു പെരുവരും ഇതിൽ ആദ്യത്തിൽ നി ന്ന എന്നപഞ്ചമിവരും അതിനാൽ ഗ്രഹങ്ങൾ കൽനിന്നപുറപ്പെട്ടു സമന്മാരെക്കാൾ താഴ്ച

യൊടെ എവം സമന്മാരെക്കാൾ അധികമായി എന്നുംവരുന്നു- ആദ്യത്തിൽ ഗ്രഹത്തിൽനിന്ന വെൎപ്പാടന്നൎത്ഥമുണ്ട ശെഷംസ്പഷ്ടംഇതിന്മണ്ണംവൃക്ഷത്തിൽനിന്ന കൊലുവീണു ഭൂമിയിൽനിന്നും പൊടിമെൽപൊയി മനസ്സത്തിൽ നിന്നുപൊയി ഇത്യാദിയും വെൎപാടതന്നെ ഹെതുത്വം സംകല്പിച്ചാലും പഞ്ചമിവരും- സന്തൊഷം ഹെതുവായിട്ട-

ചൊ- അധികരണം- ഏത

ഉ- ഏത വസ്തു കൎത്താവിന്നൊ കൎമ്മത്തിന്നൊ ആശ്രയമായിരിക്കും അതിന്ന- ക- അധികരണമെന്ന പെരുവരും ആധാരമെന്നും പറയാം ആധാരത്തുംകൽ- കൽ- എന്നും- ഇൽ- എന്നുംസപ്തമിവരും-

ഉ- അതിനാൽ സമീപത്തുംകൽഎന്നും താഴ്ചയിൽ ഇരുന്ന് എന്നുംവന്നു ഇതിന്മണ്ണം രാമൻകൽയൊഗ്യതഇരിക്കുന്നു വീഠത്തിൽ രാമൻ ഇരിക്കുന്നു ഇതരണ്ടും കൎത്താവിന്ന ആശ്രയം- ഉരുളിയിൽ അരിവെക്കുന്നു മനസ്സിൽസന്തൊഷം ചെക്കുന്നു ഇതകൎമ്മാശ്രയം- ഏതിനെ ഉദ്ദെശിച്ചു വ്യാപാരം ചെയ്യുന്നു- അതിലും ഇൽഎന്നസപ്തമിവരും ഉ-വിദ്യയിൽ-ഇതിന്മണ്ണം മൊക്ഷത്തിൽഇച്ശിക്കുന്നുകൃഷിയിൽ പ്രയത്നം ചെയ്യുന്നു ഗൊട്ടിൽപൊകുന്നു- കൂട്ടത്തിൽ- എന്നടത്തവെച്ചു എന്നുള്ളസപ്തമിവരുന്നുഅതിനാൽ സഹപാഠികളിൽവെച്ചുഎന്നുവന്നു- കൎത്താവ- കൎമ്മംമുതലായി ആധാരപൎയ്യന്തത്തിന്നസംസ്കൃതത്തെ അനുസരിച്ചു കാരകമെന്ന- പെരപറയും- കൎത്തൃകാരകം-കൎമ്മകാ

രകം- കരണകാരകം- അധികരണകാരകം- ഇത്യാദികാരക ശബ്ദത്തിന്നക്രിയയെസാധിപ്പിക്കുന്നതെന്നഅൎത്ഥമുണ്ട- കാരകങ്ങളൊടൊസം ബന്ധിയൊടൊ സംബന്ധം മാത്രം കല്പിക്കുന്നടത്ത ഷഷ്ഠിവരും-

ചൊ- സംബന്ധംഎത്രവിധം-

ഉ- സംബന്ധങ്ങൾ നാലൊഅധികമൊ കല്പിക്കാംഎംകിലും ജന്മസംബന്ധം-പ്രാധാന്യ സംബന്ധം അവയവ സംബന്ധം വാച്യസംബന്ധം ഇങ്ങിനെനാലിൽ എല്ലാംഅന്തൎഭവിക്കുന്നു

ഉദാ- രാജാവിൻെറപുത്രൻ തൻെറമന്ത്രിയുടെപുസ്തകത്തിൻെറ അദ്യഭാഗത്തിലെ വാചകത്തിൻെറ അൎത്ഥത്തെപറഞ്ഞു- ഇതിൽ ൪- സംബന്ധങ്ങളുംസ്പഷ്ടം അവൻെറ കയ്യിൻെറവിരലിൻെറ അററത്തമുറിഞ്ഞു ഇത്യാദികളിൽ അവയവ സംബന്ധം സ്പഷ്ടം രാമൻെറഅനുജൻ അമ്മാവൻ ഇത്യാദി ജന്മസംബന്ധം തന്നെ അവൻെറദ്രവ്യം അഗ്രഹം- വാക്ക്- ഇത്യാദിപ്രാധാന്യസംബന്ധം തന്നെ സമുദ്രത്തിൻെറ വക്ക കുന്നിൻെറ അത്തുത്തിഇത്യാദിയിൽ സാമീപ്യം കൂടിതൊന്നിപ്പിക്കുന്ന അവയവം സബന്ധം തന്നെസ്വൎഗ്ഗത്തിൻെറ മാഹാത്മ്യം സംഗീതത്തിൻെറ ശാസ്ത്രം ഇത്യാദികളിൽ പ്രതിവാദ്യം കൂടിതൊന്നുന്ന വാച്യസംബന്ധം തന്നെ- സംസ്കൃതത്തെ അനുസരിച്ചു ക്രിയാനാമങ്ങളുടെ കൎത്താവിനും കൎമ്മത്തിന്നും ഷഷ്ഠിവരും അങ്ങിനെയുള്ളതകാരക സംബന്ധ ഷഷ്ഠിയാകുന്നു-

ഉ- ബ്രാഹ്മണന്റെ ഭക്ഷണം ബ്രാഹ്മണൻ ഭക്ഷണകൎത്താവാകുന്നു- കൎമ്മത്തിൽ പായസത്തിന്റെ ഭക്ഷണം പായസത്തെ ഭക്ഷിക്കുക എന്ന അൎത്ഥം- രാജാവിന്റെ കാൎയ്യത്തിന്റെ നൊട്ടം ഇവിടെ രാജാ കൎത്താവ- കാൎയ്യം കൎമ്മം ചെട്ടിയുടെ രത്നങ്ങളുടെ കച്ചൊടം ചെട്ടി കൎത്താ രത്നം കൎമ്മം ആശാരിയുടെ കട്ടിലിന്റെ വെല നന്ന ഇത്യാദിയിൽ കൎത്തൃഷഷ്ഠിയും കൎമ്മഷഷ്ഠിയും സ്പഷ്ടം- ബാലന്റെ ഗുരു- എന്റെ സ്നെഹിതൻ ഇത്യാദിയിൽ സംബന്ധിസംബന്ധം ൟകാരങ്ങൾ ചില ഗുണങ്ങൾക്കു വെണ്ടി ഇങ്ങും പൊലെ അല്പം ഭെദപ്പെടുത്തി സംകല്പിക്കപ്പെടാവുന്നതാണ-

ഉദാ- ഇന്നവിറകാണ വെഗം അരിവച്ചത വിറകിന്റെ ഗുണം സാധിക്കാനായി പാചകന്റെ കൎത്തൃത്വം കരണമായ വിറകിന്നു കല്പിച്ചു- വഴിപൊക്കൻ പരിപ്പവല്ലിച്ചു ഇവിടെ വഴിപൊക്കനായി കൊണ്ടന്നുള്ള സംപ്രദാനത്തിനു കൎത്തൃത്വം കല്പിച്ചു- വഴിപൊക്കന്റെ യൊഗ്യതയാകുന്ന ഗുണം ഹെതുവായിട്ടുവച്ചു എന്ന താല്പൎയ്യം ദുരാശലുബ്ധനെ ഓടിക്കുന്നു ഇവിടെ ഹെതുവിന്നു കൎത്തൃത്വം കല്പിച്ചു പ്രെരണക്രിയക്കു കൎമ്മത്തിനു ഭെദമുള്ളത പറയുന്നു- പ്രെരണക്രിയയുടെ പൂൎവ്വക്രിയക്കു കൎമ്മമില്ലെങ്കിൽ പൂൎവ്വക്രിയയുടെ കൎത്താവിന്ന ദ്വിതീയവരും കൎമ്മമുണ്ടെങ്കിൽ പൂൎവ്വകൎത്താവിന്ന തൃതീയവരും പ്രെരണമെന്ന പറയുന്നത വ്യാപാരത്തെ അന്യനെകൊണ്ട ചെയ്യിക്കുകയാകുന്നു-

ഉദാ- ബാലൻ പഠിക്കുന്നു ഇവിടെകൎമ്മം പ്രയോഗിച്ചിട്ടില്ലാ ഗുരു ബാലനെ പഠിപ്പിക്കുന്നു എന്നു പൂൎവ്വകൎത്താവിന്നു ദ്വിതീയവന്നു കൎമ്മമുണ്ടെങ്കിൽ ഗുരുബാലനെക്കൊണ്ടു വ്യാകരണത്തെപഠിപ്പിക്കുന്നു എന്നവരുന്നു ഇവിടെ പൂൎവ്വകൎത്താവായ ബാലനെക്കൊണ്ടെന്ന തൃതീയവന്നു എന്നറിയണം ഇങ്ങിനെയുള്ളടത്ത സംസ്കൃതംഅനുസരിച്ച ബാലനെവ്യാകരണത്തെപഠിപ്പിക്കുന്നു എന്നദ്വികൎമ്മവും വിരൊധമില്ലാ ഭൃത്യൻവെലചെയ്യുന്നു ഭൃത്യനെക്കൊണ്ടുവെലചെയ്യിപ്പിക്കുന്നു ഇത്യാദിയിൽദ്വികൎമ്മംഇല്ലാ ദെശത്തിനെപറയുന്ന അകാരാന്ത നപുംസക ശബ്ദത്തിലെ സപ്തമിക്കു ത എന്ന ആദെശവും നകാര ദ്വിത്വവും സ്ത്രീനപുംസകാന്തത്തിലെ സപ്തമിക്കു എ എന്ന ആദെശവും വ്യഞ്ജനാന്തത്തിൽ ചിലെടത്ത ലൊപവും അന്ത്യ ടകാരത്തിന്ന ദ്വിത്വവുംപക്ഷാന്തരത്തിൽ വരുന്നു ക്രമെണ ഉദാ- തിരുവനന്തപുരത്ത ഇരിക്കുന്നു ഇതിന്നൎത്ഥം വസ്തുത്തഎന്നവരും വ്യഞ്ജനാന്തത്തിന്ന എ അമ്പലപ്പുഴെ- വക്കലെ- ഇരിക്കുന്നു - ലൊപം - തൃശ്ശൂർ കണ്ണൂര- പാക്കുന്നു- ദ്വിത്വസഹിതലൊപം കൊഴിക്കൊട്ട- ഇരിക്കുന്നു എന്നാൽ ഒരംഭാഷയിലെ- സംജ്ഞാശബ്ദങ്ങളിലെ വിഭക്തികൾക്കും ദ്വിത്വത്തിന്നും പലഭെദങ്ങളും നടപ്പുണ്ട.

തിരുവനന്തപുരത്തിൽ അമ്പലപ്പുഴയിൽഇത്യാദി അതപക്ഷാന്തരമാക്കി സ്വീകരിക്കെണ്ടതാകുന്നു ഒരംപറഞ്ഞവിഭക്തികൾക്കും കാ

രകങ്ങൾക്കും മിക്കവും ഏകവചനം ഉദാഹരിച്ചുഎങ്കിലും ബഹുവചനംകൂടെ ഉൾപ്പെട്ടിരിക്കുന്ന ബാലന്മാർ- അമ്മമാരെ- വിദ്യകളിൽ രാജാക്കന്മാരുടെ ഭൃത്യന്മാരാൽ അക്ഷരങ്ങളുടെ ഇത്യാദി

## വിശെഷണവിശെഷ്യ സംബന്ധ പ്രകരണം

പ്രധാനത്തെ വിശെഷ്യമെന്ന പറയുന്ന അതിന്റെ ഗുണമായിട്ടൊ ദൊഷമായിട്ടൊ ഭെദമെന്നൎത്ഥമായ വിശെഷത്തെ പറയുന്നത വിശെഷണംമാകുന്നു ഇത എല്ലാകാരകങ്ങളിലും ക്രിയകളിലും ചെരും വിശെഷണപദത്തിന്ന ഒന്നെങ്കിൽ ആയിരിക്കുന്ന എന്നും ആയഎന്നും മെൽചെൎക്കണം അധികമുണ്ടെങ്കിൽ അടുത്തിട്ടുള്ളതിന്റെ പൂൎവ്വങ്ങൾക്ക ആയിഎന്നും വെണം ക്രിയകൾക്ക ആയിഎന്നും ആകുംവണ്ണം എന്നും വിശെഷണത്തിൽ ചെരുന്നു.

ഉദാ- വിദ്വാനായിരിക്കുന്ന ബ്രാഹ്മണൻ വെദജ്ഞനായ നംപൂരി ശൂരനായിരിക്കുന്ന രാജാവ ഇങ്ങനെ ഗുണവിശെഷണം ചതിയനായിരിക്കുന്ന ചെട്ടി കസ്തൂലിക്കാരനായ അധികാരി കള്ളനായമറവർ ഇങ്ങനെദൊഷവിശെഷണം സത്യവാനായി ദയാവാനായി നീതിജ്ഞനായിരിക്കുന്ന മന്ത്രി ഇങ്ങനെ അധിക വിശെഷണം ചെൎക്കണം തൃപ്തിയായിഭക്ഷിച്ചു തൃപ്തിയാകുംവണ്ണം ദാനംചെയ്യണം ഇത്യാദി ക്രിയാവിശെഷണം ശക്തനാ

യിരിക്കുന്ന അധികാരിയെ സാധുക്കളായിരി ക്കുന്ന പ്രജകളിൽനിന്നു ഇങ്ങനെവിഭക്തി വചനഭെദങ്ങളെക്കൊണ്ടും വിശെഷണം ഊഹിക്ക ണം തൽക്കാലത്തെവിശെഷത്തെപറയുന്നത തൽക്കാല വിശെഷണമെന്ന പറയപ്പെടുന്നു അതിന്നഇട്ടഎന്നും ആയിഎന്നും മെൽ ചെ ക്കണം-

ഉദാ- അവൻ ഇപ്പൊൾ നന്നായിനടക്കു ന്നു സന്തുഷ്ടനായിരിക്കുന്നു കള്ളനായിട്ടതി ന്നു ചീത്തയായിപൊയി ഇത്യാദി

ദ്വിരുക്തി പ്രകരണമറിവാൻ പറയുന്നു

ദ്വിരുക്തി എന്നാൽ ഒരുശബ്ദത്തെ രണ്ടൊ അധികമൊ പ്രാവശ്യം ഉച്ചരിക്കയാകുന്നു. ഇത ഉത്സാഹം- ഭയം- പരിഭ്രമം- ആധിക്യം വിഭാഗം- സ്വഭാവം- സദൃശശബ്ദം- ഇത്യാ ദി വിശെഷാൎത്ഥങ്ങളിൽ വരുന്നു.

ഉദാ- ഉത്സാഹം- ഞാൻമുമ്പെ- ഞാൻമു മ്പെ എന്നു പറിക്കുന്നു ഭയത്തിങ്കൽ അടിക്കരു തെ അടിക്കരുതെ മതിമതിമതി ഇങ്ങനെ ര ണ്ടിൽ അധികവും ആവാം പരിഭ്രമം- തീയ്യ കെടുക്ക- കെടുക്ക- വെഗം- വെഗം- വെഗം- അധിക്യം വെളുവെളെ- തെക്കണം- ഏററ വും വെളുപ്പിച്ചു എന്നാൎത്ഥം ചുടചുടെഒഴിക്ക ണം ഏററവും ചൂടൊടെ എന്നൎത്ഥം- മിനുമി നെ തെക്കണം ഇവിടെഏററം മിനുക്കം പ്ര കാരം എന്നൎത്ഥം വിഭാഗം എട്ടെട്ടായി കൊ ടുക്കണം എട്ടുവീതം ഭാഗംചെയ്തു കൊടുക്കണ മെന്നൎത്ഥം ഉരി- ഉരിയ്യെകൊടുക്കണം ഇങ്ങ

നെയുള്ളടത്ത പ്രകാരാൎത്ഥത്തിനഎ എന്നപ്ര
ത്യയംവരും സ്വഭാവം സജ്ജനം ഗുണങ്ങളെ
വൎണ്ണിച്ച വൎണ്ണിച്ച പറയും ദുൎജ്ജനംനിന്ദിച്ച
നിന്ദിച്ചപറയും ദ്വിത്വംകൊണ്ട സ്തുതിവാക്യ
സജ്ജന സ്വഭാവമെന്നും ഗുണനിന്ദദുൎജ്ജന
സ്വഭാവമെന്നും വരുന്ന സദൃശശബ്ദം പൊ
ടപൊടെ പൊട്ടുന്ന ചടചടെ എന്ന വീണു
പറപറെക്കീറി ഇതുകൾ അക്രിയകളിൽ ഉ
ണ്ടാകുന്ന ശബ്ദങ്ങൾക്ക സദൃശ ശബ്ദങ്ങളാകു
ന്നു അയ്യഞ്ചായിഎണ്ണുന്നു മുമ്മൂന്നായി നന്നാ
ലായി ഇത്യാദി ഇവിടെ പൂൎവ്വഭാഗത്തിലെ
അന്ത്യത്തിന്നയ ദ്വിത്വവും മൂന്നഎന്നതിന്റെ
ഊകാരത്തിന്ന ഹ്രസ്വവും നകാരത്തിന്ന അ
നുസ്വാരവും നാലഎന്നതിന്റെ ആകാരത്തി
ന്ന ഹ്രസ്വവും ലകാരത്തിന്ന അനുസ്വാരവും
ആദെശമായിവരും ഇതിനമണ്ണും രണ്ട രണ്ട
എന്നടത്ത പൂൎവ്വത്തിന്ന ംരം ആദെശവും പ
ത്ത പത്ത എന്നടത്ത പൂൎവ്വത്തിന്റെ അന്ത്യ
തകാരത്തിന്ന ലൊപവും അടുത്തപകാരത്തി
ന്ന ദ്വിത്വവുംവരും ംരംരണ്ടായി പതുപ്പത്താ
യി ഭാഗംചെയ്യുന്നു ഇത്യാദി ഒന്നുമുതൽ ഒ
ൻപതുവരെ ഒള്ള സംഖ്യകൾക്ക പത്ത- നൂറ-
ആയിരം ംരംസംഖ്യകൾ മെൽവരുമ്പൊൾക്ര
മെണ ഒര- ംരംര- മൂ- നാൽ- അൻ- അറ -
എഴ - എണ- തൊണ- എന്ന ആദെശങ്ങൾ
വരും സന്ധിയിലെ ഉകാരം ഒരുപത- ഒരു
നൂറ- ഇരുപത- ഇരുനൂറ- മുപ്പത- ഇവിടെ
സന്ധിദ്വിത്വം മൂന്നൂറ- നാല്പത- അൻപത-
അഞ്ഞൂറ- ഇവിടെനകാരം- ഞകാരംആവും

അറുപത- അറുനൂറ- എഴുപത- എഴുനൂറ- എ
ൺപത- എണ്ണൂറ-തൊണ്ണൂറ- നകാരംണകാ
രമാവും ഇവിടെ പത്തന്നമെൽ തകാരം വ
ന്നകൂടാ പത്തന്നതിന്ന മെലായൊ- താഴ
യൊ- ഒരുസംഖ്യ ചെൎത്താൽ അന്ത്യതകാരം
ലൊപിക്കും ഇരുപത- പതിനഞ്ച- മെൽസം
ഖ്യവരുമ്പൊൾ പലടത്തുംഇൻ എന്നആഗ
ഗമംവരും പതിനൊന്ന- ചിലടത്ത ഇല്ലാ-
പത്തൊൻപത ശെഷം സംഖ്യകൾക്ക ദീൎഘം
ആഗമം ആദെശം മുതലായി അല്പവിശെഷം
പലവിധമുള്ളതിന്ന പ്രയൊഗംകൊണ്ട ഊ
ഹിക്കണം ദീൎഘം ഓരായിരം- ള- ആഗമം
തൊള്ളായിരം- മുപ്പത്തൊന്ന- ആദെശം പ
ന്ത്രണ്ട ഇത്യാദി॰

## സമാസകാണ്ഡം

ചൊ- സമാസം എന്നാൽ എന്ത

ഉ- സംഎന്നതിന്നസംക്ഷെപിച്ചന്നൎത്ഥം-
ആസം എന്നതിന്ന ഒരുമിച്ചിരിക്ക എന്നൎത്ഥം
രണ്ടുംകൂട്ടുംപൊൾ രണ്ടൊ അധികമൊ പദ
ങ്ങൾഒതുങ്ങി ഒന്നായിചെൎന്നിരിക്ക എന്നതാല്പ
ൎയ്യം॰

ചൊ. ൧൦ം സമാസം- എത്രവിധം

ഉ- ചുരുക്കത്തിൽ രണ്ടവിധമെന്നപറയാം
അലുപ്ത സമാസം ലുപ്തസമാസവും എന്നാ
കുന്നു സമാസത്തിൽ ചെരുന്ന പദങ്ങളുടെ
വിഭക്തിക്കലൊപംവരാത്തത അലുപ്തം ലൊ
പം വരുന്നത ലുപ്തം എന്നഭെദം സമാസം
സംസ്കൃത സംബന്ധമായി ഭാഷയിൽവളരെ

പ്രയോഗമുള്ളതിനാൽ ഉദാഹരണങ്ങൾസം
സ്കൃതസംബന്ധങ്ങളോട കലൎന്നിരിക്കും.

ചൊ- അലുപ്തസമാസം എങ്ങനെ

ഉത്തരം- ശങ്കരൻനായക്ക കൃഷ്ണനാട്ടംചെ
രമാൻ പെരുമാളിടെ രാജ്യം ഇത ഒരുപദം
ആകകൊണ്ട സമാസമാകുന്നു ഇതിൻ- അ
ൻ- പ്രഥമക്ക ലൊപം ഇല്ലായ്കകൊണ്ട അ
ലുപ്തസമാസം- കൊളംകൊരി- മരം- കെറി-
ആയുധപ്പെട്ടി- ഇവിടെ ദ്വിതീയക്കലൊപം
ഇല്ലാ- ഇത്യാദിസംസ്കൃതത്തിൽ വനെചരൻ
കണ്ഠെകാളൻ- പശ്യതൊഹൊരൻ- ഇത്യാ
ദി ഇതിന്മണ്ണും- ബലാല്ക്കാരം- മൂത്രമൊഴിവ
ഇത്യാദി-

ചൊ- ലുപ്തം എത്രവിധം

ഉ- അവ്യയീഭാവം- തൽപുരുഷൻ- ബ
ഹുവ്രീഹി- ദ്വന്ദ്വം- ഉപമിതം- ക്രിയാസമാ
സം ഇങ്ങനെ ആറുവിധമാകുന്നു- വിസ്താര
ത്തുങ്കൽ ഇരുപത്തെട്ടുവിധമൊ അധികമൊ
പറയാം ഇവിടെ ചുരുക്കിപറയുന്നു- അവ്യയി
ഭാവമെന്ന അവ്യയങ്ങൾ കൂടി സമാസിക്ക
കൊണ്ട അവ്യയമായി ഭവിക്കുന്നതാണ-

ഉദാ- കണ്ടെങ്കിൽ- കെട്ടിട്ട- ഇവിടെക
ണ്ട- കെട്ടഎന്നശബ്ദം എങ്കിൽ ഇട്ടന്ന അവ്യ
യത്തൊട സമാസിച്ച അവ്യയമാകുന്നു- ശെ
ഷത്തിനും സമാസം ഇതുപൊലെ ഊഹിക്ക
ണം അവ്യയം ചിലതിൽ മുൻപിലും ചിലത
പിന്നിലും വരും- മുമ്പിൽഎന്നതിൽഎന്നിട്ട് പി
ന്നിൽ കൊടുക്കല്ലാ ഇത്യാദി സംസ്കൃതസംബ
ന്ധങ്ങൾ പ്രത്യക്ഷം- ഉപഗ്രാമം- ആസക

ലം- ഇത്യാദി അവ്യയീഭാവം തന്നെ തൽപു രുഷൻ എന്നാൽ പ്രഥമാദി സപ്തവിഭക്ത്യന്ത പദങ്ങൾ സമാസിച്ചതാകുന്നു- പ്രഥമാന്തം വിശെഷണമായി ചെരും-

ഉദാ- കൃഷ്ണസ്വാമി ഇവിടെ കൃഷ്ണ എന്ന പ്രഥമ സ്വാമിയുടെ വിശെഷണം- ഇതിന്മ ണ്ണം- വിഷ്ണുനംപൂരി-രാമപട്ടര-ശംകുനായര- വെള്ളപട്ട്- മെടമാസം- തെക്കമരം- ഇത്യാ ദി വിഗ്രഹങ്ങൾ, കൃഷ്ണനാകുന്നസ്വാമിവെ ള്ളയായിരിക്കുന്ന പട്ട്- തെക്കാകുന്നമരം- ഇ ങ്ങനെ ചെച്ചപൊലെവിശെഷിപ്പിക്കാം വി ഗ്രഹം എന്നാൽ സമാസത്തിന്റെ അൎത്ഥം പറയാനായി വെറിട്ടുപറയുന്ന വാക്യ ആ കുന്നു സംസ്കൃതത്തിൽ നീലൊല്പലം, കൃഷ്ണസ ൎപ്പം, സുന്ദരപുരുഷൻ ഇത്യാദി ദ്വിതീയയായ മാസം കണ്ണട, കണ്ണിനെ അടക്കുന്നതെന്ന വിഗ്രഹം, ഗുരുദ്രൊഹി- രാജദ്വെഷി- മരം കെറി- കൊളംകൊരി- ഇത്യാദി- ഗുരുവിനെ ദ്രൊഹിക്കുന്നവൻ-മരത്തെകെറുന്നവൻഎന്ന വിഗ്രഹം, അന്ത്യം, രണ്ടും, അലപ്തം, സംസ്കൃതം- കൃഷ്ണശ്രിതഃഗ്രാമഗമീ- ഇത്യാദി തൃതീയാസ മാസം- രാജദത്തം, രാജാവിനാൽ ദത്തംചെ യ്യപ്പെട്ടത ഗുരുപ്രൊക്തം ദൈവകൃതം- ഇത സംസ്കൃതത്തെ അനുസരിച്ചുള്ളത പൊൻകി ണ്ണം- പൊന്നുകൊണ്ടുകിണ്ണം എന്നവിഗ്രഹം- വടിതല്ല- പല്ലുപായ- രെംട്ടിപ്പെട്ടി- ചെന കറി- ഇത്യാദിവിഗ്രഹംസ്പഷ്ടം- ആറുവഴി- ആററിലൂടെ വഴിയന്നൎത്ഥം - വനമാൎഗ്ഗം - ജ ലയാത്രാ- ചതുൎത്ഥി- കച്ചൊടപ്പുര- കച്ചൊട

ത്തിനായിക്കൊണ്ടുള്ളപുര എന്നവിഗ്രഹം- മാ
ലപ്പൂവ-മാലക്കായിക്കൊണ്ടു-വള്ളത്തടി- മറ
കുട-മറക്കാനായിക്കൊണ്ടുള്ളകൊട എന്നൎത്ഥം
സംസ്കൃതം, യൂപദാരും, കടകം സ്വൎണ്ണം, ഇത്യാ
ദി- പഞ്ചമി- ഇതമിക്കത്തും സംസ്കൃതപാദങ്ങൾ
കുതന്നെഗ്രാമാഗതൻ-രാജ്യഭ്രഷ്ടൻഇത്യാദി
ക്ഷീരാധികംജലം- ക്ഷീരത്തെക്കാൾ അധിക
മെന്നൎത്ഥം- ജ്ഞാനാധികംഗൎവ്വം, ധനാധികം,
ദാനം- ഇത്യാദിധ നകലഹം-ധനംഹെതുവാ
യിട്ടുകലഹമെന്നൎത്ഥം മദ്യമത്തൻഭാഗ്യസുഖം
വിദ്യാഗൎവ്വം- ഇത്യാദി- മദ്യംഹെതുവായിട്ടു-
ഭാഗ്യംഹെതുവായിട്ടു- വിദ്യഹെതുവായിട്ടുന്ന
ൎത്ഥം- ഷഷ്ഠി-തെക്കുകമ്പ-മുല്ലപ്പൂവ-കൈവിര
ൽ-തെക്കിന്റെകമ്പന്ന വിഗ്രഹം ഇതിന്മണ്ണം
മുല്ലയുടെകയ്യിന്റെ എന്നഊഹിക്കണം-മന്ത്രി
പുത്രൻ-കൊളക്കടവ-ബ്രഹ്മസ്വം,ദെവസ്വം
ഇത്യാദി കൎത്തൃഷഷ്ഠി- ബ്രാഹ്മണഭൊജനം-
ബ്രാഹ്മണരുടെഭക്ഷണംഎന്നാൽ ബ്രാഹ്മണ
ർഭക്ഷിക്ക എന്നൎത്ഥം വെള്ളപൊക്കം വെള്ളം
പൊങ്ങുകഎന്നൎത്ഥം ഇതിന്മണ്ണം ആനനടാ-
കുതിരയൊട്ടം - ഇവിടെ ആനയുടെ നട
പ്പെന്നും കുതിരയുടെ നടപ്പെന്നുംഅൎത്ഥം- ക
ൎമ്മഷഷ്ഠി കഞ്ഞികുടി കഞ്ഞിയുടെകുടി എ
ന്നാൽ കഞ്ഞിയെ കുടിക്കുകഎന്നൎത്ഥം- ഇതി
ന്മണ്ണംപെണ്ണുകെട്ടു- പൂരക്കാഴ്ച- മരക്കച്ചവടം
ഇത്യാദി പെണ്ണിനെകെട്ടുക- പൂരത്തെകാണു
ക- മരങ്ങളെവില്ക്കുക എന്നതാല്പൎയ്യം-സംസ്കൃ
തം-ശത്രുവധം- അന്നഭക്ഷണം-ഗുരുവന്ദനം-
മുഖനിന്ദാ- ഇത്യാദിസപ്തമി- കടൽവെള്ളം-

കടലിലെ വെള്ളമെന്നു വിഗ്രഹം ആറാമ
ണ്ണു്- കാട്ടുതീയ- നാട്ടാനാ ഇത്യാദി- ശക്കര
ക്കൊതിയൻ എന്നുള്ളടത്ത ഉദ്ദെശ സപ്തമീ
സമാസമാകുന്നു- ഇവിടെ ശക്കരയിൽ ഉദ്ദെ
ശിച്ചകൊതിയൻ എന്നൎത്ഥം സംസ്കൃതം- രാ
ജശ്രെഷ്ഠൻ- രാജാക്കന്മാരിൽ വച്ചുന്നവിഗ്ര
ഹം- വിദ്യാഭിലാഷം- അനന്തശയനം- ധൂൎത്ത
മുഖ്യൻ - ഗ്രഹനിവാസം- ദെശസഞ്ചാരം-
ഇത്യാദി- മദ്ധ്യമപദ ലൊപത്തൊട കൂടി-
ഉള്ളതും ഇവിടെതൽ പുരുഷ ഭെദമാക്കിചെ
ക്കുന്നു മദ്ധ്യത്തിൽഒരുപദം ലൊപിച്ചുവരു
ന്നുസമാസമെന്നൎത്ഥം-

ഉദാ- മഞ്ഞുതൊപ്പി- മഞ്ഞുതടുക്കുന്നതൊ
പ്പിഎന്നൎത്ഥം- വെണ്ണക്കൃഷ്ണൻ- വെണ്ണപ്രിയ
നായകൃഷ്ണൻഎന്നൎത്ഥം ഇരുപത്തൊന്നു ഇരു
പതിൽഅധികം ഒന്നെന്നൎത്ഥം ഇരുപതൊട
കൂടെഒന്നെന്നുമാം അൎത്ഥംസമംതന്നെ ഇതി
നണ്ണും നൂറെറട്ടുമുതലായതും അറിയണം ഇ
വിടെ മദ്ധ്യത്തിംകലുള്ള അധിക ശബ്ദത്തി
നൊ കൂടെഎന്നുള്ള ശബ്ദത്തിനൊ ലൊപം
വരുന്നു- ആയിരത്തിഅഞ്ഞൂററിപതിനഞ്ചു-ഇ
വിടയുംപ്രത്യെകം അധികശബ്ദം ചെൎത്തുവി
ഗ്രഹിക്കണം സംസ്കൃതത്തിൽ ശാകപ്രിയനാ
യിരിക്കുന്നപാൎത്ഥിവൻ ശാകപാൎത്ഥിവൻ ഇ
ത്യാദിരണ്ടിൽ അധികവുംശബ്ദങ്ങൾ കൂട്ടിസ
മാസിക്കാം വെള്ളപ്പട്ടുവിലാ വെള്ളയായിരി
ക്കുന്ന പട്ടിന്റെ വിലാഎന്നവിഗ്രഹം ആന
ക്കൊമ്പു തകട്ടുവെലക്കൂലി ആനയുടെകൊമ്പി
ന്റെ തകടിലെ വെലയുടെക്കൂലിഎന്നു വി

ഗ്രഹം-ബ്രാഹ്മണ- ക്ഷത്രിയ-വൈശ്യ- ശൂദ്ര ന്മാർ- ഇല്ലാത്തത- അല്ലാത്തത- ഒഴിച്ചു- വി രുദ്ധം- ഒരംനാലുഅൎത്ഥങ്ങളംകളെ അകാരംപ ദങ്ങളൊടസമാസിക്കം- ഇതസംസ്കൃത രീതി യെംകിലും ഭാഷയിൽ സാധാരണം തന്നെ

ഉദാ- അശെഷം ശെഷമില്ലാത്തത- അ ക്ഷയം ക്ഷയമില്ലാത്തത- അസാദ്ധ്യംസാദ്ധ്യ മല്ലാത്തത- അയൊഗ്യം യൊഗ്യമല്ലാത്തത- അബ്രാഹ്മണക്ക ഗൊദാനമില്ലാ- ബ്രാഹ്മണ രെ ഒഴിച്ചുള്ളവക്കന്നൎത്ഥം - അവിഷ്ണുരാജാവ കയില്ല-വിഷ്ണുവിനെ ഒഴിച്ചുള്ളവർഎന്നൎത്ഥം- അസുരൻ- ദെവവിരുദ്ധൻ- എന്നൎത്ഥം- അ നൎത്ഥം- അൎത്ഥവിരുദ്ധമെന്നൎത്ഥം- സ്വരാദിശ ബ്ദം പരമായാൽ അകാത്തിന- ന - അന്ത്യാ ഗമംവരുന്നു- അനക്ഷരം അനാവശ്യം- അ നിച്ശ- അനീശ്വരൻ-അനുചിതം- അനുഹം- അനൌചിത്യമിത്യാദി- സംസ്കൃതത്തിൽ ന ഞ്- സമാസമെന്നപറയും-

## ബഹുവ്രീഹി

നെൽക്കൂട്ടംപൊലെ - പല അവയവങ്ങ ളെക്കൊണ്ട പ്രധാനപ്പെട്ട ഒന്നെന്നൎത്ഥം ഇ തസംസ്കൃത സംബന്ധത്തിൽതന്നെ അധികം പ്രയൊഗിക്കുന്നു- ഇതിനുകൂടിയവൻ എന്ന വിശെഷ്യത്തൊട സംബന്ധം വരും-

ഉദാ- സൽബുദ്ധിയായബാലൻ- നല്ലബു ദ്ധിയൊടകൂടിയവൻ എന്നൎത്ഥം ദുഷ്ടബുദ്ധി- ദുൎബ്ബുദ്ധി- ചൊരൻ-ദുഷ്ടയായിരിക്കുന്നബുദ്ധി യൊടകൂടിയവൻ എന്നവിഗ്രഹംഇതിന്മസ്റ്റം

കലഹപ്രിയൻ ഇവിടെ കലഹത്തുംകൽ പ്രിയയമുള്ളവനെന്നസപ്തമീസമാസവുംആവാം ചപലശീലൻ ഇത്യാദി അധിക പദങ്ങളും ചെൎക്കാം ബഹു ചപലശീലൻ- വളരെചപലമായിരിക്കുന്ന ശീലത്തൊടു കൂടിയവൻഎന്നു വിഗ്രഹം

## ദ്വന്ദ്വസമാസം

രണ്ടൊ അധികമൊ പദങ്ങൾ സമപ്രധാനങ്ങളാക്കിട്ടു ചെൎക്കുന്നതെന്നൎത്ഥം

ഉദാ- പൊൻ വെള്ളികൾ പൊന്നുംവെള്ളിയുംഎന്നവിഗ്രഹം- ജ്യേഷ്ഠാനുജന്മാർജ്യെഷ്ഠനുംഅനുജനും- എന്നൎത്ഥം- പുണ്യപാപങ്ങൾധൎമ്മാൎത്ഥ കാമങ്ങൾ- രാമലക്ഷ്മണഭരതശത്രുഘ്നന്മാർ പൎവ്വതിയപ്പെട്ടജൊ വാസ്ഥാകാശങ്ങൾ- സന്ധിവിഗ്രഹ യാനാസന ദ്വൈധീഭാവസമാശ്രയങ്ങൾ രസാസൃങ്മാംസമെദൊസ്ഥിമജ്ജശുക്ലങ്ങൾ ഇത്യാദി- സന്ദെഹാൎത്ഥസമാസത്തിൽ സംഖ്യകളെയും ദ്വന്ദ്വനിൽ ചെൎക്കുന്നു- ആറെഴു വഴിപൊക്കർ- ആറൊ- ഏഴൊ- എന്നൎത്ഥം ഇതിന്മണ്ണും പത്തുപതിനഞ്ചു മുപ്പതു നാല്പതു ഇത്യാദി സംസ്കൃതത്തിൽ ദ്വിത്രന്മാർപഞ്ചഷന്മാർ ഇത്യാദിക്കസമാസനാമം- വെറെയാണ- അൎത്ഥം- രണ്ടൊ- മൂന്നൊ- ദ്വി- ത്ര- എന്നുതന്നെആകുന്നു-

## ഉപമിതസമാസം

ഉപമാനത്തെ പറയുന്നശബ്ദംചെരുന്നസമാസമെന്നൎത്ഥം ഇതിൽസദൃശപദം പൂൎവ്വമാ

യിട്ടും ഉത്തരമായിട്ടുംവരും തെന്മൊഴി തെൻപൊലെ ഉള്ളവാക്കഎന്നവിഗ്രഹം - കരിനിറം - തംകനിറം - പന്നിത്തടിയൻ - സിംഹപരാക്രമൻ- ഗജമത്തൻ- ഇത്രക്കും ഉപമാനംപൂൎവ്വം രാജസിംഹം - ഇവടെ ഉപമാനം ഉത്തരം

൨ - മൃഗാക്ഷിഇത്യാദികളിൽമൃഗത്തിന്റെ അക്ഷിപൊലെ ഉള്ള അക്ഷിയൊടുകൂടിയവൾഎന്ന ബഹുവ്രീഹിഅനുസരിച്ചുള്ള വിഗ്രഹംവെണം ഇതുബഹുവ്രീഹി കലൎന്നിട്ടുള്ളഉപമിതസമാസമാകുന്നു - തെന്മൊഴി എന്നുള്ളടത്തും സ്ത്രീഎന്നവിശെഷ്യംകല്പിക്കപ്പെട്ടാൽ തെൻ പൊലെയുള്ളമൊഴിയൊടുകൂടിയവൾ എന്നുവിഗ്രഹിക്കണം

## ക്രിയാസമാസം

ക്രിയകളൊടുകൂടി ചെൎക്കുന്നതെന്നൎത്ഥം ഉപസൎഗ്ഗങ്ങൾക്ക ക്രിയാസമാസംതന്നെ പ്ര- പ്രസവിക്കുന്നു- പര - പരാക്രമം - അപ - അപമാനിക്കുന്നു - സംമാനിക്കുന്നു - അനുസരിക്കുന്നു - പരിഭവിക്കുന്നു - അതിക്രമിക്കുന്നു - ഉത്സാഹിക്കുന്നു - ഇത്യാദി അതിലും രണ്ടു മൂന്നു ചെൎക്കാം - പരി - ആ - പൎയ്യാലൊചിക്കുന്നു- വി- സം- വിസമ്മതം- വി- പരി - ആ-വിപൎയ്യാസം - ഇത്യാദി - മരംകെറി- ഇതുംക്രിയാസമാസം തന്നെമരത്തെകെറി ശീലമുള്ളവനെന്നൎത്ഥം - കൊളംകൊരി_വാതംകൊല്ലി - ഇത്യാദി ഇവ അല്ല

പ്തസമാസങ്ങളാകുന്നു - ധാതുക്കളുടെമെൽ ഭാവി നിഷെധമായിട്ട അ - എന്ന പ്രത്യയംവരും - ഇതക വനത്തിൽ തന്നെ അധികമായി പ്രയൊഗം - ഉദാ - മരി. വരാ- വരികയില്ലെന്നൎത്ഥം - ഇതിന്നമണ്ണും കൊല്ലാകൊല കെട്ടാകെട്ടനെടാ പൊന്നു വാടാപൂവ - ഇത്യാദിപ്രാണഹാനി ചെയ്യാതെകൊന്നഫലംവരുത്തുക - കയറുകൂടാതെകെട്ടിയ ഫലംവരുത്തുക ഇത്യാദി അൎത്ഥമാകുന്നു -

അവ് - പൊവ് രണ്ടധാതുക്കൾ പലവിധത്തിലുള്ള നാമക്രിയാപദങ്ങളുടെ മെൽചെൎക്കാം രണ്ടിന്നും ഭൂതത്തുംകൽ വകാരത്തിന്നയകാരാദെശം വരണം വൎത്തമാനത്തുംകലും ഭവിഷ്യത്തുംകലും കാദെശവും വരാം -

ഉദാ- നാമത്തിന്നു പൂൎവ്വായി- കായായി വിദ്വാനായി ക്രിയ- നന്നായി നന്നാകുന്നു നന്നാവുന്നു- വന്നുപൊകുന്നു - വന്നു പൊയി വന്നുപൊകുന്നു വന്നുപൊവുന്നു വന്നു പൊകും - വന്നുപൊവും നന്നാകും- നന്നാവും- ഇത്യാദി-

ഒരുപദത്തിന്റെ മുമ്പിൽസമാസിച്ചുചെൎത്തപ്രയൊഗിക്കുന്ന പദങ്ങളെ ഉപപദങ്ങൾ എന്നുപറയുന്നു -

ഉദാ - പെരുത്തവെള്ളംപെരുവെള്ളം മുത്തുക്കൻകാള-മുതുകാള-പത്തൻചരക്ക് പതു

ച്ചരക്ക്-ചെറുതായപയറു-ചെറുപയറു-വെറുതെവാക്ക് വെറുവാക്ക് - ചിലടത്തആദെശവുംവരും-

ഉദാ - മറെറക്കൂട്ടം- മറുക്കൂട്ടം- മറുകക്ഷി മറുപിള്ള- വാമൊഴി- കാകറിഇത്യാദി- ഉപപദസമാസത്തിൽ ഉപപദാന്ത്യ വൎണ്ണങ്ങൾക്കു ചിലതിനലൊപവും ചിലതിനവ്യത്യാസവും- വരുന്നു- സംസ്കൃതത്തിൽ കുംഭകാരൻ ഗ്രാമരക്ഷി മാലാകാരൻ കടകാരൻ ഇത്യാദി ഇതിസമാസകാണ്ഡം

—o—

# കെരളഭാഷാ വ്യാകരണം

## ഉത്തരഭാഗം

### ധാതുകാണ്ഡം

ചൊ- ധാതുക്കൾഎന്നാൽ എന്താകുന്നു-
ഉ- ക്രിയകളെ പറയുന്ന പദങ്ങളുടെപ്രധാനാവയവമാകുന്നു- ധാതുക്കളിൽ അവയവങ്ങൾ ചെൎക്കുംപൊൾ പലവിധത്തിൽ നാമങ്ങളും അവ്യയങ്ങളും ക്രിയാപദങ്ങളും ഉണ്ടാവും- പറയുന്നധാതുക്കളെ സംബന്ധിച്ചിട്ടുള്ളക്കൂട്ടത്തെ ധാതുകാണ്ഡമെന്നു പറയുന്നു-

ചൊ- ക്രിയഎന്നാൽ എന്ത-
ഉ- കൎത്താവാക്കി കല്പിക്കപ്പെട്ട പദാൎത്ഥത്തിന്റെ ചെറിയവ്യാപാരങ്ങളുടെ കൂട്ടമാകുന്നു-

ഉദാ- ബാലൻപറയുന്നു- ഇവിടെകണ്ഠം- താലു- മുതലായസ്ഥാനങ്ങളിൽ നാക്കൊടുകൂടിപലവ്യാപാരവും പിന്നെശബ്ദത്തെ പ്രകാശിപ്പിക്കയും പിന്നെഅക്ഷരങ്ങളാക്കി പ്രയൊഗിക്കയും ഇങ്ങനെചെറിയ അനെകംവ്യാപാരങ്ങൾ കൂടി ഒന്നാക്കി സംകല്പിക്കുംപൊ

ൾ സംസാരിക്ക എന്ന ക്രിയയാകുന്നു - എ
ഴുതുന്നു- ഇവിടെ പെനഎടുക്കുക- മഷിയിൽ
മുക്കുക- മെൽകീഴായി വരയ്ക്കുക- മുതലായ
അംശക്രിയകൾ ഭവിക്കുന്നുഇതിനുമല്ലാതെ ഭക്ഷ
ണക്രിയയിൽ കൈകൊണ്ടചൊറ എടുക്കുക-
പൊക്കുക- നാക്കിൽവയ്ക്കുക ചവയ്ക്കുക- എറ
ക്കുകമുതലായ ക്രിയകളുടെക്കൂട്ടം എന്നൂഊ
ഹിക്കണം-

എന്നാൽ അവയവക്രിയകൾക്കും സൂക്ഷ്മാ
വയവക്രിയകൾഉണ്ട-

ഉദാ- ഭക്ഷണത്തിനു അവയവമായി എടു
ക്കുക എന്ന ക്രിയയ്ക്കു കൈതാത്തി അന്നത്തി
ന്റെതാഴെ ആക്കുക കയ്യിൽഅടക്കുക- പൊ
ക്കുക എന്നക്രിയാ സമൂഹംസ്പഷ്ടംആകുന്നു- ക
ൎത്താവാക്കിസംകല്പിക്ക എന്നവാക്കുകൊണ്ട ഒ
രുക്രിയയിൽതന്നെവെറെഒന്നിനെയും കൎത്താ
വാക്കിസംകല്പിക്കാമെന്നൎത്ഥം-

ഉദാ- ബാലന്റെവാക്ക്- വിസ്താരമായി
പുറപ്പെടുന്നു-

അൎത്ഥം- ബാലൻ വിസ്താരമായി പറയു
ന്നുഎന്നതിന്ന സമംതന്നെ എംകിലും ഇവി
ടെകൎമ്മത്തിനു കൎത്തൃത്വംവാക്കിന കല്പിക്കപ്പെ
ടുന്നു- എന്നുഭെദമുണ്ട- കാരകങ്ങൾക്ക കൎത്തൃ
ത്വകൎമ്മത്വാദികളെ ഭംഗി അനുസരിച്ച
ഭെദപ്പെടുത്താമെന്നു മുൻപിലും പറഞ്ഞിട്ടു
ണ്ടല്ലൊ- ശബ്ദത്തിന്നും മനസ്സിനുംക്രിയസം
ഭവിക്കുന്നു ക്രിയക്ക-

ഉദാ- പാട്ടുനന്നാവുന്നു നാദംഷൾജത്തിൽ
പ്രവെശിക്ക- ഉച്ചത്തിൽപ്രവെശിക്ക പല

വിധം ആരൊഹണത്തെയും വിധിപൊലെ സുഖകരമായി അവരൊഹണത്തെയും ചെയ്യുന്നുഎന്നഅൎത്ഥം ഇങ്ങനെശബ്ദക്രിയവരും മനസ്സിന്ന-

ഉദാ- ശാസ്ത്രത്തെചിന്തിക്കുന്നു- ഇവിടെഗുരുപറഞ്ഞ വാക്യത്തിന്റെ സ്മരണം- അൎത്ഥസ്മരണം- വിരൊധസ്മരണം- പരിഹാരസ്മരണം- ശംകാസംഭവം- നിശ്ചയം- ഇത്യാദിമനൊവ്യാപാരസമൂഹക്രമമാകുന്നു- ക്രിയകൾ സകൎമ്മകങ്ങൾഎന്നും അകൎമ്മകങ്ങളെന്നുംരണ്ടവിധംഉണ്ട കൎമ്മംചെരുന്നത സകൎമ്മകം- കൎമ്മംചെരാത്തത അകൎമ്മകം എന്നഭെദം-

ഉദാ- ബാലൻഭക്ഷിക്കുന്നു-ഇവിടെ എന്തിനെഎന്ന ആകാംക്ഷിച്ചാൽ അന്നത്തെഎന്ന കൎമ്മംചെരും ഇതിന്മണ്ണം ശാസ്ത്രത്തെ പഠിക്കുന്നു- ജ്ഞാനത്തെ വൎദ്ധിപ്പിക്കുന്നു- അകൎമ്മകത്തിന്ന- ഉദാ- ഗുണം- വളരുന്നു- വിദ്യപ്രകാശിക്കുന്നു- ശൊഭിക്കുന്നു- കീൎത്തിതെളിയുന്നു- ഇത്യാദി- ചൊ- ആകാംക്ഷ എന്നാൽ എന്ത- ഉ- ഒരുപദംപ്രയൊഗിക്കുംപൊൾ അതിനെസംബന്ധിച്ച ചെൎക്കെണ്ടപദം കെൾക്കാനുള്ള ഇച്ശയാകുന്നു- ഭക്ഷിക്കുന്നു എന്നുകെൾക്കുംപൊൾ ആരെന്നകൎത്താവിനെയും- എന്തിനെഎന്നകൎമ്മത്തെയും ചെൎക്കാവുന്നതാകകൊണ്ട അതുകളെഅറിവാനിച്ശാ- ആകാംക്ഷയാകുന്നു- ഇതിന്മണ്ണംപുത്രൻ എന്നുപറയുംപൊൾ ആരുടെഎന്ന ആകാംക്ഷിക്കുന്നു- കൊടുത്തുഎന്നുപറയുംപൊൾ ആൎക്കായിക്കൊ

ണ്ട- ഇത്യാദിവാക്യത്തെ തികയ്ക്കുന്നതിനുള്ള ഇച്ശഎന്നതാല്പൎയ്യാൎത്ഥം- എന്നാൽ സകൎമ്മക ത്തിന്ന പ്രസിദ്ധികൊണ്ടൊ പ്രകൃതംകൊ ണ്ടൊ- കൎമ്മംസ്പഷ്ടമാവുന്നെടത്ത കൎമ്മംകൂടാ തെപ്രയൊഗിക്കാം- മെഘംവൎഷിക്കുന്നു- ജ ലത്തെ എന്ന പ്രസിദ്ധികൊണ്ട സ്പഷ്ടമാക കൊണ്ടഇവിടെ കൎമ്മാകാംക്ഷയില്ലാ- അരി ക്കച്ചവടക്കാരൻ വന്നു ഇവിടെ മെടിക്കാം ഇവിടെ പ്രകൃതം കൊണ്ട അരികൎമ്മമെന്ന സ്പഷ്ടമാവുന്നു- ഇതിന്മണ്ണം അന്ന്യങ്ങൾക്കും ആകാംക്ഷ കൂടാതെവരും വാളഎടുത്തു ഉടനെ വെട്ടി എയ്തുകൊണ്ടന്ന ആകാംക്ഷ ഭവിക്കു ന്നില്ലാ- ആശ്രയം കൊണ്ടൊ- ബലംകൊ ണ്ടൊ- അവസ്ഥകൊണ്ടൊ- അന്ന്യനെകൊ ണ്ട ചെയ്യിക്കുക പ്രെരണക്രിയയാകുന്നു പ്രെ രണ ക്രിയയാക്കിയാൽ അകൎമ്മകത്തിന്നും ക ൎമ്മംവരും-

ഉദാ- രാജാവസന്തൊഷിക്കുന്നുഎന്നടത്ത പ്രെരണയിംകൽ- കൎത്താവിന്നദ്വിതീയ വ ന്നരാജാവിനെ സന്തൊഷിപ്പിക്കുന്നു എന്നു വരും ഇവിടെആശ്രയ പ്രെരണം- ശത്രുവീഴ ന്നു- രാജാവശത്രുവിനെ വീഴിക്കുന്നു- ബാല ൻപഠിക്കുന്നു ഗുരുബാലനെ പഠിപ്പിക്കുന്നു- ഇവിടെബലപ്രെരണം സകൎമ്മകമെങ്കിൽ ക ൎത്താവിനകൊണ്ടന്ന തൃതീയവരും- ഭൃത്യൻമ രത്തെമുറിക്കുന്നു- സ്വാമിഭൃത്യനെക്കൊണ്ട മര ത്തെ മുറിപ്പിക്കുന്നു ബ്രാഹ്മണൻ അരിവയ്ക്കു ന്നുഅധികാരി ബ്രാഹ്മണനെകൊണ്ട അരിവ യ്പിക്കുന്നു ഇത്യാദിസംസ്കൃതത്തെ അനുസരി

ച്ചപശുവിനെ പാലിനെകറക്കുന്നു-പുത്രനെ ശാസ്ത്രത്തെ പഠിപ്പിക്കുന്നു വഴിപൊക്കനെ ഗൃഹത്തെ പ്രാപിപ്പിക്കുന്നു ഇത്യാദിദ്വികൎമ്മ വും ചിലധാതുക്കൾക്കവരും ഇങ്ങനെസക ൎമ്മാദിഭെദം വരുന്നു-ഇതദ്വിതീയാപ്രകരണ ത്തിൽ അല്പംപറഞ്ഞു എംകിലുംഇവിടെപ്രെ രണപ്രസംഗത്തുംകലും പറയെണ്ടിവന്നു-

ചൊ- ക്രിയക്കഎന്തെല്ലാം ഭെദമുണ്ട-

ഉ- ഭൂതം- ഭവിഷ്യത്ത് വൎത്തമാനം- ഇങ്ങ നെമൂന്നകാലംഭെദങ്ങൾനിമിത്തം ചില പ്രത്യ യങ്ങൾക്ക ഭെദംവരുന്നു-

ചൊ- ഭൂതംഎങ്ങിനെ-

ഉ- പ്രയൊഗിക്കുന്ന കാലത്തിന്ന മുമ്പെ നടന്ന ക്രിയഭൂതകാല ക്രിയയാകുന്നു-

ഉദാ- ബാലൻഭക്ഷിച്ചു ാരംപ്രയൊഗിച്ച കാലത്തിന്റ മുൻപിൽബാലന്റെ ഭക്ഷണ ക്രിയനടന്നുഎന്നൎത്ഥം- ഇവിടെ- ഉ- എന്ന പ്രത്യയവും- ഭൂതകാലത്തെ പറയുന്നു-

ചൊ- വൎത്തമാനം എങ്ങിനെ-

ഉ- ക്രിയാപദം പ്രയൊഗിക്കുമ്പൊൾ നട ക്കുന്നക്രിയാവൎത്തമാന കാലക്രിയയാകുന്നു-

ഉദാ- അച്ഛൻഭക്ഷിക്കുന്നു- പ്രയൊഗിച്ച കാലത്തിൽ ഭക്ഷണംനടക്കുന്നുഎന്നൎത്ഥം-ഇ വിടെ ഉന്നു എന്ന പ്രത്യയം വൎത്തമാനകാല ത്തെപറയുന്നു-

ചൊ- ഭവിഷ്യത്ത് എങ്ങനെ-

ഉ- ക്രിയാപദംപ്രയൊഗിച്ചതിന്റ മെൽ നടക്കെണ്ടതന്നൎത്ഥം.

ഉദാ- അമ്മഭക്ഷിക്കും അമ്മയുടെഭക്ഷണം പ്രയൊഗിച്ചതിന്നമെൽനടക്കൊണ്ടെന്നൎത്ഥം ഇവിടെ ഉംഎന്നുള്ളപ്രത്യയം ഭവിഷ്യൽകാലത്തെപറയുന്നു- ഭവിഷ്യത്തിനവിധി- അനുവാദം-ശാസനം-പ്രാൎത്ഥനംഇങ്ങനെനാലുവിധംഅൎത്ഥഭെദംവരും കൎത്താവിന്നഏകവചനമൊ-ബഹുവചനമൊ- പുല്ലിംഗമൊ- സ്ത്രീലിംഗമൊ- നപുംസകമൊ ചെന്നാലുംക്രിയ ഒരുപൊലെതന്നെ-

ഉദാ- പുത്രന്മാർ ഭക്ഷിച്ചു- പുത്രിഭക്ഷിച്ചു- പുത്രിമാർ ഭക്ഷിച്ചു- ഭക്ഷിക്കുന്നു- ഭക്ഷിക്കും- എന്നുതന്നെ എന്നാൽ യുഷ്മത്ത- കൎത്താവാകുംപൊൾ ഭവിഷ്യത്തിൽ അല്പം ഭെദപ്പെടുത്തിയും ആവാം-

ഉദാ- താൻ- വരു- പറയുന്നത കെൾക്ക- അടങ്ങിയിരിക്ക- ഇത്യാദികളിൽ ഭവിഷ്യദൎത്ഥഭെദമായ ശാസനത്തെപറയുന്നു-

നിങ്ങൾവരിൻ കെൾപ്പിൻ -ഇരിക്കിൻ-ഇത്യാദി- ബഹുവചനത്തിൽ മുൻപറഞ്ഞ അൎത്ഥത്തെ ഇൻപ്രത്യയവും പറയുന്നു- ർ- അ- ഉ- ൾ- അന്തങ്ങളായ ധാതുക്കളുടെ- ഇൻപ്രത്യയത്തിന്ന വാഗമവും വരും ഇങ്ങനെചില അല്പഭെദങ്ങളുംഉണ്ട- ഉ- തടയിൻ തടവിൻ- വിതറിൻ വിതറുവിൻ എന്നാൽ താൻവരണം നീവരണം- നിങ്ങൾവരണം- എന്നും പ്രയൊഗിക്കാം കവനത്തിൽ സ്ത്രീ-കൎത്താവായാൽവന്നാൾ-പുംബഹുവചനത്തിന വന്നാർ ഇങ്ങനെ അല്പം ഭെദംവരും-

ചൊ- ധാതുക്കളുടെ ഭൂതാദികളിൽ പ്രത്യയങ്ങൾ ഏതല്ലാം

ഉത്തരം- താഴെഎഴുതുന്നു-

ഭൂതകാലത്തിന- ഇ- ഉ-വൎത്തമാനത്തിന- ഉന്നു- ഭാവിക്കവിധിയിങ്കൽ-ഉം- അനുവാദത്തിങ്കൽ- ആം- ശാസനത്തിങ്കൽ- അണം- പ്രാൎത്ഥനയിങ്കൽഅണെ-എന്നനാലുവിധം- ഇങ്ങനെഏഴുസാമാന്യ പ്രത്യയങ്ങൾ വരണം- ഭൂതത്തിൽ- ചിലധാതുക്കൾക്ക പ്രത്യയത്തിന്ന- ന്- എന്നആദ്യാഗമം വരണംആധാതുക്കളെ- നഗണം- എന്നുപറയും ചിലതിനത്- ആഗമംവരണം- അവകളെത്ത ഗണമെന്നപറയും- ചിലതിന- ച്- ആഗമംവരണം- അതുകളെ ചഗണമെന്നപറയും- ചിലതിന- ഞ- ആഗമംവെണം അതുകളെഞ്ഞഗണമെന്നുംപറയും ആഗമംവരാത്ത- ഇപ്രത്യയാന്തങ്ങൾക്ക- ഇഗണമെന്നും ഉപ്രത്യയാന്തങ്ങൾക്ക ഉ-ഗണമെന്നുംപറയും- സ്വരാന്തങ്ങളായധാതുക്കൾക്ക വൎത്തമാനത്തിങ്കൽ ഉന്നപ്രത്യയത്തിനക്ക്- ആദ്യാഗമം വരണം- അ- ഉ- അന്തങ്ങൾക്ക ഭവിഷ്യത്തിലും നാലുപ്രത്യയങ്ങൾക്കും വരണം ഇപ്രത്യയങ്ങൾക്ക ഇകാരാന്തൊപരിയ്- ആദ്യാഗമവും- എകാരാന്തത്തിന്ന യ്- ആദെശവുംവെണം-

ഉദാഹരണങ്ങളെതാഴെകാണിക്കും- ഇങ്ങനെസാമാന്യ വിധിഭവിക്കുന്നു- വിശെഷവി

ധിയിൽഉള്ള ഭെദംഅവിടയവിടെ പറയുംവൎത്തമാനത്തിൽ നു- എന്ന വരുന്നെടത്ത ദ്വിത്വംകൂടാതെ- ണു- എന്നപ്രയൊഗം- അപ്രധാന പക്ഷാന്തരത്തിൽ സംഭവിക്കാം കടക്കുന്നു- കടക്കുണു- നിൽക്കുണു- ഇത്യാദി-

നു- വൎഗ്ഗത്തിനു ഉദാഹരണം
ചെക്കേണ്ട ക്രമം

ധാതുകട- ഉ പ്രത്യയം-ഭൂതത്തിൽ ചെക്കുന്നു- അഞ്ജാഗമംസന്ധിയിലെ-ദ്വിത്വം ചെക്കുംപൊൾ കടന്നുഎന്നുവരുന്നു- വൎത്തമാനാദികളിലുംഇതിന്മണ്ണും ചെക്കണം-

| അകാരാന്തധാതു | ഭൂതം | വർത്തമാനം | ഭാവി | |
|---|---|---|---|---|
| കട | കടന്നു | കടക്കുന്നു | കടക്കും - ക്കാം | അണം - അണെ |
| നിക | നികന്നു | നികക്കുന്നു | നികക്കും - ക്കാം | അണം - അണെ |
| നിര | നിരന്നു | നിരക്കുന്നു | നിരക്കും - ക്കാം | അണം - അണെ |
| കറ | കറന്നു | കറക്കുന്നു | കറക്കും - ക്കാം | അണം - അണെ |
| അള | അളന്നു | അളക്കുന്നു | അളക്കും - ക്കാം | അണം - അണെ |
| വിശ | വിശന്നു | വിശക്കുന്നു | വിശക്കും - ക്കാം | അണം - അണെ |
| പര | പരന്നു | പരക്കുന്നു | പരക്കും - ക്കാം | അണം - അണെ |
| നട | നടന്നു | നടക്കുന്നു | നടക്കും - ക്കാം | അണം - അണെ |
| എര | എരന്നു | എരക്കുന്നു | എരക്കും - ക്കാം | അണം - അണെ |
| മറ | മറന്നു | മറക്കുന്നു | മറക്കും - ക്കാം | അണം - അണെ |
| കിട | കിടന്നു | കിടക്കുന്നു | കിടക്കും - ക്കാം | അണം - അണെ |
| പിറ | പിറന്നു | പിറക്കുന്നു | പിറക്കും - ക്കാം | അണം - അണെ |
| പറ | പറന്നു | പറക്കുന്നു | പറക്കും - ക്കാം | അണം - അണെ |
| തുറ | തുറന്നു | തുറക്കുന്നു | തുറക്കും - ക്കാം | അണം - അണെ |

| ധാതു | ഭൂതം | വൎത്തമാനം | ഭാവി | |
|---|---|---|---|---|
| തുറ | തുറന്നു | തുറക്കുന്നു | തുറക്കും - ക്കാം | അണം - അണെ |

നീ തുറക്ക- നിങ്ങൾതുറപ്പിൻ- പകാരത്തിന്നു- സന്ധിദ്വിത്വം- ഇത്യാദി ഊഹിക്കണം

ചിലവ്യഞ്ജനാന്തധാതുക്കൾക്കു ന, ഗണത്തിൽ ഭൂതത്തിൽ അന്ത്യ വ്യഞ്ജന ലൊപംവരുന്നു- ന ഗണത്തിന്നു- ഉദാഹരണം-

| | | | | |
|---|---|---|---|---|
| വര് | വന്നു | വരുന്നു | വരും - രാം | അണം - അണെ |
| തര് | തന്നു | തരുന്നു | തരും - രാം | അണം - അണെ |
| കാല് | കാന്നു | കാലുന്നു | കാലും - ലാം | അണം - അണെ |
| വാല് | വാന്നു | വാലുന്നു | വാലും - ലാം | അണം - അണെ |
| നികല | നികന്നു | നികലുന്നു | നികലും - ലാം | അണം - അണെ |
| അകല് | അകന്നു | അകലുന്നു | അകലും - ലാം | അണം - അണെ |
| കമഴ് | കമന്നു | കമഴുന്നു | കമഴും - ഴാം | അണം - അണെ |

## അന്ത്യലോപംവരാത്ത ന- ഗണം

| ധാതു | ഭൂതം | വൎത്തമാനം | ഭാവി | |
|---|---|---|---|---|
| അടര് | അടൎന്നു | അടരുന്നു | അടരും - രാം | അണം - ണണെ |
| വടര് | വടൎന്നു | പടരുന്നു | പടരും - രാം | അണം - അണെ |
| വിടിര് | വിടിൎന്നു | വിടിരുന്നു | വിടിരും - രാം | അണം - അണെ |
| തുടര് | തുടൎന്നു | തുടരുന്നു | തുടരും - രാം | അണം - അണെ |
| തകര് | തകൎന്നു | തകരുന്നു | തകരും - രാം | അണം - അണെ |
| പകര് | പകൎന്നു | പകരുന്നു | പകരും - രാം | അണം - അണെ |
| കവര് | കവൎന്നു | കവരുന്നു | കവരും - രാം | അണം - അണെ |
| നിവര് | നിവൎന്നു | നിവരുന്നു | നിവരും - രാം | അണം - അണെ |
| മലര് | മലൎന്നു | മലരുന്നു | മലരും - രാം | അണം - അണെ |
| പുലര് | പുലൎന്നു | പുലരുന്നു | പുലരും - രാം | അണം - അണെ |
| വളര് | വളൎന്നു | വളരുന്നു | വളരും - രാം | അണം - അണെ |
| കിളര് | കിളൎന്നു | കിളരുന്നു | കിളരും - രാം | അണം - അണെ |
| തളര | തളൎന്നു | തളരുന്നു | തളരും - രാം | അണം - അണെ |

| ധാതു | ഭൂതം | വൎത്തമാനം | ഭാവി | |
|---|---|---|---|---|
| പിളര | പിളൎന്നു | പിളരുന്നു | പിളരും - രാം | അണം - അണെ |
| കുളിര | കുളിൎന്നു | കുളിരുന്നു | കുളിരും - രാം | അണം - അണെ |
| ഉണര | ഉണൎന്നു | ഉണരുന്നു | ഉണരും - രാം | അണം - അണെ |
| ചൊര | ചൊൎന്നു | ചൊരുന്നു | ചൊരും - രാം | അണം - അണെ |

ഇതിന്മണ്ണം ചെര - നുകര - കലര - ഇത്യാദി പ്രയൊഗിക്കാം
താൻചെരു- നിങ്ങൾചെരിൻ ഇത്യാദി

നഗണം- ഭൂതന്റെ പ്രത്യയത്തിന്ന -ണു- ആദെശം നിയമെന വരുന്നതിന
ഉദാഹരണം

| | | | | |
|---|---|---|---|---|
| വാഴ | വാണു | വാഴുന്നു | വാഴും - ഴാം | അണം - അണെ |
| വീഴ | വീണു | വീഴുന്നു | വീഴും - ഴാം | അണം - അണെ |
| കെഴ | കെണു | കെഴുന്നു | കെഴും - ഴാം | അണം - അണെ |

ഇത്യാദി എന്നാൽ ചിലത പക്ഷാന്തരത്തിലും വരും

| ധാതു | ഭൂതം | വൎത്തമാനം | ഭാവി | |
|---|---|---|---|---|
| താഴ | { താണു / താന്നു } | താഴുന്നു- | താഴും - ഴാം | അണം - അണെ |

ചുഗണം ഇതുകൾക്കു- ക് - ആഗമത്തിൽ യകാരാന്തം ചെന്നു യ്ക്കു എന്നു വരും അകാരാന്തം കുറയും

| | | | | |
|---|---|---|---|---|
| ചൊമ | ചൊമച്ചു | ചൊമയ്ക്കുന്നു | ചൊമയ്ക്കും - ക്കാം | അണം - അണെ |
| നര | നരച്ചു | നരയ്ക്കുന്നു | നരയ്ക്കും } | കളിച്ചു - കിളച്ചു |
| തിള | തിളച്ചു | തിളയ്ക്കുന്നു | തിളയ്ക്കും } | ഇത്യാദി |

ചുഗണം ഇകാരാന്തം തന്നെ അധികമാകുന്നു-

| | | | |
|---|---|---|---|
| തടി | തടിച്ചു | തടിക്കുന്നു | തടിക്കും |
| കളി | കളിച്ചു | കളിക്കുന്നു | കളിക്കും |
| കുളി | കുളിച്ചു | കുളിക്കുന്നു | കുളിക്കും |
| ഇളി | ഇളിച്ചു | ഇളിക്കുന്നു | ഇളിക്കും |
| തളി | തളിച്ചു | തളിക്കുന്നു | തളിക്കും |

## ചുഗണം

| | | | |
|---|---|---|---|
| വളി | വളിച്ചു | വളിക്കുന്നു | വളിക്കും |
| മെളി | മെളിച്ചു | മെളിയ്ക്കുന്നു | മെളിക്കും |
| മെടി | മെടിച്ചു | മെടിയ്ക്കുന്നു | മെടിക്കും |
| ചിറി | ചിറിച്ചു | ചിറിയ്ക്കുന്നു | ചിറിക്കും |
| പറി | പറിച്ചു | പറിയ്ക്കുന്നു | പറിക്കും |
| അരി | അരിച്ചു | അരിയ്ക്കുന്നു | അരിക്കും |
| ചതി | ചതിച്ചു | ചതിയ്ക്കുന്നു | ചതിക്കും |
| ഒലി | ഒലിച്ചു | ഒലിയ്ക്കുന്നു | ഒലിക്കും |
| കബളി | കബളിച്ചു | കബളിയ്ക്കുന്നു | കബളിക്കും |
| കടി | കടിച്ചു | കടിയ്ക്കുന്നു | കടിക്കും |
| വടി | വിടിച്ചു | വിടിയ്ക്കുന്നു | വിടിക്കും |

ഇകാരാന്തമല്ലാതെ ദ്ദ്വിത്വമായുള്ള തൊടച്ചു ഇത്യാദിയും ഭാഷയിൽ ചെൎക്കുന്ന സംസ്കൃതധാതുക്കൾ മിക്കതും ഇകാരാന്തമായിരിക്കുന്നതിനാൽ ചുഗണമാകുന്നു- ഉദാഹരണം-

| | | | |
|---|---|---|---|
| പഠി | പഠിച്ചു | പഠിക്കുന്നു | പഠിക്കും |

| ധാതു | ഭൂതം | വർത്തമാനം | ഭാവി |
|---|---|---|---|
| ഭവി | ഭവിച്ചു | ഭവിക്കുന്നു | ഭവിക്കും |
| വദ്ധി | വദ്ധിച്ചു | വദ്ധിക്കുന്നു | വദ്ധിക്കും |
| ഗമി | ഗമിച്ചു | ഗമിക്കുന്നു | ഗമിക്കും |
| ഗണി | ഗണിച്ചു | ഗണിക്കുന്നു | ഗണിക്കും |

ത്തുഗണം

ഇത പ്രായെണ ഉകാരാന്തത്തിന്നും ചിലത വ്യഞ്ജനാന്തത്തിലും വരുന്നു

| | | | |
|---|---|---|---|
| പകു | പകുത്തു | പകുക്കുന്നു | പകുക്കും - ക്കാം അണം - അണെ (പകുക്ക - പകുപ്പിൻ |
| പൂ | പൂത്തു | പൂക്കുന്നു | പൂക്കും |
| കൊടു | കൊടുത്തു | കൊടുക്കുന്നു | കൊടുക്കും |
| തൊടു | തൊടുത്തു | തൊടുക്കുന്നു | തൊടുക്കും |
| തടു | തടുത്തു | തടുക്കുന്നു | തടുക്കും |
| കടു | കടുത്തു | കടുക്കുന്നു | കടുക്കും |
| എടു | എടുത്തു | എടുക്കുന്നു | എടുക്കും |
| കുരു | കുരുത്തു | കുരുക്കുന്നു | കുരുക്കും |

| ധാതു | ഭൂതം | വൎത്തമാനം | ഭാവി |
| --- | --- | --- | --- |
| കിളു | കിളുത്തു | കിളുക്കുന്നു | കിളുക്കും |
| വെളു | വെളുത്തു | വെളുക്കുന്നു | വെളുക്കും |
| വെറു | വെറുത്തു | വെറുക്കുന്നു | വെറുക്കും |
| തെറു | തെറുത്തു | തെറുക്കുന്നു | തെറുക്കും |
| പൊറു | പൊറുത്തു | പൊറുക്കുന്നു | പൊറുക്കും |
| പഴു | പഴുത്തു | പഴുക്കുന്നു | പഴുക്കും |
| | | വ്യഞ്ജനാന്തത്തിനു | |
| പാര് | പാൎത്തു | പാൎക്കുന്നു | പാൎക്കും |
| ചെര് | ചെൎത്തു | ചെൎക്കുന്നു | ചെൎക്കും |
| | ചെൎക്കു | ചെൎപ്പിൻ | |
| തകര് | തകൎത്തു | തകൎക്കുന്നു | തകൎക്കും |
| വിശര് | വിശൎത്തു | വിശൎക്കുന്നു | വിശൎക്കും |
| ക്രൂര് | ക്രൂൎത്തു | ക്രൂൎക്കുന്നു | ക്രൂൎക്കും |
| നെര | നെൎത്തു | നെൎക്കുന്നു | നെൎക്കും |

ഉടുത്തു- മിനുത്തു- തണുത്തു- തിണ്ണത്തു- എതിത്തു- കൊഴുത്തു- ഇത്യാദി

ഞ്ഞഗണം

ഞ്ഞ- ഗണത്തിൽ അകാരാന്തവും ഇകാരാന്തവും ദുല്ലഭം- ഇതുകൾക്ക വത്ത മാനത്തിലും- ഭവിഷ്യത്തിലും- ക് ആഗമത്തിന്റെ സ്ഥാനത്ത് -അയ് - ആഗമം വെണമെന്നും ധാത്വന്തമായ എകാരംലൊപിക്കുമെന്നും ഭെദമുണ്ട- അയ് - അകാരം സംവൃതമാകുന്ന എകാരാന്തവും, ഇകാരാന്തവും അധികമായി കാണുന്നു- എകാരന്തം-

| ധാതു | ഭൂതം | വത്തമാനം | ഭാവി |
|---|---|---|---|
| | | | യാം- അണം - അണെ |
| പറെ | പറഞ്ഞു | പറയുന്നു | പറയും |
| മറെ | മറഞ്ഞു | മറയുന്നു | മറയും |
| കരെ | കരഞ്ഞു | കരയുന്നു | കരയും |
| തിരെ | തിരഞ്ഞു | തിരയുന്നു | തിരയും |
| ഇടെ | ഇടഞ്ഞു | ഇടയുന്നു | ഇടയും |
| തികെ | തികഞ്ഞു | തികയുന്നു | തികയും |
| തടെ | തടഞ്ഞു | തടയുന്നു | തടയും |

| ധാതു | ഭൂതം | വൎത്തമാനം | ഭാവി |
|---|---|---|---|
| മെടെ | മെടഞ്ഞു | മെടയുന്നു | മെടയും |
| വതെ | വതഞ്ഞു | വതയുന്നു | വതയും |
| ചതെ | ചതഞ്ഞു | ചതയുന്നു | ചതയും |
| അരെ | അരഞ്ഞു | അരയുന്നു | അരയും |
| നിറെ | നിറഞ്ഞു | നിറയുന്നു | നിറയും |

ഇതിന്മണ്ണം, കടെ, കളെ, വെളെ, ഇത്യാദി, എകാരാന്തങ്ങൾ പണിധാതു- തുഗണത്തിലും- അവാം പണിതു പണിഞ്ഞു

| | | | |
|---|---|---|---|
| പണി | പണിഞ്ഞു | പണിയുന്നു | പണിയും |
| വെടി | വെടിഞ്ഞു | വെടിയുന്നു | വെടിയും |
| അടി | അടിഞ്ഞു | അടിയുന്നു | അടിയും |
| അറി | അറിഞ്ഞു | അറിയുന്നു | അറിയും. യാം അണം അണെ |
| എറി | എറിഞ്ഞു | എറിയുന്നു | എറിയും |
| പറി | പറിഞ്ഞു | പറിയുന്നു | പറിയും |
| മറി | മറിഞ്ഞു | മറിയുന്നു | മറിയും |

| ധാതു | ഭൂതം | വൎത്തമാനം | ഭാവി |
|---|---|---|---|
| കരി | കരിഞ്ഞു | കരിയുന്നു | കരിയും |
| അരി | അരിഞ്ഞു | അരിയുന്നു | അരിയും |
| ചരി | ചരിഞ്ഞു | ചരിയുന്നു | ചരിയും |
| എരി | എരിഞ്ഞു | എരിയുന്നു | എരിയും |
| പിരി | പിരിഞ്ഞു | പിരിയുന്നു | പിരിയും |
| വിരി | വിരിഞ്ഞു | വിരിയുന്നു | വിരിയും |
| അലി | അലിഞ്ഞു | അലിയുന്നു | അലിയും |
| വലി | വലിഞ്ഞു | വലിയുന്നു | വലിയും |
| മെലി | മെലിഞ്ഞു | മെലിയുന്നു | മെലിയും |
| അണി | അണിഞ്ഞു | അണിയുന്നു | അണിയും |
| അഴി | അഴിഞ്ഞു | അഴിയുന്നു | അഴിയും |
| കിഴി | കിഴിഞ്ഞു | കിഴിയുന്നു | കിഴിയും |
| അളി | അളിഞ്ഞു | അളിയുന്നു | അളിയും |
| പൊളി | പൊളിഞ്ഞു | പൊളിയുന്നു | പൊളിയും |
| തെളി | തെളിഞ്ഞു | തെളിയുന്നു | തെളിയും |

| ധാതു | ഭൂതം | വൎത്തമാനം | ഭാവി |
|---|---|---|---|
| പൊടി | പൊടിഞ്ഞു | പൊടിയുന്നു | പൊടിയും |
| | ഞൊറിഞ്ഞു | തൊലിഞ്ഞു | ഇങ്ങനെ |

ഇങ്ങനെ ഊഹിക്കണം

രണ്ടമാത്രയായുള്ള സ്വരത്തിന്മെൽ ഉള്ളയകാരം അന്തമായധാതു വെംകിൽ ആസ്വരത്തിന-ഞ്ഞു പ്രത്യയം മെൽവരുമ്പൊൾ- യകാരത്തിനലൊപം വരണം

ഉദാഹരണം

| | | | |
|---|---|---|---|
| തെയ് | തെഞ്ഞു | തെയുന്നു | തെയും |
| മെയ് | മെഞ്ഞു | മെയുന്നു | മെയും |
| പായ് | പാഞ്ഞു | പായുന്നു | പായും |
| കായ് | കാഞ്ഞു | കായുന്നു | കായും |
| മായ് | മാഞ്ഞു | മായുന്നു | മായും |

ഇത്യാദി

ഇഗണം ഇതിൽ വ്യഞ്ജനാന്ത ധാതുക്കൾ തന്നെ

| | | | |
|---|---|---|---|
| നൾക | നൾകി | നൾകുന്നു | നൾകും കാം- അണം- അണ്ണെ |
| തൂക | തൂകി | തൂകുന്നു | തൂകും } ഇതപകാരാന്തവും ആവാം |
| പാക | പാകി | പാകുന്നു | പാകും } വും, ആദ്യാം രൂപിക്കുന്നു |

| ധാതു | ഭൂതം | വൎത്തമാനം | ഭാവി |
| --- | --- | --- | --- |
| വൈക | വൈകി | വൈകുന്നു | വൈകും |
| നൊക്ക് | നൊക്കി. | നൊക്കുന്നു | നൊക്കും |
| ഏങ്ങ് | ഏങ്ങി | ഏങ്ങുന്നു | ഏങ്ങും |
| വാങ്ങ | വാങ്ങി | വാങ്ങുന്നു | വാങ്ങും |
| പരുങ്ങ് | വരുങ്ങി | പരുങ്ങുന്നു | പരുങ്ങും |
| വണങ്ങ് | വണങ്ങി | വണങ്ങുന്നു | വണങ്ങും |
| പെണങ്ങ് | പെണങ്ങി | പെണങ്ങുന്നു | പെണങ്ങും |
| എണങ്ങ | ഏണങ്ങി | എണങ്ങുന്നു | എണങ്ങും |
| തൂങ്ങ് | തൂങ്ങി | തൂങ്ങുന്നു | തൂങ്ങും |
| ഞെടുങ്ങ് | ഞെടുങ്ങി | ഞെടുങ്ങുന്നു | ഞെടുങ്ങും |
| എറങ്ങ് | എറങ്ങി | എറങ്ങുന്നു | എറങ്ങും |
| വിളങ്ങ് | വിളങ്ങി | വിളങ്ങുന്ന | വിളങ്ങും |
| റാഞ്ച് | റാഞ്ചി | റാഞ്ചുന്നു | റാഞ്ചും |
| കൊഞ്ഞ് | കൊഞ്ഞി | കൊഞ്ഞുന്നു | കൊഞ്ഞും |
| ആട് | ആടി | ആടുന്നു | ആടും |

| ധാതു | ഭൂതം | വൎത്തമാനം | ഭാവി |
|---|---|---|---|
| ഓട് | ഓടി | ഓടുന്നു | ഓടും |
| ഞൊട് | ഞൊടി | ഞൊട്ടുന്നു | ഞൊട്ടും |
| തെട് | തെടി | തെടുന്നു | തെടും |
| ചാട് | ചാടി | ചാടുന്നു | ചാടും |
| പാട് | പാടി | പാടുന്നു | പാടും |
| മാട് | മാടി | മാടുന്നു | മാടും |
| മൂട് | മൂടി | മൂടുന്നു | മൂടും |
| കെട്ട് | കെട്ടി | കെട്ടുന്നു | കെട്ടും |
| കിട്ട് | കിട്ടി | കിട്ടുന്നു | കിട്ടും |
| ഞെട്ട് | ഞെട്ടി | ഞെട്ടുന്നു | ഞെട്ടും |
| തട്ട് | തട്ടി | തട്ടുന്നു | തട്ടും |
| പൂട്ട് | പൂട്ടി | പൂട്ടുന്നു | പൂട്ടും |
| വെട്ട് | വെട്ടി | വെട്ടുന്നു | വെട്ടും |
| കുത്ത് | കുത്തി | കുത്തുന്നു | കുത്തും |
| ചെത്ത് | ചെത്തി | ചെത്തുന്നു | ചെത്തും |

| | | | |
|---|---|---|---|
| കൊത്ത് | കൊത്തി | കൊത്തുന്നു | കൊത്തും |
| ഊന്ന് | ഊന്നി | ഊന്നുന്നു | ഊന്നും |
| തൊന്ന് | തൊന്നി | തൊന്നുന്നു | തൊന്നും |
| തുമ്മ് | തുമ്മി | തുമ്മുന്നു | തുമ്മും |
| | ഭൂതത്തിൽയാദെശം | | |
| പൊക് | പൊയി | പൊകുന്നു | പൊകും |
| തുപ്പ് | തുപ്പി | തുപ്പുന്നു | തുപ്പും |
| തപ്പ് | തപ്പി | തപ്പുന്നു | തപ്പും |
| ഒപ്പ് | ഒപ്പി | ഒപ്പുന്നു | ഒപ്പും |
| ആറ് | ആറി | ആറുന്നു | ആറും |
| ഏറ് | ഏറി | എറുന്നു | ഏറും |
| ഊറ് | ഊറി | ഊറുന്നു | ഊറും |
| പൊറ് | പൊറി | പൊറുന്നു | പൊറും |
| കയറ് | കയറി | കയറുന്നു | കയറും |
| പതറ് | പതറി | പതറുന്നു | പതറും |
| പെതറ് | വെതറി | വെതറുന്നു | ശെതറും |
| മാറ് | മാറി | മാറുന്നു | മാറും |

| ധാതു | ഭൂതം | വൎത്തമാനം | ഭാവി |
|---|---|---|---|
| പററ് | പററി | പററുന്നു | പററും |
| തെററ് | തെററി | തെറഴന്നു | തെററും |
| ചുണ്ട് | ചൂണ്ടി | ചൂണ്ടുന്ദ | ചൂണ്ടും |
| പൊങ്ങ് | പൊങ്ങി | പൊങ്ങുന്നു | പൊങ്ങും |
| ചുരുങ്ങ് | ചുരുങ്ങി | ചുരുങ്ങുന്നു | ചുരുങ്ങും |
| മാന്ത് | മാന്തി | മാന്തുന്നു | മാന്തും |
| ചീന്ത് | ചീന്തി | ചീന്തുന്നു | ചീന്തും |
| നീന്ത് | നീന്തി | നീന്തുന്നു | നീന്തും |
| തൊണ്ട് | തൊണ്ടി | തൊണ്ടുന്നു | തൊണ്ടും |
| അമ്പ് | അമ്പി | അമ്പുന്നു | അമ്പും |
| ക്രമ്പ് | ക്രമ്പി | ക്രമ്പുന്നു | ക്രമ്പും |
| വിളമ്പ് | വിളമ്പി | വിളമ്പുന്നു | വിളമ്പും |
| കലമ്പ് | കലമ്പി | കലമ്പുന്നു | കലമ്പും |

ഇതിന്മണ്ണും തിരുമ്മി-ഉരുമ്മി നുള്ളി-കിള്ളി-പാരികൊടി ചൂടി- പൂശിവാങ്ങി-
എറങ്ങി- കലങ്ങി ഇത്യാദി

## ഉഗണം

ഇതഅധികം ടകാരാന്തധാതുക്കൾക്കവരുന്ന ള-ല-റ- അന്തത്തിന്നംഉണ്ട- ഉ പ്രത്യയംമെൽവരുമ്പൊൾ അന്തമായ ടകാരത്തിന്നം റകാരത്തിന്നം ദ്വിത്വവും. ള് സ്ഥാനത്ത്, ണ്, ല എന്നതിന്ന -റ്റ- ആദെശവും വരണം

### ഉദാഹരണം

| ധാതു | ഭൂതം | വൎത്തമാനം | | ഭാവി | |
|---|---|---|---|---|---|
| ഇട് | ഇട്ടു | ഇടുന്നു | ഇടാം- | ഇടണം- | ഇടണെ |
| കെട് | കെട്ടു | കെടുന്നു | കെടും | | |
| തൊട് | തൊട്ടു | തൊടുന്നു | തൊടും | | |
| പെട് | പെട്ടു | പെടുന്നു | പെടും | | |
| ചുട്ട് | ചുട്ടു | ചുടുന്നു | ചുടും | | |
| നട് | നട്ടു | നടുന്നു | നടും | | |
| പട് | പട്ടു | പടുന്നു | പടും | | |
| വിട് | വിട്ടു | വിടുന്നു | വിടും | | |
| കേള് | കേട്ടു | കേൾക്കുക | കേൾക്കും | | |
| വേള് | വേട്ടു | വേൾക്കുക | വേൾക്കും | ഇത്യാധിയിൽ | |

അകാരാന്തത്തിന്മെൽ ഇരുന്നള- കാരത്തിന്ന ഭൂതത്തിൽ- ണ്ട-വരുന്നു

| ധാതു | ഭൂതം | വൎത്തമാനം | ഭാവി | |
|---|---|---|---|---|
| വരള | വരണ്ടു | വരളുന്നു | വരളും | |
| കരള | കരണ്ടു | കരളുന്നു | കരളും | |
| പെരള | പെരണ്ടു | വെളുന്നു | പെരളും | |
| ഇരുള | ഇരുണ്ടു | ഇരുളുന്നു | ഇരുളും | |
| തെരുള | തെരുണ്ടു | തെരുളുന്നു | തെരുളും | |

ഉഗണത്തിൽ ലാന്തത്തിന്ന-ക-ആഗമം വൎത്തമാനത്തിലും ഭാവിക്കും വെണം

| | | | | |
|---|---|---|---|---|
| തൊല | തൊററു | തൊല്ക്കുന്നു | തൊല്ക്കും | |
| ഏല | ഏററു | എൽക്കുന്നു | ഏല്ക്കും | |
| എഴനീല | എഴനീററു | എഴനീല്ക്കുന്നു | എഴനീല്ക്കും | ഇത്യാദി |
| വെറ | വെററു | വെറുന്നു | വെറും | |
| അറ | അററു | അറുന്നു | അറും | ഇത്യാദി |

ചെയ്യുന്നവനെക്കൊണ്ടുചെയ്യിക്കുക പ്രെരണമാകുന്ന അന്ന്യന്റെപ്രെരണം ഹെതുവായിട്ടുള്ള ക്രിയപ്രെരണക്രിയ എന്നു മുമ്പ പറഞ്ഞിട്ടുണ്ടല്ലൊ അനുവൎത്തനംകൊണ്ടും ബലംകൊണ്ടും ഹെതുമാത്രമായിട്ടും മൂന്നുവിധംപ്രെരണംവരാം- അനുവൎത്തനം മന്ത്രിരാജാവിനെക്കൊണ്ടകൊടുപ്പിച്ചു- ബലംഭൃത്യനെക്കൊണ്ട അടിപ്പിച്ചു ഹെതുമാത്രത്തിംകൽതണുപ്പ- സാലുകൊണ്ട പൊതപ്പിക്കുന്നു ഇങ്ങനെയുള്ള പ്രെരണത്തിംകൽ പറഞ്ഞ ധാതുക്കൾക്കു പ്രയൊഗത്തിംകൽ അല്പംഭെദം ഉള്ളു പറയുന്നു നഗണങ്ങൾക്കു പ്രായെണ- വി-എന്ന പ്രെരണപ്രത്യയം വരുന്നു- വി-പ്രത്യയം വന്നാൽ ഇകാരാന്തമാകകൊണ്ടു ചഗണമാകുന്നു വകാരത്തിന്നു സന്ധിദ്വിത്വവും വരണം

ഉദാഹരണം - നഗണം

കറന്നു- പ്രെരണത്തിൽ- കറപ്പിച്ചു- കറപ്പിക്കുന്നു- ചഗണം പൊലെ-

| | | | |
|---|---|---|---|
| വിശന്നു | പ്രെരണം | വിശപ്പിച്ചു | വിശപ്പിക്കുന്നു |
| ഉറന്നു | ഉറപ്പിച്ചു | ഉറപ്പിക്കുന്നു | |
| അളന്നു | അളപ്പിച്ചു | അളപ്പിക്കുന്നു | ഇത്യാദി |

ന- ഗണത്തിൽ ഉകാരാന്തമായും വ്യഞ്ജനാന്തമായും ഉള്ളധാതുക്കൾക്കും- താഴെപറയുംവണ്ണം വി- എന്നും ഇ- എന്നും പ്രെരണപ്രത്യയംഉണ്ട- പിന്നെ ഇ- കാരാന്തം പൊലെവരുന്നു-

ഉദാഹരണം- തരുന്നു- തരുവിക്കുന്നു- തരുവിക്കും- പകന്നു- പകരിച്ചു- പകരി

ക്കുന്നു- കവൎന്നു- കവരിച്ചു കവരിക്കുന്നു- കട-
കിട- മലർ- തകർ - ഇങ്ങിനെ ചിലതിൽ- ഇ
പ്രത്യയത്തിന്നു- ത് ആദ്യാഗമംകൂടി വരണം
ഉദാ- കടന്നു- കടത്തിച്ചു- കിടന്നു- കിട
ത്തിച്ചു- മലൎന്നു- മലൎത്തിച്ചു- തകൎന്നു- തകൎത്തി
ഇങ്ങിനെയുള്ള[illegible]സ്സു- പക്ഷാന്തരത്തിൽ ച-പ്ര
ത്യയംകൂടാതെയും- വരാം- കിടത്തി- മലൎത്തി
വിടൎത്തി- നിരത്തി- പരത്തി- ഇരുത്തി- ഇത്യാ
ദി- കൊല- കൊന്നു- കൊല്ലിച്ചു- ഇവിടെ-
ല- ദ്വിത്വംകൂടെ വെണം-

ചുഗണങ്ങൾക്കും തുഗണങ്ങൾക്കും പ്രെര
ണപ്രത്യയം- പി- എന്നതന്നെ വരണം- ദ്വി
ത്വം-

ഉദാ- പഠിച്ചു-പഠിപ്പിച്ചു-പഠിപ്പിക്കുന്നു-പ
ഠിപ്പിക്കും- ഇത്യാദി- തളിച്ചു- തളിപ്പിച്ചു-തളി
പ്പിക്കുന്നു- തളിപ്പിക്കും- തടിച്ചു- തടിപ്പിച്ചു-
തടിപ്പിക്കുന്നു- തടിപ്പിക്കും- ഗമിച്ചു- ഗമിപ്പി
ക്കുന്നു- വൎദ്ധിപ്പിക്കുന്നു- ചൊദിപ്പിച്ചു- പൊ
ഷിപ്പിച്ചു- സന്തൊഷിപ്പിച്ചു- ഇത്യാദി-

## തുഗണം

അടുത്തു- അടുപ്പിച്ചു- അടുപ്പിക്കുന്നു- അടു
പ്പിക്കും- ഇത്യാദി- തെറുത്തു- തെറുപ്പിച്ചു-ഇ
ത്യാദി- ഇതിന്മണ്ണും- ചെൎത്തു- ചെൎപ്പിച്ചു-ഓ
ൎത്തു- ഓൎപ്പിച്ചു- പാൎപ്പിച്ചു- മിനുത്തു- മിനുപ്പി
ച്ചു-

ഞുഗണത്തിന്ന യി പ്രത്യയംവരണം
പറഞ്ഞു- പറയിച്ചു- പറയിക്കുന്നു- പറയി
ക്കും- വലഞ്ഞു- വലയിച്ചു- കരഞ്ഞു- കരയി

ച്ചു- എടയിച്ചു- അയഞ്ഞു- അയയിച്ചു- ഇ
ത്യാദി- പക്ഷാന്തരത്തിൽ ഇവുകൾക്കപി-പ്ര
ത്യയം കൂട്ടിയും പ്രയൊഗിക്കാം- പറയിപ്പിച്ചു
കരയിപ്പിച്ചു- എടയിപ്പിക്കും- അയപ്പിക്കാം-
വലധാതുമുതലായി- ചിലതിന്ന പക്ഷാന്തര
ത്തിൽചുഗണംപൊലെയും ആവാം വലഞ്ഞു
വലയിച്ചു- വലയ്ക്കുന്നു- ചെരിഞ്ഞു- ചെരി
ച്ചു- ചെരിക്കുന്നു - ചെരിക്കും വളഞ്ഞു-
വളച്ചു- വളക്കുന്നു- വളക്കും- ഇത്യാദി വീഴ്
താഴ്- ഇങ്ങനെഉള്ളവാക്കു പ്രെരണത്തുംക
ൽ ഇ-പ്രത്യയവും ചുഗണം പൊലെയുവരും-
വീണു- വീഴിച്ചു-താന്നു- ത്-ആഗമവും- ആ
വാം- വീഴ്ത്തി- താഴ്ത്തി- വീഴ്ത്തുന്നു- താഴ്ത്തുന്നു
ഴകാരലൊപവും വരാം താത്തുന്നു- ഇഗണ
ത്തിന്നപ്രെരണത്തുംകൽ ഇ-പ്രത്യയം തന്നെഇ
കാരാന്തം പൊലെപ്രയൊഗവും വരണംതെ
ടി- പ്രെണത്തുംകൽ തെടിച്ചു- തെടിക്കുന്നു-
പാടി- പാടിക്കുന്നു- പാടിക്കും- ഓടിച്ചു-ഓ
ടിക്കുന്നു- ഓടിക്കും- ഏറിഇവിടെദ്വിത്വം കൂ
ടിവരും- ഏററി- ഏററുന്നു- പൊററി- പൊററി
ച്ചു- പൊററിക്കുന്നു- വാരി- വാരിച്ചു- വാരിക്കു
ന്നു- കെട്ടി- കെട്ടിച്ചു- കെട്ടിക്കുന്നു- മാന്തി-
മാന്തിക്കുന്നു- മാന്തിക്കും- മാന്തിച്ചു- ചി
ന്തിക്കുന്നു- ചുണ്ടി- ചുണ്ടിച്ചു- ചുണ്ടിക്കുന്നു-
മണ്ടി- മണ്ടിച്ചു- മണ്ടിക്കുന്നു- ഇങ്ങനെ
യുള്ളടത്തു ചിലർ പിപ്രത്യയം- കൂടിയും പ്ര
യൊഗിക്കുന്നുണ്ടു- പാടിപ്പിച്ചു- നീന്തിപ്പിച്ചു
മണ്ടിപ്പിച്ചു- ഇതഅപ്രധാനപക്ഷമാകുന്നു-
ഉ- ഗണത്തിന്നപ്രെരണത്തുംകൽ, ഇ- ംരം-

പി- ഇങ്ങനെമൂന്നു പ്രത്യയങ്ങൾ അതാതകൾക്കവരുന്നു-
പിന്നെ ഇകാരാന്തംപൊലെ

ഉദാ- ഇ പ്രത്യയം- പെരളിച്ചു- പെരളിച്ചു- ഇത്യാദി- ഈം പ്രത്യയം ചുടീച്ചു- ചുടീക്കുന്നു തൊടീച്ചു- തൊടീക്കുന്നു- ചൂടുന്നു- ചൂടിക്കുന്നു- വിടുന്നു- വിടീക്കുന്നു- കെള്- കെട്ടു- കെൾപ്പിച്ചു- കെൾപ്പിക്കുന്നു- വെറ്- വെറിച്ചു- വെറിക്കുന്നു- വെറിക്കും- ഇത്യാദികൾക്കു അല്പഭെദവുമുണ്ടു

ഈം പറഞ്ഞ എല്ലാധാതുക്കൾക്കും ഭാവ്യത്ഥത്തിൽ പ്രാത്ഥനയിംകൽ അണെ പ്രത്യയത്തിനപക്ഷാന്തരമായിട്ടു അണമെ- എണമെ- ആലും എന്നുമൂന്നുപ്രത്യയംകൂടി വരാം-

ഉദാ- വരണമെ- വരെണമെ- വന്നാലും- തരണെ- തരെണമെ- തരണമെ- തന്നാലും ഇത്യദി- അനുവാദത്തിംകൽ അട്ടെ എന്നുംവരുന്നു- വരട്ടെ- ആവട്ടെ- പൊട്ടെ- ദൈവപ്രാത്ഥനയിംകൽ അട്ടെഎന്നുംവരാം- ദൈവം നല്ലതുവരുത്തട്ടെ- ഗുണംവരട്ടെ- ഇത്യാദി- നിശ്ചയം തൊന്നിക്കുന്ന ഏ എന്ന അവ്യയത്തിനമെൽ- ഉ പ്രത്യയവുംവരും-

ഉദാ- അങ്ങിനെയെവരു- കൊടുക്കുകയെ ഒള്ളു- അതെവരു- പിന്നെആവു- ചെന്നെതീരു- ഇത്യാദി ഈംധാതുക്കൾക്കു ഭാവ്യത്ഥങ്ങളിംകൽതന്നെ ഉപ്രത്യയം കാണിച്ചിരിക്കുന്നു

## ക്രിയാഭെദങ്ങൾ

ചൊ- ധാതുക്കൾക്കു പറഞ്ഞതിന്നെല്ലാം മൂന്നുവിധം മാത്രമൊ പ്രയൊഗം-

ഉ- വെറയും ഉണ്ടപറയാം- ഭൂതാവ്യയാന്ത
ക്രിയാ- ഭാവ്യവ്യയാന്തക്രിയാ- ഊഹാവ്യയാ
ന്തക്രിയാ- നിഷെധാവ്യയാന്തക്രിയാ- ഇങ്ങ
നെചിലഭെദങ്ങളും ഉണ്ട ഇതിന്നെല്ലാം ധാതു
ക്കൾ കത്തൃപ്രത്യയാന്തങ്ങളായി കൎമ്മപ്രത്യയാ
ന്തങ്ങളായും ഭാവപ്രത്യാന്തങ്ങളായി കരണ
പ്രത്യാന്തങ്ങളായിം ഭവിക്കുന്നു- താഴെ ക്രമെ
ണ അതാതു പ്രത്യയങ്ങളെ പറഞ്ഞു ഉദാഹരി
ക്കുന്നു കത്തൃപ്രത്യയമെന്നാൽ കത്താവു എന്നു
പറയുന്ന പ്രത്യയമെന്നൎത്ഥം ഇതിന്നെല്ലാംകൎമ്മ
ത്തെ പറയുന്നത ഇത്യാദി-

ഉദാ- ഭൂതാവ്യയക്രിയ രണ്ടവിധം വരും
(൧)അതാത ധാതുക്കൾക്കു ഭൂതത്തിൽഉള്ള ഗ
ണ പ്രത്യയത്തിന്റെ സ്വരം ലൊപിച്ചു അവ്യ
യമാക്കുന്നത- (൨) ലൊപാനന്തരം ഇട്ട- എ
ന്ന അവ്യയം ചെൎത്തിട്ടുള്ളത രണ്ടിന്നുംപ്രയൊ
ഗിക്കുന്ന പ്രധാന ക്രിയയുടെ മുൻപിൽ ചെ
യ്യുതെന്നതന്നെ അൎത്ഥമാകുന്നു- നഗണത്തി
ന്ന-

ഉദാ- വന്നുകണ്ടു- വന്നിട്ടുകണ്ടു- അകന്നു
കാണുന്നു- അകന്നിട്ടുകാണുന്നു- പറന്നുപൊ
കും- പറന്നിട്ടു- എടുത്തുവച്ചു- മലൎന്നു കിടക്ക
ണം- ചുഗണം- കുളിച്ചു ഉണ്ണണം- കുളിച്ചിട്ടു
ഉണ്ണണം- പടിച്ചു സമ്പാദിക്കണം- പടിച്ചി
ട്ടുസമ്പാദിക്കണം- ഒരച്ചുസെവിക്കണം- ഒര
ച്ചിട്ടുസെവിക്കണം- സന്തൊഷിച്ചു കൊടുക്ക
ണം- സന്തൊഷിച്ചിട്ടുകൊടുക്കണം- തുഗണം
എടുത്തതന്നു- എടുത്തിട്ടുതന്നു- പറത്ത് തന്നു-
പറത്തിട്ടുതന്നു- തടുത്ത് നിറുത്തി- തടുത്തിട്ടു നി

റുത്തി- വിട്ടത്ത് നൊക്കി- വിട്ടത്തിട്ട് നൊക്കി- ഇങ്ങനെ- വളഞ്ഞു കിടക്കുന്നു- വളഞ്ഞിട്ടുകിടക്കുന്നു- എഴുന്നു നടക്കുന്നു- എഴുന്നിട്ടുനടക്കുന്നു- എടുത്ത പൊയി- എടുത്തിട്ട പൊയി- പറഞ്ഞു രെസിപ്പിച്ചു പറഞ്ഞിട്ട രെസിപ്പിച്ചു- ഇങ്ങനെ- ഇതിന്ന ഇകാരലൊപം അരുതെന്നും ഇട്ടന്ന പ്രയൊഗത്തുംകൽ ഇകാരംരണ്ടിനുംകൂടി- ദീഘംവെണമെന്നും ഭെദമുണ്ട- ആറിയിരിക്കുന്നു- ആറീട്ടിയിരിക്കുന്നു- വാടിപൊയി-വാടീട്ടുപൊയി- പൂണ്ടികാണിച്ചു- പൂണ്ടീട്ടുകാണിച്ചു- വാരിഎടുത്തു- വാരിട്ടുഎടുത്തു- ഉ ങ്ങനെ- ഇതിന്ന ഉ എന്നഗണപ്രത്യയത്തിന്ന ലൊപംവന്ന അതിനെ സംബന്ധിച്ച പൂവ്വത്തിന്ന ദ്വിത്ത്വം വെണം-

ഇട്ടുപൊയി- ഇട്ടിട്ടുപൊയി- തൊട്ടുകിടന്നു- തൊട്ടിട്ടുകിടന്നു- കരണ്ടുതിന്നു- കരണ്ടിട്ടുതിന്നു- തൊററു ദുഃഖിക്കുന്നു- തൊററിട്ട ദുഃഖിക്കുന്നു- പെററു വളൎത്തി- പെററിട്ട വളൎത്തി- ഇത്യാദിചെക്കണം- ഇതിൽഒന്നാമത്തെത പക്ഷാന്തരത്തിൽ ഭൂതക്രിയയാണെന്നുംപറയാം

എന്നാൽ- വന്നുകണ്ടു- അരച്ചു- അടുത്തുവന്നുപറഞ്ഞുനടന്നു- തൊട്ടുകിടന്നു- ഏററുവന്നുഇത്യാദി- ഭൂതകാലക്രിയകളിൽ അന്ത്യത്തിൽ- ഉ -കാരംകെൾക്കുന്നത സന്ധിയിൽ വ്യഞ്ജനംപരമായാൽ വിധിച്ചതു കൊണ്ടുണ്ടാകുന്ന ഇനിഅല്പം അൎത്ഥവിശെഷത്തെ പറയുന്നു- ലവ്ത്തങ്ങളായ മുൻവിലത്തെഉദാഹരണങ്ങൾക്ക പക്ഷാന്തരത്തുംകൽ പ്രകാരാൎത്ഥസംബന്ധവുംവരാം പറന്ന്‌വന്നു- എര

നനടക്കുന്നു- മറിഞ്ഞുവീണു- കെട്ട്താമസി
ക്കുന്നുഇത്യാദികളിൽ വന്നപ്രകാരം പറന്നാ
ണ്- നടക്കുന്നപ്രകാരം എരന്നാണ- വീണ
പ്രകാരം മറിഞ്ഞാണ താമസപ്രകാരം കെൾ
ക്കയാണ- എന്നഅൎത്ഥം വരുന്നു-
ഇങ്ങനെഉള്ള പ്രകാരാൎത്ഥത്തിങ്കൽ കൊ
ണ്ട് എന്ന ഒരുഅവ്യയവും ആവാംപറഞ്ഞു
കൊണ്ടുവന്നു- കെട്ടുകൊണ്ട താമസിച്ചു-വ
ന്നപ്പൊൾ വ്യാപാരംപറക യും താമസിച്ച
പ്പൊൾ- വ്യാപാരം കെൾക്കയും എന്നൎത്ഥം-
ഭാവ്യവ്യയാന്ത ക്രിയക്കുഉദാഹരണം ആൻ
എന്നഭാവിയെ പറയുന്നഅവ്യയമാകുന്നു- ഇ
തധാതുക്കൾക്കമെൽ- ഉന്നപ്രത്യയം പൊ
ലെ- ആസ്ഥാനത്ത് ചെക്കണം- കാഗമവും
വെണം ഉദാ- നഗണത്തിൽ- കടക്കാൻതുട
ങ്ങുന്നനടക്കാൻ- ഭാവിക്കുന്നു- ഇളക്കാൻ-
വളക്കാൻ- ഇത്യാദിചുഗണത്തിൽ തട്ടിക്കാ
ൻതുടങ്ങുന്നു-പറിക്കാൻ- ഇരിക്കാൻ-ധരിക്കാ
ൻ-ഇത്യാദിതുഗണത്തിൽകൊടുക്കാൻആരംഭി
ക്കുന്നു-നെക്കാൻപാക്കാൻ- മിനുക്കാൻ-ഇത്യാ
ദി ഐഗണത്തിൽ- അറിയാൻപൊകുന്നു പറ
യാൻ- കളയാൻ- ചമയാൻ-ഇത്യാദി- ഇഗ
ണത്തിൽവരുത്താൻ ഇച്ശിക്കുന്നു- അകത്താ
ൻ- മലത്താൻ- പുലത്താൻ ഇത്യാദിഉഗണ
ത്തിൽഇടാൻ ഉത്സാഹിച്ചു- തൊടാൻ- കാ
ണാൻ -കെൾക്കാൻ- പൊരാൻഇത്യാദി പ്രെ
രണത്തിൽകുറപ്പിക്കാൻപൊകും കൊറപ്പിക്കാ
ൻ-പടിപ്പിക്കാൻ-പാടിക്കാൻ-വരുത്താൻ നി
രത്താൻ-ഗമിക്കാൻ- തൊടീക്കാൻപടിപ്പിക്കാ

ൻപെറീക്കാൻഇത്ത്യാദി-ഠരം-അൻപ്രത്യയത്തി
ന്ന ഉപരിഭാഗത്തിൽ അൎത്ഥഭെദം കൂടാതെഅ
ലംകാരപദങ്ങൾ നാനാവിധം- പ്രയൊഗി
ക്കാം-൧-ആയി-൨-ആയിട്ടു-൩-ആയികൊണ്ടു
൪-വെണ്ടിഉദാഹരണാൎത്ഥം-യൊജിപ്പിക്കുന്നു
ഭക്ഷിക്കാൻവരുന്നുഎന്നടത്ത ഭക്ഷിധാതുവി
നഭാവ്യൎത്ഥസൂചകമായഅൻ എന്നഅവ്യയം
അന്തത്തിൽ ചെൎക്കകൊണ്ടു ഭക്ഷണക്രിയാ
ഭാവ്യവ്യയാന്ത-ക്രിയയായി-ഭക്ഷിക്കാനായി
ഭക്ഷിക്കാനായിട്ടു ഭക്ഷിക്കാനായി കൊണ്ടു ഭ
ക്ഷിക്കാൻവെണ്ടി വരുന്നുഎന്നും ആവാംഇ
തിന്മണ്ണും ഭക്ഷിക്കാൻവെണ്ടിട്ടെന്നും പറയാം
ഉഗണത്തിൽ കൂട്ടക്ഷരാന്തമല്ലാത്ത ധാതുക്ക
ളും-തര-വര- ഇങ്ങനെ നഗണത്തിലുള്ളതും-
അൻപ്രത്യയം മെൽവരുമ്പൊൾ ഉകാരാന്ത
മായിവരാം- അപ്പൊൾസന്ധിയിലെവകാരാ
ഗമവുംവരാം-ഉദാഹരണം- തൊടാൻ ഇച്ശി
ച്ചു-തൊടുവാൻഇച്ശിച്ചു- ഓടാൻ-ഓടുവാൻ
പാടാൻ- പാടുവാൻ-കെൾക്കാൻ- കെൾക്കു
വാൻ- വരളാൻ-വരളുവാൻ- പെറാൻ-പെ
റുവാൻ-വാഴാൻ-വാഴുവാൻ-തൊഴാൻതൊ
ഴുവാൻ- ഇത്ത്യാദിഅൻപ്രത്യയത്തിന്റെ-കീ
ഴെകകാരം വരുന്നടത്ത കാദെശമായി പകാ
രാപക്ഷാന്തരത്തിൽവരാം- കുളിക്കാൻ പൊ
യി- കുളിപ്പാൻപൊയി- തടുക്കാൻ-തടുപ്പാൻ
കെടക്കാൻ- കെടപ്പാൻ-ഭക്ഷിക്കാൻ- ഭക്ഷി
പ്പാൻ- ഇത്ത്യാദി

ചൊ- വെളുപ്പാൻ നാലുനാഴികയുള്ളു ഉണ
ൎത്താനാര ഇങ്ങനെയുള്ളടത്ത ഉത്തരകാലക്രി

യകെൾക്കാത്തതിനാൽപൂൎവകാലക്രിയഎങ്ങിനെസിദ്ധിക്കും

ഉ- നാലുനാഴികയ്ക്കു എന്നവാക്കിന്ന-നാലുനാഴികഉള്ളപ്പൊൾ എന്നൎത്ഥംവരുന്ന അര എന്നുള്ളതിന്ന ഇരിക്കുന്ന എന്നക്രിയഅദ്ധ്യാഹാരമായിവരും അപ്പൊൾ ഉണ്ടഎന്നുംഇരിക്കഎന്നും ഉള്ളക്രിയയെഉദ്ദെശിച്ചപൂൎവ്വക്രിയ പൂൎവ്വകാലക്രിയയാകുന്നു ഇതിന്നമറ്റും കൊടുത്തിട്ടു- എന്തഎന്നടത്ത ചെയ്യുഎന്നുവരും ഉണ്ടിട്ടുവെണ്ട എന്നടത്തദാനാദികൎമ്മം പ്രസ്തുതമായിരിക്കും- അപ്പൊൾഉണ്ടിട്ടുദാനംവെണ്ടാ എന്നുവരുമ്പൊൾ ദാനാദിക്രിയക്കപൂൎവക്രിയയാവുംഎന്നാൽ കൊടുത്തിട്ടില്ലാ- വാങ്ങിട്ടില്ലാ- കണ്ടിട്ടില്ലാഇത്യാദികളിൽ ഇട്ടഎന്നപൂൎവ്വകാലക്രിയാപ്രത്യയംതന്നെ ആകുന്നു- ഇല്ലാ എന്നഅവ്യയം ക്രിയാനിഷെധ സ്വരൂപമാകകൊണ്ട ക്രിയപ്രയൊഗിക്കാത്തടത്ത ഭവിക്കകഎന്ന സാധാരണക്രിയാ അദ്ധ്യാഹരിക്കപ്പെടണം- അപ്പൊൾഭവിച്ചില്ലെന്നു വരുന്നു അതിനാൽകൊടുത്തിട്ട എന്നഭവിക്കഎന്നക്രിയക്കപൂൎവകാല ക്രിയയാകുന്നു അപ്പൊൾഇല്ലാഎന്നപറയുന്നതിന്നപൂൎവ്വകാലത്തിൽ കൊടുത്തിട്ടില്ലെന്ന അൎത്ഥമാകുന്നു അദ്ധ്യാഹാരമെന്നാൽ പ്രയൊഗിച്ചിട്ടുള്ള പദങ്ങളുടെ ശക്തികൊണ്ടചെൎക്കാൻ തൊന്നുന്ന അൎത്ഥത്തെ പറയുന്ന ശബ്ദത്തെ സമീപത്ത ചെൎക്കുകയാകുന്നു ഇതിന്നമറ്റും രാമനെ സ്നെഹമുണ്ടഎന്നടത്തകുറിച്ച എന്ന അദ്ധ്യാഹരിക്കയാകുന്നു താൻഇപ്പൊൾ എവിടെനിന്നാണഎന്നചൊ

ദ്യത്തിന്നവരുന്നത എന്നക്രിയ അദ്ധ്യാഹരിക്കപ്പെടുന്നു ഇന്നഅമാവാസി എന്നപറയുമ്പൊൾ ആകുന്നു എന്നക്രിയ അദ്ധ്യാഹരിക്കപ്പെടുന്നു ഇതിന്മണ്ണം കൊടുപ്പാൻവക- എവിടെ മെടിക്കാൻ പ്രയാസം ഇത്യാദികളിലുംഅദ്ധ്യാഹരിക്കണം ഊഹംവ്യയാന്ത ക്രിയക്ക-

ഉദാ - സജ്ജനം പറഞ്ഞാൽ സമ്മതിക്കാം പറഞ്ഞെങ്കിൽ തമ്മസിക്കാം ദുൎജ്ജനം പറഞ്ഞാൽ വിശ്വസിച്ചുകൂടാ തന്നാൽ വിശ്വസിക്കാം തന്നെങ്കിൽ മെടിക്കാം ഇവിടെആൽഎംകിൽ ഇത്യാദ്യവ്യയങ്ങൾ സംശയരൂപമായ ഊഹത്തെ തൊന്നിക്കുന്നതാകകൊണ്ടു ആഅവ്യയം ക്രിയക്കമെൽ വരുന്നതാകകൊണ്ടു ഊഹാവ്യയ പൂൎവ്വകാലക്രിയയായിചെരുന്നഎങ്കിൽ എന്നവൎത്തമാന പ്രത്യയാന്തത്തിന്നമെലും ഭാവിക്കു മെലും വരാം പറയുന്നെംകിൽ തരുന്നെങ്കിൽ പറയുമെംകിൽ തന്നാൽ കണ്ടാൽ തരുവിച്ചാൽ കാണിച്ചാൽ ഇത്യാദി ആയിരിക്കുമെന്നുള്ള ക്രിയാഭെദവുംഊഹത്തെപറയുന്നു- വരുമായിരിക്കും കാണുമായിരിക്കും

## ഇനിനിഷെധാവ്യയാന്ത ക്രിയക്ക ഉദാഹരണം

കൂടാ- അരുത-വെണ്ടഎന്ന-അവ്യയങ്ങൾ ഭൂതക്രിയയെ നിഷെധിക്കുന്നു ദുൎജ്ജനത്തൊടടുത്തുകൂടാ- പാവിയെകണ്ടുകൂടാ- അസത്യം പറഞ്ഞുകൂടാ- അന്ന്യായംചെയ്തുകൂടാ- ഉപകാരംമറക്കരുത ഇത്യാദിവെണ്ടാ എന്നഅവ്യ

യത്തിന്നവകാര ലൊപംവരാം കൊടുക്കാണ്ട-
കൊടുക്കവെണ്ട- ഇവിടെക്രൂടാഎന്നും അരു
തെന്നും- വെണ്ടാഎന്നും അതിനൊട ചെൎന്ന
പൂൎവക്രിയയെ നിഷെധിക്കുന്നു

ഇല്ലഎന്ന അവ്യയം മൂന്നുകാലത്തിൽ ക്രി
യകളെയും നിഷെധിക്കും എന്നാൽ ഭാവിപ്ര
ത്യയം ചെൎക്കുംപൊൾ - ഉ - എന്നഭാവിപ്ര
ത്യയത്തിന്ന ലൊപവും ഇല്ലഎന്നതിന്റെ
ഇകാരത്തിന്ന ഒ ആദെശവും വരുത്തണമെ
ന്ന വിശെഷം അതാതഗണ വിശെഷങ്ങളും
ക്രമമായിവരും

ഉദാഹരണം- തന്നില്ലാ- തരുന്നില്ലാ- ത
രൊല്ലാ- അയച്ചില്ലാ- അയക്കുന്നില്ലാ- അ
യക്കൊല്ലാ- കൊടുത്തില്ലാ- കൊടുക്കുന്നില്ലാ-
കൊടുക്കൊല്ലാ- പറഞ്ഞില്ലാ- പറയുന്നില്ലാ
തൊടുന്നില്ലാ- തൊടൊല്ലാ- വിററില്ലാ- വി
ൽക്കുന്നില്ലാ- വിൽകൊല്ലാ- ഇത്യാദിതന്നീല
വരുന്നീലാ- എന്നും പക്ഷാന്തരമായിട്ട

കവനത്തിൽ അധികമായി നടപ്പുണ്ട ഇ
ല്ല എന്നതിന്ന ഈല എന്ന ആദെശം വരുത്തു
കയാകുന്നു

ഉദാ- കണ്ടീല- ഞാനഹൊ- ഭവിഷ്യൽ
ക്രിയാ നിഷെധത്തുങ്കൽ ആതെ- ആണ്ട- എ
ന്ന ക്രിയാനാമത്തിന്മെൽ അവ്യയംചെരും

ഉദാ- പഠിയാതെ മൂഢനാകുന്നു പഠിക്കാ
ണ്ട് മൂഢനാകുന്നു പലിശകൊടുക്കാതെ കടം
വൎദ്ധിപ്പിക്കുന്നു കൊടുക്കാണ്ട്- ഉത്തരംപറ
യാതെതൊററു പറയാണ്ട- വെലചെയ്യാതെ
കളയുന്നു ചെയ്യാണ്ട- ഇത്യാദി കണ്ടെ എന്ന

കൂട്ടീട്ടമാവാം പഠിക്കാതെകണ്ട കൊടുക്കാതെ കൊണ്ടു ഉം എന്ന ഭാവിപ്രത്യയാന്തത്തിന്ന മെലെ വെറെ ഭൂതക്രിയാനാമത്തിന്ന മെലെ അപ്പൊൾ എന്ന അവ്യയം സമാസിക്കുമ്പൊൾ ആദി അകാരത്തിന്ന ലൊപം വരണം കാണുമ്പോൾ പറയാം തരുമ്പോൾ വാങ്ങാം തരുന്നെരം തരം സമയംതരം കാലംഎന്നുമാവാം ഭൂതക്രിയാനാമത്തിൽ ഉദാ- കണ്ടപ്പൊൾ സന്തൊഷമായി വന്നപ്പൊൾ അറിഞ്ഞു ചതിച്ചപ്പൊൾ വിഷാദിച്ചു വലഞ്ഞപ്പൊൾ രക്ഷിച്ചു പാൎത്തപ്പൊൾ സുഖമായിരുന്നു ഇത്യാദി അതാതഗണ പ്രത്യയാംഗ സഹിതമായി ചെയ്യണം

ചൊ. ധാതുക്കൾക്കമെൽ കൎത്താവ, കൎമ്മം, കരണം- അധികരണം- ഇതുകളെപ്പറയുന്ന പ്രത്യയങ്ങൾ ഏതെല്ലാം എങ്ങിനെ ചെയ്യുന്നു.

ഉ- നാലിനെയും അ എന്ന പ്രത്യയംചെയ്തുപറയാം അത വിശെഷണമായിരിക്കും കൎത്താവിൻ ഉദാ- വന്ന ആൾ സുഖമായിതാമസിക്കട്ടെ ഇവിടെ നഗണത്തൊട കൂടിയവരു ധാതുവിന്റെ മെൽഉള്ള അപ്രയത്തിന്ന വരു എന്ന ധാതുവിന്റെ കൎത്താവെന്നൎത്ഥം വന്നവൻ എന്നപദാൎത്ഥം വന്ന സ്ത്രീ- വന്ന കുതിര- വന്നസംമാനം എന്നും പറയാം- കൎമ്മത്തിൽ- കെട്ടവൎത്തമാനം- അത്ഭുതമായാരിക്കുന്നു ഇവിടെകെൾഎന്ന ക്രിയയ്ക്കു മെൽ ഉള്ള അപ്രത്യയത്തിന്ന അതിന്റെ കൎമ്മം എന്നൎത്ഥമായി സംബന്ധിക്കുന്നു കെൾക്കപ്പെട്ടതെന്നൎത്ഥം കരണത്തിൽ ഞാൻവെട്ടിയവാ

ള നന്ന ഇവിടെ പെട്ടി എന്നക്രിയയ്ക്കു മെൽഉള്ള അപ്രത്യയം ആക്രിയയുടെ കരണമെന്നൎത്ഥമായി വാളിൻ സംബന്ധിക്കുന്നു വെട്ടാൻ സാധനമായതെന്നൎത്ഥം അധികരണത്തിൽ ഞാൻകിടന്ന മെത്ത എന്നടത്ത കിട എന്ന ധാതുവിന മെലുള്ള അപ്രത്യയം ആക്രിയയുടെ ആധാരമെന്നൎത്ഥമായി മെത്തയൊടും സംബന്ധിക്കുന്നു ഇതുകളിലും ഗണപ്രത്യയം ആഗമം ലൊപം മുതലായതു വിധിച്ചപൊലെ ചെയ്യണം ഇതിന്മണ്ണം ചെന്നമന്ത്രി പഠിച്ചവിദ്യാ- കണ്ടഉത്സവം- ഉണ്ട ചൊറ- ഉടുത്തമുണ്ട- മൂടിയശീല- ഇരുന്നകസെര- നിന്നസ്ഥലം- ഇത്യാദി പ്രായെണ വിശെഷണങ്ങളായിരിക്കും വന്നതആര- കെട്ടതഎന്ത- ഇത്യാദികളിൽ വസ്തുഎന്നുമാത്രം അൎത്ഥത്തെപറയുന്നു അതഎന്ന ശബ്ദം മൂന്നു ലിംഗത്തിനും ക്രിയക്കുമെൽ ചെയ്യും സന്ധിയിൽ അകാരലൊപം വരികയും സിദ്ധമാക കൊണ്ട അതിന്റെ രൂപമാകുന്നു-

ഉദാ- വന്നതുരാമൻ- വന്നതസീതാ- വന്നത സന്തൊഷം ഇതിന്മണ്ണം കണ്ടത- കെട്ടത- വെട്ടിയത- കെടന്നത- എന്നും പക്ഷാന്തരമായി പറയാം ഇതു ഗണപ്രത്യയസഹിതം വെണം ഭവിഷ്യത്തിൽ ആൻ എന്നുള്ള അവ്യയത്തിന്നു ഉള്ള എന്നും കൂടണം

ഉദാ- നഗണം- തന്നത- തരുന്നത- തരാനുള്ളത- ചഗണം- നിറച്ചത- നിറക്കുന്നത-

നിറക്കാനുള്ളത- ൠഗണം- എടുത്തത- എടുക്കുന്നത- എടുക്കാനുള്ളത- ഌഗണം- അറിഞ്ഞത- അറിയുന്നത- അറിയാനുള്ളത- ഇഗണം- കിട്ടിയത- കിട്ടുന്നത- കിട്ടുവാനുള്ളത- ഉഗണം- ഇട്ടത- ഇടുന്നത- ഇടുവാനുള്ളത- പക്ഷാന്തരം- ഇടാനുള്ളത എന്നുംവരാം- പ്രെരണംകൊടുപ്പിച്ചത- കൊടുപ്പിക്കുന്നത- കൊടുപ്പിക്കാനുള്ളത- ഇത്യാദി-

ചൊ- ഭാവപ്രത്യയങ്ങൾ ഏതെല്ലാം

അ- ഇ- പ്- ച- വ്- ത- ഉക- അല്- അം- ലൊപം- ഇവകളാകുന്നു ഇതുകൾ പ്രസിദ്ധിയെ അനുസരിച്ചു അതാത ധാതുക്കളിൽ ചെൎക്കെണ്ടതാകുന്നു.

| ധാതു | പ്രത്യയം | ഉദാഹരണം | |
|---|---|---|---|
| | പ്രത്യയം | | |
| നില് | അ | നില | നന്ന |
| തിള് | അ | തിള | വരുന്ന |
| വത് | അ | വത | പററി |
| കിള്ള് | അ | കിള്ള | പൊരാ |
| | ഇ- പ്രത്യയം | | |
| കെള്ള് | ഇ | കെള്ളി | കെട്ടു |
| തൊല് | ഇ | തൊലി | വന്നു |
| പെട് | ഇ | പെടി | ആവുന്നു |
| അട് | ഇ | അടി | പെട്ടു |
| | വ്- പ്രത്യയം | | |
| മറ | വ് | മറവ - വെണം | |

| ധാതു | പ്രത്യയം | പദം |
|---|---|---|
| | ച- പ്രത്യയം | |
| ചെര് | ച | ചെൎച്ചപൊലെ |
| ചൊര | ച | ചൊൎച്ചഇല്ലാ |
| നെര് | ച | നെൎച്ചഉണ്ട |
| തീര് | ച | തീൎച്ചവന്നില്ലാ |
| | പ- പ്രത്യയം | |
| തെയ് | പ് | തെപ്പുനന്നായി |
| തിരി | പ് | തിരിപ്പചീത്ത |
| ഉറ | പ് | ഉറപ്പവെണം |
| വിശര് | പ് | വിശപ്പമാറി |
| നട | പ് | |
| | മ- പ്രത്യയം | |
| ഓാറ | മ് | ഓാമ്മഉണ്ട |

| ധാതു | പ്രത്യയം | ഉദാഹരണം |
|---|---|---|
| | വ്- പ്രത്യയം | |
| കറ | വ | കറവ - അരുത |
| കറ | വ | കറവ - മാറി |
| തിക | വ | തികവവന്നു |
| ചതി | വ | ചതിവ ചീത്ത |
| | ഉ- പ്രത്യയം | |
| പറ | ഉക | പറയുക |
| കാണ | ഉക | കാണുക |
| | അല- പ്രത്യയം | |
| വരുങ്ങ | അല | വരുങ്ങല |
| ഞെടുങ്ങ് | അല | ഞെടുങ്ങല |
| ഏങ്ങ് | അല | ഏങ്ങല |

ഇതിൽ ങകാരത്തിനു ക് ആദെശംകൂടിവെണ്ടുക }

| ധാതു | പ്രത്യയം | പദം |
|---|---|---|
| | മ- പ്രത്യയം | |
| നെർ | മ | നെന്മയുണ്ട |
| വെഴ | മ | വെണ്മപൊരാ |
| തിര | ഉക | തിരയുക |
| വലി | ഉക | വലിയുക |

ലുപ്തം
വ്യഞ്ജനാന്തം

| | |
|---|---|
| കെട്ട | കെട്ടുമറുക്കണം |
| ഉട്ടുണ്ണ് | ഊട്ടുനന്നാക്കണം |

| | | | | |
|---|---|---|---|---|
| ഇറങ്ങ് | അം | ഇറക്കം | തീൻ | കൊറക്കണം |
| മടങ്ങ | അം | മടക്കം | പൊക്കം | നിറുത്തണം |
| എണങ്ങ | അം | എണക്കം | | പൊക്കംമാറി |
| വണങ്ങ | അം | വണക്കം | | |
| കള് | അം | കള്ളം - നെട്ടം | | |

ഇത്യാദി

ഇത്യാദി ഭാവപ്രത്യയങ്ങളി ചിലതിന ദ്വിത്വം ദീൎഘം

മുതലായി അല്പഭെദമുള്ളതാകുന്നു- ഭാവപ്ര
ത്യയമെന്നാൽ ക്രിയാസ്വഭാവത്തെ മാത്രം
പറയുന്ന പ്രത്യയമെന്ന താല്പൎയ്യം അതഉണ്ടാ
വുന്നു എന്നുള്ള അൎത്ഥത്തിൽ ദ്വിരുക്തശബ്ദ
ത്തെയും ക്രിയയാക്കി പ്രയൊഗിക്കാം

ഉദാ- വഴ- വഴക്കുന്നു-പറു- പറുക്കുന്നു- ക
രു- കരുക്കുന്നു- തണു- തണുക്കുന്നു- ഭൂതത്തി
ലും ആവാം- തണു- തണുത്തുതകരു- കരുത്ത
ത- ഇത്യാദി ഏററംവഴക്കുന്നു- ഏററംവഴത്ത
ത- ഏററം പറുപറെപറയുന്നു ഇങ്ങനെഅ
ൎത്ഥമാകുന്നു ചില നാമങ്ങളിലും സാമാന്യ
ധാതുചെൎത്ത ക്രിയയാക്കാം-

ഉദാ- വ്യസനം എന്ന ക്രിയാനാമത്തിൽ
ഇക്ക എന്നസാമാന്യക്രിയ ചെൎക്കുന്നു വ്യസ
നിക്കുന്നു- അഹംകാരം- അഹംകരിക്കുന്നു- ദ
ണ്ഡം- ദണ്ഡിക്കുന്നു- കരിവാളം- കരിവാളി
ക്കുന്നു-മരംപൊലെഎന്നമരവിക്കുന്നു- ഇങ്ങ
നെയുള്ളടത്ത സാദൃശ്യാൎത്ഥത്തെ പറയുന്ന വ്
എന്ന അവയവാൎത്ഥം കൂടിചെൎക്കുന്നു-

ഇനി ചില സംഖ്യാശബ്ദങ്ങൾക്കുള്ള പ്ര
ത്യയങ്ങൾ.

ഒന്നു- എന്നശബ്ദത്തിന്ന പുരുഷൻ വിശെ
ഷ്യമായാൽ ത്- എന്നും വ്- എന്നും പ്രത്യ
യവും സംഖ്യക്ക ഒരു ആദെശവും വരും

ഉദാ- പ്രഥമൈക വചനം ചെരുമ്പൊൾ
ഒരുത്തൻ- ഒരുവൻ- ഒരുത്തി- ഒരുവൾ- ഭാ
വത്തുങ്കൽ മപ്രത്യയവുംവരും ഒരുമ- ഒന്നിക്ക-

എന്നൎത്ഥം രണ്ടഎന്നുള്ളതിന്നും മൂന്നഎന്നുള്ള തിന്നും വ പ്രത്യയം തന്നെ വരുന്ന ഇരു- മൂ- നാല- ഐയ്യ- ഇത്യാദി ആദെശവുംവന്ന ബഹുവചന പ്രത്യയംചെരുമ്പൊൾ ഇരുവർ മൂവർ- നാലർ- ഐവർ- ഇങ്ങനെവരുന്ന പാടിൽ ഐവൎക്കും പ്രാണവല്ലഭയായിട്ട കെ വലം ഒരുത്തി എന്നകെട്ട ഞാൻ- എന്നുണ്ട- പെർ എന്നും ആൾഎന്നും പ്രയൊഗിച്ചാലും സമാൎത്ഥം തന്നെ ആകുന്ന നൂറുപെർ- നൂറു ആൾ- ആയിരംപെർ, ആയിരംആൾ- ആയി രംആളുകൾ എന്നുംപറയാം.

ചൊ- ബഹുവചനം വെണ്ടയൊ

ഉ - സംഖ്യക ശബ്ദാൎത്ഥംകൊണ്ടതന്നെ ബഹുത്വം തൊന്നുന്നടത്തവിശെഷ്യമായി പ്ര യൊഗിക്കുന്ന സമാന്യ ശബ്ദത്തിന്ന ഏകവ ചനംവന്നാലും ബഹുത്വം സിദ്ധിക്കുന്ന ഇ തിന്നുമണ്ണും നൂറുജനം നൂറുജനങ്ങൾ എന്ന അ ത അതുകൾ ആളുകൾ അവകൾ നൂറുശിപാ യിമാർ എന്നും ആവാം ജാതി ശബ്ദങ്ങൾക്ക ചെച്ച് പൊലെ ഏകവചനത്തെയും പറ യുന്നു-

ഉദാ- സാധുവിനെഉപദ്രവിക്കരുത- ബ്രാ ഹ്മണനെ അവമാനിക്കരുത- ഇവിടെ ഏക വചനം എങ്കിലും ഒരു സാധു ഒരു ബ്രാഹ്മണ ൻ എന്നല്ല സാധുക്കളെ ബ്രാഹ്മണരെ എ ന്നതന്നെ വരുന്ന എന്നഅറിയണം- ഓരൊ ജാതികളിലെ വ്യക്തികളെ ഒക്കെ വിവക്ഷി ച്ച പ്രയൊഗിക്കുന്ന ഏകവചനത്തെ ജാ ത്യെകവചനമെന്നുപറയുന്നുഎന്നാൽ ബ്രാ

ഷണ്ണൻവ്യാജംചെയ്തുശിക്ഷിക്കണമെന്നപറ ഞ്ഞാൽ ബ്രാഹ്മണ ജാതിക്കകറാംവിവക്ഷി ച്ചുഎന്നൎത്ഥം ഗ്രഹിച്ചാൽ വലിയതെററാ കുന്നു. അതിനാൽവചനങ്ങൾക്കുൎത്ഥം തന്നെമുഖ്യംനല്ലചെച്ചുയുള്ളടത്തെ ജാത്യെക വചനം സ്വീകരിക്കാവു- പദാന്തങ്ങളായി രിക്കുന്നയകാരവകാരങ്ങൾക്ക വ്യഞ്ജനം മെ ൽവരുമ്പൊൾ ചിലടത്ത ലൊപംവരാം.

ഉദാ- സപ്തമിസമാസം വായമൊഴിവാ മൊഴി- തൃതിയാസമാസം കായകറികാകറി- പായവിരിച്ചു പാവിരിച്ചു- പകാരലൊപം- ഷഷ്ഠിസമാസം- പൂവ'ചാടി പൂച്ചടി- സപ്തമി സമാസം- രാവ കണ്ണു- രാക്കണ്ണു കണ്ടുകൂടാ- ഇത്യാദി വൎത്തമാനകാലത്തൊട അടുത്തുട്ടുള്ള ഭൂതവും ഭവിഷ്യത്തും- വൎത്തമാനക്രിയയാൽ പറയപ്പെടും-

ഉദാ- ചൊ- എപ്പൊൾവന്നു-

ഉ- ഇപ്പൊൾ വരുന്നു-

ചൊ- എപ്പൊൾ പൊകും-

ഉ- ഇതാ പൊകുന്നു ഇവിടെഅല്പം മു മ്പെ വന്നുഎന്നും താമസിക്കാതെ പൊകുമെ ന്നും അൎത്ഥമാകുന്നു-

## പ്രയൊഗകാണ്ഡം

ചൊ- വാക്യം എന്ത-

ഉ- കാരകങ്ങളെ- ക്രമമായി ക്രിയകളൊ ടുചെൎത്തിട്ടുള്ള പദങ്ങളുടെ കൂട്ടമാകുന്നു-

ചൊ- വാക്യപ്രയൊഗഭെദം എങ്ങനെഎ ല്ലാം-

൭- കൎത്താവിൽ ക്രിയയായും കൎമ്മത്തിൽ ക്രിയയായിം രണ്ടുവിധം-

ഉദാ- കൎത്താവിൽ ശ്രീമഹാവിഷ്ണുവിന്റെ അവതാരമായിരിക്കുന്ന- ദാശരഥി- രാമൻ- വസിഷ്ഠന്റെ നിയൊഗം ഹെതുവായിട്ടുവിശ്വാമിത്രന്റെ കാക്കൽവീണു നമസ്കരിച്ചു- (൧) അനന്തരം വിശ്വാമിത്രൻ- രാമനെക്കൂട്ടികൊണ്ടു സിദ്ധാശ്രമത്തിലെക്കുപൊയി (൨) പിന്നെതാടകയെ കൊല്ലിച്ചിട്ടു സിദ്ധാശ്രമത്തിൽചെന്നു യാഗംവെണ്ടുംവണ്ണം തുടങ്ങി (൩) അപ്പൊൾ- മുടക്കാൻവന്ന സുബാഹു - പ്രഭൃതികളായ രാക്ഷസരെയും കൊല്ലിച്ചു യാഗംമുഴപ്പിച്ചു (൪) അതിന്റെശെഷം രാമനെക്കൂട്ടികൊണ്ടു മിഥിലാ രാജധാനിയിൽ ചെന്നിട്ടു ത്രിയംബകമെന്ന വില്ലൊടിച്ചുമിഥിലന്റെ പ്രതിജ്ഞയെ പൂരിപ്പിച്ചുരാമനെ കൊണ്ടുസീതയെ വിവാഹം ചെയ്യിച്ചു (൫) അതിനാൽ ദശരഥാദി രാജാക്കന്മാരെയുംസന്തൊഷിപ്പിച്ചു സകുഡുംബന്മാരായ രാമലക്ഷ്മണഭരത ശത്രുഘ്നന്മാരെ- അയൊദ്ധ്യയിലെക്കുഅയച്ചു (൬) അവർ അയൊദ്ധ്യയിൽ ചെന്നകുറെക്കാലം സുഖമായി വസിച്ചു (൭)

ഇങ്ങനെ കൎത്താവിൽ ക്രിയവരുന്നു- ഇതിൽ ഒന്നാം- വാക്യത്തിൽ രാമൻഎന്നകൎത്താവു പ്രധാനമായി അന്വയിക്കുന്നു- രണ്ടുമുതൽ ആറുവരെവിശ്വാമിത്രൻ എന്നകൎത്താവു പ്രധാനമാകുന്നു- ഏഴാമതുഅവർ എന്നപ്രധാനമാകുന്നു- കൎമ്മത്തിൽക്രിയകൾക്കു പെട്ടുഎന്നുകൎമ്മപ്രാധാന്യസൂചകമായി ഒരുപ്രത്യയംഭൂതാ

ദികാലപ്രത്യയത്തിന്റെ ആദ്യത്തിൽ ചെൎക്ക
ണംഅതാത ധാതുക്കൾക്ക വിധിച്ചകാൎയ്യങ്ങ
ളുംവരുന്നു-

ഉദാ- രാജാവിനാൽ ജനങ്ങൾ രക്ഷിക്ക
പ്പെട്ടു- ജനങ്ങളാൽരാജാവിന രക്ഷാഭൊ
ഗംകൊടുക്കപ്പെടുന്നു- കൊടുക്കപ്പെട്ടു- കൊടു
ക്കപ്പെടും- ഇത്യാദിഎന്നാൽ ഭയപ്പെടുന്നു വ
ഴിപ്പെട്ടു- രാജിപ്പെട്ടു- എടപ്പെട്ടു- ഇത്യാദി-
നാമങ്ങളിൽനിന്ന പരമായിപെട്ടു എന്നുള്ള
തകൎമ്മത്തിലല്ലാ- ചെൎച്ചഎന്നൊവന്നു എ
ന്നൊഅൎത്ഥത്തിലെപെട്ടു ധാതുവിന്റെ രൂ
പമാകുന്നു- ഭയംചെന്നു- വഴിചെന്നു-എടവ
ന്നു ഇങ്ങനെഅൎത്ഥമാകുന്നു- അതവരുമ്പൊ
ൾനാമത്തിന്ന വിഭക്തിലൊപം- ദ്വിത്വം ഇ
ത്യാദിവിശെഷംവരും- ഇനികൎമ്മത്തിൽ ക്രി
യചെൎക്കുന്ന വാക്യം ഉദാഹരിക്കപ്പെടുന്നു അ
നന്തരം ശ്രീരാമനാൽ സാധിക്കപ്പെടെണ്ടുന്ന
രാവണാദി വധത്തിന്നവെണ്ടി ദശരഥംകൽ
നിന്നവെൎപ്പിടാനായിട്ടു മന്ധരാ ഭൂഷണംഹെ
തുവാക്കി നിൎമ്മിക്കപ്പെട്ടു-൧-പിന്നെപിതാവി
ന്റെ അനുവാദസഹിതം ലക്ഷ്മണനൊടും
സീതയൊടും കൂടിദണ്ഡകാരണ്യം പ്രാപിക്ക
പ്പെട്ടു-൨-അതിന്റെശെഷംമുനീശ്വരന്മാരാ
ൽഅപെക്ഷിക്കപ്പെട്ടു-സൎവ്വരാക്ഷസവധത്തി
ന്നആരംഭിച്ചപ്പൊൾ ചെൎയ്യംകൊണ്ടസീതാ
പഹാരംചെയ്യു, ദശമുഖന്റെ വധത്തിന്നവെ
ണ്ടി സുഗ്രീവാദിവാനര സഹായംഅപെക്ഷി
ക്കപ്പെട്ടു- ൩ -അതനിമിത്തം തദ്വിരൊധിയാ
യിരുന്ന ബാലി- രാമനാൽഹനിക്കപ്പെട്ടു-൪-

തദനന്തരം സുഗ്രീവനാൽ സീതാന്വെഷ
ണത്തിന്നായിനിയൊഗിക്കപ്പെട്ട വാനരന്മാ
രിൽവച്ച ഹനുമാൻഎന്നവാനര വീരനാൽ
ലംകയിൽചെന്ന സീതയെക്കണ്ട അടയാളം
വാങ്ങി രാമന്റെകയ്യിൽ കൊടുക്കപ്പെട്ടു -൯-
പിന്നെയും ഉത്സാഹത്തൊടുകൂടെ സുഗ്രീവാ
ദികളുമൊരുമിച്ച വാനരന്മാരാൽ ബന്ധി
ക്കപ്പെട്ട സെതുവിലൂടെഗമിക്കപ്പെട്ടലംകയി
ൽഇരുന്ന രാവണൻരാമനാൽ നിഗ്രഹിക്ക
പ്പെട്ടു -൬- തദനന്തരം അഗ്നിപ്രവെശം കൊ
ണ്ടു പരിശുദ്ധയെന്ന നിശ്ചയിക്കപ്പെട്ട സീത
യൊടുകൂടി അയൊദ്ധ്യയിൽവന്ന പ്രയത്ന
പ്പെട്ട സുഗ്രീവാദികളെ മാനിച്ചസന്തൊഷി
പ്പിച്ചഅയച്ച ചിരകാലംസഹൊദരന്മാരൊ
ടുകൂടി രാജ്യഭാരംചെയ്യിരുന്നരാമനാൽസക
ലജനങ്ങളും സുഖമാക്കി രെക്ഷിക്കപ്പെട്ടു-൭-
ഇങ്ങനെകൎമ്മത്തിൽ ക്രിയാവാക്യങ്ങളുടെപ്ര
യൊഗംവരുന്ന ആദ്യവാക്യത്തിൽ മന്ധരാഭൂ
ഷണമാകുന്ന കൎമ്മത്തെപ്രധാന മാക്കിയിരി
ക്കുന്നു - ഇതിന്മണ്ണംമററെ ക്രിയകളും കൎമ്മ
ത്തൊടസംബന്ധിപ്പിക്കണം ഠംവാക്യങ്ങളി
ൽചിലകാരകങ്ങൾ അവ്യയങ്ങൾ ഭൂതക്രിയാ
ഭാവിക്രിയാ മുതലായഭെദങ്ങൾ ഇതിൽചെ
ൎത്തിട്ടുള്ളത ശെഷങ്ങളെയും ഊഹിക്കുന്നതിന
വഴിയാകുന്നു-

ചൊ - പ്രയൊഗ ഭെദങ്ങളും എങ്ങിനെ
എല്ലാം-

ഉ - കൎമ്മ പ്രധാനരീതി ആകാംക്ഷാപൂര
ണരീതി സമ്മിശ്രരീതി കപനരീതി ഇങ്ങ

നെനാലുരീതിയിൽ വാക്യപ്രയൊഗങ്ങൾ ഭവിക്കുന്നു

ചൊ - അതുകളുടെഭെദം എങ്ങിനെ

ഉ - ക്രമെണതാഴെപറയുന്നു-പറഞ്ഞരാമകഥയിൽ കൎത്താവിലുംകൎമ്മത്തിലും ഉള്ളത കൎത്തൃപ്രയൊഗ രീതിതന്നെഎന്നാൽ ചിലഭെദങ്ങൾക്കായിട്ട വെറെയും-പറയുന്നു-

കൎത്തൃപ്രധാനം

ജനങ്ങൾ ശരീരത്തിന്റെ നിസ്സാരതയെയും പരൊപകാര പുണ്യത്തിന്റെ വലിപ്പത്തെയും അറിയാതെ അതിപ്രയത്നം കൊണ്ട ദെഹംകളഞ്ഞും പുണ്യത്തിന്നഇടവരാതെയും ദ്രവ്യംസമ്പാദിക്കുന്നതിനഉത്സാഹിക്കുന്നു ഈ വാക്യത്തിൽജനങ്ങൾഎന്നകൎത്താവ പ്രധാനമായിഉത്സാഹിക്കുന്നു എന്നക്രിയവരെ ക്രമെണസംബന്ധിക്കുന്നു- ചിലരാൽദെഹ രെക്ഷകഴിച്ചു അധികമുണ്ടാവുന്നധനം ധൎമ്മത്തിന്നചിലവിട്ട പുണ്യംസമ്പാദിക്കപ്പെടുന്നു, ഇതകൎമ്മത്തിൽ ക്രിയയിലാകുന്നു എംകിലുംചിലർഎന്നകൎത്താവ പ്രധാനമായിസമ്പാദനക്രിയവരെക്രമമായി സംബന്ധിക്കുന്നു- അതുകൊണ്ട ഇങ്ങനെഉള്ളടത്തും രീതിയിങ്കൽകൎത്തൃപ്രധാന്യംതന്നെ- എന്നാൽഈ കൎത്താവ എടക്കൊടക്കമൊ ക്രിയയൊടടുത്തൊ പ്രയൊഗിച്ചാലും കൎത്തൃപ്രധാന രീതിതന്നെ-

ഉദാ- ജ്ഞാനംമുഖ്യ സാദ്ധ്യമെന്നറിഞ്ഞ ചിലർ പലശാസ്ത്രങ്ങളെയുംപഠിക്കുന്നു- ഒരു വിചാരം കൂടാതെ ഭക്ഷണ സുഖത്തെമാത്രം ചിലർഅനുഭവിക്കുന്നു ഇങ്ങനെഉള്ളടത്തക

ത്താവഎടക്കെംകിലും കൎത്തൃപ്രധാന രീതിത
ന്നെ-ശരീരത്തിന്റെ നശ്വരതയുംപരൊപ
കാരപുണ്യത്തിന്റെ മഹത്വവം അറിയപ്പെ
ട്ടന്നമനുഷ്യരാൽ ജീവിച്ചിരിക്കുന്നദിവസങ്ങ
ളിൽ രെക്ഷിക്കപ്പെടെണ്ടദെഹത്തിന്ന വൃത്തി
ക്കുമാത്രം പ്രതിഫലത്തൊടുകൂടെ കഴിയുന്ന
ടത്തൊളം കാലംപരൊപകാരത്തിന്ന യത്നം
ചെയ്യാൽ പ്രയത്നഫലം പരസ്വരൊപകാര
മായിട്ട സൃഷ്ടികൎത്താവായ ദൈവത്തിന്റെ
പ്രീതിക്കപാത്രങ്ങളായിഭവിക്കുമെന്നഞങ്ങൾ
വിചാരിക്കുന്നു- ഇങ്ങനെ വലിയവാക്യങ്ങ
ളിൽ പലകൎത്താവും പലക്രിയകളും എടക്കുവ
ന്നാലുംകൎത്തൃപ്രധാനരീതിതന്നെ-

ചൊ- ആകാംക്ഷാപൂരണരീതി എങ്ങിനെ

ഉ- അതചെറിയ വാക്യങ്ങളായി തന്നെ
പ്രയൊഗിക്കാം

ഉ- ഉണ്ടിതിവിടയാണ- ഞങ്ങൾ- ഒരുവാ
ക്യത്തിൽ ഉണ്ടതെന്നകെൾക്കുംപൊൾസ്ഥല
ത്തിൽ ആകാംക്ഷാവന്നു ഇവിടെയെന്നപൂരി
പ്പിച്ചു- സ്ഥലംകെട്ടപ്പൊൾ ഭക്ഷണകൎത്താ
വിൽ ആകാംക്ഷാവന്നു- ഞങ്ങൾഎന്നു പൂരി
പ്പിച്ചു- ഇങ്ങനെഉള്ള ആകാംക്ഷയെ പൂരിപ്പി
ക്കുന്ന ക്രമത്തിൽ വാക്യംപ്രയൊഗിക്ക ആകു
ന്നു ഇതിന്നമറ്റുംതരണം- പുസ്തകം നാളെത്ത
ന്നെ-നൊക്കണം- സംശയങ്ങൾഉണ്ട പല
തുംതരാം- നൊക്കിട്ടനാലുദിവസം കഴിഞ്ഞാ
ൽ ഇങ്ങനെ ആകാംക്ഷാപൂരണം

ചൊ- സമ്മിശ്രംഎങ്ങിനെ-

ഉ- രണ്ടുവിധവും കലൎന്നിട്ടുള്ള താകുന്നു-

ഉദാ— എന്റെ സ്നെഹിതനെകണ്ടത സ ന്തൊഷമായി— കുളിച്ചാലും വെഗം തെക്കെ കൊളത്തിൽ— ഉണ്ണ ഒരുമിച്ചുവെണം— പറ ഞ്ഞൊള ാം വൎത്തമാനം ഉണ്ണകഴിഞ്ഞിട്ട—കാ ണുന്നുഞാൻലൊകത്തിൽ അറിവുകൂടാതെന ടന്നുകളഞ്ഞ മൂഢന്മാർദുഃഖിക്കുന്നതായും സു ഖിക്കുന്നത അഭ്യാസംനല്ലവണ്ണം വിദ്യകളിൽ ഏതിലെംകിലും ഉള്ളവരായും നെരുംമൎയ്യാദ യുംഉള്ളവർജനങ്ങളാൽബഹുമാനിക്കപ്പെട്ട വരായുംആണ— ഇതിൽആദ്യം നാലപദം ക ൎത്തൃപ്രധാനം പിന്നെനാലുപദംആകാംക്ഷപൂ രണം— ശിഷ്ടത്തിൽകൎത്തൃപ്രധാനവും ആകാം ക്ഷപൂരണവും കലൎന്നിരിക്കുന്നു— ഏകവാക്യ മായിവിചാരിച്ചാൽ ആകാംക്ഷപൂരണം ത ന്നെആവും ഇതിൽപ്രകാരം എന്നൎത്ഥമുള്ള— ആണ— എന്നപദംമൂന്നുവാക്യങ്ങളൊട്ടും ചെ ൎന്നിട്ടകാണുന്നു എന്നക്രിയയൊട സംബന്ധി ക്കുന്നു ആകാംക്ഷാപൂരണംതന്നെ— നളചരി തംപാട്ടിൽ കൎത്തൃപ്രധാനം— ആൎയ്യയായുള്ളദ മയന്തിനിന്നുടെ ഭാൎയ്യയായിരുന്നു— അതിൽ തന്നെആകാംക്ഷ പൂരണംഉണ്ടായിവരും ത ൽസഹായംബരാധാംബരംവെണ്ടാ വിഷാദം ലഭിക്കും നിനക്കവൾ—എന്നാൽ മിശ്രത്തിൽപ ദങ്ങളെമാററി വെക്കാമെംകിലും അസം ബന്ധാൎത്ഥം തൊന്നാതെകണ്ട പ്രയൊഗിക്ക ണം—

ചൊ—എങ്ങിനെആയാൽഅസംബന്ധമാ കുന്നു—

ഉ— ഇന്ന മാവുമെലുള്ള മാങ്ങയൊക്കെ

തല്ലിയടുത്തഭരണിനിറച്ചുഉപ്പിലിട്ടു- പിന്നെ പകലെകുളിച്ചു- എന്നടത്ത ൭ാം.പദങ്ങളെ മി ശ്രമാകുംപൊൾ- ഇന്നഭരണിയൊക്കെതല്ലി യടത്തിട്ട പിന്നെഉപ്പിൽനിറച്ചുള്ള മാവുമ്മെ ൽപകലെമാങ്ങ-കുളിച്ചു എന്നഅസംബന്ധം കുഞ്ഞിനെഎടുത്ത മെലെചളികളഞ്ഞു വി രിച്ചുകിടത്തണമെന്നുള്ളടത്ത- കുഞ്ഞിനെകള ഞ്ഞചളി യെടുത്തമെലെവിരിച്ചുകിടത്തണം എന്നഅസംബന്ധം ഇങ്ങനെപദസമ്മിശ്രം വരുന്നതിൽ വിപരീതാൎത്ഥം തൊന്നത്തക്ക വ ണ്ണം ഉള്ള മാററമാകുന്നു-

കവനരീതിഎങ്ങിനെ- ഉ- അതിനസാധാ രണവാക്കുകളിൽനിന്നു- പലഭെദങ്ങൾ പ്ര സിദ്ധങ്ങളായി ഒള്ളതാകകൊണ്ട അഭെദങ്ങ ളെ സന്ധിമുതൽക്രമെണചുരുക്കത്തിൽ പറ യുന്നു പ്രസിദ്ധങ്ങൾക്ക പ്രസിദ്ധന്മാരായ ഭാ ഷാകപികളുടെ പ്രയൊഗങ്ങളും എഴുതുന്നു - കവനത്തിന്റെ സന്ധിയിൽ ചൊല്ലുഎന്ന തിന്നമെൽപദം വരുംപൊൾ ചൊൽ- അ ദെശംവരും ✱ചൊൽകെട്ട✱ മഹാഎന്നതി ന്നമാത്രദെശംവരാം✱മാമുനിമാർ✱ പൈ തൽഎന്നതിന്നപൈഅദെശംവരാം✱പൈ ങ്കിളിപെണ്ണ✱യി – എന്നതിന്ന ഇകാരത്തി ന ലൊപംവരും-നള- ✱ഹെതുവാഴ്കിനിങ്ങ ൾക്കതങ്ങളിൽ ചെരുവാൻ✱ നിഷെധത്തി ൽഅതെ- എന്നതിന്നകൊണ്ടന്നുകൂട്ടാം- വെ ണ്ടാംഎന്നതിന്ന- വകാരലൊപംവരുത്താം- അവക്ക എന്നതിൽ- അവ-എന്നതിന്ന- ഒ -

ആദെശംവരാം — മുൻപെന്നടത്ത — മുൽ— എന്നും—മുൻഎന്നും— ആദെശവുംവരാം—

ഉദാ— ചെയ്യാതെകണ്ട—ചെയ്യെണ്ടാ— വരുന്നവർക്ക—വരുന്നൊൎക്ക ✻മുൽപാട്ടനൈഷധൻ✻ മുൻചൊന്നവാക്കുകൾ✻ വശമെന്നതിന്നനുസ്വാരലൊപംവരാം— വശംആക്കുക— വശാക്കുക— വെണംഎന്നടത്ത പകാര ലൊപംവരാം— ചെയ്യവെണം—ചെയ്യെണം— ഇത്യാദിയിൽ ചെയ്കഎന്നെങ്കിൽ— കകാരലൊപവുംഊഹിക്കണം— മനസഎന്നതിന്ന മനമെന്നും—അതിന്നമെൽ വ്യഞ്ജനാദി പദംവന്നാൽ അനുസ്വാരലൊപവുംവരും— മനക്കാമ്പിൽ— മനതാരിൽ—ഏറിഎന്നതിന്ന— ഏറിഎന്നുംവരുന്നു ✻പൂൎവാദ്രിശൃംഗങ്ങളെറി✻ കല്ലിന്നുകൽ എന്നുവരും കൽപണി — എന്റെ എന്നതിന്ന എൻഎന്നുവരും ✻എൻമാനിനി ഇത്യാദി

പ്രഥമാദിപദങ്ങളിൽചിലഭെദം—താൻഎന്നപദം— അൎത്ഥവിശെഷംകൂടാതെ പരിഷ്കാരത്തിന്നായി എല്ലാനാമങ്ങൾക്കും ഏതെങ്കിലും വിഭക്തിയിങ്കലും ചെൎക്കാം ഭാവിക്രിയക്കു വരുതാക— ചെയ്യുതാക— കൊടുപ്പുതാക—എന്ന പ്രയൊഗിക്കാം—

ഉദാ— നളചരിതം ✻ഗംഗാതരൻ— താനുമയൊടുചെന്നുതും✻എന്നാൽനളൻതന്റെ സന്താപശാന്തിക്ക— കാണുന്നതിന്ന നീ വെഗം വരുതാകഎന്നുംപ്രയൊഗിക്കാം—ഇതിന്നമണ്ണും പച്ചതംതന്നിൽവസിക്കും ഇതിന്നമണ്ണും നപുംസകത്തിൽ കൎമ്മത്തിന്നുംക്രിയക്കും അതെന്നും

ഇതെന്നുംവരും വനമതിൽചെന്നു-വന്നിത- കണ്ടതു- പഞ്ചമിക്കു- കാൽഎന്നട ത്തകാട്ടിൽ എന്നവരുന്നു- നള- *ഇന്ദ്രശച്യാദി സംബന്ധത്തിനെ കാട്ടിൽ* ആൽ- എന്നതിന്നു- ഇകിൽ- ഉതിൽ- ആകിൽ എന്നുവരാം വന്നാൽ-വരികിൽ- വരുകിൽ- വന്നാകിൽ- എന്റെഎന്നടത്തംഎന്നുടെ എന്നുവരും എന്നുടെ ഇഷ്ടം സഫലമായി സഖെ ഇത്യാദി ഇതിൽ ചിലതക്രമെണ വാക്കിലും നടപ്പായിട്ടും ഉണ്ടു-

## ഉറികവനത്തിലെ വിശെഷപദങ്ങൾ

| പദം | അൎത്ഥം | പദം | അൎത്ഥം |
| --- | --- | --- | --- |
| കെല്ലു | കെളി | അണ്ടർ | ദെവകൾ |
| കൊല്ലുക | കൊള്ളുക | അല്ലു | ഇരുട്ടു |
| മുറവും | ചുഴലവും | അണി | അലംകാരം |
| ആക്കം | സാമൎത്ഥ്യം | കൊണ്ടൽ | മെഘം |
| ചിക്കനെ | തെരുതെരെ | അഴൽ | ദുഃഖം |
| ശങ്ക്ഷൽ | ശംകാ | അത്രെ | മാത്രം |
| ആണ്ടഴുക | വാഴുക | ചട്ടററ | അവധി യില്ലാത്ത |

| പദം | അൎത്ഥം | പദം | അൎത്ഥം |
|---|---|---|---|
| താലൊലം | ലീലാഭെദം | ഇരവ | രാവ |
| കൊനാൻ | നാഥൻ | വയ്പ | വലിപ്പം |
| അയ്യ | കൃപാ | കില്ല് | സംശയം |
| | | തിണ്ണം | പക്ഷി |
| വാട്ടം | ക്ഷീണം | കററകുഴലി | മെഘവെണി |
| വംററ | വക | നല്ലാർമണി | സുന്ദരി |
| ഇമ്പം | നല്ല | തൈയ്യൽ | സ്ത്രീ |
| ആററത | ശക്തി | തലകർ | പ്രധാനികൾ |
| നടെ | മുമ്പെ | കയക്കുക | കൊപിക്കുക |
| ഊനം | കുറവ | കിട്ടുവൊൻ | കിട്ടുന്നവൻ |
| ചെലൊട / പരിശൊട | വഴിപൊലെ | നിഴലിച്ചു | ഛായവന്നു |
| അള്ള് | സംശയം | തമ്മുടെ | തങ്ങളുടെ |
| ഉമ്പർ | ദെവകൾ | ചെററു | കുറെ |
| കുഴൽ | തലമുടി | കുശല് | ഏക്ഷണി |

| | | | |
|---|---|---|---|
| അല്പൽ | സംകടം | വ്യാജമാട്ടം | വ്യാജംപൊാലെ |
| വാർ | നീളമുള്ളത | കനിവ | ദയാ |
| മന്ന | ഭൂമി | കഴിവരാ | കഴികയില്ലാ |
| വിണ്ണ | സ്വൎഗ്ഗം | ചാഞ്ചാടുക | കളിക്ക |
| തെന്നല | കാററ | ഓലുക | ഒലിക്കുക |
| അളവൊളം | ശക്തിപൊാലെ | ചൂഴി | ചററി |
| ഇണ്ടല | വ്യസനം | അഴി | സമുദ്രം |
| തണ്ടാർ | താമര | ഊഴി | ഭൂമി |
| എന്നിയെ } | ഒഴിച്ചു | ചെഞ്ചമ്മെ | വഴിപൊാലെ |
| എന്ന്യെ } | | | |
| ചാരത്ത | സമീപത്ത | ചെമ്മെ | നന്മ |
| മാൽ | ദുഃഖം | അമ്പിളി | ചന്ദ്രൻ |
| ചാരിത്രം | പാതിവ്രത്യം | മന്ന | ഭൂമി |
| മതി | ചന്ദ്രൻ | ചിതം | നല്ലതു |
| അരശൻ | രാജാവ | അടൽ | യുദ്ധം |
| പ്രകാരം | വിധം, ഇതസംസ്കൃതം | | |

| പദം | അൎത്ഥം | പദം | അൎത്ഥം |
|---|---|---|---|
| വില്ലാളി | വില്ലന്മാരിൽ (മുമ്പൻ | പണ്ടാർ | വണ്ടപൊലെയുള്ള |
| കൂട്ടാളി | കൂട്ടരിൽമുമ്പൻ | തണ്ടാർ | താമര |
| പൊററി | ദൈവം | കന്നൽ | മത്സ്യം |
| ചില്ലി | പരിയം | തൊഴി | സഖി |
| മംക | സ്ത്രീ | എപ്പെറ് | ഒക്കെ |
| പൈതൽ | ശിശു | എത്രയും | ഏററവും |
| കണവൻ | ഭൎത്താവ | വരി | മാൻ |
| | | വള്ള | വിഷം |
| കൂററലർ | ശത്രു | അകതാർ | മനസ്സ |
| മററലർ | ശത്രു | താഴ്മവൻ | താഴ്ന്നവൻ |
| താർ, മലർ | പുഷ്പം | കാഴ്ച്ചവർ | കാണുന്നവൻ |
| അരക്കൻ | രാക്ഷസൻ | പൊർമല | മത്സരിച്ചവളുന്നമല |
| ഉററവർ | ബന്ധുക്കൾ | മൂത്ത | മൂപ്പുയുള്ളത |
| ഉലക് | ലൊകം | കുരൾ | നുണ |

| | | | |
|---|---|---|---|
| അരിക്കൻ | സൂൎയ്യൻ | അന്തണർ | ബ്രാഹ്മണർ |
| എരുത | കാള | അണയ | അരികെ |
| ഇണ | ദ്വയം | മിഴി | കണ്ണു (മനുഷ്യൻഎന്നും |
| അഴൽ | ദുഃഖം | ആൾ | സ്ത്രീസൂചകവും, ഭൃത്യസൂചകവും |
| അഴക | ഭംഗി | ഉരക്കുക | പറയുക |
| തുനിയുക | ആരംഭിക്ക | ഇത്തരം | ഈവണ്ണം |
| അമർ | യുദ്ധം | അഞ്ചിതം | മനോഹരം |
| വെല്ലുക | കൊല്ലുക | അയക്കുക | ഗവിക്കുക |
| നലം | നല്ലതു | വാഴ്ക | വളരുക |
| വില്ലംകം | അനൎത്ഥം | നൽകുക | കൊടുക്കുക |
| മങ്ങിപ്പിക്ക | ക്ഷീണിപ്പിക്ക | ഓരാതെ | ഓൎക്കാതെ |
| തായാട്ടു | ദുർവ്യാപാരം | ദ്വിതീയഇനിസഹിതം | കയ്യിനെകാലിനെഎന്നവരാം |
| കാളുക | കത്തുക | വിണ്തലംഎന്നു ടത്തടാദെശം | വിണ്ടലം |
| നുകരുക | പാനംചെയ്ക | കാട്ടുമാറില്ല | കാട്ടാറില്ലാ |
| ഒരുമ്പടുക | ഒന്നിക്ക | കൊടുക്കുമാറു | കൊടുക്കാൻതക്കവണ്ണം |

ആറാം എഴാം

ആൽ എന്നതിന്ന ഉദാഹരണം_

മാനെല്ലാം മിഴിയാൽ-വാണാൽആൽവന്നു ഇങ്ങനെ ചില ഭെദങ്ങൾ കവനങ്ങളിൽ കാണുന്ന കാവ്യങ്ങളിൽ പറഞ്ഞ പദങ്ങൾക്ക പ്രസിദ്ധങ്ങളായി പ്രയോഗങ്ങൾ എഴുന്നു- പൈം- ആദെശത്തിന്ന (രാമായണം) *ശ്രീ രാമനാമം പാടിവന്ന പൈങ്കിളിപ്പെണ്ണെ*ആതെക്രിയാ നിഷെധം* ശ്രീരാമചരിതം നീചൊല്ലെന്നും മടിയാതെ ശാരിക പൈതൽ താൻ*ശിശുവിനെ പൈതൽ എന്നും ശബ്ദാലംകാരമായി താൻഎന്നുംചെത്തിരിക്കുന്ന അസ്മത്ത കൎത്താവായ ക്രിയക്കഎന്ന പ്രത്യയം ചെൎക്കുന്നതും*ആവൊളം വന്ദിക്കുന്നെൻ*വിശെഷണ സൂചകമായി ആംപ്രത്യയം വിശെഷണത്തിന മെൽവരാം ഉദാ_ *കൃഷ്ണനാംപുരാണ കൎത്താവായ*ഉപ്രത്യയാന്തമായ ക്രിയക്ക ബഹുവചനം ആർ എന്നുംവരാം- ഉദാ-ഭാരതം*താപസരായി വാണാർ*അൎത്ഥവിശെഷം കൂടാതെ പരിഷ്കാരത്തിന്നായി ക്രിയക്ക ഇതെന്ന ചെൎക്കാം*കണ്ടിതു ഞാനന്നെരം*പ്രസിദ്ധങ്ങൾ*എല്ലാംഎന്നതിന്ന- ഉദാ- ഭാര*ദെവ യാനിയനാല്ലൊനാമം*മതിചന്ദ്രൻ എന്നടത്തുനെർ ശരിഎന്നടത്തും ഉദാ*മതിനെർ മുഖിയാളാം ദെവയാനിയുമപ്പൊൾ*ഉണ്ണിഎന്നുംഒമൽഎന്നും വാത്സല്യങ്ങൾ പ്രയൊഗത്തിന്ന ഉദാ*എന്നുണ്ണി- മകളെനീ- ആരൊമലെ നിൻമനൊ ദുഃഖം*ഇങ്ങനെ യുള്ളടത്ത

നീയെന്നുള്ളതിന്ന സമാസത്തിൽ നിൻഎന്ന
ആദെശംവരുന്നു അലുപ്തഷഷ്ഠി സമാസത്തി
ന്ന ഉദാ✻മന്നവ നകതാരിൽ വാഴ്ത്തിത്തു ദി
നം പ്രതി✻ഇവിടെ സമാസത്തിൽ ഷഷ്ഠി
ക്കലൊപംവരുന്നില്ലാ എകാരാന്താവ്യയത്തി
ന്ന വെ- എന്നും ചെക്കാമെന്നുള്ളതിന്നും ഉ
ദാ✻മെല്ലവെവന്നവൻ ഇതിന്മന്നും കൂട
വെ എന്നുംവരാം കെല്പ എന്നതിന്ന ഉദാ-
വിരാടപർവ്വം✻അപ്പൊളണഞ്ഞു കുരുപ്രവീ
രന്മാരും കെല്പൊട്ട ഗൊക്കളെ കൊണ്ടുപൊ
യീടിനാർ✻ഇത ഭൂതക്രിയക്കു ബഹുവചന
ത്തിന്ന ആർഎന്നുവന്നു പററലർഎന്നതിന്ന
ഉദാ✻വററലരായ- സുയൊധന- നാദിക
ൾ- ഇവിടെ സുയൊധന എന്നടത്ത പ്രഥ
മക്ക അലൊപം-തെററവെഗമെന്നുള്ളതിന്ന
✻തെററന്നുകൊണ്ട പൊകുന്നൊരുനെരത്തു
ഇങ്ങനെഉള്ളടത്തഒരുശബ്ദത്തിന്നസംഖ്യയെ
ന്നർത്ഥമില്ലാ- അതാതപൂർവ്വപദത്തിന വിശെ
ഷത്തെ സൂചിപ്പിക്ക എന്നഅർത്ഥമാകുന്നു- ഇ
നിപ്രയൊഗങ്ങളെ മാത്രം എഴുതുന്നു പ്രയൊ
ഗത്തിലുള്ള വിശെഷ ശബ്ദങ്ങളെ കണ്ടറിയ
ണം ഭാര- വിരാട✻വെല്ലുന്നതുണ്ട ഞാനി
ല്ലൊരു കില്ലിതിനില്ലൊരു സൂതനന്നത്രെ കു
റവിതു✻കെളുവർമ്മ രാമായണം✻ആഴിചൂഴു
ന്നൊരു✻മനുകുലമന്നവരാണ്ടെഴും✻ അടലി
ലധിക കുടിലരെല്ലൊ✻ചുട്ടററവാരിധി✻
പൊരാളികളാകിയ കൌണപർ മുകുലൊ
ളി കുഴലിയെ✻ആകുമെന്നുള്ളതിന്ന ആം എ
ന്ന ആദെശംവരുന്നു- നളചരിതംആട്ടക്കഥാ

✳ചാമിവ✳ഇവകൾ ചാകുമെന്നൎത്ഥം പാട്ടിൽസദൃശംപൊലെഅക്ഷരഭെദംവരുന്നതിന്ന ഉദാ✳അവനെ ചെന്നായൊ ബന്ധുഭവനെ ചെന്നായൊഭീരു✳ഇവിടെ കാട്ടിൽ പൊയനളന ചെന്നായ് ബന്ധുവായൊ എന്നും ദമയന്തി വിദൎഭ രാജധാനിയിൽ ചെന്നൊ എന്നും അൎത്ഥം- ഇവിടെ ഷഷ്ഠിക്ക അചെത്ത ഓ ) എന്നതിന്ന അയന്തചെത്തു✳കരണ്ടീയം ദെവന മെന്നിനിക്ക തൊന്നി- എന്നിൽ ഭരണിയ ജനങ്ങൾക്ക വെറുപ്പതൊന്നി തരുണിയെ വിട്ടകാട്ടിലിരുപ്പുമൂന്നി അപഹരണീയവിധി യന്ത്രത്തിരിപ്പുമൂന്നി ✳ഇവിടെ കാട്ടിലിരിപ്പുറച്ചു എന്നും ഇവമൂന്നും വിധി യന്ത്രത്തിന്റെ തിരിപ്പഎന്നുംഅൎത്ഥം, ൦രം എന്നുള്ളത ഇവ എന്നുള്ളതിന്റെ സ്ഥാനത്ത- അന്തത്തിൽ പ്രയൊഗിച്ചു-സുഭദ്രാഹരണംപാട്ട✳വാലഞ്ചുംവാണി സുഭദ്രയെ ഗ്രന്ഥം✳അഞ്ചിതകെളി✳ഭാഗവതംപാട്ട✳എള്ളൊള്ളമില്ലിതിനുള്ളുള്ള മെത്തുമെ✳ചൊല്ലുവതെന്തിനിയും തവനന്ദനൻ അല്ലപ്പെട്ടത്തുവ യെല്ലാമൊരൊവിധം✳ചൊന്നതു ചിതമെന്ന✳അകതാരിൽ പ്രണയതാ✳വരിമിഴികൾ കുലമതിനു✳യദുജനതല കരവർ✳തമ്മിലെററമയക്കിൽ✳ചമഞ്ഞിട്ടവൊൻ കാരണംകൊണ്ടെഴും✳കാണുമവർ കണ്ണിനാനന്ദവും✳ചിക്കനെചെന്നു പാൽ വെണ്ണ✳അമ്മമെയുന്നുടെ പൊർമുലക്ഷീരവും✳ചെതസി സംശയം ചെററുതുടങ്ങി✳ഒക്കെക്കരൽകൊണ്ട കത്തിനിൎത്തിദ്രുതം✳പക്ഷ്മാജയുഗ്മം നുകൎന്ന സന്തൃ

പ്പനായി✱വ്യാജമാട്ടം തുടങ്ങീടിനാൻ✱ഉ
ലൂഖലം കണ്ടുഴറെറാടചെന്നതിന്നണയത്തു✱
പില്ലാ ടൊരുവിധം✱ഇത്യാദി നളചരിതം
പാട്ട✱എത്രയും നിഷ്ഠുരൻ നൈഷധക്ഷ്മാ
പാലനിത്ര കാരുണ്യ മില്ലാതയായെന്തു വാ
ൻ✱എന്തുകൊണ്ടെന്നർത്ഥം✱തീയും വെറകും
ജലവും കൊട്ടക്കൊണ്ടു ചെയ്യുന്നതുകണ്ടു പൊ
രുവിൻ✱ഇവിടെ ഇൻ എന്നതിന്ന വ് ആ
ഗമംവന്നു✱ ഒരം വിധമൊന്നും ധരിച്ചീല
ബാഹുകാ ജീവിതത്തെ കാട്ടിലെററം പ്രിയ
ൻനളൻ✱നാലഞ്ചു നാഴികകൊണ്ടു രജനി
യും ചാലവെ കാലംകഴിച്ചു വെന്നാരവർ✱
എന്നാർഎന്നിങ്ങനെവന്നു✱ആയുരന്തത്തൊ
ളുമെവം ഭവൽ കൃപാമായംവെടിഞ്ഞങ്കല്പ
ന്ത്ടചിച്ചീടണം✱ മായം എന്ന നപുംസകമാ
ക്കി✱ ഇത്തരം സമ്മാനവാക്കുകൾ കൊണ്ടുട
ൻ ചിത്തരം ഗൊത്സവം ഭൂപന്നൽകിനാൾ
✱ഇത്യാദികളിൽ മററുംചില ആഗമങ്ങളും
ആദെശങ്ങളും ഊഹിക്കണം ഇങ്ങനെചില
വിശെഷ പ്രയൊഗങ്ങൾ ഭാഷയിൽ ഉള്ള
പാട്ടുകളിലും മണിപ്രവാള ശ്ലൊകങ്ങളിലും
സാധാരണമായി പ്രയൊഗിച്ചിരിക്കുന്നു എ
ന്നറിയുന്നതിന്നമാത്രം ചില ഉദാഹരണം എ
ഴുതിയിരിക്കുന്നു–

ചൊ– മണിപ്രവാളമെന്നാൽ എന്ത്

ഉ– മുത്തുകളും പവിഴങ്ങളും കലൎന്നു കൊ
ത്ത മാലപൊലെ സംസ്കൃതപദങ്ങളും ഭാഷാ
പദങ്ങളും കലൎന്നിട്ടുള്ള കവനമെന്ന അൎത്ഥ
മാകുന്നു എന്നാൽ പാട്ടിൽപരിചയംകൊണ്ടു

കവന വാക്കുകൾ പലതും ഭാഷാവാക്കിലും സാധാരണമായിരിക്കുന്നു അതിനാൽ ഭാഷാവാക്കും കവനത്തിൽ ചെൎത്തു എന്നതൊന്നാം കവനത്തിലെ ഭാഷായിൽ തമിഴവാക്കു അധികം ചെൎക്കുന്നു അതിനാൽ ആ വാക്കുകൾ മലയാളം സംസാരിക്കുമ്പൊൾ പ്രയൊഗിക്കാറില്ലാ അരശനെക്കണ്ടു അരിക്കെൻറ ചൂടു താർച്ചൂടി- തായാട്ടരുത- തെന്നൽ കൊള്ളണം ഇങ്ങനെ പറഞ്ഞാൽ പരിഹാസമാവും അതുകൊണ്ടു കവനകാണ്ഡം വെറെയും അതിൽ ൦ര൦വക പദങ്ങളും എഴുതിയിരിക്കുന്നു വാക്കിൽ ചെൎത്തപറഞ്ഞാൽ ഭംഗിയുള്ളകവനപദങ്ങളും വളരെയുണ്ടു അതുകളുടെ വിസ്താരം ഇപ്പൊൾ അനാവശ്യമെന്നു ചുരുക്കുന്നു ഭാഷാകവനങ്ങളിലെ നിയമത്തിന്നസജ്ജനവാക്കു തന്നെ ശരണമാകുന്നു-

പല പദങ്ങളിലും ചെൎക്കാകുന്ന സാമാന്യ ക്രിയകളെ താഴെ എഴുതുന്നു

| ധാതു- | പ്രയൊഗങ്ങൾ |
|---|---|
| ആയ - | എങ്ങിനെയായിരുന്നു കണ്ടതായിരുന്നു നന്നായി |
| തിര - | പറഞ്ഞുതീൎന്നു കൊട്ടയ്ക്കുതീൎന്നു ശങ്കാതീൎന്നു |
| വര - | അതെങ്ങിനെവന്നു കെട്ടവന്നു തീൎച്ചവരുന്നു |
| ഉണ്ടാക- | ഗുണമുണ്ടായി നാനാവിധം ഉണ്ടാകുന്നു അതുകൊണ്ടു |

ഭവി- ഒാൎത്തുഭവിച്ചു വിശെഷം ഭവിച്ചു പിന്നെഭവിച്ചു

കൂട ‌ വന്നുകൂടി ശണ്ഠകൂടുന്നു ഒരുംകൂട്ടംകൂടരുത

ചെയ്യ പണിചെയ്യു എന്തുചെയ്യും അങ്ങനെ ചെയ്യും

പൊയ ആയിപൊയി പൊയ്പ്പൊയി വന്നു പൊയി

മലയാളത്തിലെ നാമങ്ങൾക്ക പൎയ്യായപദങ്ങൾ നിഘണ്ഡുക്കളെകൊണ്ട അറിയെണ്ടതാകുന്നു- ഇ- എ- ഇതുരണ്ടും ഉ- ഒ- ഇതുരണ്ടും ചിലപദങ്ങളിൽ ഇഷ്ടപൊലെ നടപ്പുണ്ട-

ഉദാ- ഇടത്തു എടത്തു- ഇറക്കം എറക്കം- കിടന്നു- കെടന്നു- ഉണക്കം ഒണക്കം- ഉറങ്ങി- ഒറങ്ങി- കുളം- കൊളം- തുറന്നു- തൊറന്നു- ഇത്യാദി-

## അലങ്കാരകാണ്ഡം

ചൊ- അലങ്കാരമെന്നാൽ എന്താകുന്നു-

ഉ- പ്രയൊഗിക്കുന്ന വാക്കുകളെ അൎത്ഥചാതുൎയ്യം കൊണ്ടൊ ശബ്ദചാതുൎയ്യം കൊണ്ടൊ അലംകരിക്കുകയും അതിനുള്ള നിയമവും ആകുന്നു-

ചൊ- അതെങ്ങിനെ എല്ലാം

ഉ- സംസ്കൃതത്തിൽ നൂററിലധികം അലങ്കാരങ്ങളുണ്ട അതുകളെ ചുരുക്കി ഭാഷയിൽ പ്രസിദ്ധങ്ങളായുള്ള ഇരുപത്തൊന്നു വിധങ്ങളാക്കി അതുകളിൽ മററുപലതും ഉൾപ്പെ

ട്ടാന്തക്കംവണ്ണം ലക്ഷണങ്ങൾക്കും നാമങ്ങ
ൾക്കും സംസ്കൃതത്തിലെക്കാൾ അല്പം ഭെദപ്പെ
ടുത്തി ഇരുപത്തൊന്ന അലങ്കാരങ്ങളാക്കി പ
റയുന്നു അവകളുടെ നാമങ്ങളും ലക്ഷണങ്ങ
ളും ഉദാഹരണങ്ങളും വാക്കായി താഴെ എഴു
തുന്നു പല അലങ്കാരങ്ങൾക്കും ഉപമാനം ഉ
പമെയം സാധാരണധൎമ്മം ഉപമാവാചകം
ഇങ്ങനെ നാല അംഗങ്ങൾ പ്രധാനങ്ങളാ
കുന്നു-

ചൊ- നാലിന്നും ഭെദം എങ്ങിനെ

ഉ- സാദൃശ്യം പറയെണ്ടടത്ത ഏതിനെ ദൃ
ഷ്ടാന്തമാക്കി കല്പിക്കുന്നു അത ഉപമാനം മു
ഖത്തിന്ന ചന്ദ്ര പത്മാദി കണ്ണിന്ന പത്മദ
ളെന്ദീവരാദി പല്ലിന്ന മുത്തുമണി മുല്ലമൊട്ടു
മുതലായ്യ, വാക്കിന്ന അമൃത മുന്തിരിങ്ങാപ്പഴം
മുതലായ്യ ഇങ്ങനെ ഉപമാനം വൎണ്ണിച്ചുവരു
ന്നത കവികളുടെ സംപ്രദായം മെന്നെ പറ
യാനുള്ള ഏതിന സാദൃശ്യത്തെ പറയാൻ ഇ
ച്ശിക്കുന്നു അത ഉപമെയമാകുന്നു മുഖം- ക
ണ്ണ- വാക്ക- മുതലായ്യ ഉപമാനൊപമെയ
ങ്ങളിൽ സാധാരണമായി ഏതധൎമ്മത്തെ ഇ
ഛിക്കുന്നു അത സാധാരണ ധൎമ്മമാകുന്നു മു
ഖത്തിന്നും ചന്ദ്രനും സകലജന സന്തൊഷ
കരം സാധാരണ ധൎമ്മമാകുന്നു കണ്ണിന്നും പ
ത്മദളത്തിന്നും സമവിസ്താരം ആകൃതിമുതലാ
യതും കരിംകുവളപ്പൂവിന്നും കണ്ണിന്നു നില
ന്നത്വവും സാധാരണ ധൎമ്മമാകുന്നു മുത്തി
ന്നും മുല്ലമൊട്ടിന്നും പല്ലിന്നും ആകൃതി ധാവ
ള്യം മുതലായതാകുന്നു വാക്കിന്നും അമൃതാദി

ക്കും മാധുൎയ്യാദിഗുണം സാധാരണ ധൎമ്മമാകു
ന്നു ഇങ്ങനെ പ്രസിദ്ധങ്ങളെകൊണ്ടു എല്ലാ
ഉപമാനൊപമെയങ്ങൾക്കും സാധാരണധ
ൎമ്മം കല്പിക്കണം സാദൃശ്യത്തെ പറയുന്ന ശ
ബ്ദം ഉപമാവാചകമാകുന്നു പൊലെ- ശരി
തുല്യം- ഇത്യാദി സ്വഭാവൊക്തി മുതലായി
ചില അലങ്കാരങ്ങൾക്കു ഉപമാനാദ്യപെക്ഷ
വെണമെന്നില്ലാ അതുകൾക്കു വിധംവെറെ
യാകുന്നു

(൧-) ഉപമാലംകാരം

പ്രസിദ്ധങ്ങളായിരിക്കുന്ന ഉപമാനൊപ
മെയങ്ങൾക്കു നല്ലസാദൃശ്യം ഏതു വാക്യത്തി
ൽപറയുന്നു അവിടെഉപമാലംകാരം ഭവിക്കു
ന്നു- ഉദാ- മഹാരാജാവിന്റെ മുഖംചന്ദ്രനെ
പൊലെ ആനന്ദകരമായിരിക്കുന്നു വാക്കമൃ
തുപൊലെ മധുരമായിരിക്കുന്നു- കയ്യ്കല്പ
കവൃക്ഷം പൊലെ സ്വാഭീഷ്ടത്തെ കൊടുക്കു
ന്നു എംകിലും കൊപിച്ചാൽ അന്തകൻഎന്ന
പൊലെ ഭയംകരനായും ഇരിക്കുന്നു ഇങ്ങ
നെപൂൎണ്ണൊപമാ ൟമഹാരാജാവിനു ശരീര
സൌന്ദൎയ്യത്തിംകൽ കാമദെവനും കാമദെവനു
ശരി ൟരാജാവുതന്നെ- അല്ലംകിൽ ൟരാ
ജാവിനുശരി സകലഗുണവാൻ ൟരാജാവു
തന്നെ- സ്വൎഗ്ഗത്തിൽ ഇന്ദ്രനു അത്രെശവ് വെ
ണ്ടു ഭൂലൊകത്തിൽഇപ്പൊൾ ൟമഹാരാജവു
ണ്ടു- ഇവിടെ ഉള്ളസഭക്കു പകരം അവിടെ
സുധൎമ്മാഎന്നസഭയുണ്ടെന്നു ഭാവിക്കുന്നു എം
കിൽ ആയിക്കൊട്ടെ- ഇത്യാദിവാക്കുകളിൽഉ
പമാഭെദമാകുന്നു വാചകവും ധൎമ്മവും പ്രസി

ദ്ധികൊണ്ടു തൊന്നുന്നെടത്ത പ്രയൊഗിച്ചു കഴിയുവെന്നില്ലാ- ഉദാ- ചന്ദ്രാനനെ- മതിമുഖി- മാൻമിഴിയാളെ- തെന്മൊഴി എന്നുമാവാം- ചന്ദ്രനെപൊലെയുള്ള മുഖത്തൊടു കൂടിയവൾ ഇവിടെവാചകം വിഗ്രഹംകൊണ്ടും സാധാരണ ധൎമ്മം പ്രസിദ്ധികൊണ്ടും തൊന്നുന്നു-

(൨) ഉൽപ്രെക്ഷം

ഉപമെയത്തിന്ന സാദൃശ്യ ഗുണാധിക്യം സാധിക്കാനായിട്ടു ഉപമെയത്തെ കണ്ടാൽ ഉപമാനമെന്ന ശങ്കിക്കുമെന്ന വൎണ്ണിക്കുന്നതു ഉൽപ്രെക്ഷയാകുന്നു- ഉദാ-പ്രദ്യുമ്നനെകണ്ടാൽ കൃഷ്ണനൊ എന്നുതൊന്നും ഇവളെ കണ്ടാൽ ലക്ഷ്മിദെവിയൊ എന്നശങ്കിക്കും ൧ാം ചൊമന്നരത്നംകണ്ടിട്ടതീക്കനലൊ എന്നവിചാരിച്ചു. രാജധാനികണ്ടാൽ സ്വൎഗ്ഗം തന്നെയൊ എന്നുതൊന്നും ഇത്യാദി- വസ്തൂൽപ്രെക്ഷകളിലും സാധാരണധൎമ്മം ഊഹിക്കണം ഒരുവസ്തുവിനെ അന്ന്യവസ്തുവിനൊടു ഉൽപ്രെക്ഷിക്കുന്നത വസ്തൂൽപ്രെക്ഷയാകുന്നു- ൧ാം ഉൽപ്രെക്ഷാഹെതുവിങ്കലും ഫലത്തിങ്കലും വരുംഹെതുവിന്ന-ഉദാ-രാജാവ-വരുത്തുന്നധനങ്ങളെ ഒക്കെദാനം ചെയ്യുന്നുവെക്കാൻസ്ഥലമില്ലാഞ്ഞിട്ടൊ എന്നുതൊന്നും ലുബ്ധൻ- ഒരുത്തനും കൊടുക്കയും താൻഅനുഭവിക്കയും ഇല്ലാ - വെപ്പട്ടയക്കരുതന്ന ധനം അപെക്ഷിച്ചിട്ടൊ എന്നുതൊന്നും- വിഷംപൊലെധനം അനുഭവിക്കുന്നവനെ കൊല്ലുമൊ എന്നുംതൊന്നും ലുബ്ധൻ ധനത്തിന്റെ ഫലം വിചാരിക്കുന്നില്ലാ

എന്നത്ഥം ഇവിടെസ്ഥലാഭാവത്തിന്നംആശ്ര യത്തിന്നം മാരകത്തത്തിന്നം ഹെതുത്വം ഉൽ പ്രെക്ഷിച്ചു കുതിര അതിവെഗത്തൊടെ ഓട്ട ന്ന കാററിൻെറ മുമ്പുകടക്കാനൊ എന്നതൊ ന്നം നദികളിലെവെള്ളങ്ങളെ ഒക്കെ സമുദ്രം സ്വീകരിക്കുന്നു സ്വജലത്തിൻെറ ഉപ്പുകളയാ നായിക്കൊണ്ടൊ എന്നതൊന്നം ഇങ്ങനെഫ ലവിധമുണ്ട- മുമ്പുകടക്കയും- ഉപ്പുകളയുകയും ഫലമാക്കി ഉൽപ്രെക്ഷിക്കപ്പെട്ടു

(൩.-) ആരൊപം

ആരൊപമെന്നാൽ ഉപമെയത്തെ ഉപ മാനമാക്കി ആരൊപിച്ചു വൎണ്ണിക്കുക-

ഉദാ- ൧൦ം മഹാരാജാവു സാക്ഷാൽ വി ഷ്ണുതന്നെ ശംഖുംചക്രവുംമാത്രം കാണുന്നില്ലാ ഇദ്ദെഹത്തിൻെറ കടാക്ഷമാകുന്ന അമൃതി ൻെറ തുള്ളിക്കൊണ്ട ബഹുജനങ്ങൾ ദുഃഖമാ കുന്ന താപംനീക്കി സുഖിക്കുന്നു ചിലർ സം സാരമാകുന്ന കടലിൽ മുങ്ങി ആശാപാശ ത്താൽ ബന്ധിക്കപ്പെട്ടവരായിട്ട രാജാവി നെകാണ്മാൻ ഭാഗ്യവാന്മാരാകുന്നില്ലാ- രാ ജഭാൎയ്യാ പ്രത്യക്ഷ ലക്ഷ്മീ ദെവിതന്നെ എ ന്നാൽ അന്ന്യൻെറ അടുക്കൽ നൊക്കുക കൂടി യില്ലെന്നുള്ള സ്ഥൈൎയ്യ ഗുണം വിശെഷമാ യിരിക്കുന്നു ഇവിടെ രാജാവിങ്കൽ വിഷ്ണുത്വം കടാക്ഷത്തിൽ അമൃതത്വം മുതലായു, ആരൊ പിതങ്ങളാകുന്നു. ഇതിവണ്ണം രാജാവു ദാന ത്തുങ്കൽകല്പകവൃക്ഷമായും- കൊപത്തുങ്കൽഅ ന്തകനായും- വാക്കുങ്കൽ ബൃഹസ്പതിയായും ശൊഭിക്കുന്നു ഇദ്ദെഹത്തിനെ സ്ത്രീകൾകാമ

നെന്നും വിദ്വാന്മാർ സരസ്വതിയെന്നും കവികൾ കാളിദാസനെന്നും പാട്ടുകാർ ഗന്ധൎവ്വനെന്നും വിചാരിക്കുന്നു- അമൃതഇദ്ദേഹത്തിന്റെ വാക്കിലാണ ചന്ദ്രംകലല്ലാ- ഞാൻ രാജധാനി കണ്ടപ്പൊൾ സ്വൎഗ്ഗംകണ്ടു- രാജാവിനെ കണ്ടപ്പൊൾ കല്പക വൃക്ഷത്തെയും ബൃഹസ്പതിയെയുംകണ്ടു ഇത്യാദികളിലും അരൊപമാകുന്നു- ഇതിൽ സംസ്കൃതരീതിയിൽ ഉള്ള ഉല്ലെഖം രൂപകാതി ശയൊക്തിമുതലായ അന്യാലങ്കാരങ്ങളും അന്തൎഭവിച്ചിരിക്കുന്നു ഇതിന്മണ്ണും മെലുംഊഹിക്കണം-

## (൯-) ദൃഷ്ടാന്തം

സാദൃശ്യം തൊന്നാന്തക്കവണ്ണം ഉപമെയവാക്യത്തെയും ഉപമാനവാക്യത്തെയും പ്രയൊഗിക്കുന്നത ദൃഷ്ടാന്തമാകുന്നു രാജാവ തന്നെ കീൎത്തിമാൻ ചന്ദ്രൻതന്നെ കാന്തിമാൻ എന്നുപറയാം ഇന്ദ്രൻ സ്വൎഗ്ഗത്തിങ്കൽ ശൊഭിക്കുന്നു രാജാവ ഭൂമിയിങ്കൽ ശൊഭിക്കുന്നു ധനികൻ ഗൎവ്വംകൊണ്ടു കളിക്കുന്നു- ഗജംമദംകൊണ്ടു കളിക്കുന്നു- രാജാവ ദുഷ്ടന്മാരെ നശിപ്പിക്കുന്നു- വൈദ്യൻ രൊഗങ്ങളെ നശിപ്പിക്കുന്നു-സുന്ദരിയുടെ മാദ്ദവവും പിച്ചകപ്പൂവിന്റെ മാദ്ദവവും ഒന്നുതന്നെ അവളുടെമനസ്സും കാളകൂടവും വെറെയല്ലാ മെഘം ജലം വൎഷിക്കുന്നു-രാജാവധനം വൎഷിക്കുന്നു-ആദിത്യൻ ഇരുട്ടുകളയുന്നു-ഗുരുഅജ്ഞാനം കളയുന്നു-മുഖംകണ്ടപ്പൊൾ പത്മത്തെ സ്മരിക്കുന്നു ഇങ്ങനെയുള്ളതും ദൃഷ്ടാന്തഭെദം തന്നെ-

(൫-) അതിശയൊക്തി

അതിശയൊക്തി എന്നാൽ ഔദാൎയ്യാദി ഗുണങ്ങളെ വളരെ അധികമാക്കി അതിശയം തൊന്നാത്തക്കവണ്ണം വൎണ്ണിക്കുകയാകുന്നു-

ഉദാ- ൧൦ം രാജാവിന്റെ ദാനവിശെഷം കെട്ടിട്ട കല്പകവൃക്ഷവും കാമധെനുവും യാചിക്കാൻ വരുന്നു- ആരാജധാനിയുടെ താഴികക്കുടങ്ങൾ ചന്ദ്രമണ്ഡലത്തിൽ നിന്ന ഒരു യൊജന മെൽനില്ക്കുന്നു- ചന്ദ്രന്റെവഴി ജനൽ വാതുക്കൽ കൂടിയായി നളൻനാടുവാഴുമ്പൊൾ രക്ഷാകൎത്താവായിരിക്കുന്ന വിഷ്ണു സ്വസ്ഥനായി ഉറക്കംശീലിച്ചിരിക്കുന്നു- ദമയന്തിയുടെ മുഖശൊഭകണ്ട ചന്ദ്രൻലജ്ജിച്ചിട്ട സമുദ്രത്തിലും മെഘമണ്ഡലത്തിലും ഒളിച്ചു നടന്നിട്ടുള്ള ശീലം ഇപ്പൊളും വിട്ടിട്ടില്ലാ- രാജദൎശനത്തിനും എന്റെഗൃഹത്തിൽ ധനസമൃദ്ധിക്കും സമകാലം തന്നെ- വീരൻവാളെടുത്തപ്പൊൾ തന്നെ ശത്രുവിന്റെ ശിരസ്സ താഴെവീണു ഇത്യാദിയും അതിശയൊക്തിഭെദം തന്നെ-

(൬-) നിന്ദാസ്തുതി

ഇതു നിന്ദാവാക്കുകൊണ്ട സ്തുതിതൊന്നുന്നടത്തും നിന്ദക്കായിക്കൊണ്ട സ്തുതിചെയ്യുന്നിടത്തുമാകുന്നു-

ഉദാ- ഒരാൾ ഗംഗയൊടുപറയുന്നു അല്ലയൊ ഗംഗാദെവി അങ്ങെക്കുവകതിരിവ കുറയെങ്കിലും ഇല്ലാ- എന്തെന്നാൽ നരകയൊഗ്യന്മാരായ പാപികൾവന്ന ഗംഗാസ്നാനംചെയ്താൽ അവരെയുംസ്വൎഗ്ഗത്തിലാക്കി സുഖിപ്പി

ക്കുന്നു എന്നുപറഞ്ഞപ്പോൾ വാക്കുകൊണ്ടു ള്ള നിന്ദാർത്ഥത്താൽ സ്വപാപനാശത്തെ ചെയ്തു സ്വർഗ്ഗപ്രാപ്തി യോഗ്യമായിരിക്കുന്ന പുണ്യത്തെകൊടുക്കുന്നു എന്നസ്തുതിതോന്നുന്നു ൦൦ രാജാവു ഒട്ടും ആശ്രിതവാത്സല്യം കൂടാതെ തന്നെ ചിരകാലം ആശ്രയിച്ചിരിക്കുന്ന ശ്രീഭഗവതിയെ യോഗ്യന്മാരുടെ ഗൃഹത്തിലെക്കു അയക്കുന്നു ഇവിടെ നിർദ്ദയത്വനിന്ദ കൊണ്ടു സല്പാത്രങ്ങളിൽ നിരവധി ദാനം ചെയ്യുന്നു എന്നസ്തുതി തോന്നുന്നു നിന്ദക്കായി സ്തുതി അല്ലയൊ പ്രഭുവെ അങ്ങെപൊലെ പുണ്യം ചെയ്വാൻ ആരിരിക്കുന്നു ചിരാശ്രിതനായിരിക്കുന്ന എന്റെ കുഡുംബത്തിലുള്ളവർ പ്രതിദിവസം അറിയാതെയും എല്ലാ വ്രതങ്ങളും ശുദ്ധോപവാസ മായിട്ടു തന്നെ അനുഷ്ഠിക്കുന്നു പ്രതിഫലം വാങ്ങാതെ ശുശ്രൂഷിച്ചിട്ടുള്ള പുണ്യത്തെ പൂർണ്ണമാക്കി ഞങ്ങൾക്കുതന്നിരിക്കുന്നു ഇവിടെ പുണ്യദാനസ്തുതി നിർദ്ദയത്വ നിന്ദക്കായി കൊണ്ടാകുന്നു-

## (൭-) ശ്ലേഷം

രണ്ടൊ അധികമൊ അർത്ഥങ്ങളെ പറയുന്ന ശബ്ദങ്ങൾ ചേർത്ത ഭംഗിയിൽ പ്രയോഗിക്കുന്നത ശ്ലേഷമാകുന്നു

ഉദാ- ഇന്നത്തെ ഭക്ഷണത്തിന്നു മൊരൊഴിച്ചു ചിലസാധനങ്ങൾ വിളമ്പിയതനന്നായിരുന്നു ഇവിടെ ഒഴിച്ചെന്നുള്ളതിന്നു പകന്നൊന്നും കൂടാതെയെന്നും ശ്ലേഷം അയാൾ ശത്രുവിന്റെ അടിയിൽവീണു എന്നടത്തഅടിനിമിത്തം വീണുഎന്നും ശത്രുമീതെയും അ

യാൽ കീഴയും വീണവന്നും കാക്കൽവീണ എ ന്നും മൂന്നൎത്ഥമുണ്ട നീരൊമൊരൊ വെവ്വെറെക്കു ട്ടാൻ പറയരുതെ ഇവിടെരൊമരഹിതമായ തൊടയൊട കൂടിയവളെ നീയവെറെ ഒരു ത്തനൊ കൂടെചെക്കാൻ പറയരുതെ എന്നും വെള്ളമൊ മൊരൊപ്രത്യെകം കൂടി ഉണ്ണുന്ന തിന പത്തിടങ്ങഴി അരുതെന്നും അൎത്ഥംവരു ന്നത ശ്ലെഷമാകുന്നു ഇതിൽആദ്യപക്ഷംസം സ്കൃതപദ സംഹിതമെന്നഭെദം വെള്ളമുണ്ടന്ന കെട്ടിട്ട കരനന്നാക്കാൻ ശ്രമിച്ചില്ലാ ഇവി ടെ വക്കനന്നാക്കാൻ വെള്ളം വിരൊധമെ ന്നും വെള്ളനെയ്യരിന്ന കരവെണ്ട എന്നും താല്പൎയ്യം ഇതിന്മറ്റും ആലപ്പുഴക്ക വടക്കെ നുള്ള വാക്കിന്ന ദിക്കിന വടക്കെന്ന ആല എന്നപറയുന്ന വൃക്ഷം പൂണ്ടികാട്ടിയ പുഴക്ക വടക്കെന്നും തൊന്നുന്നു ഇങ്ങനെയുള്ള ശ്ലെ ഷാ ലംകാരംസംസ്കൃതത്തിൽ പലഅലങ്കാര ങ്ങൾക്കും സഹായമായിരിക്കും ഭാഷയിൽ ദു ൎല്ലഭമാകകൊണ്ട ശ്ലെഷമുള്ളടത്ത അതുതന്നെ പ്രധാനമെന്ന വിചാരിക്കുന്നു- മറ്റുംപലവി ധത്തിൽ പ്രയൊഗിക്കാം-

(വ്യ) വിഷമം)

വ്യാപാരം ശരിയല്ലാ എന്നഭംഗിയിൽ പ റയുന്ന വാക്കെന്നൎത്ഥം-

ഉദാ- ബഹുവിസ്താരമുള്ള സൂൎയ്യവംശം എ വിടെ അല്പവസ്തുക്കളിൽ പ്രവെശിക്കാനും ശ ക്തികൊറയുന്ന എന്റെ ബുദ്ധി എവിടെ എ ന്ന കാളിദാസർ രഘുവംശത്തിൽ പറയുന്നു ഇവിടെ വലിയവംശത്തെ പറയാൻ ആരം

ഭിക്കുന്നത ശരിയല്ലെന്നു വിനയം ഹെതുവാ യിട്ടു ഭംഗിയിൽ വാക്യഭെദംകൊണ്ടു പറയു ന്നു- ഇതിന്നമസ്സും രാജാവിൻെറ കരത്തിലിരി ക്കുന്ന വാളു വെളുവെളെയുള്ളകീൎത്തികളെ ജ നിപ്പിക്കുന്നു ൦൨൦ പുരുഷൻ രക്ഷിക്കാനായി അധികാരം വാങ്ങീട്ടു പ്രജകളെ ഭക്ഷിക്കുന്നു ഇത്യാദികളിലും ശരിയല്ലാത്ത വ്യാപാരമെ ന്നുള്ള അൎത്ഥം സംബന്ധിക്കകൊണ്ടു വിഷ മാലംകാര ലക്ഷണംചെക്കാം

(൯) സൂചകം

പ്രയൊഗിക്കുന്ന വാക്കുകളിലെ വിശെഷ ണാദികളെകൊണ്ടു വെറെ അഭിപ്രായത്തെ സൂചിപ്പിക്കുന്നതെന്നൎത്ഥം-

ഉദാ- ചന്ദ്രചൂഡൻഎൻെറ സന്താപത്തെ കളയണം ഇവിടെ താപനാശത്തിന്ന ചന്ദ്ര ൻ ഉണ്ടാകകൊണ്ടു എളുപ്പമെന്നുള്ള അഭിപ്രാ യം സൂചിപ്പിക്കുന്നു രാജാവിൻെറ ഗുണങ്ങ ളെ എണ്ണുന്നതിന്ന ഞാൻ അനന്തനല്ലാ- ഇ വിടെ രണ്ടായിരം നാക്കുണ്ടെങ്കിലെകഴിയു എ ന്ന സൂചിപ്പിച്ചു നീയെന്നെ ഉപെക്ഷിച്ചെങ്കി ൽ ഞാൻ അവമാനത്തൊടെ നടക്കാണ്ടിരി ക്കാൻ നൊക്കുകയെ ഒള്ളു ജീവിച്ചിരിക്കാൻ പാടില്ലെന്ന അഭിപ്രായം സൂചിപ്പിക്കുന്നു ത്രി ണെത്ര ഭക്തനാമെന്നെ കാമദെവൻ ഭയപ്പെ ട്ടും ഇവിടെ ത്രിണെത്ര ശബ്ദംകൊണ്ടു കാമ നെ ദെഹിപ്പിച്ചവൻ എന്നൎത്ഥം സൂചിപ്പിക്കു ന്നു വെശ്യയുടെ ദെഹത്തിൻെറയും വാക്കി ൻെറയും മാൎദ്ദവം മനസ്സിൽ അല്പമെങ്കിലും

സംബന്ധിക്കുന്നതയൊ കഠിനമനസ്സു ഒന്നിച്ചി രിയ്ക്കുണ്ടതല്ലെന്ന അഭിപ്രായം സൂചിപ്പിക്കുന്നു-

(൧൦) ന്യൂനാതിരെകൊക്തി

ഇത ഉപമെയത്തിന്ന ഉൽകൃഷ്ട വസ്തുവി നെക്കാൾ കുറവൊ ആധിക്യമൊ വർണ്ണിക്കു ന്നടത്താവരുന്നു-

ഉദാ- സൽഗുരു സൽപാത്രത്തിലെക്കു മാ ത്രമെകൊടുക്കു എന്നു കല്പക വൃക്ഷത്തെക്കാൾ ന്യൂനതയെ പ്രാപിക്കുന്നു കല്പകവൃക്ഷം ചൊ ദിച്ചവൎക്കല്ലാതെ കൊടുക്കുന്നില്ലെന്നു ാാമ ഹാരാജാവിനെക്കാൾ എറവൊടു കൂടിയി രിക്കുന്നു ദുൎജ്ജനവചനം ദൂരസ്ഥന്മാരെ കൂടെ ബാധിക്കുമെന്നു കാളകൂടത്തെക്കാൾ അധി കശക്തിയുള്ളതാകുന്നു വിദ്യാധനം ചിലവി ടുന്നെടത്തൊളം വൎദ്ധിക്കുന്നതാകകൊണ്ട അ ന്യധനത്തെക്കാൾ വിശെഷമാകുന്നു രാജ സഭാമൂൎദ്ധന്മാരൊടു കൂടാതെ അധികം ശൊഭി ക്കുന്നു വിദ്യാവിനയത്തൊടു ചെൎന്നതിനാൽ നന്നെ പ്രകാശിക്കുന്ന ഇത്യാദികളിലും ന്യൂ നാതിരെകൊക്തി സംഭവിക്കുന്നു സംസ്കൃത രീത്യാ ഉള്ള വിനൊക്ത്യാദികളും ഇതിൽ അ ന്തൎഭവിച്ചിരിക്കുന്നു-

(൧൧) അപ്രകൃതവൎണ്ണനം

പ്രകൃതത്തെ തൊന്നിക്കാൻ തക്കവണ്ണം അ പ്രകൃതാൎത്ഥത്തെ വൎണ്ണിക്കുകഎന്നൎത്ഥം

ഉദാ- ചക്കിനുവച്ച കൊക്കിനുകൊണ്ടു- ഒരുത്തന്റെ നെരെചെയ്യുത വെറുതെഇരി യ്ക്കുന്ന മറ്റൊരുത്തന പററിഎന്നു പ്രകൃതാ ൎത്ഥം- വെള്ളമൊക്കെ പൊയപ്പൊൾ ചെറ

കെട്ടുന്നു- ധനംനശിച്ചതിൽപിന്നെ കാവലി ടുന്നുഎന്നപ്രകൃതം- കുതിരയ്ക്കുകൊമ്പു കൊടക്കാത്തതഭാഗ്യം- ദുജ്ജനത്തിന്ന അധികാരം കൊടുക്കാത്ത തെന്നൎത്ഥം- ഹിരണ്യന്റെനാട്ടിൽഹിരണ്യായനമഃ ശംമൂഖന്റെ അധീനത്തിലുള്ളവർ അനുചിതംചെയ്തു ബുദ്ധിമുട്ടുകയെ ഒള്ളു എന്നൎത്ഥം ഇതിന്മണ്ണും ചിരട്ട വെള്ളം ഉറുമ്പിന്നസമുദ്രം ഇത്യാദി

(൧൫) അനുരൂപൊക്തി

രണ്ടവസ്തുക്കൾക്ക ഉചിതമായ ചെൎച്ചയെ- പറയുക-എന്നൎത്ഥം മുത്തുമാലയാൽ സുന്ദരിസ്തനംശരിയായ സ്ഥാനമാക്കി സ്വീകരിക്കപ്പെട്ടു ശംവലിയ അധികാരത്തിന്ന ഇദ്ദെഹത്തിന്റെ ബുദ്ധിതന്നെ ഉചിതമാ യിരിക്കുന്ന സ്ഥാനമാകുന്നു എന്നാൽ സത്യവുംദയവും വാക്സാമൎത്ഥ്യവും ചെൎച്ചയായി വന്നുകൂടിയിരിക്കുന്നു ഇങ്ങനെസ്തുതിയിംകൽവരും നിന്ദയിംകലുംആവാം ചക്കിക്കുശംകരശായത്തന്നെ കൊള്ളാം അട്ടയ്ക്കു പൊട്ടക്കുളം ചെൎച്ച തന്നെഇത്യാദി

(൧൬) സാമാന്യവിശെഷം

സാമാന്യമെന്ന സാധാരണപറയുന്ന വാക്യമാകുന്നു അതപ്രയൊഗിച്ചിട്ട അതിനെപുഷ്ടിവരുത്താനായിട്ട വിശെഷം പ്രയൊഗിക്കയുംവിശെഷത്തിന പുഷ്ടിവരുത്താൻ സാമാന്യംപ്രയൊഗിക്കയുംആകുന്നു-

ഉദാ- സരസ്വതിപ്രസാദമുള്ളവക്ക സജ്ജനങ്ങളുടെസമ്പത്ത നിജധനംതന്നെ ചക്രവൎത്തിയായിരുന്നിട്ടുള്ള ഭൊജരാജാവിന്റെ സ

ബത്ത കാളിദാസരിൽ പ്രവാഹിച്ചു കൊണ്ടിരുന്നല്ലൊ ഇവിടെസാമാന്യത്തെ വിശെഷം സ്പഷ്ടമാക്കി ഹനൂമാൻ-സമുദ്രത്തെ ചാടിക്കടന്നല്ലൊ- മഹാത്മാക്കളാൽ സാധിക്കപ്പെടാത്തത ഒന്നുമില്ലാ ഇവിടെവിശെഷത്തെ സാമാന്യം പുഷ്ടിയാക്കി- രാക്ഷസചക്രവൎത്തിയായ രാവണൻ സീതയെന്ന പെണ്ണിനെ മൊഷ്ടിച്ചു- കാമഭ്രാന്തപിടിച്ചവന- ഇനതെചെയ്യാവുഎന്നില്ലാ- വിശെഷത്തെ സാമാന്യ ചാക്കസാധിച്ചു-ഗുണവാന്മാരെ ദുൎജ്ജനംഉപദ്രവിക്കുമ്പൊൾ- ഈശ്വരൻ രക്ഷിക്കുന്നു- ദുൎയ്യൊധനനാൽ കാട്ടിൽഅയക്കപ്പെട്ടത്തിലയൊ ഇത്യാദി

(൱൯) കാൎയ്യകാരണമാല

ഓരൊന്നിന്റെ ഫലങ്ങളെയും ഹെതുക്കളെയും മാലപൊലെ ചെൎക്കുകഎന്നൎത്ഥം-

ഉദാ- പൂൎവ്വപുണ്യംകൊണ്ടു ബുദ്ധിവിശെഷംഉണ്ടാവുന്നു- ബുദ്ധികൊണ്ടുവിദ്യാ- വിദ്യഹെതുവായിട്ടല്ലൊ ഗുണങ്ങൾ- ഗുണങ്ങൾനിമിത്തംസൽകീൎത്തി- കീൎത്തിയാൽഎവിടയുംബഹുമാനം- ബഹുമാനംകൊണ്ടു ധനാദിസമ്മാനം- അതുകൊണ്ടുസുഖം- ഇവിടെബുദ്ധിവിശെഷാദി കാൎയ്യങ്ങളുടെ മാലാ- നരകത്തിന കാരണം പാപം- പാപത്തിനഹെതു ദുഷ്കൃത്യം-അതിനഹെതു അറിവില്ലാഴിക- അതിന അനഭ്യാസം- അനഭ്യാസത്തിന്നദാരിദ്ര്യം- ദാരിദ്ര്യത്തിനകാരണം പൂൎവ്വജന്മത്തിംകൽ ദാനം ചെയ്യാഴികതന്നെ- അതിനാൽ യഥാശക്തിദാ

നം ചെയ്യാത്തവൎക്ക വലിയകെടതന്നെ ഇത കാരണമാലയാകുന്നു- എന്നാൽമുൻപറഞ്ഞ ഉദാഹരണവാക്യത്തിൽ സുഖത്തിന്നകാരണം ധനംഇത്യാദി വിപരീതമായി സംബന്ധിപ്പിച്ചാൽഅതകാരണ മാലയാകും പ്രയൊഗത്തെഅനുസരിച്ച അലംകാരനാമം പറയണംഇതിൽദാനം ചെയ്യാഞ്ഞാൽ ദാരിദ്ര്യം- ദാരിദ്ര്യംകൊണ്ട അനഭ്യാസം ഇങ്ങനെ അന്വയിച്ചാൽ ഫലമാലയെന്നും പറയാം- അതിനാൽ സംമിശ്ര ശങ്കയിങ്കൽ- വാക്യത്തിലെ പ്രാധാന്യാൎത്ഥത്തിൽ വരുന്നഅലങ്കാരലക്ഷണംതന്നെ പ്രമാണിക്കണം- കുലഗുണവും- ശീലഗുണവും വിദ്യയും- ധനവും- ഔദാൎയ്യവും ഇദ്ദെഹത്തിന കീൎത്തിയെ ഉണ്ടാക്കുന്നു ഇവിടെകീൎത്തിക്ക കാരണങ്ങളുടെക്കൂട്ടം ചെൎക്കകൊണ്ട കാരണമാലയാകും- ഒരുമഹാരാജാവിന്റെ രാജ്യഭാരം ജനങ്ങളെസുഖിപ്പിക്കയും ധനങ്ങളെവൎദ്ധിപ്പിക്കയും ധൎമ്മങ്ങളെ സാധിപ്പിക്കയും കൎമ്മങ്ങളെ ശൊധിക്കയുംദാനത്തെ വളൎത്തുകയും മാനത്തെ പുകഴ്ത്തുകയും- ആൎത്തിയെനിരുത്തുകയും കീൎത്തിയെപരത്തുകയും- സുഖത്തെഭുജിപ്പിക്കയും- ശത്രുശരീരൊദജിപ്പിക്കയുംചെയ്യുന്നു- ഇവിടെ ജനസുഖാദിസമൂഹത്തെ രാജ്യഭാരത്തിന്റെ ഫലമാക്കിപറഞ്ഞതിനാൽ കാൎയ്യമാലയാവാം-ഇതിന്നും പ്രയൊഗ ഭെദംകൊണ്ട എല്ലാ അലങ്കാരങ്ങളിലും ഭെദപ്പെടത്താം

(൬) അസാദ്ധ്യഹെത്വുക്തി

കാൎയ്യം അസാദ്ധ്യമെന്ന- സാധിക്കാനാ

യിട്ട അസാദ്ധ്യമായുള്ളത തൽകാരണമെന്ന സാധിക്കുകഎന്നൎത്ഥം- അമൃതകൊണ്ടു വന്നാൽ ൦രം൦രൊഗം മാററാം കുതിരയുടെ കൊമ്പുകൊണ്ടുതിലകം തൊട്ടാൽവെശ്യയെവശീകരിക്കാം- മനസ്സുമാറി സൃഷ്ടിച്ചാൽ ഇയാളെ ഉദ്യൊഗത്തിന്ന കൊള്ളിക്കാം തെക്കുവടക്കുദയാസ്തമയംവരുമ്പൊൾ അവരുതങ്ങളിൽ മുഷിച്ചൽതീരും- ഇത്യാദികളിൽനിവൃത്തികാരണമായ അമൃതാനയനാദി അസാദ്ധ്യമെല്ലാ-

(൧൬) ഗുണദൊഷവൈപരീത്യം

ഗുണത്തിന്റെഫലം ദൊഷമാക്കിയും ദൊഷത്തിന്റെഫലം ഗുണമാക്കിയും പറയുകഎന്നൎത്ഥം-

ഉ- തത്തയുടെ വാക്കിന്റെഫലം കൂട്ടിലിട്ടടെക്കുകയാകുന്നു ഇവിടെജനങ്ങളെ സന്തൊഷിപ്പിക്കയും യഥെഷ്ടം പാലുപഴം മുതലായനല്ല ഭക്ഷണവുംശത്രുജന്തുക്കളിൽ നിന്ന രക്ഷണവും മുഖ്യഫലമായിരിക്കുമ്പൊൾ നിസ്സാരമായ ബന്ധനദൊഷത്തെ ഫലമാക്കിപറഞ്ഞു- ഇതിന്നണ്ണം സ്വൎണ്ണത്തിന്റെ സ്ഥിരസ്ഥിതിയും വൎണ്ണഗുണവും കൂടെക്കൂടെ കാച്ചു കൊള്ളുന്നതിന്നും അടികൊള്ളുന്നതിന്നും കാരണമാകുന്നു- അതരണ്ടും ഫലമെന്നൎത്ഥം വൈദ്യശാസ്ത്രം നറച്ചുണ്ണാൻ സമ്മതിക്കുന്നില്ലാ- ഇത്യാദികളിൽ മുഖ്യഗുണങ്ങളെപറയാതെ ദൊഷത്തെപറയുന്നു വൈദ്യശാസ്ത്രത്തിന്റെഫലം അപൂൎണ്ണാശനമെന്ന താല്പൎയ്യം- ആഭാഗവതരുടെപാട്ട ഇന്നലെ ഉറക്കില്ലാ ഉറക്കംവരാതിരിക്കാൻ തക്കവണ്ണമുള്ള ഗാന

ഗുണത്തെ നെരംപൊക്കായി നിദ്രാഭംഗകര
മെന്നപറഞ്ഞു കാൎയ്യസ്ഥതയുടെഫലം കഷ്ട
പ്പാടുതന്നെ ഇത്യാദി- ദൊഷത്തിന്നഗുണക
ല്പനം- ഗൃഹസ്ഥൻപച്ചവെള്ളത്തിനുകൂടി
ചിലവുവരാതിരിക്കാനും- ജനങ്ങൾ അവലാ
തിപ്പെടാതിരിക്കാനും മാത്രംവാങ്മാധുൎയ്യം ഉ
ള്ളആളാകകൊണ്ടു സമ്പത്തവൎദ്ധിച്ചിട്ടു പല
പ്പഴും നല്ലകച്ചെരിയിൽ വലിയ ഉദ്യൊഗ
സ്ഥന്മാരുടെ സഹവാസത്തൊടും മുമ്പിലുംപി
മ്പിലും ശിപായിമാരൊടുംകൂടി നടക്കുന്നു- ഇ
വിടെദുൎവ്വാക്യ ദൊഷത്താൽ പുത്രാദികൾക്കൂ
ടെ വെറിട്ടുപൊയി ഭക്ഷണവ്യയംകൂടാതെ
സമ്പത്തവൎദ്ധിപ്പിച്ച ദൊഷത്തെയും പൊലീ
സ്സനിമിത്തം വരുന്ന തടവുമുതലായ ദൊഷ
ത്തെയും കച്ചെരിയിലും ഉദ്യൊഗസ്ഥന്മാരി
ലുംപരിചയഗുണമെന്ന കല്പിക്കുന്ന ഇവിടെ
നിന്ദാസ്തുതിയുംഉണ്ടു- ഇതിന്മണ്ണം പലതിലും
അന്ന്യാലംകാരങ്ങളും വരും- ഒരുഗുണംകൊ
ണ്ടു അന്ന്യഗുണവും ഒരുദൊഷംകൊണ്ടു അ
ന്ന്യദൊഷവും തൊന്നിക്കുന്നടത്ത ൨പക്ഷ
ത്തിൽ അപ്രകൃതൊക്തിയാകും എന്നാൽഗുണ
ദൊഷ വൈപരീത്യത്തിന്റെ ഉദാഹരണം-
നിന്ദാസ്തുതിതന്നെ എന്നുവരുന്നതല്ല എന്ത
ന്നാൽ നിന്ദാസ്തുതിയിൽ ഒരുനിന്ദാവൃത്താന്തം
കൊണ്ടുവെറെ സ്തുതിവൃത്താന്തം തൊന്നുന്നു
ഇവിടെ ഒരുഗുണത്തിനെയും ദൊഷത്തിനെ
യുംതന്നെ ദൊഷമാക്കിയും ഗുണമാക്കിയുംവ
ൎണ്ണിക്കുന്നു- വെറെഅല്ല- എന്നുഭെദംവരുന്നു
ഒരുനിന്ദകൊണ്ടു അന്ന്യനിന്ദയൊ ഒരുസ്തുതി

കൊണ്ട അന്യസ്തുതിയൊ തൊന്നുന്നടത്തു അ
പ്രസ്തുതൊക്തിയാകും-

(൬൭) പ്രത്യക്ഷൊക്തി

ഇത ഭൂതമായിം ഭാവിഷ്യത്തായിം ഉള്ള അ
ത്ഥത്തെ സന്തൊഷ ഭയാദികളുടെ ഉൽകൎഷ
ത്തെസാധിപ്പാനായികൊണ്ട പ്രത്യക്ഷമാക്കി
പറയുന്നതാകുന്നു- സന്തൊഷ പ്രത്യക്ഷത്തി
ന്നു- ഉദാ- മഹാരാജാവിനെ അദ്യംകണ്ട
പ്പൊൾഉണ്ടായ അദ്ദെഹത്തിൻെറ മുഖപ്രസ
ന്നതയെയും മധുരവാക്കുകളെയും ഇന്നുംഞാ
ൻകാണുകയും കെൾക്കുകയുംചെയ്യുന്നു അ
പ്പൊൾഇനിക്കുണ്ടായ സന്തൊഷം ഇന്നുംമ
നസ്സിൽ പൂൎണ്ണമായിരിക്കുന്നു ഇനിഒരിക്കൽ
കാണുമ്പൊൾ അറിവിക്കാനുള്ള സന്തൊഷ
വാക്കുകൾഎൻെറ നാക്കിൽനിരത്തി ഹാജരാ
യിരിക്കുന്നു ഭാവിപ്രത്യക്ഷം നാളത്തെസദ്യയു
ടെരസംഞാൻ ഇപ്പൊൾതന്നെ അനുഭവിച്ചു
തുടങ്ങിയിരിക്കുന്നു-ഭയത്തുംകൽ ഭൂതം ഉദാഹര
ണം- അമുഖൻ സഭയിൽവച്ചു ദൊഷ്ക്കുപറ
ഞ്ഞപ്പൊൾ ഉണ്ടായ- അവമാനഭയംഇപ്പഴും
മനസ്സിനെ ദഹിപ്പിക്കുന്നു- ഭാവിപ്രത്യക്ഷം
൦രംമാസംഒടുക്കം ഉണ്ടാവാനുള്ള വിചാരണ
ക്കകച്ചെരിയിൽ പൊകുമ്പൊൾ ഉണ്ടാവുന്ന
അയാളുടെ അസത്യവാദം എന്നെഇപ്പൊൾ
തന്നെജ്വലിപ്പിക്കുന്നു- ഇത്യാദിസ്പഷ്ടംതന്നെ

(൬൮- സ്വഭാവൊക്തി)

ഇത ജാതിസ്വഭാവത്തെയൊഗുണസ്വഭാ
വത്തെയൊ കാലാദിസ്വഭാവത്തെയൊ അനു
ഭവം വരാൻതക്കവൎണ്ണം വൎണ്ണിക്കുകയാകുന്നു-

ഉദാ- ഒരുദ്ദ്യൊഗസ്ഥൻ പറയുന്നു ഞാൻ ഇന്നലെ കച്ചെരിക്കു പൊകുംപൊഴും പൊയിട്ടും ചിലനെരം പൊക്കുകൾകണ്ടു- അതപൊയാം- വഴിയിൽ കുതിരപ്പുറത്തിരിക്കുമ്പൊൾ ഒരു കാട്ടമാൻകൂട്ടത്തിൽനിന്നു വെർപ്പെട്ടപ്പൊൾ കുതിരകുറെ അടുത്തു അസമയം മാൻ ബഹു വെഗത്തൊടെ അഞ്ചാറുചാടി ദൂരെചെന്ന കഴുത്തപിൻതിരിച്ചു ഇങ്ങൊട്ടുനൊക്കി അപ്പൊൾ അതിൻെറ ചെവിമെല്പൊട്ടുപൊക്കി എളക്കാതെ സകല ശബ്ദങ്ങളുടെയും സൂക്ഷ്മ ജ്ഞാനത്തുങ്കൽ ജാഗ്രതയായിരിന്നു വാല കിഴ്പ്പൊട്ടതറവും പൃഷ്ഠം കുറെകുനിഞ്ഞും ഓടാൻ ഹാജരായ നിലയായിരുന്നു കുതിരയുടെ കൊളമ്പിൻെറ ശബ്ദംകൊണ്ടു കൊറെ കൊറെ ഞെട്ടിയിരുന്നു കണ്ണു് എന്നിലും കുതിരയിലും മാൻകൂട്ടത്തിലും പിന്നെ എവിടയെല്ലാമൊ ഓടിക്കൊണ്ടിരുന്നു അതിൻെറ വായിൽ പാതികടിച്ചു കുറെപുല്ലും ഉണ്ടായിരുന്നു ആ മാനിൻെറ വൎണ്ണസൌന്ദൎയ്യവും വളരെ കുതൂഹലമായ ഭയാവലൊകനവും കണ്ടു ഞാൻ ദയാ പൂൎവ്വകവിസ്മയത്തൊടുകൂടി കൊറെനെരം കുതിരയെ അനക്കാതെ നിറുത്തിയിരുന്നു ഇങ്ങനെ ഹരിണജാതി സ്വഭാവം കണ്ടു പിന്നെ മണിയായിപ്പൊയി കച്ചെരിയിൽ പൊവാൻ വൈകിയെന്നു വിചാരിച്ചു ലകാൻ ഇളക്കിവിട്ടു അപ്പൊൾ ആ കുതിര മുൻപിൽകണ്ടു മാനിൻെറ വെഗത്തെ ജയിക്കണമെന്നു അഭിമാനം ഹെതുവായിട്ടു എന്നു വിചാരിക്കാം ബഹുവെഗത്തൊടെ ഓടി

അപ്പൊൾ ഞാൻ ലകാൻ ഇരുന്നകയ്യും ച
മ്മട്ടിയിരുന്ന കയ്യും മുറുക്കിപ്പിടിച്ച കൊററെ
പൊക്കി കയ്യിന്റെ മുട്ടരണ്ടും അസ്സാരംഅക
ത്തി അല്പംമുമ്പൊട്ട ചാഞ്ഞ അയമായിരുന്നു
കാലിന്റെ വണ്ണനയെ കുതിരയുടെ ഉദരപാ
ൎശ്വത്തിൽനല്ലവണ്ണം അശ്ലെഷിപ്പിച്ച ഉത്സാ
ഹം കൊടുത്തിരുന്നു ശരീരത്തിന്ന സുഖകരമാ
യ എളക്കവും മൃദുവായ കാററിന്റെ സുഖ
വും ഉണ്ടായിരുന്നുകുതിരക്കാരനെ നൊക്കിയ
പ്പൊൾ അവൻ പിന്നാക്കം ഓടുന്നു എന്നു
തൊന്നി പാൎശ്വങ്ങളിലുള്ളമരങ്ങൾ കൂട്ടത്തൊ
ടെ തിരിയുന്നത കണ്ടുമുൻപിൽ ദൂരത്തിൽ കാ
[illegible]യൊ മനുഷ്യനൊഎന്നു വിചാ
രം ആരംഭിച്ചപ്പൊൾതന്നെ അയാൾ പൊക
വണ്ടിയിൽ വരുന്നതപൊലെ അടുക്കൽകാ
ണപ്പെട്ടു കലം കമത്തിയു, പൊലെ അക
ലെ ചെറുതായി കണ്ടത നിമെഷം കൊണ്ടു
വലിയ കുന്നായി അടുക്കൽകണ്ടു അപ്പൊൾ
കുതിരയുടെ വെഗവും എന്റെ സന്തൊഷ
വുംകൂടി വൎദ്ധിച്ചവന്നതിന്ന രണ്ടിനുംകച്ചെ
രി വാതുക്കലൊളം ക്ഷണാൎദ്ധമെ വളച്ചയു
ണ്ടായൊള്ളു ഇങ്ങനെവെഗഗ്ഗനസ്വഭാവം ക
ണ്ടു— അനന്തരം കച്ചെരിയിൽചെന്നപ്പൊൾ
ഒരുവിസ്താരം തുടങ്ങി അതിൽ ഒരുസാക്ഷി
ക്കു ഒരു വെശ്യയെ ഹാജരാക്കിയിരുന്നു അ
വളുടെ വരവും നല്ലനെരം പൊക്ക തന്നെ
അവളുടെ തലമുടിമിനുക്കി കെട്ടിഒരുവശത്തെ
ക്കായിരുന്നു ചിലമുല്ലമാലകളെ അലംകരി
ച്ചിരുന്നു കണ്ണും പുയ്യവും ലെശായി മഷി

കൊണ്ടും ചുണ്ട അധികമായി ചുവപ്പുകൊ
ണ്ടും അലങ്കരിക്കപ്പെട്ടിരുന്നു ഇതു മൂന്നിനും ഒ
ട്ടും അനദ്ധ്യായം കൂടാതെ പലവ്യാപാരങ്ങൾ
ഉണ്ടായി- ഗാംഭീൎയ്യമൊ മത്സരമൊ സ്നെഹ
മൊ അനുരാഗമൊ ഗൎവ്വൊ-കൊഞ്ഞനംകാട്ടു
കയൊ പിന്നെയെല്ലാമൊ മാറിമാറി നടി
ച്ചിരുന്നു തിലകം മൂക്കുത്തി- തോട മുതലായി
ചില അലങ്കാരങ്ങളുണ്ടായിരുന്നതിലും തല
യിലും സ്തനാച്ഛാദനത്തിലും കൂടക്കൂടെ രണ്ട
കയ്യും മാററിമാററി നടത്തിയിരുന്നു, നടക്കും
പൊൾ താളംചവുട്ടുന്ന വരെപ്പൊലെ കാല
സംപ്രദായമായി വസ്ത്രവും രണ്ടുതൊളും പാ
ൎശ്വങ്ങളിലെക്കു ചെരിക്കകനംത്തനിരുന്നു അ
തു കണ്ടാൽ സ്തനത്തിന്റെ ഭാരംനിമിത്തം കാ
ലൂന്നാത്ത പാൎശ്വമുള്ള സ്തനംവീണുപൊവാ
തെ തൊൾപൊക്കി പിടിക്കയൊ എന്നുതൊ
ന്നും-പല്ലുകൊറെശ്ശെ കാണിച്ചു അസംബന്ധ
മായി കൊറെശ്ശെ ചിരിക്കയു മുണ്ടായിരുന്നു-
അപ്പഴത്തെ ദന്തപ്രഭയില്ലെങ്കിൽ തലമുടിയു
ടെ കറുപ്പുകൊണ്ട കച്ചേരിയിൽ ഇരുട്ടു വ്യാ
പിക്കുമൊ എന്നു വിചാരിച്ചിട്ടായിരിക്കാം അ
ങ്ങിനെ ചെയ്യുന്നതു എന്തിനു വളരെ പറയു
ന്നു- കച്ചേരികാരും സാക്ഷിക്കാരും കക്ഷി
ക്കാരും അപ്പൊൾ പ്രകൃതം മറന്നുപൊയി-
ഇങ്ങനെയെഴുച്ചന സ്വഭാവം കണ്ടുഇതുകൊ
ണ്ടാണ് ഇന്നലെ നല്ലനെരം പൊക്കായിരു
ന്നു എന്നുപറഞ്ഞതു- ഇതിന്മണ്ണം സന്ധ്യാദി
ദിവസാംശങ്ങളെയും വൎഷാദിഋതുക്കളെയും
വൎണ്ണിച്ചാൽ കാലസ്വഭാവവൎണ്ണനമാകും-

(൧൯-) പുനരുക്തി

ഇത അനുഭൂതമായിരിക്കുന്ന ശബ്ദാൎത്ഥത്തെ പ്രസിദ്ധ ഗുണപ്രകാശനത്തിനായിക്കൊണ്ട പിന്നയും പറയുകയാകുന്നു-

ഉദാ- പഞ്ചമസ്വരം പ്രകാശിക്കണ്ട കാലത്തകൊകിലം കൊകിലമായിരിക്കും-ഇവിടെ കുയിലെന്നപക്ഷിക്കു കൊകിലത്വം അനുഭൂതമായിരിക്കുമ്പൊൾ പഞ്ചമസ്വരത്തിങ്കൽകുയിലിന പ്രസിദ്ധമായിരിക്കുന്നഗുണം പ്രകാശിക്കുമെന്ന പറയെണ്ടതിന്ന കൊകിലമാകുമെന്നപുനരുക്തി അലങ്കാരമാകുന്നു-സമസ്യാപൂരണങ്ങളിങ്കൽ കാളിദാസരു കാളിദാസരുതന്നെ ഇതിന്മണ്ണം മഹാരാജാവിനൊട യുദ്ധത്തിന വരുന്നവൎക്ക ദളവാരാമയ്യൻ രാമയ്യൻതന്നെ പ്രസിദ്ധമായിരിക്കുന്ന ശൌൎയ്യഗുണം പ്രകാശിക്കുമെന്നൎത്ഥം- പൂജപ്പുരയിൽ അമ്പുചാൎത്താൻഒള്ള എഴുന്നള്ളത്ത എഴുന്നള്ളത്തന്നപറയണം- വൈക്കത്തസദ്യ സദ്യയെന്നപറയെണ്ടതാണ- തൃശ്ശൂർപൂരം,പൂരംതന്നെ ഇത്യാദി-

(൨൦-) ലൊകൊക്തി

ശബ്ദങ്ങൾക്കു അവയവാൎത്ഥ സംബന്ധം കൂടാതെ ഓരൊ താല്പൎയ്യാൎത്ഥത്തൊട കൂടി ലൊകത്തിൽ പ്രസിദ്ധപ്പെട്ട ശബ്ദങ്ങളെ ഉചിതമായി പ്രയൊഗിക്കുന്നത ലൊകൊക്തിയാകുന്നു-

ഉദാ- ഒരാൾ പറയുന്നു എടൊതാൻകല്യാണത്തിന്ന പൊയില്ലയൊ അമ്പമ്പാ അതിന്റെ ഘൊഷം പറയാൻകഴിയുമൊ അയാ

ൽ അടിയന്തിരം പൊടിച്ചു വാരികളഞ്ഞു നെടുമ്പുരകളൊക്കെ തിരുതകൃതിതന്നെ വിതാനം പൊടിപൊടിയായിരുന്നു സദ്യയുടെ പ്രഥമൻ മണിമണി ആയിരുന്നു കൂട്ടുവാൻ കിളികിളി ആയിരുന്നു ആകപ്പാടെ ഭക്ഷണം ഹരിയൊ ഹരിതന്നെ അയ്യടാ സദരതാൻ കണ്ടില്ലയൊ ഇനിയെങ്കിലും പിടിപിടിയെന്നപൊയാൽ കൊറെകാണാം എന്നാൽ എച്ചിലവിണിട്ടു വഴിഅറുവഷളായി അതിനാൽ സൂക്ഷിച്ചുപൊണം കരിമരുന്നു പ്രയൊഗം കൊലാഹലംതന്നെ അതിനിടയിൽ ഒരു എമ്പൊക്കി ആകരിമരുന്നിൽ തികത്തൊ എന്നായി പിന്നെ അവൻറെ കഥ ഗൊവിന്ദ ഗൊവിന്ദ ഗൊവിന്ദ തന്നെ അതിൽ പററി അല്പം വ്യവഹാരം ഉണ്ടായത ആവണക്കെണ്ണയായി എന്നാൽ ഒരു അടിയന്തിരം കൊണ്ട ജനങ്ങളുടെ സന്തൊഷം ശിവശിവ എന്നെ പറയാവു അയാൾ ചിലവിന ഒരു അടിയന്തിരം കഴിയുന്നവരെ കണ്ണടച്ചിരുന്നചില ലുബ്ധന്മാർ ശുദ്ധതീവാളിയാണെന്നും അയാളെ പറയുന്നുണ്ട അവർ തന്നെ അബദ്ധകക്ഷികളാകുന്നു ആവർ പണം സൂക്ഷിച്ചു ചക്കതിന്നട്ടെ അങ്ങിനെ പറഞ്ഞാൽ തെങ്ങയാണ എന്നും മറുകക്ഷിക്കാർ പറയുന്നു ഏതെങ്കിലും അയാളുടെ കയ്യിലുള്ള തൊക്കെമംഗളംപാടി ഇങ്ങനെഉള്ളവാക്കിൽ അമ്പമ്പാ പൊട്ടിച്ചുവാരി ഹരിയൊഹരി അയ്യടാതികിതത്താ മംഗളംപാടി ഇങ്ങനെ യുള്ള വാക്കുകൾക്കു അവയവാൎത്ഥം കൂടാതെ അത്ഭുതം

വളരെ ചിലവിട്ടും സൎവ്വസമ്മതം ഇത്യാദ്യൎത്ഥത്തിൽ താല്പൎയ്യാൎത്ഥത്തെ അനുസരിച്ച വിചാരിയ്ക്കണം അവയവാൎത്ഥം വിചാരിച്ചാൽ വിതാനം പൊടിയെന്നും കൂട്ടുവാൻ കിളിയെന്നും പ്രഥമൻമണിയെന്നും അയാൾ കണ്ണുടച്ചിരുന്നു എന്നും ഇത്യാദി അസംബന്ധം തന്നെ എന്നതൊന്നും താല്പൎയ്യാൎത്ഥം നല്ലരസമായിരിയ്ക്കും എന്നാൽ ഇതപൊട്ടുകളിൽ ദുൎല്ലഭമാകുന്നു ഇപ്രകാരം മലയാളവാക്കിൽ പ്രസിദ്ധങ്ങളായിരിയ്ക്കുന്ന അലങ്കാരങ്ങളെ സംക്ഷെപിച്ച എഴുതിയിരിക്കുന്നു ഇങ്ങനെലക്ഷണങ്ങൾ പറയപ്പെട്ടു എങ്കിലും ലക്ഷ്യങ്ങളിൽ ശ്രൊതാവിൻെറ മനസ്സിന ഉല്ലാസകരമായ മാതിരിയിൽ അതാതസ്ഥാനത്ത പ്രയൊഗിച്ചെങ്കിലെ അലംകാര മെന്ന പറയാവു കണ്ണാദി സ്ഥാനങ്ങളിൽ ധരിക്കെണ്ടുന്ന സ്വൎണ്ണാദികൾ വേലപ്പാടകൂടാതെ അനുചിത സ്ഥാനങ്ങളിലും പാടമാറിയും ധരിച്ചാൽ അസന്തൊഷകരം തന്നെയെല്ലൊ ഉല്ലാസകരമെന്നാൽ കേൾക്കുന്നവരുടെ മുഖംസന്തൊഷംകൊണ്ട താൻ അറിയാതെ വിടൎത്തുന്ന മാധുൎയ്യമാകുന്നു-

ചൊ- ഉല്ലാസമില്ലാത്ത വിധം എങ്ങിനെ

ഉ- അരി- ചാമ പൊലെ ചെറുതായിരിയ്ക്കണം ചന്ദനം കണ്ടാൽ ചെളിയൊ എന്നതൊന്നും സജ്ജനമുഖത്തനിന്ന ചീത്തവാക്കശരിയായില്ലാ ബ്രാഹ്മണനെക്കാൾ ശൂദ്രൻ ന്യൂനൻ ശൂദ്രനെക്കാൾ ബ്രാഹ്മണൻ ഉൽകൃഷ്ടൻ ഇത്യാദികളിൽ ക്രമെണഉപമാ- ഉ

ൽപ്രെക്ഷാ-| വിഷമം- ന്യൂനാതിരെകൊക്തി ഇത്യാദ്യലങ്കാരങ്ങൾ കല്പിക്കപ്പെടുന്നില്ലാ ചിലത വൈധൎമ്മ്യണയും പ്രയൊഗിക്കാം-

ഉദാ- വിദ്വാൻ തന്നെ വിദ്വാന്മാരുടെ യൊഗ്യതയെ അറിയുന്നു എന്നെടത്ത പ്രസവിച്ചവൾ തന്നെ പ്രസവവെദനയെ അറിയും എന്ന സാദൃശ്യം പറയെണ്ടെടത്ത മച്ചി പ്രസവ വെദനയെ അറിയുന്നില്ലാ ഇത്യാദി വൈധൎമ്മ്യ പ്രയൊഗമാകുന്നു ഉണ്ട എന്നതിന ഇല്ലെന്ന പറഞ്ഞു ഉണ്ടെന്ന അൎത്ഥം തൊന്നിക്കുന്നത വൈധൎമ്മ്യരീതിയെന്ന താല്പൎയ്യമാകുന്നു-

ചൊ- ശബ്ദാലങ്കാരം എങ്ങിനെ

ഉ- അക്ഷരങ്ങളെയൊ- പദങ്ങളെയൊ വാക്യങ്ങളുടെ ആദിയിലൊ അന്തത്തുങ്കലൊ ഇടയിലൊ ആവൎത്തിച്ച പ്രാസമാക്കി പ്രയൊഗിക്കുന്നതും വൃത്തങ്ങളാക്കി പ്രയൊഗിക്കുന്നതും ശബ്ദാലങ്കാരമാകുന്നു

ഉദാ- ആദ്യക്ഷരപ്രാസം ✳ മനസി പുനരിവനിലൊരു ഘനകുതുകമുണ്ടെങ്കിൽ മാലയിട്ടാലും മടിക്കണ്ട ഭീമജെ ✳ (ദ്വിതീയാക്ഷരം പ്രാസം) ✳ സന്തതംകലി ദ്രുമെവസിക്കും കലിയുഗം ചിന്തിച്ച പറഞ്ഞിതു ദ്വാപരൻതന്നൊടെവം ✳ (പദാവൃത്തിപ്രാസം) ✳ നാട്ടിൽ ഭൂപന്നരിയില്ലൊട്ടും ഭുക്തിക്കുമിവന്നരിയില്ലൊട്ടും (കെറാൻ ഭൂപനു വാരണമുണ്ടാം ചെന്നാലിവനും വാരണമുണ്ടാം) ✳ ഇവിടെ അരിശത്രു- തണ്ഡുലം- എന്നും വാരണംഗജം തടവു് എന്നുംകെറുക ആരൊഹണം രാ

ജധാറിയിൽ കടക്കകംഎന്നും ശ്ലെഷസിദ്ധ
മാകുന്നു ഇങ്ങനെ പല അലങ്കാരങ്ങളിലും
അന്ത്യാലംകാരം സംസൃഷ്ടമായി പ്രയൊഗി
ക്കാം അന്ത്യപ്രാസം ✱ വിധുമുഖി തന്നുടെ യ
രികിൽ ചെന്നുവിരവൊട കാമനുമൊന്നു വ
ളൎന്നു മമമനമപലധ ഝടതികപൎന്നു- മനസി
പരം പരിതൊഷമുയൎന്നു ✱ ഇത്യാദി ഇനി
ശ്ലൊകങ്ങളിലും പാട്ടുകളിലും പ്രസിദ്ധങ്ങളാ
യുള്ള വൃത്തഭെദങ്ങളെ അറിവാൻ ഉപയൊ
ഗമുള്ള ഗുരുലഘുമാത്രാ ലക്ഷണങ്ങളെയും അ
നന്തരം വൃത്തങ്ങളെയും പറയുന്നു ഗുരുവിനു ര
ണ്ടുമാത്രയെന്നും ലഘുവിനു ഏകമാത്രയെന്നും
അക്ഷര കാണ്ഡത്തിൽ പറഞ്ഞിട്ടുണ്ടു ശ്ലൊ-
വിസൎഗ്ഗവിന്ദുസഹിതം ദീൎഘം കൂട്ടക്ഷരാദ്യവും
അക്ഷരം ഗുരുവാമന്ന്യൽ ലഘുപാദാന്ത്യമിഷ്ട
വൽ-൧- വിസൎഗ്ഗത്തൊടും അനുസ്വാരത്തൊ
ടും കൂടിയതായും ദീൎഘമായും കൂട്ടക്ഷരത്തിന്റെ
ആദിയിൽ പ്രയൊഗിച്ചതായും കാണപ്പെടു
ന്ന അക്ഷരങ്ങൾ രണ്ടുമാത്രയുള്ള ഗുരുവൎണ്ണ
ങ്ങളാകുന്നു ഇതു കൂടാതെ കാണപ്പെടുന്ന
അക്ഷരങ്ങൾ ഏകമാത്രയുള്ള ലഘു വൎണ്ണ
ങ്ങൾ എന്നു താല്പൎയ്യാൎത്ഥം, ക് - ത - ഇത്യാദി
ശുദ്ധ വ്യഞ്ജനങ്ങൾക്കു സംസ്കൃതരീത്യാ അ
ൎദ്ധമാത്ര തന്നെയെങ്കിലും കൻ- തിൽ- വർ-
വൽ- ഇത്യാദി ഒന്നരമാത്രയുള്ളവകളെ ഭാഷ
യിൽ ഗുരുസ്ഥാനത്തു പ്രയൊഗിക്കുന്നതു നട
പ്പാകുന്നു ശ്ലൊകത്തിന്റെയൊ പാട്ടിന്റെ
യൊ പാദാവസാനത്തിങ്കലെ അക്ഷരം ല
ഘുവായാലുടൻ ഇഛപൊലെ ഗുരുവാക്കിയും

പ്രയോഗിക്കാം ഗുരുവിൻെറ സ്ഥാനത്ത ല ഘു പ്രയോഗിച്ചാൽ പിഴയില്ലെന്നൎത്ഥം

വൃത്തലക്ഷണം

ആദ്യം കിളിപ്പാട്ടിലെ വൃത്തലക്ഷണങ്ങ ളെ പറയുന്ന ശ്ലോകം- മാത്രാവൃത്തം കിളി പ്പാട്ടിൽ പ്രസിദ്ധപ്പെട്ടതെട്ടിഹ- നാലുപാദ ങ്ങളും വെണം പ്രാസം ചെൎക്കുകയുംഗുണം ഗു- ലഘുക്ഷരം വെണ്ടടത്ത നിയമം ചെയ്തില്ല ത്താമം അന്ത്യത്രദീൎഘം ചെയ്യീടാം ഗാനെഹ്ര സ്വാസ്വരത്തിനും ച-

താല്പൎയ്യാൎത്ഥം

കിളിപാട്ടുകളിൽ വൃത്തങ്ങൾക്ക നാലുപാദ ങ്ങളും പാദങ്ങൾക്ക മുഖ്യമായിമാത്രാ നിയമ വും ഒരു വിധത്തിൽ അക്ഷരനിയമവുമായി പ്രയൊഗങ്ങൾ നടക്കുന്നതാകകൊണ്ട മാത്രാ വൃത്തങ്ങളാക്കി കല്പിക്കപ്പെടുന്നു ഇവകളെ പാട്ടാക്കി ചൊല്ലുമ്പൊൾഗാനരീതിയെ അനു സരിച്ചു ഹ്രസ്വസ്വരങ്ങളെയും ദീൎഘമാക്കി ചൊല്ലിയാൽ വിരൊധമില്ലാത്തതിനാൽ ഗു രുക്കളെകൊണ്ടു നിയമം പാടില്ലാത്തതിനാൽ വെണ്ടുന്ന ലഘുക്ഷരങ്ങളെകൊണ്ട ലക്ഷണ ങ്ങൾ പറയപ്പെടുന്ന അന്യസ്ഥാനങ്ങളിലും ലഘു പ്രയൊഗിച്ചെങ്കിൽ അത ഗാനരീതി കൊണ്ട ചെൎച്ചപൊലെ ഗുരുവാക്കാമെന്ന ൎത്ഥം-

(വൃത്തനാമങ്ങൾ ശ്ലൊകം)

ഇരുപത്തെട്ട മാത്രയ്ക്കു പാദെവൃത്തം വിളം ബിതാ മാത്രാനാലു കുറഞ്ഞെങ്കിലതിൽ സ ന്നതയാമത ൩- മാത്രാവിംശതി യെന്നാകി

ൽ ശിഖരിണ്യൽ പ്ലുതാന്യഥാ സാധാരണീ
യുഗ്മലഘ്വീ ലഘ്വയുഗ്മാത്തു മംഗളാ(൪)ക്രമി
കാപതിനെട്ടെങ്കിൽ പതിനാറെങ്കിലാദ്യതാ-
ഇങ്ങനെ മാത്രയും പെരുമക്ഷരങ്ങൾക്കു സം
ഖ്യകൾ(൫) പതിന്നാലാദി നാലിന്നും പന്ത്ര
ണ്ടാം പിന്നയാറിനും ദ്രുതാൎത്ഥം ലഘുവാക്കീ
ട്ടിലിഷ്ടം പൊലെയു മുത്തമം (൬)-

സംശയമുള്ളതിന താല്പൎയ്യാൎത്ഥം

മാത്രാവിംശതീതി

ഇരുപതമാത്രകൾ പാദങ്ങളിൽ വരുന്ന വൃത്തങ്ങളിൽ ന ലുഭെദം ഉള്ളതപറയുന്നു-പ്ലു-ശിഖരിണി ഇതിന്നു ഇഷ്ടാനുസാരെണ പാദങ്ങളിൽ ആദ്യഭാഗം ദ്രുതത്തിന്നായി ലഘ്വക്ഷരം വൎദ്ധിപ്പിച്ചു പതിന്നാലൊ അധികമൊ അക്ഷരമാക്കണം അതുതന്നെ വിപരീതമാക്കി അന്ത്യഭാഗത്തിൽ ലഘുവൎദ്ധിപ്പിച്ചാൽ രണ്ടാമത്തെതു പ്ലുതയാകും പ ദങ്ങളിലെ യുഗ്മംഎന്നാൽരണ്ട-നാല-ആറ-എട്ട- ഇങ്ങനെ എരട്ടയായുള്ളക്ഷരങ്ങൾ-അതാകിക്കുതുംലഘുവാക്കിപ്രയൊഗിച്ചാൽ അതിന്നു സാധാരണിയന്നു വൃത്തനാമമാകുന്നു മദ്ധ്യത്തിങ്കലെ അയുഗ്മംഎന്നമൂന്ന അഞ്ച ഏഴ ഇത്യാദിമിക്കതും ലഘ്വക്ഷരങ്ങളാക്കിട്ടുള്ളതിന്ന മംഗളയെന്ന പെരാകുന്നു ശെഷം സ്പഷ്ടം- ഭെദങ്ങളെകൊണ്ട എട്ടു വൃത്താം പന്ത്രണ്ടവിധമാക്കി പറഞ്ഞിരിക്കുന്നു-

ക്രമെണ ഉദാഹരണം

(വിളംബിതാ)

മാതംഗാഭാസ്യൻ ദെവൻ മംഗല്യാധാന

പ്രീതൻ- മാതംഗീവാചാമെന്ദ വിമാനാഥൻ ഗൌരീകാന്തൻ- മാതാവാം ലക്ഷ്മിതാനും ശ ർവ്വാണീ ദെവീതാനും- മാലെല്ലാം നീക്കിക്ഷി പ്രം മൊദത്തെ നൽകിടെണം-

ഇതിൽ രണ്ടൊ മൂന്നൊ ക്രൂടെ ലഘുവായാ ലും ൨൪ മാത്രയ്ക്കു മെൽഒള്ളതൊക്കെ വിളം ബിതയാകുന്നു-

(സന്നതാ)

ശ്രീമയമായ രൂപംതെടും പൈങ്കിളിപ്പെ ണ്ണെ- സീമയില്ലാത്ത സുഖംനൽകണ മിനി ക്കനീ- ശ്യാമള കൊമള നായിടുന്നൊ നാരായ ണൻ- താമര സാക്ഷൻ കഥകെൾപ്പാ നാ ഗ്രഹിച്ചു ഞാൻ-

ഇതിൽ ചിലപാദങ്ങളിൽ ലഘ്വക്ഷരങ്ങ ൾ അധിക മുള്ളതിനാൽ മാത്രക്കുഭെദ മുണ്ടെ ങ്കിലും ഗാനരീത്യാ ചൊല്ലുമ്പൊൾ ഇരുപത്ത നാലുമാത്ര ശരിയായിരിക്കും അതിനാൽ നാ ലുമാത്രവരെ കൊറഞ്ഞാലും ഇരുപതിൽഅ ധികമൊണ്ടായാൽസന്നതയ്ക്കു വിരൊധമില്ലാ ഇതിന്മണ്ണം വിളംബിതയിലും ചിലടത്തല ഘ്വക്ഷരാധിക്യം കൊണ്ടു മാത്ര നാലൊളം കൊറഞ്ഞാൽ ദൊഷമില്ലെന്ന വ്യവസ്ഥയാ കുന്നുഇതിന്മണ്ണം അന്ന്യവൃത്തങ്ങളിലും ഊഹി ക്കണം-

(ശിഖരിണി)

വരികരികി ലൊമലെ ശാരിക്കപ്പൈത ലെ- സുരുചിര മ്രണാലയെ സുഭ്രുനിന്നാല യെ- കഥിതമിതു ഭാഷണം കലിമലവിനാ ശനം- മമഹൃദയ മൊഷണം ചെയ്യുയാലി ക്ഷണം-

(ഉൽപ്ലുതാ)

ഇതുതന്നെ ശാരികപ്പൈതലെവരികരികി ലൊമലെ- ഇങ്ങനെപൂൎവ്വാംഗം ഉത്തരാംഗ മാക്കി പ്രയൊഗിച്ചാൽഉൽപ്ലുതയാകുന്നു എ ന്നുമാത്രം ഭെദം ഇതിലും വരികനീ യൊമ ലെ എന്നാക്കി ഒരക്ഷരംകൊറക്കയും ആവാം മാത്രശരിയായാൽ മതി മെൽപറയുന്ന മംഗ ളയിലെ പൊലെ ദ്രുതമില്ലാത്തഭാഗം ചെ ത്തിട്ടമാവാം

(സാധാരണീ)

പൈങ്കിളി പൈതലെ ഭംഗിയിൽചൊല്ലു നീ- പങ്കജാക്ഷൻ കഥാ പങ്കങ്ങൾ നീങ്ങു വാൻ- എങ്കിലൊ കെൾപ്പിൻ തപൊധന ന്മാരൊട്ട-സംക്ഷെപമായുര നിങ്ങനെചൊ ന്നപൊൽ-

ഇതിൽഒന്നാംപാദവും മൂന്നാംപാദവും ദ്രുത ത്തിന്നായിട്ട പതിനെട്ടക്ഷരമാക്കിട്ട മാവാം അപ്പൊൾ ആദ്യംമുതൽപതിനഞ്ചു വരെയും പതിനെഴും അക്ഷരങ്ങൾ ലഘുവായിരിക്കും ശെഷംരണ്ടും ഗുരുവായുംഇരിക്കും ഇതിൽ ത ന്നെരണ്ടുംനാലുംപാദവും പറഞ്ഞവണ്ണം ദ്രുത മാക്കാംഅതുംസാധാരണിഭെദം തന്നെഎന്ന റിയണം

ആദ്യത്തിന ഉദാഹരണം

ശുകതരുണിജനനമണിയു മണിമകുടമാലി കെ ॥ ചൊല്ലെടൊചൊല്ലെടൊ കൃഷ്ണലീലാ മൃതം ॥ സുഖവിഭവമതിലധികമിഹ നഹിനമു കഹൊ ॥ ദുഃഖങ്ങളുൾക്കാമ്പി ലൊക്കനീങ്ങി ടുലൊം ॥

ഇതിലെ പാദങ്ങൾ ഒന്നുംമൂന്നുംഉള്ള മാതിരിരണ്ടും നാലുംമറ്റെമാതിരിഒന്നും മൂന്നുംപാദമാക്കിയാൽ രണ്ടാംപക്ഷമാവും

(മംഗളം)

ദെവാദിദിവ്യൌഘസംസെവ്യമാനനാം ॥
ശ്രീവാസു ദെവന്റെ പാദാംബുജദ്വയം ॥
ആവൊളമാരാധനംചെയ്തു ഞാനിനി ॥ ഭാവാന്തരംഗം തെളിഞ്ഞുനിരന്തരം ॥

(ക്രമികാ)

നാരായണജയ നാരായണജയ നാരായണജയവരദഹരെ ॥ നാരായണപരിപാലയമാംഖൊരമഹാപാതക നിവഹാൽ ॥

ഇതിൽ യുഗ്മപാദത്തിൽ പതിനാറു മാത്രയും പതിനൊന്നക്ഷരമെന്നും ഭെദം എന്നാൽ പാദത്തിൽ ധൻ മാത്ര ഇരുന്നാലും ൧രം വൃത്തംതന്നെ

(അദ്ഭുതാ)

അഴകെറുന്നൊരു ശുകതരുണിമാർഅണിയുംമാണിക്യമണിമകുടമെ ॥ അഴലൊഴിയുമാറധുനാനിന്മുട്ടു മൊഴിയാംപീയൂഷംമമചെവിരണ്ടും ॥

ഇതിൽഗാനരീതിഭെദംവെണം

ശ്ലോകവൃത്തലക്ഷണം

ശ്ലോ– മാത്രാപ്രമാണമാം വൃത്തംമാത്രാ വൃത്തമതാസ്ഥിതംമിക്കതുംലക്ഷണ ശ്ലൊകമതാതിന്നിഹലക്ഷ്യമാം(൧) ശ്ലൊക പാദങ്ങളിൽ ഇത്ര മാത്രകൾ വെണമെന്നും ഇന്നെന്നസ്ഥാനങ്ങളിൽഗുരുലഘ്വക്ഷരങ്ങൾ വെണമെന്നും രണ്ടുവിധംശ്ലൊകവൃത്തങ്ങളുണ്ട അതിൽമാത്ര

കളെപ്രമാണിച്ചു പറയുന്ന വൃത്തങ്ങൾമാത്രം
വൃത്തങ്ങൾ എന്നൎത്ഥം അതാതവൃത്തലക്ഷണ
ശ്ലോകങ്ങൾതന്നെ അലണങ്ങൾക്ക ഉദാഹ
രണമായിരിക്കും മിക്കതും എന്നു പറഞ്ഞതു
കൊണ്ടു രണ്ടൊ അധികമൊ ലക്ഷണംഒരു
ശ്ലോകത്തിൽ പറയുന്നടത്ത അലക്ഷണംപ്ര
ധാനത്തിന്ന ഉദാഹരണമാവും ശെഷത്തെ
ഊഹിക്കണമെന്ന താല്പൎയ്യം

ഒന്നുംമൂന്നുംപാദം ദ്വാദശമാത്രാ പ്രമാണ
മായിട്ടും രണ്ടിൽപതിനെട്ടായി പതിനഞ്ചു
ന്ത്യെചമാത്രാൎയ്യാ ശ്ലോകത്തിൻെറ ഒന്നാംപാ
ദവും മൂന്നാംപാദവുംപന്ത്രണ്ടു മാത്രകൊണ്ടുംര
ണ്ടാംപാദം പതിനെട്ടമാത്രകൊണ്ടും നാലാം
പാദംപതിനഞ്ചമാത്രകൊണ്ടും ചെയ്യാൽആ
ശ്ലോകത്തിൻെറവൃത്തത്തിന്ന ആൎയ്യാഎന്നുപെ
രാകുന്നഎന്നതാല്പൎയ്യംഇതിന്മണ്ണുംശെഷമുള്ള
ശ്ലോകങ്ങളിലും പെരുകളുംസംബന്ധവുംഊ
ഹിക്കണം ൧ാംശ്ലോകംതന്നെഉദാഹരണം(ന
ആൎയ്യാപൂൎവ്വാൎദ്ധസമം കല്പിതമായെങ്കിലുത്ത
രാൎദ്ധഞ്ച ഭാഷാശ്ലോകങ്ങളിലും ചെൎത്തീടാം
ഗീതഎന്നതിൻ നാമംസ്പഷ്ടം ഇതിപൂൎവ്വാൎദ്ധാ
ന്ത്യമായചകാരം ലഘുവെങ്കിലും പാദാന്ത്യ
മിഷ്ടവൽ എന്നപറഞ്ഞതിന്ന ഉദാഹരണമാ
കകൊണ്ടു ഗുരുഫലം കല്പിക്കാം(൨)ആൎയ്യൊ
ത്തരാൎദ്ധസദൃശംശ്ലോകെപൂൎവ്വാൎദ്ധവുംചെയ്യാ
ൽഉപഗീതഎന്നനാമംപദസന്ധിയു മിചരയി
ൽചെയ്യാം ലക്ഷണംസ്പഷ്ടം മാത്രാവൃത്തങ്ങൾ
ക്കപദങ്ങളുടെവയ്പചെച്ചുനൊക്കിഇഷ്ടംപൊ
ലെചെയ്യാം ഇങ്ങനെമൂന്നുലക്ഷണം പ്രഥമ

തൃതീയ പാദങ്ങൾക്കുപന്ത്രണ്ടുമാത്രയും ദ്വിതീ
ചതുൎത്ഥങ്ങൾക്കുഇരുപതുമാത്രയായിട്ടുംഉണ്ടു-
ഉദാഹരണം- അക്ഷരമറിയാറായൊ കുളകം
പാഠത്തിലെക്കു മറിയാറായൊ വാക്കുകളി
ൽപൊളിയരുതെ കുഞ്ഞാ നിൻസത്യ ഭൂഷ
ണം പൊളിയരുതെ ഇങ്ങനെ നാലുമാത്രാ
വൃത്തം പ്രസിദ്ധം വൃത്തരത്നാകരത്തിൽ ശ്ലൊ
കപാദം ഒരക്ഷരം മുതൽ ഉണ്ടെംകിലുംഏഴ
ക്ഷരംവരെയുള്ള അപ്രസിദ്ധങ്ങളെ ഇതിൽ
എഴുതുന്നില്ലാ ശ്ലൊകം എട്ടക്ഷരങ്ങൾ പാ
ദങ്ങൾ ക്കനുഷ്ടുബ്വൃത്തലക്ഷണം ഗുരുലഘു
ക്ഷരെ ഭെദാദനെക വിധമുണ്ടിത ഇത അ
നുഷ്ടുപ്പ എന്നപെരുള്ള വൃത്തംശെഷം സ്പഷ്ടം
ഗുരുക്കളിഛയിൽ ചെക്കാമൊക്കയും ഗുരുവാ
ക്കിയാം-ആറക്ഷരത്തിലധികം ലഘുപാദെഷു
നൊചിതം- ഒരു അനുഷ്ടുപ്പ ഛന്ദസ്സിനെഇവി
ടെവൃത്തമെന്നുപറയുന്നു ഇതിൽതന്നെ പല
ഭെദങ്ങളും പ്രത്യെകംപെരുകളും സംസ്കൃതവൃ
ത്തലക്ഷണത്തിൽകാണും ഇവിടെതന്നെ ചു
രുക്കത്തിലാകകൊണ്ടു എല്ലാത്തിന്നും അനുഷ്ടു
പ്പ എന്നഒരുപെരുതന്നെ പറയപ്പെട്ടുഎംകി
ലും ഭെദസ്വരൂപം അറിയാനായികൊണ്ടചി
ലതഎഴുതുന്നു ഒരുപാദത്തിൽആറൊളം ലഘു
ക്കൾചെച്ചുപൊലെവെയ്ക്കാം അതിലധികം
ഭാഗിയല്ലെന്നൎത്ഥം ഒന്നുനാലഞ്ചന്ത്യങ്ങളെഗു
രുവാക്കിനാലുപാദങ്ങളുംചെക്കാംഉദാ-ശ്ലൊ-
വിദ്യകളിൽ ബുദ്ധിവരാൻപദ്യഗണം കെൾ
ക്കഗുണം ഹൃദമതിന്നൎത്ഥ രസം സ്വാദ്യതരം
ബാലഗണൈഃപാദങ്ങളിൽ യുഗ്മാക്ഷരംഗു

രുവാക്കിട്ടമാവാം ഉദാഹരണം- പഠിച്ചപുസ്ത
കങ്ങളെ പരീക്ഷയിൽജയിക്കണം പെരുത്തു
നല്ലകീൎത്തിയെ വരുത്തുമാശുവിദ്യകൾ എല്ലാം
ഗുരുവാക്കിട്ടമാവാം ഉദാ- നെരെനിന്നാലൊ
രൊകാൎയ്യംസാധിച്ചീടാം ഇഷ്ടംപൊലെന്നെ
രില്ലാഞ്ഞാലാക്കും പൊരാസാരം കെൾപ്പിൻ
ബാലന്മാരെ ഓരൊപാദങ്ങളിൽ ഗുരുലഘു
ക്കൾക്ക വ്യത്യാസമാക്കിയും ചെക്കാം ചിത്തം
നന്നെതെളിഞ്ഞുംകിൽവൎദ്ധിച്ചീടുന്നവിദ്യക
ൾശശിബിംബം പ്രകാശിച്ചാൽ സമുദ്രത്തിര
യങ്ങിനെ ഇതിൽനാലുപാദത്തിലും ക്രമെണ
ഓരൊലഘുക്കൾ കൂടിയിരിക്കുന്ന ഉരുപുണ്യം
കുരുസഭാ പരജന്മസുഖ പ്രദാനി ജപുണ്യം
മനുജനതരുന്നിഹസുഖംഭുവിഇതിൽപൂൎവ്വാൎദ്ധ
ത്തിൽ സ്ഥാനഭെദംകൊണ്ടഅഞ്ചുലഘുവുംഉ
ത്തരാൎദ്ധത്തിൽആറുലഘുവുംഉദാഹരിച്ചുമററും
ഭെദംഉൗഹിക്കണംപാദത്തിൽ ഒൻപതക്ഷരം
അപ്രസിദ്ധംഒന്നഥനാലും പഞ്ചമമാറൊടൊ
ൻപതുംപത്തും സൽഗുരുവായാൽ അഞ്ചിനുവ
യംവന്നുഭവിച്ചാൽ നല്ലൊരുവൃത്തം ചമ്പകമാ
ലാവയ്യഎന്നപറഞ്ഞാൽ പദസന്ധിയാകുന്ന
സംസ്കൃതത്തിൽയതിയെന്നുപറയുംചമ്പക മാ
ലയെന്നനാമംശ്ലൊ-ആദ്യം ചതുൎത്ഥകസപ്തമവ
ഷ്ഠംപത്തുപുനഃപതിനൊന്നപിപാദെ-ചാരു
തയൊടു ഗുരുക്കളിരുന്നാൽ ചെരുമതി നിഹ
ദൊധകനാമം- ദൊധകമെന്നപെരായവൃത്ത
മാകുന്നു ഒന്നുമൂന്നുപുന രെഴമൊമ്പതൊടന്ത്യ
വും ഗുരുഭവിക്കുമെങ്കിലൊ പെരതിന്നു നിയ
തംരഥൊദ്ധതാ സ്വാഗതയ്ക്കുമറിപത്തു മൊ

ബത്തും ഇതിൽരണ്ടവൃത്തലക്ഷണം സംഗ്രഹി
ച്ചിട്ടുണ്ടന്നറിയണം രഥൊദ്ധതയെന്നുംസ്വാ
ഗതയെന്നുംപെരാകുന്ന ൨൦ംശ്ലൊകംരഥൊദ്ധ
തയുടെ ഉദാഹരണമാകുന്നു_മറിയെന്ന പാ
യുകകൊണ്ട സ്വാഗതക്കുപത്താമക്ഷരം ഗുരു
വുംഒമ്പതാമക്ഷരം ലഘുവുമാക്കി മറിക്കണമെ
ന്നൎത്ഥം സ്വാഗതക്കുഉദാഹരണം,ദെഷമുള്ളി
ലൊരു വന്നുകലന്നാലെക്ഷണിക്കു തുനിയുന
ത്തുദൊഷംഭൂഷണംപറയുമെന്നു വിശെഷാൽ
ശെഷമുള്ള വരകത്തുമശെഷം മൂന്നാറുമെഴും
നവമഞ്ചപാദെലഘ്വക്ഷരംചെരുകിലിന്ദ്രവ
ജ്രാലഘ്വക്ഷരം പാദചതുഷ്ടയാദ്യെസ്വാക്ഷര
ക്കെചെക്കാമിതിലന്ന്യ പക്ഷെ ഇന്ദ്രവജ്രാഎ
ന്നുപെരാകുന്ന ഇന്ദ്രവജ്രയിൽനാലുപാദങ്ങ
ളിലും അദ്യവൎണ്ണങ്ങളിൽവച്ചു ഒന്നിന്നൊ ര
ണ്ടിന്നൊമൂന്നിന്നൊ ഇഷ്ടംപൊലെ ലഘ്വ
ക്ഷരമാക്കിയും പ്രയൊഗിക്കാമെന്നുഒരുപക്ഷ
മുണ്ട സംസ്കൃതവൃത്തലക്ഷണത്തിൽ അതിന്നുപ്ര
ത്യെകംപെരുമുണ്ട-ഉദാ_മനൊജ്ഞഭൊഗ്യങ്ങ
ൾനിരത്തിയാലും ഭുക്തിസ്സൌഭാഗ്യം പുനരൊന്നു
വെറെ ഭെകൌഘലീലാ കമലാമൃതത്തെ മു
ദാഭുജിക്കുന്ന വനാളിവൎഗ്ഗംഇതിൽ രണ്ടപാദ
ത്തിൽലഘ്വന്നു സൌഭുക്തിഭാഗ്യംഎന്നാക്കിയാ
ൽമൂന്നുംലഘുവാകുംനന്നായഭൊജ്യങ്ങളെന്നാ
ക്കിയാൽ ഒരുപാദത്തിൽമാത്രം ലഘുവരും മൂ
ന്നുവിധംപ്രയൊഗിക്കാം, ശ്ലൊ_സ്യാദിന്ദ്രവം
ശാക്ഷരമിന്ദ്രവജ്രയൊടൊപ്പിച്ചു പത്തുംലഘു
മുൻതഃപരംപാദാദിയെല്ലാം ലഘുവൎണ്ണ മാ
ക്കിയാൽ വംശസ്ഥമാകുന്നിതുതന്നെ നിശ്ച

യം, ഇന്ദ്രവജ്രയിലെപൊലെ ഒന്നുമുതൽപ
ത്തക്ഷരവും അതിന്റെശെഷം ഒരുലഘുവുംപി
ന്നെ ഒരുഗുരുവുംചെൎത്താൽ പാദത്തിൽപന്ത്ര
ണ്ടക്ഷരമാക്കിയാൽഅതിന്നഇന്ദ്രവംശയെന്ന
പെരുംവരും ഇന്ദ്രവംശയിലെ നാലുപാദങ്ങ
ളുടെയും ആദിലഘ്വക്ഷരമാക്കി പ്രയൊഗി
ച്ചാൽ ആവൃത്തത്തിന്നവംശസ്ഥമെന്നു പെരു
വരും– ശ്ലൊ– ആദ്യദ്വയം പുനരപിനാലുമൊ
ൻപതുംഗുൎവക്ഷരംയദി പതിനൊന്നുമന്ത്യവും
നാലിങ്കലും യതിനവമെപചെശ്ലിലും നാമം
വരുന്നതിന്നതദാപ്രഭാപതീ–പ്രഭാവതിഎന്നു
പെരശെഷംസ്പഷ്ടംമൂന്നാദ്യംഗുരുദശമാഷ്ടമാ
ന്ത്യ യുഗ്മം പാദാനാമപി ഗുരുവൎണ്ണമാകുമെം
കിൽമൂന്നിന്നുംതദനുചപത്തിനഞ്ചുവപ്യം ശ്ലൊ
കത്തിൽ ഭവതിയദിപ്രഹൎഷിണീസാ– സ്പഷ്ടം
ഇനിഉദാഹരണമായിട്ടലക്ഷണശ്ലൊകംപറ
യുന്നില്ലാഅനുഷ്ടുബ്വൃത്തംകൊണ്ടലക്ഷണവും
പ്രത്യെകം ഉദാഹരണവും എഴുതുന്നു– ശ്ലൊ–
ആദ്യാന്ത യൊൎദ്വയം പാദെനാലെട്ടു കാ
ദശങ്ങളും വസന്തതിലകത്തിന്ന ഗുരുവൎണ്ണംച
തുൎദ്ദശ പാദത്തിൽ പതിനാലക്ഷരങ്ങളും അ
തിൽആദിരണ്ടും ഒടുക്കംരണ്ടും നാലാമതുംഎ
ട്ടാമതും പതിനൊന്നാമതും അക്ഷരങ്ങൾ ഗു
രുവായാൽ വസന്ത തിലകമെന്ന പെരുള്ള
വൃത്തമാകുമെന്നൎത്ഥം

ശ്ലൊ – ബുദ്ധികൾജാഡ്യ മൊഴിയും പരി
തൊഷമെറും വൎദ്ധിച്ചുകീൎത്തിവിശദം ധരയി
ൽപരക്കും മാനിക്കുമെറെയറിവുള്ളജനങ്ങളെ
ങ്ങും നാനാധനം സുലഭമാ മറിവുള്ളവന്ന ഉ

ത്സാഹമുള്ള പുരുഷന്നസുഖംലഭിക്കും ദൈവ ത്തിനെപഴി വൃഥാപറയുംജഡന്മാർ ദൈവ ത്തിലാദരവു ചെയ്യുതുടൎന്നുകൊണ്ടാൽ സൎവ്വം ലഭിക്കുമൊരെടം ലഭിയാസ്സി ലെന്ത- ശ്ലോ- അദിയാറുംദശമവുംപതിമൂന്നാമതും ലഘുപാ ദെവൎണ്ണം പഞ്ചദശശാലിനിക്കിതി ലക്ഷണം സ്പഷ്ടം

## ഉദാഹരണം

ഒരുവനില്ലുളവാകും കീൎത്തിപാരിൽ പരന്നാ ലൂരുതരപരിതൊഷം സൎവ്വ ലൊകൎക്കുമുണ്ടാം- പരിചയമതുമൂലം ദൂരഗന്മാൎക്കുമാകും ധരണി പനവനെ താൻ കാണ്മതിന്നാഗ്രഹിക്കും-

## പതിനാറആപ്രസിദ്ധം

ആദ്യ മെഴാദിയായഞ്ചും പതിന്നാലാദി മൂന്നിതി ലഘുക്കരെ ശ്ശിഖരിണീ പാദെ സപ്തദശാക്ഷരെ- ആദ്യക്ഷരവും ഏഴുതുടങ്ങി പതിനൊന്നുവരെ അഞ്ചക്ഷരങ്ങളും പതി നാലുതുടങ്ങി പതിനാറുവരെ മൂന്നക്ഷരങ്ങ ളുംലഘുക്കളായിം ഗുരുക്കളും പാദത്തിൽപതി നെഴക്ഷരങ്ങളു മെംകിൽ ശിഖരിണിയെ ന്നപെരുവരുമെന്നൎത്ഥം

ഉദാ- പ്രിയംപഥ്യംതഥ്യം ത്രിഗുണമിതു വാ ക്കിംകലമൃതം പ്രിയംകൂടാതെയും പറകിലറി വൊള്ളൊൎക്കതിരസം ഭയം വെർവിട്ടാലും വെടിയരുതു സത്യത്തെയതിലും ത്രയത്തെയും പൊക്കുംവചനമതു ലൊകത്തിനവിഷം-

പതിനെട്ടക്ഷര മായപാദം അപ്രസിദ്ധം ശ്ലോ- ആദ്യങ്ങൾമൂന്നാറുമെട്ടും പതിനൊന്നാ ദിമൂന്നപി പതിന്നാലാദി രണ്ടന്ത്യവൎണ്ണഞ്ചഗു

രുവാക്കണം യതിമൂന്നെട്ട പന്ത്രണ്ടിൽ പാദെ
പത്തൊമ്പതക്ഷരം ശാൎദ്ദൂലവിക്രീഡിതത്തി
ന്നെവം ചൊല്ലുകലക്ഷണം സ്പഷ്ടം

ഉദാ- എള്ളൊളം ചെറുതെങ്കിലും രുജയി
തെന്നുള്ളിൽ ഗ്രഹിച്ചാലുടൻ കൊള്ളെണംപ
രമൌഷം പുന രതിൻവെരും കളഞ്ഞിടണം
കിള്ളാമെന്നളവിൽ കിളുത്തമരവും നുള്ളിക്ക
ളഞ്ഞീടുകിൽ കൊള്ളാമെറെ വളൎന്നുപൊകി
ലതിനെത്തള്ളാൻ പ്രയാസപ്പെടും കണ്ണിന്നും
കടികണ്ണവെദന പരശ്രീകാണ്കിലും കെൾക്കി
ലുംദണ്ഡംനെഞ്ചിലുമുണ്ണവാൻപണി തുലൊം
കഷ്ടംഖലന്നിങ്ങിനെഅന്ന്യൻധന്ന്യനടുക്കല
ങ്കിലുമണവുംകിട്ടുന്നമുട്ടന്ന നാളന്ന്യൊന്ന്യംസു
ഖമെന്നുമാന്ന്യന്ന പരശ്രീയിങ്കലെററം രസം

ആദ്യങ്ങൾനാലാറുമെഴും പതിനാറെന്നി
യെക്രമാൽ പതിന്നാലാദിയാൎന്നാലുമന്ത്യം ര
ണ്ടുഗുരുക്കളും ഇരുപത്തൊന്നുവൎണ്ണങ്ങൾ പാ
ദങ്ങൾക്കിവനാലിനുംവഴ്ഴെഴിലും പതിന്നാ
ലിൽ സ്രഗ്ദ്ധരാവൃത്തലക്ഷണം പതിനാറൊ
ഴിച്ചുപതിന്നാലുതുടങ്ങി നാലുവൎണ്ണങ്ങൾ എ
ന്നതിന്ന പതിന്നാലുപതിനഞ്ചു പതിനെഴപ
തിനെട്ടുഇവകൾഎന്നൎത്ഥം അന്ത്യംരണ്ടെന്നും
ഇരുപതുമിരുപത്തൊന്നും എന്നാകുന്നു ശെ
ഷംസ്പഷ്ടം

ഉദാ_ആദിക്കാദിക്കുകാരും ചെടിയുമൊരു
ധനംപൊലുമി ല്ലെന്നുവന്നാ ലാധിക്ക്യാധി
ക്ക്യമുണ്ടാം പുനരവശതയാൽ ചെന്നടം നിന്ദ
ചെയ്യുംനെരന്നെരത്തു ചെരുംപൊളിയൊട
ദുജ്ജനംകെട്ടവൻ വാക്കിനെയുംചെറിൽചെ

രുന്നീരും കളയുക ഗ്ഗുണമെന്നൊൎത്തു ദുരെത്യജിക്കും മാതാനിന്ദിക്ക മഹൻവെടിയു മധനനിൽ സൊദരൻ മൌനിയാകും ഭൃത്യൻ പാരം ഹസിക്കും നിജസുതനവൻ ചൊല്ലുകിൽ കെൾക്കയില്ലാ കൊപിക്കും ഭാൎയ്യാ ബന്ധുക്കളു മധിക മലട്ടൊൎത്തു കണ്ടാലൊളിക്കുന്നെന്നൊൎത്ഥങ്ങൾ നെടിടണം മഖിലജനം വന്ദനംചെയ്യുമപ്പൊൾ- ഇങ്ങനെ പ്രസിദ്ധങ്ങളായ വൃത്തങ്ങൾക്ക ലക്ഷണ ലക്ഷ്യങ്ങൾ ഭവിക്കുന്നു-

അലങ്കാരകാണ്ഡംസമാപ്തം

സകല മലയാള വാക്കുകൾക്ക ഒരു പുസ്തകം അന്യനാനതിരിക്ത ലക്ഷണലക്ഷ്യ സംപൂൎണ്ണമായി എന്ന വിചാരിക്കുന്നില്ലാ എങ്കിലും ഇതു പറിച്ചുപറഞ്ഞ ലക്ഷണങ്ങളെ കൊണ്ട ഊഹിച്ചാൽ പറയെണ്ട വിഷയങ്ങളെ നല്ല രീതിയിൽ ഇഛപൊലെ വിസ്താരമാക്കിയും ചുരുക്കിയും സാലംകാര വാക്കുകളെ കൊണ്ട പറയാമെന്നും സജ്ജനസമ്മത ശബ്ദങ്ങളെ പ്രയൊഗിക്കാമെന്നും ഉള്ളഗ്ഗുണം എളുവായിട്ട ജനങ്ങൾക്ക ഉപയൊഗപ്പെടമെന്നും വിശ്വസിക്കുന്നു- ശ്ലൊകം- അനുക്തിപുനരുക്ത്യാദി ചിലദൊഷങ്ങളും വരാം- ലക്ഷ്യലക്ഷണമെരുമ്പൊളുതു ശൊധിക്കസജ്ജനം പാരാവാരെ വാരിഗണാ വഗ്രഹമണിപദാനിച നിർദ്ദൊഷം കെനഗ്രന്ത്യന്തെ ഗ്രന്ത്യന്തെ ചൊപയൊഗതഃ

പെരുംതുകൊപിലപ്പനും സ്ഥാണു
നാഥനും സഹായം

# ശുദ്ധപത്രം

| ലക്കം | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| ൨ | ൧ | ത്തിന്റെ | ത്തിന്റെ |
| ടി | ൨ | ശങ്കരൊത് | ശങ്കരൊൻ |
| ടി | ൩ | സജ്ഞന | സജ്ഞന |
| ടി | ൨൭ | അവയങ്ങൾ | അവയവങ്ങൾ |
| ൧൭ | ൨൬ | വരുന്നതിനു | വരുന്നതിനു |
| ൧൮ | ൧൪ | രാമെശ്വരൻ | രാമെശ്വരം |
| ൨൩ | ൧൮ | നാസികാ | നാസിക |
| ൨൬ | ൬ | പറയുന്നതു | പറയുന്നവ |
| ൩൩ | ൧൩ | കഥാ | തഥാ |
| ൩൬ | ൭ | സൃതാ | സൃത |
| ൩൮ | ൧൮ | പാതാവായാ | പാതവായ |
| ടി | ൨൯ | വിഭക്തിക്ക | വിഭക്തികൾക്ക |
| ൪൩ | ൭ | അന്ത്യാമ | അന്ത്യാഗമ |
| ൪൪ | കീഴെ | വഭാഗ | വിഭാഗ |
| ൪൫ | ൪ | അകാരാന്തം | ആകാരാന്തം |
| ൪൯ | | അകാരാന്തം എന്നുള്ള ഒന്നാം വരി വെണ്ടാ | |
| ൪൬ | ൧൦ | ഗ | ടി |
| ൫൧ | ൧ | കൊണ്ടെന്നു | കൊണ്ടെന്നുംഫെത്തു എന്നും |
| ൫൨ | ൧൧ | എകാൽ | ഏകാൽ |
| ൫൫ | ൮ | നമ്പരി | നംപൃരി |
| ടി | ൧൨ | മാനിനിമാക്കൾ | മാനിനികൾ |
| ൯൩ | ൩ | ബഹ്വാത്ഥം | ബഹ്വത്ഥ |
| ൯൫ | ൨൪ | എൽഎന്ന | എൻഎന്ന |

| ലക്കം | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| ൬൬ | ൯ | ഉദാഹരിക്കന്ന | ഉദാഹരിക്കുന്നു |
| ടി | ൨൧ | അൎ | അൾ |
| ൬൮ | ൪ | ഉപദെശക | ഉപദെശിക |
| ൬൯ | ൫ | തൃദിയ | തൃതീയ |
| ടി | ൨൨ | നടത്ത | എന്നടത്ത |
| ൭൦ | ൧൨ | അതിന്നക | അതിന്ന |
| ൭൩ | ൨൩ | സവിത | സഹിത |
| ൭൮ | ൬ | പെരുമാളിടെ | പെരുമാളുടെ |
| ൭൯ | ൧൬ | ദ്വിതിയയായ | ദ്വിതിയാസു |
| ൮൦ | ൪ | ദാരം | ദാരു |
| ൮൧ | ൪ | മകുന്ന | മാകുന്ന |
| ൮൨ | ൧൪ | ശബ്ദം | ശബ്ദ |
| ൮൩ | ൧൪ | പ്രതിഭിയ | പൃഥിവ്യ |
| ൮൪ | ൯ | കെട്ടയ | കെട്ടിയ |
| ൮൮ | ൨൦ | പറപ്പെടുന്ന | പുറപ്പെടുന്ന |
| ൯൭ | ൧൧ | മുലര | പുലര |
| ൯൯ | ൩ | യ്യു എന്ന | య്യു എന്ന |
| ൧൦൬ | ൩ | ഇങ്ങനെ | ഇങ്ങനെയുന്ന |
| ൧൦൮ | ൧൪ | കത്തു | കത്തും |
| ൧൦൯ | ൧൪ | ശെതറു | വെതറും |
| ൧൧൦ | ൩ | തെറെഴുന്ന | തെററുന്ന |
| ടി | ൫ | ചുണ്ടുന്ദ | ചുണ്ടുന്ന |
| ടി | ൮ | യീന്ത്യ | ചിത്രം |
| ടി | ൧൦ | തൊങ്ങുന്ന | തൊണ്ടുന്ന |
| ൧൧൧ | ൧൦ | ചുട്ടു | ചുട് |
| ടി | ൧൫ | കെൾക്കക | കെൾക്കുന്ന |
| ടി | ൧൪ | വെൾക്കക | വെൾക്കുന്ന |

| ലക്കം | വരി | അബദ്ധം | സുബദ്ധം |
| --- | --- | --- | --- |
| ടി | ടി | ഇത്യാധി | ഇത്യാദി |
| ൧൧൨ | ൧ | ഇരുന്ന | വരുന്ന |
| ടി | ൮ | കരളം | കരളം |
| ടി | ൫ | വെളുന്നു | പെരളുന്നു |
| ൧൧൩ | ൨൪ | തരുവാക്കുന്നു | തരുവിക്കുന്നു |
| ൧൧൫ | ൧൧ | വാംശ്ശു | വംശ്ശു |
| ടി | ൧൨ | പൊലയു | പൊലയും |
| ടി | ൧൩ | പ്രത്രയം | പ്രത്യയം |
| ടി | ൧൪ | പെണത്തുക്കൽ | പ്രെരണത്തുക്കൽ |
| ൧൧൩ | ൮ | വെരളിച്ചു | പെരളിപ്പിച്ചു |
| ടി | ൯ | പെറിച്ചു പെറിക്കുന്ന പെറിക്കും | പെറിച്ചു പെറിക്കുന്നു പെറിക്കും |
| ടി | ൧൭ | അതെട്ടെ | ആട്ടെ |
| ൧൧൭ | ൭ | പ്രത്യാന്തം | പ്രത്യയാന്ത |
| ടി | ൨൧ | അകന്നു | അകന്ന |
| ൧൨൦ | ൮ | നന്നലു | നാലു |
| ൧൨൩ | ൨ | കൊടുക്കാണ്ട | കൊടുത്തകൊണ്ട |
| ൧൨൮ | ൨൩ | മായാ യിരിക്കുന്നു | മായിരിക്കുന്നു |
| ൧൨൭ | ൨ | പ്രത്യയം | അപ്രത്യയം |
| ടി | ൯ | തിറിച്ചു | തിരിച്ചു |
| ൧൨൪ | ൧൮ | ഊട്ടണ | ഊട്ട് |
| ൧൩൧ | ൭ | പാടിൽ | പാട്ടിൽ |
| ടി | ടി | വല്ലദ | വല്ലഭ |
| ടി | ൧൩ | സമാന്യ | സാമാന്യ |
| ൧൩൮ | ൭ | കൊടുക | കൊടുക്ക |
| ടി | ൨൫ | പെട്ടു | പെട്ട |

| ലക്കം | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| ൧൩൫ | ൮ | സുഗ്രീവാധി | സുഗ്രീവാദി |
| ടി | ൨൯ | കൎമ്മ | കൎത്തൃ |
| ൧൩൬ | ൭ | പ്രയോഗ | പ്രധാന |
| ൧൩൯ | ൨൮ | രോപം | ലോപം |
| ൧൪൧ | ൧൨ | സാമത്ഥ്യം | സാമൎത്ഥ്യം |
| ൧൪൨ | ൧൨ | പരിശോട | പരിചൊട |
| ൧൪൪ | ൯ | വള്ള | വിള്ള |
| ൧൪൫ | ൧൨ | ദ്വവ്യാപാരം | ദുൎവ്യാപാരം |
| ടി | ടി | ദിതീയ | ദ്വിതീയ |
| ൧൪൮ | ൮-൯ | ഷഷ്ടിക്ക അതു ചെയ്ത ഇതവെണ്ടാ | |
| ടി | ടി | അതു എന്ന | അതു എന്നും |
| ടി | ൧൦ | കരണ്ടീയം | കരണീയം |
| ൧൫൧ | ൧൧ | നിഖണ്ഡു | നിഖണ്ടു |
| ൧൫൨ | ൨൫ | സന്തോഷകരം | സന്തോഷ കരത്വം |
| ൧൫൮ | ൧൩ | ചരാശ്രിത | ചിരാശ്രിത |
| ടി | ൧൭ | ശ്ലേഷാ | ശ്ലേഷ |
| ൧൬൨ | ൨൩ | സാധാരണ | സാധാരണത്തെ |
| ടി | ൨൪ | വാക്യമാകുന്ന | വാക്കാകുന്ന |
| ൧൬൮ | ൧൪ | നല | നില |
| ൧൭൨ | ൨൦ | കണ്ണടച്ചിരുന്ന | കണ്ണടച്ചിരുന്നു |
| ൧൭൩ | ൨൧ | വിദ്ദുന്ന | വിത്തുന്നു |
| ൧൭൫ | ൫ | അന്ത്യപ്രാസം | അന്ത്യ പ്രാസം |
| ടി | ൩൦ | ലഘുവായാലുടൻ | ലഘുവാക്കിയും |

| ഭാഗം | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| ഫവ്യഫ | ൟ | ലണങ്ങൾക്ക | ലക്ഷണങ്ങൾക്ക |
| ടി | വ൦ | കപ്പിത | കല്പിത |
| ടി | ടി | പൂച്ച്വാദപ | പൂർവ്വാദ്ര് |
| ടി | വവ | ഗീത | ഗീതി |
| ടി | വ൭ | ഗീത | ഗീതി |
| ഫവ്യവ | വ്യ | രത്നാതരം | രത്നാകരം |
| ടി | വൻ | ഹൃദാ | ഹൃദ്യ |
| ഫവ്യവ | ൻ | ടാംജ്ഞഷ്ടം | ടാമിഷ്ടം |
| ടി | ഫൟ | സഭാ | സദാ |
| ടി | വൟ | ആദ്യം | ആദ്യ |
| ടി | ടി | സപ്ത | സപ്തമ |
| ഫവ്യൟ | ൻ | തുറിയുന്ന | തുനിയുന്ന |
| ടി | വ൦ | മനൊജ്ഞ | മനൊജ്ഞത |
| ഫവ്യ൫ | ഫവ | വരുന്നതിന്ന | വരുന്നതിനു |
| ടി | വൟ | അക്ഷരങ്ങൾ | ആക്ഷരം (ളും |
| ഫവ്യൻ | വ൦ | ഗ്രന്ഥക്കളും | ശെഷം ഗ്രന്ഥക |
| ഫവ്യ൭ | ഫവ | ണ്ണവാൻ | ണ്ണവാൻ |
| ഫവ്യവ്യ | വ്യ | ടണം. | ടണ |
| ടി | വ൫ | ക്ഷലണ | ലക്ഷണ |
| ടി | വൻ | വബ്രഹ്മ | വാബ്രഹ്മ |

——)o(——

ഈ പുസ്തകത്തിന്മെലുള്ള സകല ബാദ്ധ്യതയും പുസ്തകം ഉണ്ടാക്കിയ ആൾ തന്നെ വച്ചിരിക്കയാൽ വെറെ യാതൊരുത്തനും അച്ചടിക്കയും അടിപ്പിക്കയും ചെയ്തുകൂടാ.

1922 G 9992

3.16

വലിയകൊട്ടാരത്തിൽ

എഴുന്നള്ളത്തൊടുകൂടെ പാൎക്കുന്ന

വൈദ്യൻ

പാച്ചുമൂത്തത ഉണ്ടാക്കിയ

Keraḷa bhāṣā-

# കെരള ഭാഷാ

vyākaraṇam

# വ്യാകരണം

തിരുവനന്തപുരത്തു

Trivandrum

ഉ- പത്മനാഭമുതലിയാരുടെ

മുദ്രാവിലാസ അച്ചുകൂടത്തിൽ

അച്ചടിപ്പിക്കപ്പെട്ടത

൧൦൫൨

1052 [1877]